

നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ



120-6.

സമർപ്പണം

ഒരുതുള്ളുവെന്ന അനിവാര്യമായ
സത്യത്തെ അനുസ്മരിപ്പിച്ചു കൊണ്ട് ആ
കറുത്ത യവനികക്കപ്പുറത്തേക്കു മറഞ്ഞു
പോയ ശ്രീ. ജോർജ്ജ് വർഗ്ഗീസ് മാസ്റ്ററുടെ
പാവനസ്മരണക്കു മുമ്പിൽ
ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ

സമഗ്രവികസന രേഖ

പത്രാധിപ സമിതി

മുഖ്യ പത്രാധിപർ

ഹംസ എലിമ്പാടൻ

സഹ പത്രാധിപൻമാർ

കുഞ്ഞിമരക്കാർ കാവുങ്ങൽ

മൊയ്തീൻകുട്ടി പച്ചായി

പത്രാധിപ സമിതി അംഗങ്ങൾ

ജമീല അബൂബക്കർ.സി.

മുഹമ്മദ് ഹസ്സൻ എം.പി.

വിജയൻ.ജെ.

രാധാകൃഷ്ണൻ പൂഴിക്കൽ

ജോർജ്ജ് വർഗ്ഗീസ്

അബു മാസ്റ്റർ.കെ.വി.

അബ്ദുൾ റഹിമാൻ ഹാജി പത്തൂർ

മൊയ്തീൻ അമരേരി

കവർ ഡിസൈനിംഗ്

ഗോപി മണമ്മൽ

Design and Typesetting : Prathap K.E.
Printed at: Tirur Offset Printers, Tirur-1

സത്യവും അഹിംസയുമാണ് എന്റെ ദൈവങ്ങൾ
- ഗാന്ധിജി

മുൻ പഞ്ചായത്ത് ബോർഡ് പ്രസിഡണ്ടുമാർ

സി.പി. അലവി ഹാജി

ഹാജി.ടി.ടി. അബ്ദുള്ള മാസ്റ്റർ

പി.സി. മുഹമ്മദ് ഹാജി

ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

ഭരണസമിതി

പ്രസിഡണ്ട്



ജമീല അബൂബക്കർ.സി.

വൈസ് പ്രസിഡണ്ട്



എം.പി. മുഹമ്മദ് ഹസ്സൻ

സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർപേഴ്സൺ

പി.പി. അനിത

മെമ്പർമാർ: ഒളളക്കൻ കോയഹാജി
കെ.ടി. അബൂബക്കർ
കെ.അയമു
എം.സി.പാത്തുമ്മ
എം.കെ. സരോജിനി
കെ.കുഞ്ഞീരുമ്മ
സി.പി. പാത്തുമ്മകുട്ടി ടീച്ചർ
പി.സി.മുഹമ്മദ് ഹാജി
ടി.സി. അഹമ്മദ് കുട്ടി ഹാജി



ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക-സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി,ജനപ്രകൃതി,ജലപ്രകൃതി
5. സാമൂഹിക-സാമ്പത്തിക മേഖലകൾ
5-1 കൃഷിയും ജലസേചനവും
5-2. മൃഗസംരക്ഷണവും മൽസ്യ ബന്ധനവും
5-3. വ്യവസായം
5-4. വിദ്യാഭ്യാസം
5-5. കുടിവെള്ളവും, പൊതുജനാരോഗ്യവും
5-6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5-7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
5-8. സംസ്കാരം
5-9. വനിത
5-10. സഹകരണം
5-11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
5-12. വിഭവസമാഹരണം
6. പഞ്ചായത്ത് പിന്നിട്ട പാതകൾ
7. ഉപസംഹാരം

1

വികസന പ്രക്രിയയുടെ കേന്ദ്ര ബിന്ദു മനുഷ്യനായിരിക്കണം. നാം ആവിഷ്കരിച്ചു നടപ്പിാക്കുന്ന പദ്ധതികളെല്ലാം തന്നെ രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന ദരിദ്ര ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുതകുന്നതായിരിക്കണം. ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തിയുടെ സാമ്പത്തിക രാഷ്ട്രീയധിപത്യത്തിൽ നിന്നും മോചിതമായി 5 പതിറാണ്ടു പൂർത്തിയാക്കിയിട്ടും സമഗ്ര പുതരോഗതി എന്ന മഹൽലക്ഷ്യം നമ്മുടെ രാജ്യത്തിന് സാധ്യമായില്ല എന്ന യാഥാർത്ഥ്യം നമ്മെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തുന്നത്. ജനങ്ങളുടെ ആവശ്യങ്ങൾക്കു മുൻഗണനാ ക്രമം നൽകി പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ രാജ്യം ഭരിച്ചുകൊണ്ടിരുന്ന രാഷ്ട്രീയ നേതൃത്വത്തിന് സംഭവ്ിച്ച പാളിച്ചയാണ് നമ്മെ ഇത്തരം ഒരവസ്ഥയിൽ കൊണ്ടു ചെന്നെത്തിച്ചതത്രെ വാസ്തവം.

ഇന്ത്യാ മഹാരാജ്യം നാളിതു വരെ പിന്നിട്ട പദ്ധതി കാലയളവുകളിൽ ഒന്നുംതന്നെ ശാസ്ത്രീയമായ രീതിയിൽ എല്ലാ കൃത്യതകളും രീതിയിൽ പാളിച്ചകൊണ്ടായിരുന്നില്ല പദ്ധതികൾ തയ്യാറാക്കിയിരുന്നത്. പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും സാധാരണ ജനങ്ങളുടെ യാതൊരു പങ്കാളിത്തവുമില്ലായിരുന്നു. ലഭ്യമായ പരിമിതമായ വരുമാനം ഓരോ സർക്കാർ ഡിപ്പാർട്ടമെൻറുകളും വീതിച്ചെടുത്ത് അതിലെ ഉന്നത ഉദ്യോഗസ്ഥൻമാർ ഒന്നിച്ചിരുന്ന് മററു വകുപ്പുകളുമായി ബന്ധപ്പെടാതെ പരിപാടികൾ തയ്യാറാക്കുകയും യാതൊരു മുൻഗണനാ ക്രമവും വിലയിരുത്തലുകളും ഇല്ലാതെ പണം ചിലവഴിക്കുകയുമായിരുന്നു ചെയ്തു പോന്നിരുന്നത്. ഈ സ്ഥിതി വിശേഷത്തിൻെറ പ്രത്യാഘാതം നമ്മുടെ സംസ്ഥാന ത്തെമൊത്തമായും നമ്മുടേതു പോലുള്ള പിന്നോക്ക ജില്ലകളെ വിശേഷിച്ചും വികസന രംഗത്തു മുരടിപ്പിക്കുകയും സമഗ്ര പുരോഗതി എന്ന ലക്ഷ്യം നേടുന്നതിൽ ബഹുദൂരം പുറകോട്ടു കൊണ്ടുപോവുകയും ചെയ്തുവെന്നതാണ് സത്യം

9-ാം പദ്ധതി നമ്മുടെ സംസ്ഥാനത്ത് ജനകീയ പദ്ധതിയാക്കി മാററാൻ സംസ്ഥാന സർക്കാറും ആസൂത്രണ ബോർഡും തീരുമാനിച്ചിരിക്കുകയാണല്ലോ. ഈ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് രൂപപ്പെട്ടു വരുന്ന പ്രവർത്തനങ്ങളെയും ശക്തിപ്പെട്ടു വരുന്ന ജനമുന്നേററത്തെയുമാണ് ജനകീയാസൂത്രണ പ്രസ്ഥാനം എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. സാമൂഹിക ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങളുടെ മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവെക്കുകയും ചെയ്യുക വഴി വികസന രംഗത്ത് നമ്മുടെ സംസ്ഥാനം നേരിടുന്ന വെല്ലുവിളികൾ തരണം ചെയ്യുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കേരള സർക്കാർ 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി മാററാൻ മുന്നോട്ടു വന്നിട്ടുള്ളത്. ജനകീയാസൂത്രണ പദ്ധതി പ്രകാരം 9-ാം പദ്ധതികാലത്ത് നടപ്പിലാക്കാൻ ഉദ്ദ്യേശിക്കുന്ന വികസന പ്രവർത്തനങ്ങളിൽ വലിയൊരു ഭാഗം സാധാരണക്കാരായ ഗ്രാമങ്ങളിലെ ജനങ്ങളുടെ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയും രൂപപ്പെട്ടു വരുന്നു എന്നതും അവ നടപ്പിലാക്കാനുള്ള അവകാശം സ്ഥലത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നു വെന്നതും ഈ പ്രക്രിയയെ കൂടുതൽ ജനകീയമാക്കുന്നു. കൂടാതെ സമഗ്ര വികസന ജനങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിൻെറ ഭാഗമെന്നുള്ള ധാരണയുണ്ടാക്കാനും ഇതിനു കഴിയുന്നു.

9-ാം പദ്ധതി 1997 ഏപ്രിൽ 1 മുതൽ 5 വർഷത്തേക്കാണ് ഈകാലയളവിൽ ഉദ്ദേശം 14,000ത്തിൽ പരം കോടി രൂപയാണ് സംസ്ഥാനത്ത് പദ്ധതിയിനത്തിൽ ചെലവാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്നാണ് മനസിലാക്കാൻ കഴിയുന്നത് അതായത് കഴിഞ്ഞ 8 പദ്ധതികളിലും കൂടി പദ്ധതിവിഹിതമായി സർക്കാർ ചെലവാക്കിയതിനേക്കാൾ തുക ഈയിനത്തിൽ നമുക്കു പ്രതീക്ഷിക്കാം. ഇതിൽ 35-40%ത്തോളം ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെയാണ്

ചിലവഴിക്കപ്പെടാൻ പോകുന്നത്. (ഇപ്പോൾ കേവലം 5% മാത്രമാണ് പദ്ധതിയിനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്) ആരംഭിക്കാനിരിക്കുന്ന പദ്ധതികാലത്ത് നമുക്കു ലഭിക്കാൻ പോകുന്ന പദ്ധതി വിഹിതം മുമ്പത്തേതിനേക്കാൾ അധികമാണെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ ചെയ്തു തീർക്കേണ്ട ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ ഇതു വളരെ പരിമിതമാണ്. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി. .

നന്നമ്പ്ര പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടികൾ ആരംഭിക്കുന്നത് 1996 സെപ്തംബർ 17-ാം തിയ്യതി ചെറുമുക്ക്, എ.എം.എൽ.പി സ്കൂളിൽ നടന്ന പഞ്ചായത്തു തല ഏകദിന ജനകീയാസൂത്രണ ശിൽപശാലയോടുകൂടിയാണ്. പഞ്ചായത്തംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിങ്ങനെ 100-ഓളം പ്രവർത്തകർ പങ്കെടുത്ത ഈ പരിശീലന ക്യമ്പിൽ വെച്ച് പഞ്ചായത്തിന്റെ ദ്വിതീയ വിവരണ ശേഖരണത്തിനായി 12 ഗ്രൂപ്പു ലീഡർമാരുടെ നേതൃത്വത്തിൽ 12 സ്കാഡുകൾക്കു രൂപം കൊടുക്കുകയുണ്ടായി. സ്കാഡുകൾ. സർക്കാർ ഓഫീസുകളും മറ്റും സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഗ്രാമതല വികസന പ്രശ്നങ്ങളും സാധ്യതകളും സെപ്തംബർ 20 മുതൽ ഒക്ടോബർ 1 കൂടിയ ദിവസങ്ങളിലായി വിവിധ ഗ്രാമസഭകൾ ചേർന്നു. യഥാർത്ഥത്തിൽ ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം വികസനത്തിന്റെ അന്തസത്ത എന്താണെന്നു മനസിലാക്കാനും വികസന രംഗത്തു തങ്ങളുടെ ഓരോരുത്തരുടെയും പങ്കെന്താണെന്ന് മനസിലാക്കാനും ഗ്രാമസഭാനുഭവങ്ങൾ അവർക്കു സഹായകരമായി. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും ഓരോ പ്രദേശത്തിന്റെ യാഥാർത്ഥ വികസന ചിത്രവും വളച്ചുകെട്ടില്ലാതെ അവതരിപ്പിക്കാൻ ഗ്രാമീണരെ സഹായിച്ചുവെന്നതും ഗ്രാമസഭയുടെ മേൻമ തന്നെയായിരുന്നു. ഇതിനെല്ലാമപ്പുറം 'എന്റേത്' എന്ന സ്വാർത്ഥതയിൽ നിന്നും മാറി 'എന്റെ നാടിന്റെ വികസന'മെന്ന പുതിയ കാഴ്ചപ്പാടിലേക്കു ഓരോരുത്തരുടെയും ചിന്താഗതിയെ ഉയർത്തിക്കൊണ്ടു വരാനും വിശേഷാൽ ഗ്രാമസഭകൾക്കു കഴിഞ്ഞു.

വിവിധ ഗ്രാമസഭകളിലെ ജനപ്രാതിനിധ്യം സൂചിപ്പിക്കുന്ന പട്ടിക 1 താഴെ കൊടുക്കുന്നു.

വാർഡ്	തിയ്യതി	മൊത്തം വോട്ടർമാർ	പങ്കെടുത്ത ആകെ വോട്ടർമാർ	പു	സ്ത്രീ	പങ്കാളിത്തത്തിന്റെ ശതമാനം
1		1340	185	144	71	13.80%
2		1652	388	255	133	23.48%
3		1668	334	291	43	20.02%
4		1473	105	58	47	7.12%
5		1537	119	73	46	8.72%
6		1707	149	117	32	8.51%
7		1762	150	60	90	6.63%
8		1296	86	57	29	8.66%
9		1708	148	114	34	12.06%
10		1177	142	101	41	19.04%
11		1281	244	171	73	10.63%
12		987	105	87	18	10.63%
		ആകെ 17706	2155	1497	657	12.17%

നവമ്പർ 1ന് സംസ്ഥാനമൊട്ടാകെ ആചരിക്കപ്പെട്ട പുനരർപ്പണദിനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ജനകീയ പങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മനുഷ്യപ്രയത്നം പ്രയോജനപ്പെടുത്തി നാടിന്റെ പ്രയോജനം പുഷ്ടിപ്പെടുത്താൻ ജനകീയ ഐക്യത്തിലൂടെ കഴിയുമെന്ന സത്യത്തിന്റെ വിളംബരം കൂടിയായിരുന്നു. പഞ്ചായത്തിലെ പുനരർപ്പണദിന പരിപാടി. നവമ്പർ 5ന് പൊതു പ്രവർത്തകർ, വിദഗ്ദർ, പഞ്ചായത്തംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പഠന പര്യടനം (ട്രാൻസെക്ട് വാക്ക്) ആകെ ശ്രദ്ധേയമായി. പഞ്ചായത്തിലെ ഭൂപ്രകൃതി, ജൈവപ്രകൃതി പഠനങ്ങൾക്ക് ഇതൊരു മുതൽകൂട്ടായിരുന്നു. നവമ്പർ 6ന് കൊടിഞ്ഞി, കടുവാള്ളൂർ എ.എം.എൽ.പി. സ്കൂളിൽ വെച്ച് എൽ..ആർ.പി.മാർക്കായി നടത്തിയ രണ്ടാംഘട്ട പരിശീലനവും ജനകീയാസൂത്രണ പ്രവ്ർത്തനത്തിന് ത്വരിതഗതിയുണ്ടാവാൻ സഹായകമായി. നവമ്പർ അവസാനം നടക്കുന്ന വികസന സെമിനാറിന്റെ മുന്നൊരുക്കങ്ങളെ സംബന്ധിച്ചും മറ്റു ഭാവിപരിപാടികളെ സംബന്ധിച്ചും രണ്ടാം ഘട്ട ക്യാമ്പ് ചർച്ച ചെയ്തു.

സംസ്ഥാനസർക്കാറും, ആസൂത്രണ ബോർഡും സംയുക്തമായി നടപ്പിലാക്കി വരുന്ന ജനകീയാസുത്രണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഈ നാട്ടുകാർക്ക് ഒരുപാടു വികസന സ്വപ്നങ്ങളുണ്ട്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു രണ്ടാംഗ്രേഡ് പഞ്ചായത്തായ നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന വിഭവങ്ങളും മനുഷ്യപ്രയത്നത്തിന്റെ കൂട്ടായ്മയും ഉപയോഗപ്പെടുത്തി ജനങ്ങളുടെ പ്രതീക്ഷകളിൽ തെല്ലെങ്കിലും സാക്ഷാത്കരിക്കുമെന്ന പ്രത്യാശയോടെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖ വിശദമായ പഠനത്തിനായി സമർപ്പിക്കുന്നു.



പഞ്ചായത്ത് പൊതുവിവരണം

2

പഞ്ചായത്തിന്റെ പേര്	: നന്നമ്പ്രഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	: നന്നമ്പ്ര
ബ്ലോക്ക് പഞ്ചായത്ത്	: തിരൂരങ്ങാടി
ബ്ലോക്ക് ഡിവിഷൻ	: കൊടിഞ്ഞി, നന്നമ്പ്ര
താലൂക്ക്	: തിരൂരങ്ങാടി
ജില്ല	: മലപ്പുറം
അസംബ്ലി മണ്ഡലം	: താനൂർ
പാർലമെൻറ് മണ്ഡലം	: പൊന്നാനി
വിസ്തീർണ്ണം	: 18.35 ച.കി.മീ
അതിരുകൾ	: വടക്ക്, തിരൂരങ്ങാടി ഗ്രാമ പഞ്ചായത്ത്
	: തെക്ക്, താനൂർ, ഒഴൂർ ഗ്രാമ പഞ്ചായത്ത്
	: കിഴക്ക്, തെന്നല, തിരൂരങ്ങാടി ഗ്രാമ പഞ്ചായത്തുകൾ
	: പടിഞ്ഞാറ്, താനൂർ, പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത്
ജനസംഖ്യ	: 30308
പുരുഷൻമാർ	: 14485
സ്ത്രീകൾ	: 15823
ജനസാന്ദ്രത	: 68%
അക്ഷരാഭ്യാസമുള്ളവർ	: 20597
വാർഡുകൾ	: 12
പ്രസിഡണ്ട്	**: ജമീല അബൂബക്കർ**
വൈസ് പ്രസിഡണ്ട്	: എം.പി. മുഹമ്മദ് ഹസ്സൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ	: പി.പി. അനിത
ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ	:1. പി.പി. മുഹമ്മദ് കുട്ടി മാസ്റ്റർ
	: 2. കെ. രേണുക
ജില്ലാ പഞ്ചായത്ത് മെമ്പർ	: പി. സൽമ ടീച്ചർ
അസംബ്ലി മണ്ഡലം പ്രതിനിധി	: പി.കെ. അബ്ദു റബ്ബ്
പാർലമെൻറ് അംഗം	: ജി.എം. ബനാത്ത്വാല

3

സാമൂഹിക-സാംസ്കാരിക ചരിത്രം

തുളസി വെറ്റിലെ എന്നർത്ഥം വരുന്ന 'നന്നം' എന്ന പദത്തിൽ നിന്നാണ് നന്നമ്പ്രയുടെ നിഷ്പത്തി. പ്രാചീന കാലം മുതൽ വെറ്റിലക്ക് പ്രസിദ്ധമായ ഈ പ്രദേശത്തെ 'നന്നംപ്രദേശം' എന്നാണറിയപ്പെട്ടിരുന്നത്. പിന്നീട് 'നന്നം പ്രദേശ' ലോപിച്ച് 'നന്നമ്പ്ര'യായി തീർന്നു.

മലബാർ സ്റ്റേറ്റിൽകോഴിക്കോട് ജില്ലയിലെ ഏറനാട് താലൂക്കിൽ പെട്ട തിരൂരങ്ങാടി ഫർക്കയുടെ ഭാഗമായിരുന്നു ഈ പ്രദേശം. പഞ്ചായത്ത് നിലവിൽ വരുന്നതിനു മുമ്പ് നന്നമ്പ്ര, കൊടിഞ്ഞി എന്നീ റവന്യൂ വില്ലേജുകളായിട്ടായിരുന്നു ഈ പ്രദേശം വിഭജിക്കപ്പെട്ടിരുന്നത്. ഭരണരംഗത്ത് നിലവിൽ വന്നിരുന്ന ക്രമീകരണത്തെ തുടർന്ന് നന്നമ്പ്ര, കൊടിഞ്ഞി വില്ലേജുകൾ സംയോജിപ്പിക്കപ്പെടുകയും നന്നമ്പ്ര വില്ലേജും, നന്നമ്പ്ര പഞ്ചായത്തും നിലവിൽ വരികയും ചെയ്തു. 1962നാണ് നന്നമ്പ്ര, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പദവിയുള്ള പഞ്ചായത്തായി മാറിയത്.

നാടുവാഴിത്ത സമ്പ്രദായത്തിലധിഷ്ഠിതമായിരുന്ന ഭരണ രീതിയായിരുന്നു പൂർവ്വകാലത്ത് ഈ പ്രദേശങ്ങളിൽ നിലവിലിരുന്നതെന്ന് പറയപ്പെടുന്നു. തൃക്കണ്ടിയൂർ ദേവസ്വം, തൃക്കേക്കാട് മംപ്രം, മൂത്തേടത്ത് മന, ഏലംകുളം മന എന്നിവയായിരുന്നു പ്രസിദ്ധങ്ങളായ നാടുവാഴിത്തറവാടുകൾ. ഭൂമിയുമായി കെട്ടുപിണഞ്ഞ ഒരു തരം സാമൂഹിക ബന്ധമായിരുന്നു അക്കാലത്ത് നിലനിന്നിരുന്നത്. ഈ ബന്ധത്തിൽ നിന്നും ഉൽഭൂതമായ രാഷ്ട്രീയ ശക്തിക്കായിരുന്നു ഈ പ്രദേശത്തിന്റെ പുരാതന ഭരണ നേതൃത്വം.

ബ്രിട്ടീഷ് സാമ്രാജ്യത്വവും നാടുവാഴിത്തവും അടിച്ചേൽപ്പിച്ച പാരതന്ത്ര്യത്തിന്റെ നുകം പൊട്ടിച്ചെറിയാൻ നാടിന്റെ മോചനത്തിനായി രണഭൂവിൽ പടപൊരുതിയ സമര യോദ്ധാക്കളുടെ ജീവിക്കുന്ന ഓർമ്മകൾ ഈ പഞ്ചായത്തിന്റെ ഇന്നലെകളെ ധന്യമാക്കുന്നു.

ജൻമിത്വം കർഷകരെയും കർഷകത്തൊഴിലാളികളെയും അടിച്ചമർത്താൻ മലബാറിലാകമാനമുണ്ടായ നീക്കത്തിന്റെ അനുരണനങ്ങൾ ഈ പ്രദേശത്തും ഉണ്ടായി. ഈ കുൽസിത ശ്രമത്തിനെതിരെ ജാതി മതഭേദമന്യേ കർഷകരും തൊഴിലാളികളും ഒന്നിച്ചണിനിരന്നു. ഭൂമാടമ്പിമാർക്കും പ്രമാണിമാർക്കുമെതിരെ 1921 കാലഘട്ടത്തിൽ മലബാറിൽ നടന്ന കാർഷിക സമരം നന്നമ്പ്രയുടെ വിവിധ ഭാഗങ്ങളിൽ അലയൊലികൾ സൃഷ്ടിച്ചു. വൈദേശിക ശക്തിയുടെ അധീശത്വമവസാനിപ്പിക്കുകയെന്ന ആത്യന്തിക ലക്ഷ്യത്തോടു കൂടി നടന്ന ഈ സമരത്തിൽ കുണ്ടൂർ സ്വദേശികളായ മറയക്കുളത്ത് അബ്ദുള്ളകുട്ടി, ആലി മുസ്ല്യാരുടെ വിശ്വസ്തനും വലംകയ്യുമായി പ്രവർത്തിച്ചിരുന്ന കുഞ്ഞലവി എന്നിവർ സജീവമായി പങ്കെടുത്തിരുന്നു. നന്നമ്പ്ര പൂഴിക്കൽ തറവാടും ഈ സമരവുമായി ബന്ധപ്പെട്ട് അറിയപ്പെടുന്ന പ്രസിദ്ധമായ നാമമാണ്.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഭാഗമായി ധാരാളം നേതാക്കൻമാരെ സംഭാവന ചെയ്യാൻ ഈ പ്രദേശത്തിന് സാധ്യമായിട്ടുണ്ട്. ഈ പഞ്ചായത്തിൽ നിനും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ഏതാനും സേനാനികൾക്ക് 'താമ്രപത്ര'വും ലഭിക്കുകയുണ്ടായി.

സാമൂഹ്യ-സാംസ്കാരിക മേഖലകളിലും കാര്യമാത്രപ്രസക്തമായ സംഭാവനകൾ ഈപഞ്ചായത്തിനേറതായിട്ടുണ്ട്. കുണ്ടൂരിലെ മൂടേരി ചിന്നൻ നായർ (നായരഹൻ), മച്ചിഞ്ചേരി മൊയ്തീൻ ഹാജി, തച്ചറക്കൽ

കുഞ്ഞുമൊയ്തീൻ, കെ.എം. അലവി ഹാജി, തെയ്യാലയിലെ പട്ടേരിക്കുന്നത്ത് മുഹമ്മദ് കുട്ടി അധികാരി, ചിറമ്പലം ഉണ്ണീതു മാസ്റ്റർ, പലേക്കോടൻ അഹമ്മദ് ഹാജി, വെള്ളിയാമ്പുറത്തെ അയമുണ്ണി സാഹിബ്, പനക്കൽ സൈതാലിക്കുട്ടി, കൊടിഞ്ഞിയിലെകെ.പി. ആറക്കോയ തങ്ങൾ, കൊളത്തൂർ സൈതാലി മുസ്ല്യാർ, പരപ്പനങ്ങാടി ബഞ്ച് കോടതിയിലെ ന്യായാധിപനായിരുന്ന പാലക്കാട്ട് ഹൈദർ സാഹിബ്, പൊറോറാണിക്കൽ കുഞ്ഞാലസ്സൻ ഹാജി,മതാരി മൊയ്തീൻ, പൂക്കുഞ്ഞി തങ്ങൾ, പത്തൂർ കോയക്കുട്ടി ഹാജി, പാട്ടശ്ശേരി മൂസ, സർവ്വോദയ സംഘത്തിന്റെ പ്രവർത്തകനായിരുന്ന കെ.വി കുറുപ്പ് (ഇദ്ദേഹം മാതൃഭൂമി ദിനപത്രത്തിന്റെ ലേഖകൻ കൂടിയായിരുന്നു.) മുതലായവർ ഈ രംഗത്ത് പ്രഗൽഭ മതികളിൽ ചിലരാണ്.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായിരുന്ന നന്നമ്പ്ര പഞ്ചായത്തിൽ ആദ്യത്തെ തെരഞ്ഞെടുപ്പ് നടന്നത് 1963 ഡിസംബർ 2-ാം തിയ്യതിയാണ്. 1964-ലാണ് പ്രഥമ പഞ്ചായത്ത് ബോർഡ് സി.പി. അലവി ഹാജി പ്രസിഡണ്ടായി നിലവിൽ വന്നത്.

പ്രഥമ ബോർഡിലെ അംഗങ്ങൾ

1. എ.കെ. മരക്കാർ കുട്ടി ഹാജി
2. തച്ചറക്കൽ കുഞ്ഞിമൊയ്തീൻ
3. കാവുങ്ങൽ അച്യുതൻ നായർ
4. സി.പി. അലവി ഹാജി
5. പി.സി. മുഹമ്മദ് ഹാജി
6. പാലക്കാട്ട് ആലിക്കുട്ടി ഹാജി
7. കദിയാമു യു.പി.
8. കുന്നുമ്മൽ മുണ്ടൻ

പി.സി. മുഹമ്മദ് ഹാജിയായിരുന്നു വൈസ് പ്രസിഡണ്ട്. ബോർഡ് നിലവിൽ വന്ന് രണ്ടു വർഷത്തിനു ശേഷം പ്രസിഡൻറിന്റെ മേൽ അവിശ്വാസ പ്രമേയം പാസ്സാക്കിയതിനെ തുടർന്നു പി.സി. മുഹമ്മദ് ഹാജി പുതിയ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡണ്ടായി എ.കെ. മരക്കാർകുട്ടി ഹാജിയും തെരഞ്ഞെടുക്കപ്പെടുകയാണ്ടായി. ഈ ബോർഡിന്റെ ഭരണ കാലത്തി നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടം അന്നത്തെ തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രിയായിരുന്ന അവുക്കാദർ കുട്ടി നഹ സാഹിബ് 21.11.74ന് ഉദ്ഘാടനം നിർവഹിച്ചു.

18.7.1979 ന് ആണ് പഞ്ചായത്ത് ബോർഡിലേക്കുള്ള രണ്ടാമത്തെ തെരഞ്ഞെടുപ്പു നടത്തുന്നത്. പി.സി. മുഹമ്മദ് ഹാജി പ്രസിഡണ്ടായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ചിറമ്പലം ഇമ്പിച്ചി മുഹമ്മദ് ഹാജി വൈസ് പ്രസിഡണ്ട് സ്ഥാനത്തു നിന്നും അലരോധിതനായി.

മെമ്പർമാർ

1. മദാരി മുഹമ്മദാജി
2. കാവുങ്ങൽ മുഹമ്മദ് ഹാജി
3. കല്ലുവെട്ടുകുഴിയിൽ കോത
4. സി. ഇമ്പിച്ചി മുഹമ്മദ് ഹാജി
5. പി.കെ. പങ്കജം
6. നൊട്ടം വീട്ടിൽ കോയക്കുട്ടി
7. ടി.സി. അഹമ്മദ് കുട്ടി ഹാജി
8. സി. അബൂബക്കർ
9. പി.സി. മുഹമ്മദ് ഹാജി

അടുത്ത തെരഞ്ഞെടുപ്പു നടന്നത് 1988 ജനുവരി 23-ാം തിയ്യതിയായിരുന്നു. ടി.ടി അബ്ദുള്ള മാസ്റ്റർ പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട പ്രസ്തുത ബോർഡിൽ തറമ്മൽ മുഹമ്മദ് കുട്ടി ഹാജിയായിരുന്നു വൈസ് പ്രസിഡണ്ട്.

മെമ്പർമാർ:-

1. ഒ. കോയഹാജി
2. ടി.ടി. അബുദുള്ള മാസ്റ്റർ
3. പി. ചാത്തുട്ടി
4. എൻ. രാമൻകുട്ടി മാസ്റ്റർ
5. പൂഴിക്കൽ രാധാകൃഷ്ണൻ
6. തറമ്മൽ മുഹമ്മദ് കുട്ടി ഹാജി
7. കെ.പി. മമ്മീരും
8. പി. മരക്കാരുട്ടി
9. തേറമ്പിൽ തിത്തിക്കുട്ടി
10. കെ.പി. ഹൈദ്രോസ് കോയ തങ്ങൾ

ഇപ്പോൾ നിലവിലുള്ള ഭരണസമിതി നിലവിൽ വന്നത് 1995 ഒക്ടോബർ 2ന് ആണ്.

ജമീല അബൂബക്കർ പ്രസിഡൻറും എം.പി. മുഹമ്മദ് ഹസ്സൻ വൈസ് പ്രസിഡൻറും പി.പി. അനിത സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സണുമായുള്ള ബോർഡാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

സന്നദ്ധ പ്രവർത്തന മേഖല

ഏതൊരു നാടിന്റെയും പുരോഗതിയുടെ ആണിക്കല്ല് സന്നദ്ധ സംഘടനകളും അവയുടെ പ്രവർത്തനങ്ങളുമാണ്. നന്നമ്പ്ര പഞ്ചായത്തിന്റെ ആവിർഭാവത്തിന് മുമ്പു തന്നെ നാടിന്റെ വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ചു വന്നിരുന്ന ധാരാളം സന്നദ്ധ സംഘടനകൾ ഇവിടെ പ്രവർത്തിച്ചിരുന്നു. വികസന

ബ്ലോക്കുകളുടെ കീഴിൽ വികസന പ്രവർത്തനങ്ങളേറെടുത്ത് നടത്താൻ ഈ പഞ്ചായത്തിൽ രണ്ട് ഗ്രാമസേവാ സമിതികൾ നിലവിലുണ്ടായിരുന്നു. പലേക്കോടൻ മൊയ്തീൻ നന്നമ്പ്ര ഗ്രാമസേവാസമിതി പ്രസിഡണ്ടും, പി.സി. മുഹമ്മദ് ഹാജി കൊടിഞ്ഞിയിലെ ഗ്രാമസേവാ സമിതി പ്രസിണ്ടുമായിരുന്നു.

1, കൊടിഞ്ഞി ഗ്രാമസഭാ സമിതി
2. നന്നമ്പ്ര ഗ്രാമസേവാ സമിതി എന്നിവയായിരുന്നു ഇവ.പഞ്ചായത്ത് നിലവിൽ വരുന്നതു വരെ ഈ സമിതികൾ നിലനിന്നിരുന്നു. വെന്നിയൂർ-താനൂർ റോഡ് നിർമ്മാണമാരംഭിച്ചത് 1951ൽ ഒന്നാം പഞ്ചവൽസര പദ്ധതിയുടെ കാലത്ത് എൽ.ഡി സ്കീം പ്രകാരമാണ്. കുണ്ടൂരിലെ ചിന്നൻ നായർ, എം.സി. മൊയ്തീൻ ഹാജി, ടി. കുഞ്ഞിമൊയ്തീൻ എന്നിവർ ആയിരുന്നു ഇതിനു നേതൃത്വം നൽകിയിരുന്നത്. കൊടഞ്ഞി ഗ്രാമസേവാ സമിതി നിർമ്മിച്ചതാണ് കോറേത്തങ്ങാടിയിലെ വായന ശാല കെട്ടിടം. നന്നമ്പ്ര ഗ്രാമ സേവാ സമിതിയുടെ കാർമ്മികത്വത്തിൽ തെയ്യാലയിൽ ഒരു പഞ്ചായത്ത് കിണറും സ്ഥാപിക്കുകയുണ്ടായി. മറ്റു റോഡുകളെല്ലാം തന്നെ 1964ന് ശേഷം പഞ്ചായത്തിന്റെ ശ്രമ ഫലമായി നിർമ്മിക്കപ്പെട്ടവയാണ്.



4

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

ഭൂപ്രകൃതി

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിന്റെ തെക്ക്-പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ് നന്നമ്പ്ര. 18.35 ച.കി.മീറ്ററാണ് പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതി. മൊത്തം വിസ്തൃതിയുടെ മൂന്നിൽ രണ്ട് ഭാഗവും പാടശേഖരങ്ങളും, ഉയർന്ന പ്രദേശങ്ങളായ തട്ടത്തലം, ചുള്ളിക്കുന്ന്, ചൂലൻകുന്ന്, കൊടിഞ്ഞികല്ലാപ്പറമ്പ്, ചെറുമുക്ക് ആതൃക്കാട് പ്രദേശങ്ങളും പഞ്ചായത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയുടെ നിദർശനങ്ങളാണ്. കിഴക്ക് തിരൂരങ്ങാടി-തെന്നല പഞ്ചായത്തുകളും പടിഞ്ഞാറ് താനൂർ-പരപ്പനങ്ങാടി പഞ്ചായത്തുകളും വടക്ക് തിരൂരങ്ങാടി പഞ്ചായത്തും തെക്ക് ഒഴൂർ പഞ്ചായത്തുമാണ് നന്നമ്പ്രയുടെ നാലതിർ വരമ്പുകൾ. പഴയ കൊടിഞ്ഞി, നന്നമ്പ്ര റവന്യൂ വില്ലേജുകൾ സംയോജിപ്പിച്ചാണ് നന്നമ്പ്ര വില്ലേജ് രൂപീകൃതമായത്.

ചെറുമുക്ക്, കുണ്ടൂർ, തയ്യാല, നന്നമ്പ്ര, വെള്ളിയാമ്പുറം, കൊടിഞ്ഞി, തിരൂത്തി, കാളംതിരുത്തി, പൂംതിരുത്തി, കാക്കതിരുത്തി, പയ്യോളി, എന്നീ സ്ഥലനാമങ്ങളിൽ അറിയപ്പെടുന്ന പ്രദേശങ്ങളാണ്. നന്നമ്പ്ര പഞ്ചായത്തിലെ പ്രധാന ഭൂഭാഗങ്ങൾ.

പഞ്ചായത്തിന്റെ വടക്ക്-പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന തിരുത്തി പ്രദേശം പുഞ്ച വയലുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ദ്വീപാണ്. കടലുണ്ടിപ്പുഴയുടെ കൈവഴിയായ പൂരപ്പുഴക്ക് കിഴക്കു ഭാഗം ചേർന്ന് കിടക്കുന്നതും പുഞ്ചവയലുകളാൽ ചുറ്റപ്പെട്ടതുമായ 'കാളംതിരുത്തി' പഞ്ചായത്തിന്റെ മെയിൻലാൻറിൽ നിന്നും വേറിട്ട് കിടക്കുന്ന പ്രദേശമാണ്.

ഭൂപ്രകൃതിയനുസരിച്ച് നന്നമ്പ്ര പഞ്ചായത്തിനെ പ്രധാനമായും 4 മേഖലകളിലായി തരംതിരിക്കാം.
1. ഉയർന്ന സമതല പ്രദേശം
2. ചെരിവ് പ്രദേശം
3. സമതലം
4. വെള്ളം കയറുന്ന മേഖല

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ഇവയിലോരോന്നിന്റെയും വിസ്തൃതി കൊടുത്തിരിക്കുന്നു.

പട്ടിക 1 (അവലംബം: പഠന പര്യടനം)

ക്രമ നമ്പർ	ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1.	ഉയർന്ന സമതല പ്രദേശം	20	1
2.	ചെരിവ് പ്രദേശം	458.75	25
3.	സമതലം	165-15	9
4.	വെള്ളം കയറുന്ന മേഖല	1192.75	65

പ്രധാനമായും അഞ്ചിനം മണ്ണുകളാണ് പഞ്ചായത്തിൽ കണ്ടുവരുന്നത്. ഇതിൽ 45% എക്കൽ മണ്ണും 18% ചരൽ മണ്ണും 15% വെട്ടുപാറയും, കരിമ്പാറയും, 10% മണൽ മണ്ണും അവശേഷിക്കുന്നവ ചതുപ്പ് നിലങ്ങളുമാണ്. താഴെ കൊടുക്കുന്ന പട്ടിക (2) മണ്ണിനത്തിന്റെ വിതരണം വ്യക്തമാക്കുന്നു.

പട്ടിക 2

നമ്പർ	ഉപരിതല മൺതരങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	എക്കൽ മണ്ണ്	825-75	45
2.	ചരൽ മണ്ണ്	330-30	18
3	വെട്ടു പാറ	275-25	15
4.	മണൽ മണ്ണ്	183-50	10
5	ചതുപ്പ് നിലം	220-20	12

അവലംബം: ട്രാൻസാക്ട് വാക്ക്

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം നന്നമ്പ്ര പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 30308 ആയിരുന്നു. ഇതിൽ 14485 പുരുഷൻമാരും 15823 സ്ത്രീകളുമാണ്. പുരുഷൻമാരേക്കാൾ 1338 സ്ത്രീകൾ ഇവിടെ കൂടുതലാണ്. പഞ്ചായത്തിലെ മൊത്തം വീടുകൾ 4161 ആകുന്നു. അതായത് വീടൊന്നിൽ 7.28 അംഗങ്ങൾ വീതമുണ്ട്. ജനസാന്ദ്രത ച.കി.മീറ്ററിന് 1651.7% എന്നതാണ്. ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 6443 ആണ്. ഇതിൽ ആൺകുട്ടികൾ 3302 ഉം പെൺകുട്ടികൾ 3141ഉം എന്നതാണ് കണക്ക്. പട്ടികജാതിജനസംഖ്യ 989 ആണ്. ഇതിൽ പുരുഷൻമാർ 499ഉം സ്ത്രീകൾ 490ഉം ആണ്. പഞ്ചായത്തിൽ സാക്ഷരതാ നിരക്ക് 68% വരും. മൊത്തം 20597 ആളുകൾ സാക്ഷരരാണ്. ഇതിൽ പുരുഷ സാക്ഷരത 10213ഉം സ്ത്രീ സാക്ഷരത 10384ഉം ആണ്.

മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്ത് കൂടിയാണ് നന്നമ്പ്ര. വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കാനും പഠന നിലവാരമുയർത്താനുമുള്ള ശ്രമങ്ങളോടൊപ്പം പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു.

ജനങ്ങൾ ജീവിത സന്ധാരണത്തിനായി മുഖ്യമായും ആശ്രയിച്ചിരുന്ന കാർഷികവൃത്തി ആദായകരമല്ലാതായതോടെ, തൊഴിലില്ലായ്മയും തദ്വാര മറ്റിതര തൊഴിൽ മേഖലയിലേക്ക്, വിശേഷിച്ച്, നിർമ്മാണജോലികളിലേക്കുള്ള തൊഴിലന്വേഷകരുടെ കടന്നുകയറ്റവും വർദ്ധിച്ചിരിക്കുകയാണ്. മനുഷ്യ വിഭവം ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ സർവ്വതോൻമുഖ പുരോഗതിക്ക് വേഗം വർദ്ധിപ്പിക്കാൻ തയ്യാറാവേണ്ടത് കാലഘട്ടിത്തിന്റെ അനിവാര്യത കൂടിയാണ്.

ജലപ്രകൃതി

വർഷത്തിൽ ജൂൺ,ജൂലൈ മാസങ്ങളിലാണ് പഞ്ചായത്തിൽ കൂടുതൽ മഴ ലഭിക്കുന്നത്. കടലുണ്ടി പുഴയിൽ ജലനിരപ്പ് ഉയരുന്നതിനനുസരിച്ച് നന്നമ്പ്ര പഞ്ചായത്തിലെ താഴ്ന്ന പാടശേഖരങ്ങളിൽ മുഴുവനും വെള്ളം കയറുക സ്വാഭാവികമാണ്. കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾ ധാരാളമായി അധിവസിക്കുന്ന പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറുന്നത് മൂലം ഒരുപ്പൂൽകൃഷി മാത്രമാണ് ചെയ്യാൻ കഴിയുന്നത്.

കുണ്ടൂർ മൂലക്കൽ മുതൽ കടുവാള്ളൂർ വരെ ദൈർഘ്യം വരുന്ന കുണ്ടൂർ തോട്, കക്കാട് പാടം-ചെറുമുക്ക് വെഞ്ചാലി തോട്, പുത്തൻതോട്, പൂഴിക്കുന്ന് മുക്കം-തൃക്കുളം കാപ്പ് തോട്, വട്ടച്ചിറ-കുറുൽ-പരപ്പിൽ കൊടിഞ്ഞി മോര്യം കാപ്പ്തോട്, വേലിയത്തി തോട്, മരക്കപ്പാടം തോട് എന്നീ തോടുകൾ പഞ്ചായത്തിലെ പ്രധാന നീരൊഴുക്കുകളാണ്.

പഞ്ചായത്തിലെ പ്രധാന കുളങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസിലാക്കാം. (പട്ടിക-3)

പട്ടിക-3

ക്രമനമ്പർ	കുളത്തിന്റെ പേര്	വാർഡ്	ഉടമസ്ഥ സ്വഭാവം
1	പാറയിൽ കുളം	1	
2	മണ്ണാത്തിക്കുളം	2	സ്വകാര്യം
3	കുണ്ടൂർ കുളം (കാവുങ്ങൽ താഴം)	3	പൊതു
4	തൂർപ്പു കുളം	4	പൊതു
5	രായിരം കുളം	4	സ്വകാര്യം
6	വെള്ളക്കാട്ടു കുളം	4	സ്വകാര്യം
7	മൂടേരി കുളം	4	സ്വകാര്യം
8	എരണി കുളം	4	സ്വകാര്യം
9	പാഴക്കര കുളം	5	പൊതു
10	വെങ്ങാട്ടമ്പലം കുളം	5	സ്വകാര്യം
11	നന്നമ്പ്ര വിഷ്ണു ക്ഷേത്രം ചിറ	5	ദേവസ്വം
12	നാടഞ്ചേരി കുളം	6	പള്ളി വക
13	നമ്പൂതിരി കുളം	6	സ്വകാര്യം
14	ചാണം ചിറ	6	സ്വകാര്യം
15	നന്നമ്പ്ര പള്ളി കുളം	6	പള്ളിവക
16	കിളിയങ്ങാടു കുളം	6	സ്വകാര്യം
17	പാറ കുളം	6	സ്വകാര്യം
18	നെല്ലിശ്ശേരി കുളം	7	പൊതു
19	മന കുളം	7	പൊതു
20	കുന്നത്തു കുളം	7	സ്വകാര്യം
21	നന്നമ്പ്ര ശിവക്ഷേത്ര കുളം	7	സ്വകാര്യം
22	പൂഴിക്കൽ കുളം	6	സ്വകാര്യം
23	ഭ്രാന്തൻ കുളം	8	പൊതു
24	ചക്കും കുളം	10	പൊതു
25	എരുകുളം	10	പൊതു
26	തേൻ കുളം	10	സ്വകാര്യം
27	തെക്കുഞ്ചേരി കുളം	10	സ്വകാര്യം
28	ചങ്ങരംകുളം	11	സ്വകാര്യം
29	നെല്ലിശ്ശേരി മഠത്തിൽ കുളം	7	സ്വകാര്യം
30	വിഷ്ണു ക്ഷേത്ര കൊക്കരണി	5	ദേവസ്വം
31	ആനയഞ്ചറ കുളം	3	സ്വകാര്യം
32	മംഗലശ്ശേരി താഴം കുളം	2	സ്വകാര്യം
33	തേട്ടേരി കുളം	2	സ്വകാര്യ
34	പൂവത്തും കുഴി ചിറ		
35	പങ്ങാട്ടു ചിറ		സ്വകാര്യം

മിക്ക കുളങ്ങളും വേനൽക്കാലത്ത് വറ്റുന്നവയാകയാൽ ജല സമ്പത്ത് പരിപൂർണ്ണമായും പ്രയോജനപ്പെടുത്താൻ പ്രയാസം നേരിടുന്നു. പഞ്ചായത്തിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ അതിരൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന സ്ഥിതിയാണുള്ളത്. ജലക്ഷാമം ഭൂപ്രകൃതിജന്യമാകയാൽ ശാശ്വതമായ പരിഹാരം ഈ രംഗത്ത് അനിവാര്യമാണ്. ഉയർന്ന ഭൂപ്രദേശങ്ങളായ ചെറുമുക്ക് ആതൃക്കാട്, തട്ടത്തലം, ചുള്ളിക്കുന്ന്, ചൂലൻകുന്ന, മച്ചിങ്ങത്താഴം, കല്ലാപ്പറമ്പ്, വെള്ളിയമ്പുറം കുന്നുമ്പുറം പ്രദേശങ്ങളും പരിസരങ്ങളും അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്.

5-1

കൃഷിയും ജലസേചനവും

നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് പൂർണമായും ഒരു കാർഷിക ഗ്രാമമാണ്. 18.35 ച.കി.മീ വിസ്തീർണത്തിലായി നന്നമ്പ്ര, കൊടിഞ്ഞി അംശങ്ങൾ ചേർന്ന ഈ പഞ്ചായത്ത് ചിരപുരാതന കാലം മുതൽക്കേ നെൽകൃഷിക്കു കേളി കേട്ട പ്രദേശമായിരുന്നു. തെങ്ങ്, കമുങ്ങ്, പ്ലാവ്, പറങ്കിമാവ്, മാവ്, തുടങ്ങിയ ദീർഘകാല വിളകളും, വാഴ, മരച്ചീനി, കുരുമുളക്, വെറ്റില, ചേമ്പ്, ചേന, കൊള്ളിക്കിഴങ്ങ്, മധുരക്കിഴങ്ങ്, രായി, ചാമ, കാവിത്ത്, പയറ്, പച്ചക്കറികൾ തുടങ്ങിയ ഹ്രസ്വ കാല വിളകളും കൃഷി ചെയ്തു വന്നിരുന്നു. പാടശേഖരങ്ങളിലും പറമ്പിലും കൃഷി ചെയ്തു വന്നിരുന്ന ഒരു വിളയാണ് എള്ള്. പറമ്പുകളിൽ മോഡൻ കൃഷിയും ചാമ കൃഷിയും നടത്താറുണ്ട്.

സാമൂഹിക രംഗത്തെ പരിണാമത്തിന്റെ ഫലമായി മേൽ സൂചിപ്പിച്ച കൃഷികൾക്കെല്ലാം കനത്ത തോതിലുള്ള മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട് എന്ന് ചെറിയ ഒരു പഠനത്തിൽ നിന്നു പോലും മനസിലാക്കാവുന്നതാണ്.

സമുദ്ര നിരപ്പിൽ നിന്നു 45 അടി മുതൽ ഏതാണ്ട് 200 അടി വരെ നിമ്നോന്നതമായി 1835 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന ഒരു പ്രദേശമാണ് നന്നമ്പ്ര. ഏറ്റവും ഉയരം കൂടിയ തട്ടത്തലം കുന്ന്, ചുള്ളിക്കുന്ന്, ചൂലംകുന്ന്, തുടങ്ങിയവ സമുദ്ര നിരപ്പിൽ നിന്ന് 200 അടിയോളം ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഇതു കൂടാതെ പഞ്ചായത്തിൽ അങ്ങിങ്ങായി ഉയർന്നു നിൽക്കുന്ന കൊടിഞ്ഞി പ്രദേശത്തെ കല്ലാപറമ്പ് ഏരിയ നന്നമ്പ്രയിലെ വെള്ളയാമ്പുറം ഭാഗം ചെറുമുക്കിലെ ആതൃക്കാട് പ്രദേശം എന്നിവയും സ്ഥിതി ചെയ്യുന്നു. ഈ കുന്നുകളും അവയോടു തൊട്ടുകിടക്കുന്ന ചെങ്കുത്തായതും ചെരിഞ്ഞു കിടക്കുന്ന ചെരിവുകളും കഴിച്ചാൽ പാടശേഖരങ്ങളോടു ചേർന്നുകിടക്കുന്ന സമതല പ്രദേശം വളക്കൂറുള്ള മണ്ണോടു കൂടിയതാണ്.

ഭൂമി സംബന്ധിച്ച വിവരങ്ങൾ (ആർ.ഇ.എഫ്: എ റജിസ്റ്ററർ, ബി.ഐ. റജിസ്റ്ററർ) പട്ടിക-1

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ)				
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
1	2	3	4	5	6
നന്നമ്പ്ര	1431.94	847.29	3.01	0.21	2282.45
കൊടിഞ്ഞി	941.17 1/4	1223.97 3/4	16.5 3/4	-	2181.68 1/4
ആകെ	2373.11 1/4	2071.26 3/4	19.54 1/4	0.21	4464.13 1/4

അവലംബ രേഖകൾ

4464 ഏക്കർ വിസ്തീർണമുള്ള നന്നമ്പ്ര പഞ്ചായത്തിനെ ചുറ്റി കിഴക്കു ഭാഗം തെന്നല-തിരൂരങ്ങാടി പഞ്ചായത്തുകളും വടക്കു ഭാഗം തിരൂരങ്ങാടിപഞ്ചായത്തും പടിഞ്ഞാറു ഭാഗം പരപ്പനങ്ങാടി-താനൂർ പഞ്ചായത്തുകളും തെക്കു ഭാഗം ഒഴൂർ പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. ഇതിൽ പഞ്ചായത്തിന്റെ കിഴക്കു ഭാഗം തെന്നല പഞ്ചായത്തിൽ പെട്ട കൊടക്കല്ല്, തിരൂരങ്ങാടി പഞ്ചായത്തിൽപ്പെട്ട ചുള്ളിപ്പാറ എന്നീ പ്രദേശങ്ങളായ കരഭൂമിയോട് ബന്ധപ്പെട്ടു കിടക്കുന്നു. അതുപോലെ പഞ്ചായത്തിന്റെ പടിഞ്ഞാറ് അതിർത്തിയായ വള്ളിയാമ്പുറം, കുന്നുമ്പുറം പ്രദേശം താനൂർ പഞ്ചായത്തിൽ പെട്ട പനങ്ങാട്ടൂർ-മോര്യ പ്രദേശങ്ങളായ കരയോടും ബന്ധപ്പെട്ടു കിടക്കുന്നു. മേൽ സൂചിപ്പിച്ച 2 കരബന്ധങ്ങളൊഴിച്ചാൽ പഞ്ചായത്തിന് പൂർണമായും വലയം ചെയ്തു കിടക്കുന്നത് വിസ്തൃതമായ പാടശേഖരങ്ങളാണ്. ഈ വയലേലകൾ പ്രധാനമായും താഴെ പറയുന്ന പേരുകളിൽ അറിയപ്പെടുന്നു. മറക്കപ്പാടം, നന്നമ്പ്ര പാടം തെയ്യാല മുതൽ ഏതാണ്ട് കടുവാള്ളൂർ വരെ നീണ്ടു കിടക്കുന്ന കുണ്ടൂർ പാടം, ചെറുമുക്കിനെ ചുറ്റിക്കിടക്കുന്ന കാരാങ്കുണ്ട്--വെഞ്ചാലി-കാക്കാട്ടു പാടം, കുളക്കാട്ടു പാടം, കടവാള്ളൂരിൽ നിന്നു വടക്കു പടിഞ്ഞാറായി കിടക്കുന്ന വെഞ്ചാലിക്കാപ്പ്-കാടൻകുന്ന്-ഉള്ളുന്താർ പാടം, പയോളിയെ ചുറ്റിയും കാളംതിരുത്തിക്കു കിഴക്കും തിരുത്തിക്കു വടക്കുമായി കിടക്കുന്ന വിസതൃതമായ പൂഴിക്കുന്ന് -മകരനിലം-മലക്കാട്ട-കുറൂൽ പാടശേഖരങ്ങൾ, കുറൂൽ മുതൽ കൊടിഞ്ഞിക്കും തിരുത്തിക്കുമിടയിൽ തെക്കോട്ടായി പരപ്പിലൂടെ മോര്യകാപ്പ് വരെ അതി വിസ്തൃതമായി പരന്നു കിടക്കുന്ന പുഞ്ചപ്പാടം, തിരുത്തിക്കും പുളുന്തിരുത്തിക്കുമിടയിൽ സ്ഥിതി ചെയ്യുന്ന പോത്തും കുണ്ട്-വേലിയത്തി പാടം എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. പ്രസ്തുത പാടശേഖരങ്ങളുടെ മൊത്തം വിസ്തീർണം ഏകദേശം 2976 ഏക്കറയാകുന്നു.

കൃഷിഭവൻ രേഖ (ഏക്കറിൽ) പട്ടിക-2

ഇനം	വിസ്തീർണ്ണം
നിലം	817
പുരയിടം	526
പുറമ്പോക്ക്	-
കൃഷിയോഗ്യ തരിശ്	3073
കൃഷിയോഗ്യമല്ലാത്ത തരിശ്	1079
ആകെ	5495

ഈ പാടശേഖരങ്ങളിൽ മിക്കവാറും ഒരു പൂൽകൃഷിയാണ് നടത്തിവരുന്നത്. വിരുപ്പ്, മുണ്ടകൻ, പുഞ്ച എന്നീ 3 ഘട്ടം നെൽകൃഷികൾ നടത്തുന്നുണ്ട്. വിരുപ്പ്, മുണ്ടകൻ എന്നീ കൃഷികൾ ഉയർന്ന സ്ഥലങ്ങളിലും പുഞ്ച വെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന സ്ഥലങ്ങളിലും നടത്തി വരുന്നു.

പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് ഈ പാടങ്ങളിൽ കൃഷി നടത്തുന്നത്. നെൽകൃഷിക്ക് കേളികേട്ടിരുന്ന ഈ വയലുകളിൽ സ്ഥലകാലങ്ങൾക്ക് അനുസൃതമായി തവളക്കണ്ണൻ, പൊന്നാര്യൻ, കയമ, തെക്കൻ ചീര, നകര, ചിറ്റേനി, വെള്ള ചിറ്റേനി, തെക്കൻ, പൊടിയൻ, കൊത്തമ്പാലി ചീര എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന വിത്തുകൾ ഉപയോഗിച്ചാണ് മുൻ കാലങ്ങളിൽ കൃഷി ചെയ്തിരുന്നത്.

നാട്ടിൽ തന്നെ യഥേഷ്ടം ലഭ്യമായിരുന്ന ചാണകം, പച്ചില, വെണ്ണീർ തുടങ്ങിയ ജൈവ വളങ്ങൾ മാത്രമുപയോഗിച്ചും കന്നുകാലികളെ കൃഷിപ്പണിക്കുപയോഗിച്ചും കൃഷി നടത്തിയിരുന്ന അക്കാലങ്ങളിൽ കീടബാധ കുറവായിരുന്നതായും കാണാൻ കഴിഞ്ഞിരുന്നു. തോടുകളും കുളങ്ങളും ജലസേചനത്തിനായി അന്നും ഇന്നും ഉപയോഗിച്ചു വരുന്നു. (പട്ടിക-3)

പട്ടാമ്പിയിലെ നെൽ ഗവേഷണ കേന്ദ്രത്തിന്റെ ആവിർഭാവത്തോടെ കർഷകർ പുതിയ വിത്തിന്റെ ഉപയോഗം ആരംഭിക്കുകയും ജൈവവളങ്ങളുടെ കൂടെ രാസവളം ഉപയോഗിക്കാനും തുടങ്ങി. കൂടാതെ പ്രധാന തോടുകളിൽ അങ്ങിങ്ങായി നിർമ്മിച്ച തടയണകളും വെഞ്ചാലിയിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും അനുബന്ധ കനാലുകളും വെഞ്ചാലിയിലേക്ക് വെള്ളമെത്തിക്കാൻ ചോരുപെട്ടിയിൽ നിർമ്മിതമായ പദ്ധതിയും പുരോഗമന പ്രവർത്തിയായി നാം കാണുന്നുണ്ടെങ്കിലും ഇവകൾ ഈ രംഗത്ത് വളരെ അപര്യാപ്തമാണ്.

അത്യുൽപ്പാദന ശേഷിയുള്ള പുതിയ വിത്തുകളായ ജോതി, ത്രിവേണി, കൾച്ചർ, അശ്വതി, ഭാരതി, ആതിര, കാഞ്ചന തുടങ്ങിയ വിത്തുകളാണ് ഇപ്പോൾ ഉപയോഗിച്ചു വരുന്നത്. പരിഷ്കൃത കൃഷി സമ്പ്രദായത്തിന്റെ ഭാഗമായി നാം കീടനാശിനികളാണ് ഉപയോഗിക്കുന്നതെങ്കിലും മുൻകാലങ്ങളിൽ എലികളെ കൊല്ലാൻ മുളംകുറ്റികെണി, ചാഴിയെ നശിപ്പിക്കാൻ മുറംവീശൽ, തുണിവല, വെണ്ണീർ പറപ്പിക്കൽതുടങ്ങിയ സമ്പ്രദായങ്ങളായിരുന്നു അവലംബിച്ചു പോന്നിരുന്നത്. ജലസേചനത്തിനായി തോടുകളും, കൈതോടുകളും, കുളങ്ങളും ചെറുകുഴികളും ഉപയോഗിച്ചു പോന്നു. തോടുകളിൽ ഓല, മുളംകുറ്റി, മററു ലഭ്യമായ സാധന സാമഗ്രികൾ എന്നിവ ഉപയോഗിച്ചു തടയണ നിർമ്മിച്ചു

പട്ടിക-3 **വിള വിസ്തീർണവും ഉൽപാദനവും (കൃഷി ഭവൻ)**

വിള	വിസ്തീർണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാംവിള)	17	-	1800
നെല്ല് (രണ്ടാം വിള)	300	-	
നെല്ല് (മൂന്നാം വിള)	500/817	-	
പയർ	40	-	
എള്ള്	10	-	55
പച്ചക്കറികൾ	6	-	2100
തെങ്ങ്	1526	-	18
വാഴ	5	-	5
മരച്ചീനി	6	-	5
കുരുമുളക്	10	-	10
കവുങ്ങ്	148		
റബ്ബർ			
മാവ്			
പ്ലാവ്			
കശുമാവ്			

കൃഷിയിടങ്ങളിലേക്ക് ജലം തിരിച്ചു കൊണ്ടു പോവുക പതിവായിരുന്നു. ഏത്തം വെച്ചും, തോണിത്തുലാം, ചക്രംചവിട്ടിയും, കൂത്തുടുപ്പ് ഉപയോഗിച്ചു മായിരുന്നു മുൻകാലങ്ങളിൽ പാടങ്ങളിലേക്ക് വെള്ളം കയറ്റിയിരുന്നത്. പിന്നീട് മണ്ണെണ്ണ, ഡീസൽ എന്നിവ ഉപയോഗിച്ചു പ്രവർത്തിപ്പിക്കുന്ന എഞ്ചിനും, വൈദ്യുതിയുടെ സഹായത്തോടെ മോട്ടോർ പമ്പുസെറ്റുകളും ഉപയോഗിക്കാൻ തുടങ്ങി.

തക്കസമയത്ത് മഴ ലഭിക്കാതെ വരൾച്ച ബാധിച്ച് കൃഷിയുണങ്ങാൻ പോകുന്ന സന്ദർഭങ്ങളിൽ ജാതിമതഭേദമന്യേ കർഷകർ ഒത്തു ചേർന്ന് മമ്പുറം ജാറത്തിൽ ചെന്നു സങ്കടം പറഞ്ഞ് ആദരവുപൂർവ്വം അവിടുത്തെ കൊടി ഏറ്റു വാങ്ങി ചെണ്ട, കുഴൽ,ദഫ് എന്നീ താളമേളങ്ങളുടെ അകമ്പടിയോടെ ഭക്ത്യാദര ഘോഷയാത്രയായി പാടശേഖരങ്ങളിൽ ചുറ്റിനടന്നു സായൂജ്യമടയാറുണ്ടായിരുന്നത് ഒരു ചരിത്ര സത്യമാണ്. അതുപോലെ ചാഴിയെ നശിപ്പിക്കാൻ തങ്ങൻമാർ മന്ത്രിച്ച വെണ്ണീർ പാടങ്ങളിൽ വിതറിയിരുന്നതും ഒരു ഐതിഹ്യമല്ല.

മുൻകാലങ്ങളിൽ പഞ്ചായത്തിലെ കൃഷി ഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജൻമിമാരായിരുന്നു.

തൃക്കണ്ടിയൂർ ദേവസ്വം, തൃക്കേക്കാട്ട് മടപ്രം, മൂത്തേടൻ മന, ഏലംകുളം മന ഇവരിൽ നിന്നു കാണം ചാർത്തിയും മറ്റും ഭൂമി ലഭിച്ച് ജൻമിമാരായ മമ്പുറം തങ്ങൾ, മാടത്തിങ്ങൽ തങ്ങൻമാർ, കോടിയാടൻ തറവാട്, കൊല്ലഞ്ചേരി നായർ തറവാട്, ചെട്ടിയം വീട് നായർ തറവാട്, മനക്കൽ നെല്ലിശ്ശേരി നായർ തറവാട് എന്നീ കുടുംബങ്ങൾ ഇവരിൽ പ്രധാനികളായിരുന്നു. ഈ ജൻമി കുടുംബങ്ങൾ നാട്ടിലെ മറ്റുള്ളവരുടെയും സുഖക്ഷേമ കാര്യങ്ങളിൽ തൽപരരായിരുന്നുവെന്നും മനസ്സിലാക്കാൻ കഴിയുന്നു. നാട്ടുകാർക്കിടയിൽ

ഉണ്ടാവാറുണ്ടായിരുന്ന കലഹങ്ങൾക്കും മറ്റും ഈ ജൻമി കാരണവൻമാരുടെ മധ്യസ്ഥതയിലൂടെ ന്യായമായ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിരുന്നതായും അറിയാൻ കഴിയുന്നു. ഈ കുടുംബങ്ങളിൽ ചിലത് ഒരു നീതിന്യായ കോടതി കണക്കെ നാട്ടിൻ പുറങ്ങളിൽ പ്രവർത്തിച്ചിരുന്നുവത്രേ.

ഭൂവിനിയോഗം

1960-കളിൽ ഭൂപരിഷ്കരണം നടപ്പിലാവാൻ തുടങ്ങിയതോടെയും സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ വൻതോതിൽ മാറ്റം വരാൻ തുടങ്ങിയതോടു കൂടിയും വൻകിട ജൻമിമാരിൽ നിന്നും കൃഷിഭൂമി മറ്റുള്ളവരിലേക്ക് കൈമാറി തുടങ്ങി. ഇങ്ങിനെ ലഭ്യമായ കൃഷിഭൂമിയിൽ അതുവരെ കിടപ്പാടമില്ലാതിരുന്ന കർഷകർ ആദ്യമായി ചെയ്തത് വീടുണ്ടാക്കുക എന്ന ലക്ഷ്യസാക്ഷാത്കാരമായിരുന്നു. കൃഷിഭൂമി മണ്ണിട്ട്നികത്തി പുരയുണ്ടാക്കി അധികമായി വെള്ളം കയറാതിരുന്ന ഭൂമികളെല്ലാം തന്നെ ഇപ്പോൾ നികത്തപ്പെട്ടിരിക്കുകയാണ്. അഭ്യസ്ഥ വിദ്യരായ യുവാക്കളിൽ നെൽകൃഷിയോടുള്ള വിമുഖതയും അനഭിമതത്വവും നെൽകൃഷി ലാഭകരമല്ലാത്തതും, നെൽപാടങ്ങൾ നികത്തപ്പെടുന്നതിനും തൽസ്ഥാനങ്ങളിൽ താരതമ്യേന അദ്ധ്വാനം കുറഞ്ഞതും ദീർഘ വിളകളുമായ തെങ്ങുകൃഷി ആരംഭിക്കുന്നതിനും കാരണമായിട്ടുണ്ട്. നികത്തലുകൾ വളരെയധികം വ്യാപകമായതോടെ നീരൊഴുക്കിന്റെ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപപ്പെടുന്നതിന് കാരണമായി. ഇതോടെ അതിവർഷ സമയങ്ങളിൽ പഴയ മാർഗ്ഗം വിട്ട് പഞ്ഞെത്തിയ മലവെള്ളം ഒഴിഞ്ഞു പോകാതെ കൃത്രിമ വെള്ളക്കെട്ടുകൾ സൃഷ്ടിച്ചു. കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞ് വന്നതും കർഷക തൊഴിലാളിക്ക് നൽകിയിരുന്ന കൂലി വർദ്ധനവും തക്ക സമയത്ത് തൊഴിലാളികളെ ലഭിക്കാത്തതും നെൽകൃഷിക്കാരനെ മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചു. പഞ്ചായത്തിലെ വിശാലമായ നന്നമ്പ്ര പാടവും, കാടംകുന്ന്, പൂഴിക്കുന്ന്, മകരനിലം തുടങ്ങിയ പാടശേഖരങ്ങളും ഇന്നു പൂർണ്ണമായ തോതിൽ നികത്തി വീടും തെങ്ങു കൃഷിയും വ്യവസായ വാണിജ്യ സ്ഥാപനങ്ങളും ആരംഭിച്ചിരിക്കുകയാണ്. ഇതു ഒരു തുടർപ്രക്രിയയായി തന്നെ നടന്നു വരുന്നു.പാടങ്ങളിലേക്ക് ഞാറു പാകാറുണ്ടായിരുന്ന പള്ളിയാളി ഭൂമികൾ എന്നോ അപ്രത്യക്ഷമായിരിക്കുന്നു. ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനവും നികത്തലുകൾക്ക് ഒരു പ്രധാന കാരണമായി സൂചിപ്പിക്കുന്നു. ഇതോടെ ഒരു കാലത്തെ ഈ പ്രദേശത്തെ വിളയായിരുന്ന നെല്ലിനെ മാത്രമാശ്രയിച്ച് ജീവിച്ചിരുന്ന ജനങ്ങൾക്ക് ഇന്ന് അതു അപര്യാപ്തമാവുകയും പുറം മാർക്കറ്റിനെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു. പൂഴിക്കുന്ന്, മകരനിലം തുടങ്ങിയ പാടങ്ങളിൽ നേരിട്ട് പുഴവെള്ളം കയറിവരുന്ന സ്ഥലങ്ങളും നല്ല വളക്കൂറുള്ള മണ്ണുമായി കഴിഞ്ഞു. ഇവിടങ്ങളിൽ തെങ്ങിൽ നിന്നു ഏതാണ്ട് നല്ല ആദായം എല്ലാവർക്കും കിട്ടി വരുന്നു. മുമ്പ് ഈ പ്രദേശം മധുരക്കിഴങ്ങ്, മരച്ചീനി എന്നീ കൃഷികൾക്ക് പേരു കേട്ട സ്ഥലമായിരുന്നു. മുൻകാലങ്ങളിൽ ദരിദ്രരായി കൃഷിതൊഴിലാളികൾക്ക് ധാരാളം തൊഴിലവസരങ്ങൾ നൽകിയിരുന്ന മേഖലയാണിത്. മരച്ചീനി, മധുരക്കിഴങ്ങ് എന്നിവ കിളച്ചാൽ കിട്ടിയിരുന്ന പ്രതിഫലം വിൽപ്പനക്കു തെരഞ്ഞെടുത്ത ശേഷം ബാക്കി വരുന്ന ചെറു കിഴങ്ങുകളായിരുന്നു. ദാരിദ്ര്യം കൊടികുത്തി വാണിരുന്ന അക്കാലങ്ങളിൽ ജനങ്ങൾ മല, നൂറ, നൊകേൻ, കാട്ടുചേന, പുള്ളിചേമ്പ് തുടങ്ങിയവയുടെ കിഴങ്ങുകളും ഭക്ഷണമായി ഉപയോഗിച്ചിരുന്നു.

മകരനിലത്തു നിന്നും മോര്യാകാപ്പ് പ്രദേശത്ത് നിന്നും തോണി മാർഗ്ഗമാണ് പ്രധാന ഉൽപ്പന്നങ്ങളായ നെല്ല്, തേങ്ങ, മരച്ചീനി, കൊപ്പര, മധുരക്കിഴങ്ങ്, ചുക്ക്, കുരുമുളക് എന്നിവ കോഴിക്കോട്ടേക്ക് വിൽപ്പനക്കു കൊണ്ടുപോവുകയും മടക്കു തോണിയിൽ വീടു നിർമാണ സാമഗ്രികളും നിത്യോപയോഗ സാധനങ്ങളും കൊണ്ടു വരിക പതിവായിരുന്നു. ചെറുമുക്ക്, പത്തൂർ താഴം, കുണ്ടൂർ-ചക്കപ്പൻ താഴം, കൊടിഞ്ഞി-കുറുപ്പിന്റെ താഴം, ആശാരിത്താഴം, കുറൂൽ താഴം, എന്നീ സ്ഥലങ്ങൾ വർഷക്കാലത്ത് വൻ കയറ്റിറക്ക് കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നു.

ഒരു കാലത്ത് ഈ പ്രദേശത്തേയാകമാനം സമ്പന്നമാക്കിയ കിഴങ്ങുകൃഷികൾ ഇന്നു പേരിനുപോലും ആരും ചെയ്യുന്നില്ല. കൂലിച്ചിലവിൽ വന്ന വർദ്ധനയും, തൊഴിലാളികളെ ലഭിക്കാത്തതും കാരണമായി ഈ ഇന്നെല്ലാവരും തെങ്ങുകൃഷിയിലേക്കു തിരിഞ്ഞിരിക്കുകയാണ്.

പഞ്ചായത്തിൽ വിളഞ്ഞിരുന്ന വാഴക്കുല, മത്തൻ, ചക്ക, മാങ്ങ, കിഴങ്ങുകൾ, പ്ലാവില, മുള എന്നീ ഉൽപ്പന്നങ്ങൾക്ക് താനൂരിൽ മുൻകാലത്ത് നല്ല മാർക്കറ്റായിരുന്നുവത്രേ.

വഴിതെറ്റിയ കാർഷിക രംഗം

ഭക്ഷ്യോൽപാദന രംഗത്ത് കുറവ് വന്നതിനോടൊപ്പം തന്നെ വയലുകൾ നികത്തിയത് നീർക്കെട്ടിന് കാരണമായി അശാസ്ത്രീയമായ റോഡ് നിർമാണം വ്യാപകമായതോടെ പാടങ്ങളിലൂടെയും തോടുകളിലൂടെയും യഥേഷ്ടം ഒഴുകിപ്പോയിരുന്ന വെള്ളം തടയപ്പെട്ടു. തൽഫലമായി കൃത്രിമ നീർക്കെട്ടും പരിസ്ഥിതി പ്രശ്നങ്ങളുമുണ്ടായി. കൃഷിയോട് നാം വിടപറയാൻ തുടങ്ങിയതോടെ നാടിനും നാട്ടാർക്കും ഹരം പകർന്നിരുന്ന കൃഷി തൊഴിലാളികളായ ഹരിജൻയുവതികൾ ഈണത്തിൽ പാടിയിരുന്ന നടീൽ പാട്ടുകൾ ഇന്ന് നമുക്ക് അന്യമായിക്കഴിഞ്ഞു. കൃഷിക്കാരന്റെ സഹായിയായിരുന്ന പുല്ലനും, പാണ്ടനും, കണ്ണപ്പനും, മട്ടയും, കാരിയുമെല്ലാം അപ്രത്യക്ഷമായി തുടങ്ങി. കർഷകർ കടുത്ത മത്സരത്തോടെ നടത്തിയിരുന്ന വിനോദമായ കാളപൂട്ട്, പോത്ത്പൂട്ട് ഇന്ന് പഞ്ചായത്തിലെ ഏക സ്ഥലമായ ആറാം വാർഡ് മൂച്ചിക്കലിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

ഈ പ്രദേശത്തെ പ്രമുഖ കാള, പോത്ത് പൂട്ടുകാർ ചെട്ടിയാം വീട്ടിൽ ശേഖരൻനായർ, ചിന്നൻനായർ, കുന്നത്തിൽ ബീരാൻഹാജി, ഒള്ളക്കൻ മൊയ്തീൻഹാജി, ചെറിയേരി സൂപ്പിക്കുട്ടി മച്ചിഞ്ചേരി അവുറു എന്നിവരായിരുന്നു. നമ്മുടെ കൃഷിതൊഴിലാളികളുടെ സ്ഥാനത്ത് ലാഭകണ്ണോട് കൂടി തമിഴർ കയറിക്കൂടിയിരിക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള തോടുകളോ കുളങ്ങളോ സംരക്ഷിച്ച് പോരുന്നില്ല. ഇപ്പോഴുള്ളവ മണ്ണിടിഞ്ഞ് തൂർന്ന് നാമാവശേഷമായിരിക്കയാണ് എല്ലാ സംവിധാനങ്ങളും കുത്തഴിഞ്ഞു കിടക്കുന്ന ഒരവസ്ഥയിലാണ് നമ്മുടെ കാർഷിക രംഗം എത്തിനിൽക്കുന്നത്. ചെറുമിക്കിലെ തൊളിക്കാരൻ കാരിക്കുട്ടി, കുണ്ടൂരിലെ മഠത്തിൽ ബീരാൻ, നന്നമ്പ്രയിലെ നടുവിൽ തൊട്ടി ജമാലു, കൊടിഞ്ഞിയിലെ തെക്കഞ്ചേരി മുണ്ടൻ എന്നിവർ പഴയകാല കൃഷിപ്പണിക്കാരനായിരുന്നു.

പട്ടിക 4 തെങ്ക്കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ക്കൃഷി വിസ്തീർണ്ണം	തെങ്ങ് എണ്ണം		ലീഫ് റോട്ട്	രോഗം ബാധിച്ചതെങ്ങ്		
		കായ്ക്കാത്തത്	ആകെ		സ്റ്റെംബ്ലീഡിംഗ്	മറ്റുള്ളവ	ആകെ.
1	2	3	4	5	6	7	8
	1526	41	4,9219	50	213	100	363.

പഞ്ചായത്തിന്റെ ആകെ കരഭാഗം ഏകദേശം 1488 ഏക്കറയാകുന്നു. കുന്നിൻ ചെരിവുകളിൽ വെട്ടുപാറയും മണ്ണും കലർന്നിരിക്കുന്നു. ഈ പ്രദേശത്തു തെങ്ങുകൃഷി ചെയ്യുന്നുണ്ടെങ്കിലും അത്രത്തോളം ഫലപ്രദമല്ല. ഈ പ്രദേശത്ത് പ്ലാവ്, മാവ്, കശുമാവ് എന്നീ കൃഷികളാണ് കുറഞ്ഞ തോതിൽ കണ്ടുവരുന്നത്. പടുമരങ്ങളായ പൊടിയണി, ഞാവൽ, കാഞ്ഞീരം, യൂക്കാലിപ്സ്, ചന്ദനമരം തുടങ്ങിയ മരങ്ങളും മരച്ചീനി, ചോളം, തീറ്റപുൽ, മേച്ചിൽ പുൽ, ചെങ്ങണ, ചേമ്പ്, മഞ്ഞൾ തുടങ്ങിയവയും കുറ്റിചെടികളും അങ്ങിങ്ങായി കണ്ടുവരുന്നു. കശുമാവ് കൃഷിക്ക് പറ്റിയ സ്ഥലമാണെങ്കിലും കർഷകർ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

പട്ടിക 5
പുറമ്പോക്ക് ഭൂമി സംബന്ധിച്ച് വിവരങ്ങൾ (Ref: പുറമ്പോക്ക് രജിസ്റ്റർ)

വില്ലേജിന്റെ പേര്.	വിസ്തീർണ്ണം (ഏക്കറിൽ)						
	റോഡ്	തോട്	കുളം	റവന്യൂ			ആകെ.
1	2	3	4	5	6	7	8
നന്നമ്പ്ര	2.62	12.16	3.63	0.21			18.62
കൊടിഞ്ഞി	9.46	17.62	6.52	33.60			
ആകെ.	12.08	29.38	10.15	0.21			52.22

സമതലങ്ങളിൽ കാണുന്ന ചരൽ കലർന്ന ചുവന്ന മണ്ണാണ് തെങ്ങ്കൃഷിക്ക് ഉത്തമമായി കാണപ്പെടുന്നത്.

ജലസേചനം

പട്ടിക 6
ജലസേചന സംവിധാനങ്ങൾ

പൊതുജലസേചനകിണർ	കുഴൽകിണർ	കുളം	ക്രോസ്ബാർ	ആയക്കെട്ട് (ഹെക്ടർ)
1	2	3	4	5
6	5	5	2	1929

പഞ്ചായത്തിന്റെ ആകെ കരഭൂമിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങുകൃഷി ചെയ്തു വരുന്നു. എന്നാൽ എല്ലാ ഭാഗത്തും പാടങ്ങളോട് ചേർന്നു കിടക്കുന്ന സമതലങ്ങളിൽ തെങ്ങ്കൃഷി ലാഭകരമായി നടന്ന് വരുന്നതായി കാണുന്നു. ജലസേചനത്തിന്ന് സൗകര്യമുള്ള സ്ഥലങ്ങളിൽ ഉൽപാദനശേഷി കൂടുതലാണ്. വെള്ളം സുലഭമായി ലഭിക്കുന്ന കുളങ്ങളിലു, കിണറുകളിലും, പുഴയോരങ്ങളിലും പമ്പുസെറ്റുകൾ സ്ഥാപിച്ച് പഞ്ചായത്തിന്റെ മിക്ക സ്ഥലങ്ങളിലും തെങ്ങിന് ജലസേചനം നടത്തുന്നുണ്ട്. മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉൽപന്നക്ഷമത 40 എണ്ണമായി ഏതാണ്ട് കണക്കാക്കാം. ഫലഭൂവിഷ്ടമായ മലവെള്ളം കവിഞ്ഞൊഴുകാറുള്ള പുഴയോരങ്ങളിലാണ് തെങ്ങ് നന്നായി കായ്ക്കുന്നത്. നാളികേരം, കൊപ്രയായും കൊട്ടത്തേങ്ങയായും വിൽക്കപ്പെടുന്നു. കാലോചിതമായി ഇളനീർ വിൽപന കർഷർക്ക് വളരെയധികം പ്രചോദനമാണ്. കോഴിക്കോടാണ് ഉൽപ്പന്നങ്ങളുടെ പ്രധാന വിപണനകേന്ദ്രം.

വളപ്രയോഗം

അശാസ്ത്രീയമായ ജലസേചനം വളപ്രയോഗം നല്ലയിനം തെങ്ങിൻ തൈകളുടെ ലഭ്യമില്ലായ്മ എന്നിവ ഈ കൃഷിയെ വിപരീതമായി ബാധിക്കുന്നു. ശരാശരി ഏക്കറിന്ന് 80 തെങ്ങാണ് വേണ്ടതെങ്കിലും ചിലസ്ഥലങ്ങളിൽ ഏക്കറിന്ന് 100-ഉം 110-ഉം ഒക്കെ എത്തി നിൽക്കുന്നത് കൊണ്ട് ഉൽപാദനക്ഷമത വളരെ കുറവാണ്. അതുപോലെ നീർക്കെട്ടുള്ള സ്ഥലങ്ങളിൽ തെങ്ങു കൃഷി വിജയിച്ചുകാണുന്നില്ല. ഉദാഹരണമായി നന്നമ്പ്രപാടത്തും കെടിഞ്ഞിയിലെ കാടംകുന്ന് പ്രദേശത്തും തെങ്ങ് കൃഷി ഗുണകരമായി കാണുന്നില്ല. പറമ്പുകളിൽ രണ്ട് വർഷത്തിൽ ഒരിക്കൽ വളപ്രയോഗം നടത്തിയാലും കായ്ഫലം കുറഞ്ഞുകാണുന്നില്ല. എന്നാൽ പാടങ്ങളിലെ തെങ്ങുകൾക്ക് ഓരോ വർഷവും വളപ്രയോഗം നടത്തിയാലും വേണ്ടത്ര ഗുണം കാണാറില്ല. പഞ്ചായത്തിലെ തെങ്ങുകളിൽ അധികം കണ്ടുവരുന്ന രോഗങ്ങൾ കൂമ്പ്ചീയൽ, നീരൊലിപ്പ്, കാറ്റുവീഴ്ച തുടങ്ങിയവയാണ്.

മുൻകാലങ്ങളിൽ പഞ്ചായത്തിൽ സുലഭമായി

ലഭ്യമായിരുന്ന ജൈവ വളങ്ങളാണ് കർഷകരുപയോഗിച്ചിരുന്നത്. ക്രമാധീതമായ ജനസംഖ്യാ വർദ്ധനവുണ്ടായപ്പോൾ ഭൂമികളെല്ലാം തുണ്ട് വൽക്കരിക്കപ്പെടുകയും തൽഫലമായി കന്നുകാലികളെ പോറ്റാൻ സ്ഥലമില്ലാതെ വന്നതിനാൽ ചാണകം ലഭ്യമല്ലാതായി. ഇത്പോലെ പച്ചിലവളവും വെണ്ണീറും കിട്ടാതായി. ഈ സാഹചര്യത്തിൽ രാസവള പ്രയോഗം നിർബന്ധമായിത്തീരുകയും അശാസ്ത്രീയമായ വളപ്രയോഗം മൂലം മണ്ണിലെ അമ്ലാംശം വർദ്ധിച്ചുവരുന്നത് തെങ്ങിനെ പ്രതികൂലമായി ബാധിക്കുവാൻ തുടങ്ങിയിരിക്കുന്നു. പഞ്ചായത്തിലൊട്ടാകെ അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്ന കോഴിക്കാഷ്ടം, ആട്ടിൻ കാഷ്ട, ചാണകപ്പൊടി, ചാരം തുടങ്ങിയവയും, കടലപ്പിണ്ണാക്കും കുറഞ്ഞതോതിൽ വേപ്പിൻ പിണ്ണാക്കും ഉപയോഗിച്ചുവരുന്നു. പഞ്ചായത്തിലെ ഏക രാസവളം വിൽപന കേന്ദ്രം തെയ്യാലയിലാണ്. മണ്ണുപരിശോധിച്ച് രാസവളപ്രയോഗം പഞ്ചായത്തിൽ നടത്തീട്ടില്ല. കവുങ്ങ് കൃഷി പഞ്ചായത്തിൽ എല്ലാഭാഗത്തും നടത്തുന്നുണ്ട്. സമതലങ്ങളിലാണ് ഈ കൃഷി ധാരാളമായി കാണുന്നത് തെങ്ങിന്റെ ഇടവിളയായും കമുക് കൃഷി ചെയ്തുവരുന്നുണ്ട്. മുൻകാലങ്ങളിൽ വളരെ ലാഭകരമായ ഒരു കൃഷിയായിരുന്നു ഇത്. കിണറ്റിൻകരയിലും, കുളത്തിലും ഏത്തമുപയോഗിച്ചുമാണ് ജലസേചനം നടത്തിയിരുന്നത്. പണ്ടുകാലങ്ങളിൽ കാളത്തേക്കാണ് ഉപയോഗിച്ചിരുന്നു. കുടിവെള്ള പ്രശ്നം രൂക്ഷമായതോടെ പറമ്പുകളിലെ കിണറ്റിൽ നിന്നുള്ള ജലസേചനം പാടെ നിർത്തിയ കാരണത്തിൽ മിക്കതോട്ടങ്ങളും നശിച്ചുപോയി. കാവുങ്ങിനെ മഞ്ഞളിപ്പ് രോഗമാണ് കൂടുതൽ സ്ഥലങ്ങളിലും കണ്ട് വരുന്നുണ്ട്. ഇതിന് ഫലപ്രദമായ പ്രധിവിധി നലവിലില്ല. മുമ്പത്തേതിൽനിനന്ന് വിപരീതമായി കമുങ്ങിനും രാസവളമാണ് ക്രമം തെറ്റിയ രീതിയിൽ ഉപയോഗിക്കുന്നത് കമുങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി വാഴ, ചേമ്പ്, ചേന, കാവിത്ത്, മുളക് മുതലായ കൃഷി ചെയ്തുവരുന്നു. അടക്ക പഴുക്കായും, കൊട്ടടക്കയായും വിപണനം നടത്തുന്നു. നാട്ടിൽ വെറ്റില മുറുക്ക് യുവാക്കളുടെ ഇടയിൽ കുറഞ്ഞ് വരുന്നത് കൊണ്ട് പഴുക്കടക്കയുടെയും, നീറ്റടക്കയുടെയും വിൽപന കുറവാണ്. കൊട്ടഅടക്കയുടെ പ്രധാന മാർക്കറ്റ് കോഴിക്കോട്, തലക്കടത്തൂർ, വേങ്ങര എന്നീ സ്ഥലങ്ങളാണ്. മുൻ കാലങ്ങളിൽ കൊട്ടടക്ക കൊച്ചി, മംഗലാപുരം എന്നീ മാർക്കറ്റുകളിലും വില്പന നടത്തിയിരുന്നു. തെങ്ങു കൃഷിയേയും കമുങ്ങ് കൃഷിയേയും ഒരു പോലെ ബാധിക്കുന്ന കാര്യമാണ് കയറ്റു തൊഴിലാളികളുടെ ദൗർലഭ്യം. സമയത്തിനു തേങ്ങവല്ലിയും അടക്കപറിയും നടത്താൻ കഴിയുന്നില്ല. തേങ്ങ വലിക്കുകൂലിയായി തേങ്ങതന്നെയാണ് കൊടുക്കുന്നത്. തെങ്ങ്, കമുങ്ങ് കയറ്റുയന്ത്രം ഉപയോഗിക്കുന്നത് നന്നായിരിക്കും. പഞ്ചായത്തിന്റെ ചില സ്ഥലങ്ങളിൽ നേന്ത്ര വാഴ കൃഷി നടത്തുന്നതൊഴിച്ചാൽ വാഴകൃഷി വാണിജ്യാടിസ്ഥാനത്തിൽ എവിടെയും നടത്തുന്നില്ല. മൈസൂർവാഴ, വണ്ണൻ, നേന്ത്രൻ, കൊയിലാണി, കല്ലുവണ്ണൻ, ആലിപൂവൻ, നാടൻപൂവൻ എന്നിവയാണ് സാധാരണ കൃഷി ചെയ്യുന്നത്. അത്യുൽപാദന ശേഷിയുള്ള ഇനങ്ങളൊന്നും കൃഷിചെയ്യുന്നില്ല.

പട്ടിക 7 നടീൽ വസ്തുവിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-1996
തെങ്ങ്	400	450	605
കുരുമുളക്	3000	2500	7,000 വള്ളി
കവുങ്ങ്	550	550	640
കശുമാവ്	-	-	-

കുരുമുളകും മറ്റു കൃഷികളും

കുരുമുളക് കൃഷിയും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നില്ല. വീട്ടുവളപ്പിലെ മരങ്ങളിലും കവുങ്ങിൻ തോട്ടങ്ങളിലുമാണ് ഈ കൃഷി കണ്ടുവരുന്നുണ്ട്. പൊതുവെ ഉൽപാദന ചെലവ് കുറഞ്ഞ കൃഷി നേരിടുന്ന പ്രയാസം കുരുമുളക് പറിച്ചെടുക്കാൻ പണിക്കാരെ ലഭിക്കുന്നില്ല എന്നതാണ്. നാടൻ ഇനങ്ങളാണ് കൃഷി ചെയ്തു കാണുന്നത്. കരിമുണ്ട, പന്നിയൂർ എന്നിവയും കണ്ടുവരുന്നു. ചരിഞ്ഞ കുന്നിൻ പ്രദേശങ്ങൾ കുരുമുളക് കൃഷിക്ക് അനുയോജ്യമാണെങ്കിലും ആരും പഞ്ചായത്തിൽ അതിന് ശ്രമിക്കുന്നില്ല. ധ്രുതവാട്ടമാണ് പ്രധാനമായും കണ്ടുവരുന്ന രോഗം. വീട്ടുവളപ്പിൽ ജാതിമരം കുറഞ്ഞതോതിൽ വളർത്തുന്നവരുണ്ട് ചെറിയ ജാതിതോട്ടങ്ങൾ കൊടിഞ്ഞിയിലും, കുണ്ടൂരിലും കാണാവുന്നതാണ്. പയറ് വർഗ്ഗങ്ങൾ, ചേമ്പ്, ചേന, കാവിത്ത്, മരച്ചീനി, രാഴി, ചാമ എന്നിവയുടെ കൃഷിയെല്ലാം നാമമാത്രങ്ങളാണ്. നന്നമ്പ്ര ഭാഗങ്ങളിൽ മുമ്പ് സുലഭമായി കണ്ടിരുന്ന കൂട്ടകൊടി പുഴുക്കൊടി കൃഷി ഗണ്യമായ തോതിൽ കുറഞ്ഞ് വരുന്നുണ്ട്.

കൃഷിഭവൻ

വേണ്ട സമയത്ത് കർഷകർക്ക് നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകേണ്ട കൃഷിഭവൻ ഉദ്യോഗസ്ഥരുടെ പ്രവർത്തനമേഖല നന്നമ്പ്ര പഞ്ചായത്തിൽ മുഴുവൻ ആണെങ്കിലും തക്ക സമയത്തും, മുഴുവൻ പ്രദേ

ശങ്ങളിലും അവരുടെ പ്രവർത്തനം എത്തുന്നില്ല. അജ്ഞാതരായ കർഷകർക്കു ശാസ്ത്രീയമായ വള പ്രയോഗത്തെകുറിച്ചും കീടനാശിനി പ്രയോഗത്തെകുറിച്ചും ഗ്രൂപ്പുഫാമിങ്ങിനെകുറിച്ചും അറിവ് എത്തിച്ച് കൊടുക്കാറില്ല. നെല്ല്, വാഴ, പച്ചക്കറികൾ എന്നിവക്കാണ് പ്രധാനമായും കീടനാശിനി ഉപയോഗിച്ച് വരുന്നത്. ഇത് ഉപയോഗിക്കുമ്പോൾ ഉണ്ടാവുന്ന ഏറ്റക്കുറച്ചിൽ കൃഷിക്കും അവയിൽനിന്ന് ലഭിക്കുന്ന വസ്തുക്കൾ ഭക്ഷിക്കുന്ന മനുഷ്യനും മാരകമായ രോഗമാണ് വരുത്തിവെക്കുന്നത്. ഇപ്പോൾ യാതൊരു സൗകര്യവുമില്ലാത്ത സ്ഥലത്താണ് കൃഷിഭവൻ സ്ഥിതിചെയ്യുന്നത്. ഈ ഓഫീസ് അവിടെനിന്നും അനുയോജ്യമായ ഒരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന് എല്ലാ ഗ്രാമ സഭകളിലും നിർദ്ദേശിക്കപ്പെട്ട ഒരാവശ്യമാണ്. ഇതോടെ ഉദ്യോഗസ്ഥർ പ്രവർത്തനക്ഷമരാവുകയും വേണം.

കർഷക ഉപകരണങ്ങൾ, പാടശേഖര സമിതി, കൂലിനിരക്ക്, കാർഷിക വായ്പ

ഭ്യാസവും ഗൾഫ് സ്വാധീനവും യുവാക്കളിൽ മാറ്റമുണ്ടാക്കി കൃഷിയിലേക്ക് ആരും പ്രവേശിക്കാൻ താല്പര്യം കാണിക്കുന്നില്ല. കൃഷിയെ ആശ്രയിക്കുന്ന കുടുംബങ്ങൾ നന്നേ കുറഞ്ഞിരിക്കുന്നു. പാടങ്ങളിൽ കൃഷിയിറക്കാതെ പുൽകാടുകളായി മാറി. തദ്ദേശീയരായ യുവാക്കൾ ഗൾഫിൽ പോകാനാരംഭിച്ചതോടെ കൃഷിയിടങ്ങളിൽ ജോലിക്കാളില്ലാതായി. അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നജോലിക്കാരാണ് ഇപ്പോൾ പഞ്ചായത്ത് പ്രദേശത്ത് മിക്ക ജോലികളിലും ഇടപെടുന്നത്. ഇവരിൽ പുരുഷന് 75 രൂപ മുതൽ 100 രൂപവരെയും സ്ത്രീക്ക് 40 ക മുതൽ 60 ക വരെയും കൂലി നൽകി വരുന്നു. പഞ്ചായത്തിൽ കാർഷിക ലോൺ അനുവദിച്ചുവരുന്ന ഒരു സഹകരണബേങ്കും തിരൂർ കാർഷികബേങ്കിന്റെ ചെമ്മാട്ടുള്ള ശാഖയിൽ നിന്നും വെന്നിയൂർ ഗ്രാമീണബാങ്ക്, കനറാബാങ്ക്, SBT എന്നിവയിൽനന്നു ലോൺ അനുവദിച്ചുവരുന്നു. കാർഷികാവശ്യത്തിനു വാങ്ങുന്ന ലോൺ ദുരുപയോഗം ചെയ്യുകയാൽ തിരിച്ചടക്കുവാൻ വിഷമിക്കുന്ന കർഷകരും പഞ്ചായത്തിൽ ധാരാളമുണ്ട്.

പട്ടിക നമ്പർ 8
കാർഷികോപകരണങ്ങൾ

ഉഴുവുപകരണങ്ങൾ		മരുന്നുതെളിഉപകരണങ്ങൾ						
ട്രാക്ടർ	ട്രില്ലർ	നാടൻകലപ്പ	റോക്സ് സ്പ്രെയർ	നാപ്സ്റ്റാക്ക് (സ്പ്രെയർ)	മറ്റുള്ളവ.	മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	പോർട്ടബിൾ പമ്പുസെറ്റ്
1	2	3	4	5	6			
2	5	1005	23	50	-	1	6	5400

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കേര കർഷക സമിതികളും പാടശേഖര സമിതികളും ഉണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് കൃഷിഭവൻ മുഖേന പാടശേഖര സമിതികൾക്ക് ലഭിച്ച പതിനായിരക്കണക്കിൽ ഉറുപ്പിക വിലവരുന്ന പവ്വർടില്ലർ, മറ്റു കാർഷിക ഉപകരണങ്ങൾ എന്നിയെല്ലാം തന്നെ കിട്ടിയ ഭാരവാഹികൾ സ്വന്തമാക്കി വെക്കുകയും അവരുടെ സ്വന്തമായ ആവശ്യങ്ങൾക്കും ലാഭത്തിനും വേണ്ടി ഉപയോഗപ്പെടുത്തുകയാണ് എന്ന പരാതിയുണ്ട്. കന്നുകാലികളെ ഉപയോഗിച്ചുകൊണ്ടുള്ള കൃഷിപ്പണി നന്നേ കുറഞ്ഞിരിക്കുന്നു കൃഷിക്ക് പൂർണമായും ഉപയോഗിച്ച് വന്നിരുന്ന നാടൻ കാർഷികോപകരണങ്ങൾ തികച്ചും അപ്രത്യക്ഷമായിരിക്കുന്നു. വിദ്യാ

ജലസേചനം, തോടുകൾ, കുളങ്ങൾ, മണ്ണ് ജലസംരക്ഷണം

മഴയെ മാത്രം ആശ്രയിച്ചാണ് പഞ്ചായത്തിൽ കൃഷിയിറക്കുന്നത്. പ്രധാനമായും ലഭിക്കേണ്ട എടവപ്പാതിയും തുലാവർഷവും സമയത്തില്ലാഞ്ഞാൽ കർഷകൻ കുടുങ്ങിയതു തന്നെ. പഞ്ചായത്തിലെ മുഖ്യമായ നീരൊഴുക്ക് താഴെ പറയുന്നതാണ്. നന്നമ്പ്ര പാടത്ത് നിന്നു മൂലക്കൽ തോട്ടിലേക്ക് ഒഴുകി വരുന്ന പന്തീരായിതോട്, അഞ്ചുകുഴിതോട്, മുട്ടിക്കൽതോട്, മറക്കൽ പാടത്തുനിന്നുള്ള പുത്തംചിറ തോട്, മൂലക്കൽ നിന്ന് തുടങ്ങിയ കുണ്ടൂർതോട്, കാരാംകുണ്ട് പാടത്തേക്ക് നീണ്ടുകിടക്കുന്ന തോട്, കക്കാട്ടു പാടത്തു നിന്നും

വെഞ്ചാലിയിലേക്ക് ഒഴുകി വരുന്ന കക്കാട്ടുപാടം തോട്, പുത്തൻതോട്, വെഞ്ചാലി (തൃക്കുളം കാപ്പ്) പൂഴിക്കുന്നു മുക്കം വഴി വെഞ്ചാലിയിലേക്ക് ഒ ഴുകി എത്തുന്നതും പുഴയുടെ കയ്യുമായ തൃക്കളം തോട്, വട്ടച്ചിറയിൽ നിന്ന് കുറുവിലേക്കും തുടർന്നു പള്ളിക്കത്താഴം വഴി മോര്യാകാപ്പിലേക്കും ഒഴുകുന്ന തോട്, ഇല്ലാത്ത് താഴം തോട്, മകര നിലത്തു നിന്നും പോത്തും കുണ്ട് മുറത്തുമൂല വഴി മോര്യാകാപ്പിലേക്ക് ഒഴുകുന്ന തോട്, മോര്യാകാപ്പിൽ നിന്ന് വേലുത്തിയിൽ അണകെട്ടിലേക്ക് ഒഴുകുന്നതോട് എന്നിവയാണ്. ഇതെല്ലാം കൂടിയാൽ ഏകദേശം 20 കിലോമീറ്റർ ദൈർഘ്യം ഉണ്ടാവുന്നതാണ്. പ്രസ്തുത തോടുകളിൽ അങ്ങിങ്ങായി തടയണകൾ നിർമിച്ച് വെള്ളം ശേഖരിച്ചും വെഞ്ചാലി ലിഫ്ട് ഇറിഗേഷനും, അനുബന്ധ കനാലുകളും ഉപയോഗിച്ചാണ് പഞ്ചായത്തിലെ കൃഷിക്ക് വേണ്ട ജല സേചന സൗകര്യം ഒരുക്കുന്നത്. മകര നിലത്തിൽ ഒരു തടയണനിർമിച്ചിട്ടുണ്ടെങ്കിലും അത് കൃഷിക്കാർക്ക് ഉപയുക്തമാവുന്നില്ല. വെഞ്ചാലിയിലെ ലിഫ്ട് ഇറിഗേഷൻ കനാലുകൾക്കെല്ലാം കേടുപാടുകൾ സംഭവിച്ചതിനാൽ വേണ്ടത്ര പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിൽ സ്വന്തമായിട്ടുള്ളതും സ്വകാര്യ ഉടമകളുടെതുമായ ചെറുതും വലുതുമായ 500ൽ അധികം കുളങ്ങളും ഉണ്ട്. പഞ്ചായത്ത് കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യത്തിൽ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. പുറമ്പോക്കിലുള്ള പഴയകുളങ്ങൾ സ്വാകാര്യ വ്യക്തികൾ കൈവശം വെച്ചിരിക്കുന്നതായി നാട്ടിൽ പരാതിയുണ്ട്. സ്വകാര്യ ഉടമയിലുള്ള കുളങ്ങൾ അപ്പപ്പോൾ കാർഷികാവശ്യത്തിനു നന്നാക്കി ഉപയോഗിക്കാറുണ്ട്. മുൻകാലങ്ങളിൽ അഴുകൾ വെച്ചും വരമ്പുകളിട്ടും അതിരുകളിൽ മരങ്ങൾ വെച്ചുപിടിച്ചും പറമ്പുകൾ കൊത്തി ഇളക്കിയുമാണ് മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത് ഭൂമിയുടെ തുണ്ട് വൽക്കരണവും കാർഷിക പ്രവർത്തിയോട് വന്ന വിമുഖതയും ജീവിത ക്രമത്തിലുണ്ടായ പരിവർത്തനങ്ങളും മണ്ണ് ജല സംരക്ഷണപ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. മേൽ സൂചിപ്പിച്ച നിവാരണ മാർഗ്ഗങ്ങളിൽ ഇന്ന് ആരും താല്പര്യപൂർവ്വം ഇടപെട്ടുകാണുന്നില്ല.

ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ

വിവിധ തിയതികളിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ ഒന്ന് മുതൽ പന്ത്രണ്ട് കൂടിയ വാർഡുകളിൽ ചേർന്ന ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ ക്രോഡീകരിച്ചപ്പോൾ ഏതാണ്ട് എല്ലാ വാർഡുകളിലെ പ്രശ്നങ്ങൾക്കും ഒരേ സ്വഭാവമാണുണ്ടായിരുന്നത്. മഴയെ മാത്രം ആശ്രയിക്കുന്ന കൃഷിക്കാർക്ക് അസമയത്ത് ലഭിക്കുന്ന അതിവിശിഷ്ടകാരണം തക്ക സമയത്ത് കൃഷിയിറക്കാൻ കഴിയാതെ പോവുന്നതും അതിവേഗത്തിൽ വെള്ളം വാർന്നു പോകുന്നത്കൊണ്ട് കൃഷി ഉണങ്ങുന്നതും രേഖപ്പെടുത്തിയിരിക്കുന്നു. 1,2,3,4,5,8,10,11 വാർഡുകൾക്കും കൂട്ടായി പറയാനുള്ള പരിഹാരം മാർഗ്ഗങ്ങളിൽ മുഖ്യമായത് മൂലക്കൽ നിന്ന് തുടങ്ങുന്ന കുണ്ടൂർതോട് വെഞ്ചാലി വരെയും, കക്കാട് പാടത്തുനിന്ന് തുടങ്ങുന്ന കക്കാട് ചെറുമുക്ക് പാടം തോട് വെഞ്ചാലി വരേയും കൂനമങ്ങിൽനിന്നു തുടങ്ങി ഇത്തൾകാരന്റെ തോട് വഴി തൃക്കുളം തോടിലേക്ക് പോവുന്ന പുത്തൻതോട് ആഴത്തിലും വീതിയും കിളച്ച് സംരക്ഷിക്കുക എന്നതാണ്. 11-ാം വാർഡിലെ ഒരു നിർദ്ദേശം കാടൻകുന്ന് പന്നിക്കുളം എന്ന സ്ഥലത്ത് നിന്നാരംഭിച്ചു ഉളുന്താൾ തോടുവരെയും വടക്കോട്ട് ഇത്തൾകാരന്റെ നിലം തോട് വരെയുള്ള തൂർന്ന് കിടക്കുന്ന തോട് ആഴത്തിൽ കിളച്ച് വെള്ളം വാർന്ന പോകാൻ സൗകര്യപ്പെടുത്തുക എന്നതാണ്.

മേൽപറഞ്ഞപോലെ 6,7,8,9,12 വാർഡുകളിൽ നിന്നും കൃഷി സംബന്ധിച്ച പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും ഒരേ സ്വഭാവമാണ് ഉള്ളത്. അസമയത്ത് വെള്ളം കയറിയും ആവശ്യ സമയത്ത് വെള്ളം ലഭിക്കാതെയും വരൾച്ച ബാധിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. വട്ടച്ചിറയിൽ നിന്ന് കൊടിഞ്ഞി മോര്യാകാപിലേക്ക് വെള്ളം ആവശ്യനേരത്ത് നിലവിലുള്ള തോടുകൾ വീതിയിലും ആഴത്തിലും കിളച്ച് എത്തിക്കുവാനും ആവശ്യമില്ലാത്ത സമയത്ത് ഒഴിച്ച് വിടാനുള്ള സംവിധാനങ്ങളെകുറിച്ചും സൂചിപ്പിച്ചിട്ടുണ്ട് പന്ത്രണ്ട് വാർഡുകളിലും ജലസേചനതത്തിനാവശ്യമായ പുതിയ കുളങ്ങൾ നിർമിക്കാനും പമ്പുസെറ്റുകൾ സ്ഥാപിക്കാനും നിർദ്ദേശങ്ങളുണ്ട്. കാർഷിക പുരോഗതിയിൽ റോഡുകൾക്കുള്ള പ്രാധാന്യവും പുതിയ റോഡുകളുടെ നിർദ്ദേശങ്ങളും റോഡിൽ നിന്നു വയലുകളിലേക്ക് ട്രാക്ടർ ഇറക്കാൻ റാമ്പുകൾ നിർമിക്കാനുള്ള നിർദ്ദേശങ്ങളും എല്ലാ വാർഡുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. കാർഷിക രംഗത്തെ കുറിച്ച് അപ്പപ്പോൾ ലഭിക്കേണ്ട നിർദ്ദേശങ്ങൾ കൃഷിഭവനിൽ നിന്നും യഥാ സമയം ലഭിക്കാത്തതിലുള്ള ഉൽക്കണ്ഠം ഗ്രാമസഭ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിന്റെ അഭാവത്തെ കുറിച്ചും മിക്ക ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

I. നന്നമ്പ്ര പഞ്ചായത്തിനൊട്ടാകെയും ഉപകാരപ്രദമായ ജലസേചന പദ്ധതി

തൃക്കുളം കാപ്പ് (വെഞ്ചാലി) നിലവിലുള്ള ആഴവും വീതിയും വർദ്ധിപ്പിച്ച് ഒരു സ്ഥിരം ജലസംഭരണിയാക്കുക. കാപ്പിനോട് ബന്ധപ്പെട്ടു കക്കാട് പാടം-തോട്കുളക്കാട്ടുപാടം വരെയും കാപിൽ നിന്ന് ചെറുമുക്കിന്റെ പടിഞ്ഞാറ് ഭാഗത്തുകൂടി തെക്കോട്ടായി കിടക്കുന്ന കുണ്ടൂർതോട് തെയ്യാല മൂലക്കൽ വരെയും പ്രസ്തുത തോടിൽനിന്ന് കാരാംകുണ്ടിലേക്കുള്ള തോടും കൂനംമങ്ങ് അണക്കെട്ടിൽ നിന്ന് വടക്കോട്ട് പോവുന്ന പുത്തംതോടും ആഴത്തിലും വീതിയിലും കിളക്കുകയും പാർശ്വ ഭിത്തിനിർമിച്ച് സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്. തൃക്കുളം കാപ്പിനോട് ബന്ധപ്പെട്ടു കിടക്കുന്ന പ്രസ്തുത തോട് സമുച്ചയം കിളകഴിഞ്ഞ് നടപ്പിലായി കഴിഞ്ഞാൽ ഇത് ഒരു വലിയ ജലസംഭരണിയാകുന്നതാണ്. ഏതാണ്ട് പത്ത് കിലോമീറ്റർ ദൈർഘ്യത്തിൽ കാപ്പിനോട് ബന്ധപ്പെട്ടുകിടക്കുന്ന പ്രസ്തുത തോടുകളിൽ വെള്ളം നിറഞ്ഞുനിന്നാൽ ഒരു പുകിൽ കൃഷിക്ക് പോലും ഉപകരിക്കാത്ത പാടങ്ങളിൽ ഇരു പുകിൽ കൃഷി ഇറക്കാവുന്നതാണ്. പ്രസ്തുത തോടിൽ തെയ്യാല ഭാഗത്ത് മൂലക്കലിൽ ഒരു ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ തെയ്യാലയുടെ പടിഞ്ഞാറായി കിടക്കുന്ന വിശാലമായ നന്നമ്പ്ര പാടശേഖരങ്ങളിലേക്കും മറക്കൽ പാടത്തേക്കും ജലം എത്തിക്കാവുന്നതാണ് തൊട്ടടുത്തുള്ള തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിനും ഗുണം ലഭിക്കും.

ഈ പദ്ധതിക്കുള്ള സൗകര്യങ്ങൾ

പ്രസ്തുത ജലസംഭരണിയിൽ ജലദൗർലഭ്യം ഏർപ്പെട്ടാൽ നിലവിലുള്ള ചോർപെട്ടി പദ്ധതി (മുക്കം) ഉപയോഗപ്പെടുത്തി പുഴയിൽ നിന്ന് വെള്ളം അടിച്ച് സംഭരണി നിറക്കാവുന്നതാണ്. മറ്റൊന്ന് തിരൂരങ്ങാടി വലിയ പള്ളി സ്ഥിതിചെയ്യുന്ന കിഴക്കുഭാഗത്ത് നിന്നായി മമ്പുറം പുഴയിൽ നിന്ന് ഇതിനു നേരെ തെക്കായി സ്ഥിതിചെയ്യുന്ന പ്രസ്തുത തൃക്കുളം കാപ്പിലേക്ക് വെള്ളം അടിക്കാവുന്നതാണ്. വെഞ്ചാലി റോഡു പാലത്തിനോട് അനുബന്ധിച്ചുള്ള നിലവിലുള്ള ചീർപ്പ് ഉപയോഗിച്ച് സംഭരണിയിലെ വെള്ളത്തിന്റെ ഏറ്റകുറച്ചിൽ നിയന്ത്രിക്കാവുന്നതാണ് ഈ പദ്ധതിക്ക് നിലവിലുള്ള തോടുകൾ മാത്രം കിളച്ച് ഉപയോഗിച്ചാൽ മതി പുതിയ തോടുകൾ കിളക്കേണ്ടതില്ല.

പദ്ധതി കൊണ്ടുള്ള ഗുണങ്ങൾ

1. നന്നമ്പ്ര പഞ്ചായത്തിന്റെ നാനാ ഭാഗത്തുള്ള വയലുകളിലേക്കും വെള്ളം എത്തിക്കാൻ കഴിയുന്നതോടെ വമ്പിച്ച കാർഷിക വികസന സാദ്ധ്യമാവുന്നു.

2. ജലസംഭരണി കാരണം പഞ്ചായത്തിൽ മുഴുവനായും ഈ പദ്ധതിയോട് ബന്ധപ്പെട്ട് കിടക്കുന്ന മറ്റു പഞ്ചായത്തുകളിലേയും കരഭാഗത്തുള്ള കിണറുകളിൽ വേനൽകാലത്ത് വെള്ളം വറ്റാതെ നിൽക്കുമെന്നതിനാൽ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുമെന്നതിൽ സംശയമില്ല.

3. സംഭരണി മത്സ്യ വളർത്തു കേന്ദ്രമാവുന്നതോടുകൂടി മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കു തൊഴിൽ ലഭ്യമാകുകയും ധാരാളം ടൺ മത്സ്യം ഭക്ഷ്ണത്തിന് ഉപയോഗിപ്പാൻ ലഭിക്കാവുന്നതാണ്.

4. ജലസാന്നിദ്ധ്യത്തിൽ തീറ്റപുൽ വളരാനും വളർത്താനും തുടങ്ങുന്നതോടെ ധാരാളം കന്നുകാലി വളർത്തലുകൾക്കും സാദ്ധ്യാമാകുന്നു.

5. ഇത് ഒരു സ്ഥായിയായ ബഹുമുഖ പദ്ധതിയായി നിലനിൽക്കുകയും ചെയ്യും തുടങ്ങിയ ഒട്ടനവധി ഗുണങ്ങൾ ലഭിക്കുന്നതിനാൽ പ്രസ്തുത പദ്ധതി യുദ്ധ കാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ II

ഏകദേശം ആയിരത്തോളം ഏക്കറ വിസ്തീർണ്ണമുള്ള വിശാലമായ പുഞ്ചപ്പാടശേഖരമാണ് കൊടിഞ്ഞി മേര്യകാപ്പ് പ്രദേശം. ഫലപുഷ്ടിയുള്ള മണ്ണോടു കൂടിയ ഈ പ്രദേശം താനൂർ പഞ്ചായത്തിലും ഉൾപ്പെടുന്നു. കൃഷി ഇറക്കേണ്ട സമയത്ത് വെള്ളം കെട്ടിക്കിടക്കുകയും ഇറക്കിക്കഴിഞ്ഞാൽ ഉണങ്ങിപ്പോകുന്നതുംകൊണ്ട് കർഷകർ വേണ്ട താത്പര്യം കാണിക്കുന്നില്ല. ഈ പ്രദേശം 6, 7, 8, 9 12 എന്നീ വാർഡുകൾക്കിടയിൽ കിടക്കുന്നതിനാൽ കർഷകർ പ്രധാനമായും മേൽപറഞ്ഞ വാർഡുകളിലേയും താനൂർ പഞ്ചായത്തിലെ പനങ്ങാട്ടൂർ, മോര്യപ്രദേശത്തു കാരുമാണ്.

1960-ൽ പൂരപ്പുഴയിൽനിന്നു ഉപ്പുവെള്ളം കയറുന്നത് തടയാൻ വേലിയത്തിയിൽ (തവനൂർ പഞ്ചായത്ത്) നിർമ്മിച്ച അണക്കെട്ട് കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാൽ ഉപ്പുവെള്ളം കയറുന്നത് പതിവാണ്. ഇത് തടയാൻ ജനങ്ങൾ താല്കാലിക മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്. ആയതിനാൽ അണക്കെട്ടിന് സാശ്വതമായ ഷട്ടർ സവിധാനം ഉണ്ടാവണം.

മണ്ണട്ടാംപാറ അണക്കെട്ട് വരുന്നത് വരേയും നാട്ടിലെ പ്രാധാന കൃഷിക്കാർ താൽക്കാലിക ബണ്ടു കെട്ടി തോടുകളിലൂടെ ജലമൊഴുക്കിക്കൊണ്ടുവന്നാണ് കൃഷി നടത്തിയിരുന്നത്. അതതു കാലത്തെ ചെലവ് കൃഷിക്കാരിൽനിന്നും പിരിച്ചെടുക്കലായിരുന്നു പതിവ് അണക്കെട്ടു സ്ഥാപിച്ചതിനു ശേഷം തോടുകളിലൂടെ വെള്ളമെത്തിച്ചാണ് കൃഷി നടത്തിയിരുന്നത്. മകരനിലത്തിനു അടുത്തായി സ്ഥാപിച്ച അണക്കെട്ട് ഷട്ടറിട്ട് സംരക്ഷിക്കാത്തതിനാൽ മേര്യകാപ് പ്രദേശത്ത് ഇപ്പോഴും കൃഷി നടത്തുവാൻ സാധിക്കുന്നില്ല. വേലിയത്തി അണക്കെട്ടിലേക്കുള്ള പ്രാധാന തോടും, പള്ളിക്കത്താഴം വഴിപോകുന്ന തോടും ആഴവും വീതിയും കൂട്ടി കാപ്പ് പ്രദേശത്ത് നീർക്കെട്ട് തടയുവാനും ആവശ്യസമയത്ത് വെള്ളമെത്തിക്കുവാൻ ഉപയോഗപ്പെടുത്തേണ്ടതാണ്.

മുക്കം കേന്ദ്രമായി പമ്പ്ഹൗസ് നിർമ്മിച്ച് മകരനിലംവഴി വട്ടച്ചിറ, പള്ളിക്കത്താഴം പറപ്പ്, മകരനിലം വഴി വട്ടച്ചിറ, മുറത്തുമൂലയിലേക്ക് മെയിൻ കനാലും ഉപകനാലും നിർമ്മിച്ച് കാർഷികാവശ്യത്തിനായി ജലമെത്തിക്കേണ്ടതാണ്. ഇതു നിലവിൽ വന്നാൽ മേൽപറഞ്ഞ കാർഷികാവശ്യത്തിന്നായി ജനലമെത്തിക്കേണ്ടതാണ്. ഇതു നിലവിൽവന്നാൽ മേൽപറഞ്ഞ കൃഷിഭൂമി ഇരുപുൽ കൃഷി നടത്തുവാനും കാലാകാലമായി ഒരു ബഹുമുഖ പദ്ധതിയായി നിലനിൽക്കുന്നതുമാണ്. മേൽപറഞ്ഞ തൃക്കുളം കാപ്പ് മോര്യകാപ്പ് എന്നീ പ്രദേശങ്ങളെ നിയന്ത്രിക്കുന്ന പ്രത്യേക ഘടകമാണ്. പൂരപ്പുഴയിലേക്ക് ഇതിന്റെ മുഖ്യലക്ഷ്യം കൃഷിയിടങ്ങളിൽവേണം തടയിടാൻ. ഇതിന്റെ ഷട്ടറുകളുടെ കേടുപാടുകൾ പരിഹരിച്ചതിനാൽ മണ്ണട്ടംചിറ സംഭരണിയിൽ സംഭരിക്കുന്ന വെള്ളം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഷട്ടർ നന്നാക്കണം. ഈ ലോക്കിന്റ മുഖ്യ ലക്ഷ്യം പുളിവെള്ളം തടയുക എന്നതാണ്.

III നിർദ്ദേശങ്ങൾ:-

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിൾ എടുത്ത് പരിശേധന നടത്തി ആവശ്യമായ വളപ്രയോഗത്തെപറ്റി കർഷകർക്ക ധാരണ നൽകുവാൻ കഴിയണം.

IV പാടശേഖരങ്ങളിലൂടെ വെള്ളമൊഴുക്കിനെ തടഞ്ഞ് കൊണ്ടുള്ള അശാസ്ത്രീയമായ റോഡ് നിർമ്മാണം അനുവദിക്കരുത്. നിലവിലുള്ള തോടുകളിലെ ചീർപ്പുകൾ കേടുവന്നിട്ടുള്ളത് അടിയന്തിരമായി റിപ്പേർ ചെയ്യേണ്ടതാണ്. വേനൽകാത്ത് പച്ചക്കറിക്കാവശ്യമായ വിത്തുകളും വളങ്ങളും കീടനാശിനികളും മറ്റ് സാങ്കേതിക അറിവുകളും കൃഷിഭവനിലൂടെ ലഭ്യമാക്കണം. പാടശേഖര കമ്മറ്റികൾ നിലവിലില്ലാത്ത വാർഡുകളിൽ ഉടൻതന്നെ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. വെള്ളപ്പൊക്കത്തെ നിയന്ത്രിക്കാൻ പൂവ്വാച്ചിതോടിൽനിർമ്മിച്ച ന്യൂ കട്ട് തോട് തുറക്കണം. ഇത് തുറന്നാൽ ഈ പ്രദേശത്തെ വെള്ളപ്പൊക്കം പൂർണമായും നിയന്ത്രിക്കപ്പെടും.

V അത്യുൽപാദന ശേശിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിന് സൗകര്യമുണ്ടാക്കണം. പാടശേഖര കമ്മറ്റികൾ മുഖേന വിത്തുൽപാദിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കേണ്ടതാണ്. നടീൽ വസ്തുക്കളം ട്രാക്ടർ, ട്രില്ലർ, മറ്റു കാർഷികോ പകരണങ്ങൾ യഥാസമയം ലഭ്യമാക്കണം. ഫലവൃക്ഷചെടികളും ഔഷധകതൈകളും യഥാസമയം ലഭ്യമാക്കണം. പച്ചക്കറികൃഷി പഞ്ചായത്തിലുടനാളം വ്യാപിപ്പിക്കണം. ആവശ്യമായ ജൈവവളം ലഭ്യമാക്കുകയും തീറ്റ പുൽകൃഷി ധാരാളമായി ആരംഭിക്കുകയും വേണം.

VI കീടനാശിനി:-

ശരിയായ സുരക്ഷാ സംവിധാനങ്ങളുടേയോ ശരിയായ അളവിലോ അല്ല കീടനാശിനി ഉപയോഗിക്കുന്നത്. ബോധവൽക്കരണ കടലാസുകൾ കർഷകർക്ക് നൽകിയേ പറ്റൂ. ജൈവകീട നിയന്ത്രണത്തെപറ്റി പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും വേണം. പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ ആഫ്രിക്കൻ പായലുകൾ കണ്ടുവരുന്നത് തുടക്കത്തിലായത്കൊണ്ട് പ്രയാസം കൂടാതെ നിയന്ത്രിക്കാൻ കഴിയും.

VII വളങ്ങൾ:-

രാസവളങ്ങളുടെ അതിപ്രസരം കാരണം ജൈവവളം തീരെ ഉപയോഗിക്കുന്നില്ല. ജൈവവളം ലഭ്യമല്ല. പച്ചിലവളം പ്രോത്സാഹിപ്പിക്കുകയും വേണം. കമ്പോസ്റ്റ് വളത്തിന്റെ ഉപയോഗത്തെ കുറിച്ച് വർദ്ദിച്ച തോതിൽ പ്രചരണം ആവശ്യമാണ്. തെങ്ങിന് ജലസേജനം നടത്താൻവേണ്ട സൗകര്യം കൂടുതലാക്കണം.

VIII ഗ്രൂപ്പ് ഫാമിംഗ്

നമ്മുടെ പഞ്ചായത്തിൽ അടിയന്തിരമായി നെൽകൃഷി രംഗത്ത് ഗ്രൂപ്പ് ഫാമിംഗ് നടപ്പിൽവരുത്തേണ്ടതുണ്ട്. കൃഷിക്കാർ ആ രംഗത്ത് വേണ്ടത്ര അറിവ് സിദ്ധിച്ചവരല്ല. അതിനാൽ ഈ സംബ്രദായം വേണ്ടത്ര വളർന്നിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് നെൽകൃഷി മേഘലയിൽ വേണ്ടത്ര ബോധവൽക്കരണം നടത്തി

നമ്മുടെ പഞ്ചായത്തിൽ എല്ലാ പാടശേഖരങ്ങളിലും ഗ്രൂപ്പു ഫാമിംഗ് ആരംഭിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കണം. കൃഷിയുടെ ചിലവുകൾ കുറക്കാനും ഉൽപാദനം വർദ്ധിപ്പിക്കാനും ഈ സംബ്രദായം മുഖേന സാധിക്കുന്നതാണ്.

IX ഇൻഷുറൻസും പൊതുവിപണിയും

കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം നടപ്പിലാക്കണം. കർഷകർക്ക് ധനസഹായത്തിനുള്ള ഭൂപരിധി കുറക്കണം. ആവശ്യത്തിനുള്ള മണ്ണെണ്ണ, ഡീസൽ എന്നിവ സൗജന്യമായി ലഭ്യമാക്കണം. പ്രധാന ഉൽപ്പന്നങ്ങളായ തേങ്ങ, അടക്ക, നെല്ല് എന്നിവക്ക് പഞ്ചായത്ത് തലത്തിൽ തന്നെ വിപണനകേന്ദ്രം ഏർപ്പെടുത്താവുന്നതാണ്. മാറ്റങ്ങൾക്ക് വിധേയമായി മുമ്പുണ്ടായിരുന്ന ആഴ്ചചന്ത പുനരാവിഷ്കരിക്കാവുന്നതാണ്. സഹകരണാടിസ്ഥാനത്തിലുള്ള ഉൽപ്പന്നങ്ങളുടെ സംഭരണ കേന്ദ്രങ്ങളും സ്ഥാപിക്കാവുന്നതാണ്.

ധാരാളം വിപണന സാദ്ധ്യതയുള്ള ഫ്ളോറികൾച്ചർ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുറ്റിറ്റിമുല്ല ആന്തൂറിയം, ഓർക്കിഡ് എന്നീ പുഷ്പങ്ങൾക്ക് ധാരാളം വിപണന സാധ്യതയുള്ള കാലഘട്ടമാണിത്. ഇതുപോലെ വിപണന സാധ്യതയുള്ള കൂൺകൃഷി, മധുരക്കിഴങ്ങ് കൃഷി, കപ്പക്കൃഷി, തരിശ്ഭൂമിയിൽ കശുമാവ്, തെങ്ങികളിലും കമുങ്ങുകളിലും കുരുമുളക് കൃഷി എന്നിവ നടത്താൻ പഞ്ചായത്ത് തലത്തിൽ തന്നെ ശ്രമമുണ്ടായിരിക്കണം. ഇഞ്ചികൃഷി, മഞ്ഞൾകൃഷി എന്നിവയും പ്രോത്സാഹിപ്പിക്കണം.

ഏകീകൃത കൂലി സമ്പ്രദായം പഞ്ചായത്തിൽ നടപ്പിലാക്കണം. കർഷകരെ അംഗീകരിക്കുന്ന തരത്തിലുള്ള അവാർഡുകൾ പഞ്ചായത്ത് ലെവലിൽ പ്രോത്സാഹിപ്പിക്കണം.

കൃഷിഭവനുകൾക്കുള്ള പങ്ക്

പഞ്ചായത്തിലെ ഒട്ടനവധി കർഷകരും ഇന്നും ആധുനിക കൃഷിരീതിയെ സംബന്ധിച്ച് അജ്ഞാതരാണ്. ചുറ്റുപാടുകളിലും കാണുന്ന കൃഷിരീതികൾ അന്ധമായി പിന്തുടരുകയാണ് ചെയ്യുന്നത്. ശാസ്ത്രീയമായ ഒരറിവും ഇല്ല എന്നത് ശരിയാണ്. കീടനാശിനിയുടെയും രാസവളങ്ങളുടെയും അശാസ്ത്രീയമായ ഉപയോഗത്തിനാൽ കൃഷിക്കാരനും കൃഷിഭൂമിയും ഏതാണ്ട് മരിച്ച് കൊണ്ടിരിക്കുകയാണ്. ശാസ്ത്രീയമായ കാർഷികോപകരണങ്ങൾ ലഭ്യമല്ല. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും മറ്റു കാർഷിക സഹായങ്ങളും കർഷകന് ലഭിക്കുന്നില്ല. മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ കർഷകന് യഥാസമയം സഹായിക്കുവാൻ വേണ്ടിയാണ് ഓരോ പഞ്ചായത്തിലും കൃഷിഭവനുകൾ സ്ഥാപിതമായിട്ടുള്ളത്. എന്നാൽ ഇവരുടെ പ്രവർത്തനം ചുരുങ്ങിയ പരിധിക്കുള്ളിൽ ഒതുങ്ങിയിരിക്കുകയാണ്. ഈ ഓഫീസിൽ അടിക്കടി സന്ദർശിക്കുന്ന ഏതാനും ആൾക്കാർ മാത്രമാണ് നന്നമ്പ്രയിലെ കൃഷിക്കാർ എന്നാണ് ഇവരുടെ ധാരണ. അവിടെ നടക്കുന്നതൊന്നും നാട്ടുകാർ അറിയുന്നില്ല. ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിന്ന് ജനങ്ങൾക്ക് പോകുവരുത്തിനും വിത്തുകളും തൈകളും വാഹനത്തിൽ കയറ്റികൊണ്ടുപോകാൻ സൗകര്യമുള്ള സ്ഥലത്തേക്ക് ഓഫീസ് അടിയന്തിരമായി മാറ്റിയേ പറ്റൂ. ഉദ്യോഗസ്ഥന്മാരുടെ പ്രാഥമിക ആവശ്യം പോലും നിർവഹിക്കാൻ പറ്റാത്ത ഓരു സ്ഥലത്താണ് ഇപ്പോൾ കൃഷിഭവൻ സ്ഥിതി ചെയ്യുന്നത്. കൃഷിഭവനിൽ നിന്ന് നാട്ടുകാരെ ധരിപ്പിക്കേണ്ട വിവരങ്ങൾ ലഘുലേഖ രൂപത്തിൽ അച്ചടിച്ചോ എഴുതിയോ പഞ്ചായത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള സന്നദ്ധ സംഘടനകളുടെ വാർത്താ ബോർഡുകളിൽ പ്രദർശിപ്പിച്ചാൽ ഇത് വളരെ ഗുണം ചെയ്യും കൃഷിഭവനിലെ ഉദ്യോഗസ്ഥർ അപ്പപ്പോൾ ഫീൽഡ് സന്ദർശനം നടത്തുന്നതും നല്ലതാണ്. ഓഫീസിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരെയും ഓഫീസ് സൗകര്യങ്ങളും മറ്റും ഗവൺമെന്റ് ചെയ്തു കൊടുക്കേണ്ടതാണ്.

നന്നമ്പ്ര പഞ്ചായത്തിന്റെ ഗതകാല കൃഷി സമ്പ്രദായത്തെകുറിച്ചും വർത്തമാന കാല കൃഷിരീതിയെ കുറിച്ചും അവനേരിടുന്ന പ്രശ്നത്തെ കുറിച്ചും ആവശ്യമായ നിർദ്ദേശങ്ങളെ കുറിച്ചും ഈ ഹ്രസ്വമായ വിലയിരുത്തലിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇവകൾ സജീവ പരിഗണനകൾക്ക് വിധേയമാക്കി ഒരു പുത്തൻ കാർഷിക വികസന സംസ്കാരം ഉണ്ടാക്കാനും തദ്വാരാ നാട്ടിൽ സമ്പൽ സമൃദ്ധി കൈവരുത്താനും നാട്ടാരുടെ കൂട്ടായ്മയിലൂടെ നമ്മൾക്ക് സാദ്ധ്യമാകേണ്ടതാണ്.

വാർഡ് തലങ്ങളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ

വാർഡ് I

I.) പഞ്ചായത്തിലെ 11-ാം വാർഡിൽ എത്തിനിൽക്കുന്ന വെഞ്ചാലി ലിഫ്ട് ഇറിഗേഷൻ കനാൽ

ഒന്നാം വാർഡിലെ പാലറമ്പത്താഴം കോട്ടേരിത്താഴം പള്ളിക്കത്താഴം വരെ നീട്ടുക.

II.) തിരൂരങ്ങാടി പഞ്ചായത്തിലെ നമ്പരക്കാലായ് മുക്കിൽ എത്തിനിൽക്കുന്ന കനാൽ കുളക്കാട്ടും പാടം വരെ നീട്ടുക.

III.) കൂനംമങ്ങിൽ എത്തി നിൽക്കുന്ന കനാൽ കാരാംകുണ്ട്-മണ്ണാന്റെ താഴത്ത് എത്തിക്കുക.

IV.) ഒന്നാം വാർഡിലെ പാലറമ്പ് താഴം കുളം കുഴിക്കുക.

V.) അത്യക്കാട് - ചോളാഞ്ചേരിത്താഴത്ത് കുളം നിർമിക്കുക.

VI.) പാലറമ്പ് താഴത്ത് റോഡരികിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന കുളം ഉപയോഗയോഗ്യമാക്കുക.

VII.) സിങ്കിൾ ഫേയ്സ് വൈദ്യുതി ലൈൻ ത്രീഫെയ്സ് ലൈൻ ആക്കി കൂടുതൽ പമ്പുസെറ്റുകൾക്ക് കണക്ഷൻ നൽകുക.

വാർഡ് II

1. കുണ്ടൂർ ഡാം എന്ന കുളവും മണ്ണാന്റെ താഴത്ത് ഒരു കുളവും കുഴിക്കുക.

2. കുളക്കാട്ടും പാടത്തുള്ള പാറകുഴിയും, മണ്ണാത്തികുഴിയും കുളമാക്കുക.

വാർഡ് III

1.) കുണ്ടൂർ തോട് വീതിയിലും ആഴത്തിലും കിളച്ച് ആവശ്യമുള്ളിടങ്ങളിൽ വി.സി.ബി. നിർമ്മിക്കുക.

2.) വാർഡിലെ പുഞ്ച സ്ഥലത്തു നിന്ന് വെള്ളം ഒഴിവാക്കുന്നിൽവെഞ്ചാലിയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തക്കസമയത്ത് ഉപയോഗപ്പെടുത്തുക.

3.) പുത്തൻതോട്ടിൽ നിറഞ്ഞുകിടക്കുന്ന ചകിരിച്ചോറ് മാന്തി ഒഴിവാക്കുക.

4.) കൂനമങ്ങ് കനാൽ മംഗലക്കാട്ട്താഴം വരേയും മൂലക്കൽവരേയും നീട്ടുക.

5.) കൂനമങ്ങ് ചക്കപ്പത്താഴം, ആശാരിത്താഴം, മംഗലശ്ശേരി താഴം, വേലമ്മാരെതാഴം, വിളക്കേരിതാഴം, തൊട്ടിയിൽ താഴം എന്നീ സ്ഥലങ്ങളിൽ കുളങ്ങൽ കുഴിക്കുക.

6.) പമ്പ് സെറ്റുകൽ സാഥാപിക്കുന്നതിന് ആവശ്യമായ വൈദ്യുതി ലൈൻ നിർമ്മിക്കുക.

വാർഡ് IV

1. മറക്കപ്പാടത്തെ വാട്ടർ ലെവൽ നിയന്ത്രിക്കാൻ മൂലക്കൽ ഭാഗത്ത് ചീർപ്പ് നിർമ്മിക്കുക.

2. മറക്കൽ പാടത്ത് പുറമ്പോക്ക്ഭൂമിയായി കിടക്കുന്നതും ഒന്നര ഏക്കർ വരുന്നതായ കാപ്പുംപുറം ഭൂമി കിളച്ച് ജലസംഭരണിയായി മാറ്റുക.

3. എരണിക്കുളം ആഴംകൂട്ടി സംരക്ഷിക്കുക.

വാർഡ് V

1. തിരുനിലത്താഴം അണക്കെട്ടും എത്തിക്കൽതാഴം അണക്കെട്ടും പ്രവർത്തനക്ഷമമാക്കുക.

2. പഞ്ചായത്ത് കുളങ്ങളായ തിരുനിലത്താഴം, പായക്കരത്താഴം എന്നിവ നന്നാക്കുക.

3. തിരുനിരത്ത് ഭാഗത്ത്നിന്ന് പുറപ്പെടുന്ന കൈത്തോട് സൈഡ്കെട്ടി സംരക്ഷിക്കുക.

വാർഡ് VI

1. പാടശേഖരങ്ങളിലെ വാട്ടർലെവൽ കാർഷികാവശ്യത്തിനനുസരിച്ച് നിയന്ത്രിക്കാൻ വേണ്ടുന്ന സംവിധാനങ്ങൾ, ഉണ്ടാക്കുക തോടുകളിൽ സ്ലാബുകൾ ഇട്ട് ട്രാക്ടറും മറ്റും കടത്തിക്കൊണ്ടുപോകാനും വേണ്ട സൗകര്യം ഉണ്ടാക്കുക.

വാർഡ് VII

1. കൊടിഞ്ഞി മോര്യകാപ്പിൻ പ്രദേശത്ത് ജല സേജന സൗകര്യത്തിനായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉണ്ടാക്കണം.

2. നെല്ലിശ്ശേരി കുളം കിളച്ച് ആഴം കൂട്ടി സംരക്ഷിക്കണം.

വാർഡ് VIII

1. പള്ളിക്കത്താഴം മുതൽ കാപ്പ്വരെ കിടക്കുന്ന സകല തോടുകളും കിളച്ച് ആഴം കൂട്ടി ബണ്ട് സ്ഥാപിക്കണം.

2. പഞ്ചായത്ത് കുളങ്ങളായ പൂവത്തൻകുഴി, പിരാന്തൻകുളം എന്നിവ റിപ്പേർ ചെയ്യുക.

വാർഡ് IX

1. വിളക്കൻ ചിറയിലും വളഞ്ഞാണിത്തോട്ടിൽ മുനമ്പത്ത് വല്യപറമ്പ് താഴം എന്നിവിടങ്ങളിൽ സ്ഥിരം കെട്ട്കെട്ടുക.

2. കുരുടിത്തോട് പരിയാപുരം അണക്കെട്ട് വരേയും വളഞ്ഞാണിത്തോട് മുറത്തമൂല വരേയും കുറൂലിൽനിന്ന് തെക്കോട്ട് പോകുന്ന തോടും വീതിയും ആഴവുംകൂട്ടി കിളക്കണം.

വാർഡ് X

1. കുണ്ടൂർതോട് കിളച്ച് നന്നാക്കുക.

2. കടുവാളൂരിലെ കിഴക്കോട്ടുപോകുന്ന കനാൽ കുണ്ടൂർ തോടിന്റെ പടിഞ്ഞാറെ കരയിലൂടെ താഴത്തേക്കും കസരത്താഴത്തേക്കും നീട്ടുക.

3. നിലവിലുള്ള തെക്കഞ്ചേരിക്കുളം, തേൻകുളം, ആമണക്കെട്ട് കുളം എന്നിവ സർക്കാർ ചിലവിൽ നന്നാക്കുക.

4. മണ്ണാരക്കൽ താഴത്ത് പുതിയ കുളം നിർമ്മിക്കുക.

5. ചക്കപ്പൻ താഴത്ത്നിന്ന് ട്രാക്ടർ തോടിന്റെ പടിഞ്ഞാറ് ഭാഗത്തേക്ക് കടത്തുവാൻ തോടിന് ഒരു പാലം നിർമ്മിക്കുക.

6. എരുകുളം റോഡിൽനിന്നും പാടത്തേക്ക് ട്രാക്ടർ ഇറക്കുവാൻ റാമ്പ് കെട്ടുക.

വാർഡ് XI

1. നിലവിലുള്ള കനാലുകൾ കേചുവന്ന കിടക്കുന്നത് റിപ്പേർ ചെയ്ത് നന്നാക്കുക.

2. തിരുനിലം, ചാപ്പുറത്തെ തോട്ടിടം, വലിയചിറ നിലം, മരക്കുഴി തോട്ടിടം, കടുക്കുഴി തോട്ടിടം, കല്ലിശ്ശേരി തോട്ടിടം, തടത്തിൽ നിലം തോട്ടിടം എന്നിവിടങ്ങിളിലേക്ക് പുതിയ കനാൽ നിർമ്മിക്കുക.

3. പുത്തൻതോട് ഇത്തിൾകാരന്റെ നിലം വരെ കിളക്കുക.

4. കാടംകുന്ന്, പന്നിക്കളം, ഉളുന്താർ, ഇത്തൾകാരന്റെ നിലം എന്നീ തൂർന്ന്പോയ തോടകൾ കിളക്കുക.

5. മകരനിലം തോട് മോര്യകാപ്പുവരെ കിളക്കുക.

6. കൃഷിഭവൻ പ്രവർത്തനം കാര്യക്ഷമമാക്കുക.

വാർഡ് XII

1. പൂരപ്പുഴ ലോക്കിലെ ഷട്ടറുകൾ അടിയന്തിരമായി നന്നാക്കുക.



2. ഉളുന്താർ നിലത്തിലേക്ക് വെഞ്ചാലി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നീട്ടണം.

3. വട്ടച്ചിറ തോട്, കുറുവിൽതോട്, കുറിയിൽതോട് എന്നിവിടങ്ങളിൽ സ്ഥിരമായി വീതികൂട്ടി സ്ഥിരമായി ചിറകെട്ടി ലോക്ക് സ്ഥാപിക്കുക.

4. എല്ലാ വാർഡുകളിലും കാർഷികാവശ്യത്തിനായി റോഡ് നിർമ്മിക്കുക.

5. എല്ലാ പാടശേഖരങ്ങളിലേക്കും കാർഷികാവശ്യത്തിനായുള്ള ത്രീഫേസ് ലൈനുകൾ സ്ഥാപിക്കുക.

6. കൊടിഞ്ഞി മോര്യക്കാപ്പ് ഇറിഗേഷൻ, പൂക്കുളങ്ങര തുടങ്ങി മകര നിലം വഴി ഉളുന്താർ കുളൂർ പള്ളിക്കത്താഴം അറബിത്താഴം തിരുത്തിക്ക്ചുറ്റും, പനക്കത്താഴം, ആനക്കമ്പുറം, മോര്യകാപ്പിന്റെ മേൽഭാഗംവരേയും മലക്കാട്, വട്ടച്ചിറ, കാളംതിരുത്തിത്താഴം, വേലുത്തിവരേയും കനാൽ സ്ഥാപിച്ച് കൃഷി വികസനത്തിൻ ലവേണ്ടുന്ന നടപടി സ്വീകരിക്കുക.

ഈ പ്രദേശങ്ങൾ 6, 7, 8, 9, 12 എന്നീ വാർഡുകൾ ഉൾപ്പെടുന്നതാണ്. 1964 മുതൽ പല രീതിയിൽ നിവേദനം നടത്തിയിട്ടും ഒന്നും നടപ്പിലാക്കാതെ കിടക്കുകയാണ്.

6. വട്ടച്ചിറ ചീർപ്പ് തുറന്നുവിടുമ്പോൾ മോര്യാകാപ്പിലെത്തി കൃഷി നഷ്ടപ്പെടുന്നതുകൊണ്ട് മലക്കാട്ടയിലും വള്ളിക്കാത്താഴം പരപ്പിലും തിരുത്തി പടിഞ്ഞാറ ഭാഗം, പോത്തുകുണ്ടിലും ചിറകൾകെട്ടി വെള്ളം നിയന്ത്രിച്ച് നിർത്തിയാൽ മാത്രമേ മോര്യാകാപ്പ് പ്രദേശങ്ങളിൽ കൃഷി നടത്താനാവൂ. കൂടാതെ ഉയർന്ന ഭാഗങ്ങളിൽ കൃഷി നടത്താൻ വെള്ളം കിട്ടുകയും ചെയ്യും.

7. കുറൂർ എന്ന സ്ഥലത്ത് യു. മുഹമ്മദ് കുട്ടി അനുവദിച്ചുതന്ന സ്ഥലത്ത് കൃഷി ആവശ്യത്തിന് കുളം കിളച്ച് എലക്ട്രിക് പമ്പ്സെറ്റ് സ്ഥാപിക്കുക.

8. ഉളുന്താട്ടിലം കുളം കിളച്ച് പമ്പ്സെറ്റ് സ്ഥാപിക്കുക.

"വിത്ത്ഗുണം പത്ത് ഗുണം"
"താഴ്ന്ന കണ്ടത്തിൽ എഴുന്ന വിള"

ചെറുമുക്ക് ജി.എം.എൽ.പി സ്കൂളിൽ നടന്ന പഞ്ചായത്ത് തല ജനകീയാസൂത്രണം ഏകദിന ശിൽപശാലക്ക് ആശംസകളർപ്പിച്ചു കൊണ്ട് ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി. പി. സെൽമ ടീച്ചർ സംസാരിക്കുന്നു.

5-2

മൃഗസംരക്ഷണവും മൽസ്യബന്ധനവും



മൃസംരക്ഷണം

പശു, ആട്, എരുമ, പോത്ത് മുതലായവയാണ് നന്നമ്പ്ര പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. വീടുകളിൽ കോഴികളും വളർത്തപ്പെടുന്നു. കൊടിഞ്ഞി കേന്ദ്രമാക്കി ഒരു ബ്രോയിലർ ഫാമും പഞ്ചായത്തിലൊട്ടാകെ അഞ്ച് ചിക്കൻ സെയിൽസ് ഡിപ്പോകളും പ്രവർത്തിക്കുന്നുണ്ട്.

വളർത്തു മൃഗസംഖ്യ.1995 ഏപ്രിൽ മുതൽ മാർച്ച് വരെ .

പട്ടിക-1

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	
1	1	21	-	9	52	25	23	12	20	8	18	226	17	
2	-	18	-	7	62	21	20	7	22	9	10	248	18	
3	-	20	-	12	71	24	21	11	20	10	18	236	22	
4	1	24	-	8	47	24	22	14	18	7	12	196	21	
5	-	18	1	13	45	18	18	7	19	10	20	248	12	
6	-	21	-	11	39	18	26	14	22	11	17	271	26	
7	1	28	-	8	60	21	28	12	19	8	14	246	18	
8	-	24	1	9	60	21	23	10	20	11	20	215	23	
9	1	20	-	12	42	20	22	12	18	10	10	208	24	
10	-	21	-	16	62	26	21	14	17	10	20	195	17	
ആകെ	4	215	2	105	543	218	224	113	195	94	159	2289	198	

പട്ടിക-1 (അവലംബം: ദ്വിതീയ വിവര ശേഖരണം)

നെൽകൃഷി ചുരുങ്ങിയതും കൃഷി ഭൂമിയിൽ യന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതോടും കൂടി കൃഷി പ്രവൃത്തിക്കായി വളർത്തിയിരുന്ന പോത്തുകളുടെയും കാളകളുടെയും എണ്ണം വളരെ ചുരുങ്ങി. വാഹനങ്ങൾ കൂടിയതോടെ റോഡുകളിൽ വണ്ടി വലിക്കാൻ ഉപയോഗിച്ചിരുന്ന മൃഗങ്ങളും കുറഞ്ഞു.

പഞ്ചായത്തിലെ മിക്ക വീടുകളിലും നാടൻ കോഴികൾ, താറാവുകൾ എന്നിവ വളർത്തപ്പെടുന്നു. ചില പരിഷ്കൃത വീടുകളിൽ പരിസരം ശുചീകരണം കുറയുമെന്ന ധാരണയാൽ കോഴി വളർത്തപ്പെടുന്നില്ല. കോഴി വസന്തകാരണമായി കോഴികൾ ചത്തൊടുങ്ങുക സാധാരണയാണ്.

പഞ്ചായത്തിലെ പാൽ ഉൽപ്പാദനം താരതമ്യേന കുറവില്ല. പ്രതിദിനം ഏതാണ്ട് രണ്ടായിരത്തോളം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇത്രയും പാൽ വിൽക്കുന്നതിന് ഇവിടെ സംവിധാനമില്ല. പ്രാദേശിക ഉപയോഗം കഴിഞ്ഞ് ബാക്കി വരുന്ന പാൽ അയൽ പട്ടണങ്ങളിൽ വിതരണം നടത്തിവരികയാണ്. വേണ്ട വില ലഭിക്കുന്നില്ല എന്ന പരാതി ഏറെയുണ്ട്. പാൽ വിൽപനക്കുള്ള സംവിധാനമില്ലാത്തതും കാലിതീറ്റയുടെയും വൈക്കോലിന്റെയും വില വർദ്ധനവും തീറ്റപ്പുൽ ലഭിക്കാത്തതും രോഗബാധയെ തടയാൻ ആവശ്യമായ സംവിധാനമില്ലാത്തതും ഈ രംഗങ്ങളിൽ നിന്നു കർഷകരെ അകറ്റി നിർത്തുന്നു. പഞ്ചായത്തിൽ ഒരു പാൽ സൊസൈറ്റിയില്ലാത്തതും ഒരു വലിയ പോരായ്മയായി ചൂണ്ടി കാണിക്കപ്പെടുന്നു.

പഞ്ചായത്തിൽ മൃഗാശുപത്രിയില്ല. തെന്നല, തിരൂരങ്ങാടി, താനൂർ പഞ്ചായത്തുകളിലെ മൃഗാശുപത്രിയിലേക്കു വേണം കന്നുകാലികളെ കൊണ്ടുപോകാൻ. ഇതു വലിയ ശ്രമകരം തന്നെയാണ്.ചികിൽസ കിട്ടാതെ മൃഗങ്ങൾ ചാകുന്നത് പതിവാണ്. കാലികളിൽ പൊതുവെ കണ്ടു വരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പ് രോഗം, ഉദര രോഗം എന്നിവയാണ്. മൃഗസംരക്ഷണത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും കർഷകർക്കുള്ള അറിവില്ലായ്മ കാലി രോഗത്തിന് കാരണമാകുന്നു. രോഗം ബാധിച്ചാൽ മന്ത്രം ജപിച്ചു മറ്റും സുഖപ്പെടുത്തിയിരുന്നത്രേ. പഞ്ചായത്തിൽ ഗ്ലോബർ ഗ്യാസ് പ്ലാൻറുകൾ പ്രവർത്തിക്കുന്നില്ല. ഇതു സംബന്ധിച്ച ഒരറിവും നാട്ടുകാർക്കില്ല. ഇതിനെകുറിച്ചുള്ള സാങ്കേതി കോപദേശവും ധനസഹായവും ലഭിച്ചാൽ മിക്കവരും ഈ രംഗത്തേക്കു കടന്നുവരാൻ തയ്യാറാണ്. മൃഗസംരക്ഷണ വകുപ്പ് ഇതിന് മുന്നോട്ടു വരണം. ജൈവ വളത്തിന്റെ വലിയൊരു പങ്ക് നിറവേറ്റാൻ കാലികളെ വളർത്തുന്നതിലൂടെ സാധ്യമാകുമെങ്കിലും കൃഷി ലാഭകരമല്ലാതായതോടെ കാലി വളർത്തലിനും മാന്ദ്യം സംഭവിച്ചു.

വളർത്തു പക്ഷി സംഖ്യ

പട്ടിക-2

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്	
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ
1	2	3	4	5	6
1	313	527	738	9	15
2	278	535	842	7	16
3	315	578	745	8	19
4	284	494	670	3	12
5	295	472	541	6	18
6	360	740	815	4	10
7	249	693	786	7	22
8	278	545	694	11	27
9	285	615	743	3	14
10	296	732	885	2	10
ആകെ	2953	5931	7459	60	163

അവലംബം:ദ്വിതീയ വിവര ശേഖരണം

കോഴിമുട്ടയും ഇറച്ചിക്കാവശ്യമായ കോഴികളും ഇന്നു അന്യ സംസ്ഥാനങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യുകയാണ്. കോഴികൃഷി വളരെ പ്രയാസം കൂടാതെ ആരംഭിക്കാൻ കഴിയുന്ന ഒരു വ്യവസായമാണ്. ടർക്കികോഴിയും താറാവും തുടങ്ങിയവ കൗതുകത്തിനായി മാത്രം ചില വീടുകളിൽ വളർത്തുന്നുണ്ട്.

വളർത്തൽ പ്രോൽസാഹിപ്പിക്കുകയും കോഴി വസന്തക്കുള്ള കുത്തിവെപ്പും മറ്റും യഥാസമയം നടത്തുക. പഞ്ചായത്തിലെ ജലാശയങ്ങളോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളായ മങ്കടക്കുറ്റി, തിരുത്തി, പയ്യോളി, കടുവാള്ളൂർ, ചെറുമുക്ക് എന്നീ പ്രദേശങ്ങളിൽ താറാവു കൃഷി ആരംഭിക്കാവുന്നതാണ്. ബാങ്കിൽ നിന്നും ഇതിനുള്ള വായ്പ ലഭ്യമാക്കേണ്ടതാണ്. അത്യുൽപ്പാദന

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

പട്ടിക-3

വളർത്തു മൃഗ ഇനം	ആകെ എണ്ണം	കൃതിമ ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2 ലധികം തവണ ബീജ സങ്കലനം നടത്തിയവർ
പശു	675	30	9
കിടാരി	437	15	4
എരുമ	289	6	2

അവലംബം:സെക്കണ്ടറി ഡാറ്റ

പ്രശ്നങ്ങൾ

കാലിത്തീറ്റയുടെ വിലക്കൂടുതൽ, തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം, മൃഗചികിൽസക്കുള്ള സൗകര്യക്കുറവ്. കോഴി വസന്ത തടയാൻ സംവിധാനമില്ലായ്മ, ക്ഷീരവിപണനത്തിനുള്ള സൗകര്യമില്ലായ്മ, ക്ഷീരവിപണനത്തിനുള്ള സൗകര്യമില്ലായ്മ, കാലി വളർത്തലിനുള്ള ധനസഹായം ലഭിക്കാത്തത് എന്നിവയാണ്. അതുപോലെ പേപ്പട്ടി ശല്യം ധാരാളമായി നാട്ടിൽ കണ്ടു വരുന്നത്. നായപ്പിടുത്തം ഊർജ്ജിതമാക്കുകയും വേണം.

സാധ്യതകൾ

പഞ്ചായത്തിൽ കൊടിഞ്ഞി, തെയ്യാല, കുണ്ടൂർ, ചെറുമുക്ക് കേന്ദ്രമാക്കി ക്ഷീരവ്യവസായ സഹകരണ സംഘം സ്ഥാപിക്കുക. അധികം വരുന്ന പാൽ ഉപയോഗിച്ച് പാലിന്റെ അനുബന്ധ വ്യവസായങ്ങളായ നെയ്യ്, വെണ്ണ, തൈര് എന്നിവയുടെ നിർമാണവും വിപണനവും ആരംഭിക്കുക. സഹകരണ സംഘം മുഖേന കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക.തീറ്റപ്പുൽ കൃഷിക്കുള്ള വിത്തും വളവും സൗജന്യമായി ലഭ്യമാക്കുക. മൃഗചികിൽസാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുക. കോഴിക്കുഞ്ഞുൽപ്പാദന കേന്ദ്രവും പഞ്ചായത്തിൽ ചെറുമുക്ക്, തെയ്യാല, കാടാക്കുന്ന് എന്നീ പ്രദേശങ്ങളിൽ കോഴി ഫാമുകളും വിപണന കേന്ദ്രവും ആരംഭിക്കുക. വീടുകളിൽ കോഴി

ശേഷിയുള്ള പശു, എരുമ, ആട്, മുയൽ എന്നിവ വളർത്തലിന് ബോധവൽക്കരണവും സാമ്പത്തിക സഹായവും ലഭ്യമാക്കുക. പേപ്പട്ടി ശല്യം തടയാൻ അലഞ്ഞു നടക്കുന്ന ലൈസൻസില്ലാത്ത മുഴുവൻ നായക്കളേയും കൊല്ലേണ്ടതാണ്.

നെൽകൃഷിക്കുപയോഗിക്കാൻ പറ്റാത്ത പാടങ്ങളിൽ തീറ്റപ്പുൽ കൃഷി ആരംഭിക്കാവുന്നതാണ്. സ്വന്തം ആവശ്യത്തനു പുറമേനല്ല വിപണന സാധ്യതയുള്ള ഒരു തൊഴിൽ കൂടിയാണിത്. ചില വിസ്തൃതമായ ശ്മശാനങ്ങളിലും തട്ടത്തലത്തിന്റെ മുകളിലും ഇപ്പോൾ തീറ്റപ്പുൽ വളർത്തി കാണുന്നത് ഒരു വലിയ പ്രതീക്ഷക്കു വക നൽകുന്നു.

മൽസ്യ ബന്ധനം

ഉൽനാടൻ മൽസ്യ ബന്ധനത്തിന് നന്നമ്പ്ര പഞ്ചായത്ത് പുരാതന കാലം മുതൽക്കേ പ്രസിദ്ധമാണ്. മോര്യകാപ്പിനോടും,തൃക്കുളം കാപിനോടും വട്ടച്ചിറ, വെഞ്ചാലി, പൂഴിക്കുന്ന്, മുക്കം എന്നീ പുഴഭാഗങ്ങളോടും ബന്ധപ്പെട്ടാണ് ഏറിയ പങ്കും നടക്കുന്നത്. തോടുകളിലും കുളങ്ങളിലും ബന്ധപ്പെട്ടുകൊണ്ടും മൽസ്യ ബന്ധനം നടക്കുന്നുണ്ട്.

ഇടവപ്പാതി മഴയോടെ ആരംഭിക്കുന്ന പുതുക്കിനോടും അനുബന്ധിച്ചാണ് മൽസ്യ ബന്ധനം ആരംഭിക്കുന്നത്. പുഴയിൽ നിന്നും വെള്ളം അതിശക്തിയോടെ പാടങ്ങളിലേക്കു എത്തുന്ന

സന്ദർഭത്തിൽ തോടുകളിൽ തടയിട്ടും, വള്ളിച്ചം വല എന്ന കുത്തുവല പിടിച്ചും, വീശൽ വല ഉപയോഗിച്ചും, പാടങ്ങളിൽ പാറവു വലയിട്ടുമാണ് മൽസ്യ ബന്ധനം നടത്തുന്നത്. ഒറവൽ, കൂട്, ചൂണ്ട, എന്നിവയും മൽസ്യ ബന്ധനത്തിനുപയോഗിക്കുന്നു. ഒരു ഉൽസവ തിമിർപ്പോടെയാണ് പുതുക്കിന്ന് മീൻപിടുത്തം നടക്കാര്. കുണ്ടൂർ തോട്ടിലേക്കും, വേലിയത്തി തോട്ടിലേക്കും തൃക്കുളം തോട്ടിലേയും വളച്ചംവലപ്പിടുത്തം പണ്ടു മുതൽക്കേ പ്രസിദ്ധമാണ്.

പഞ്ചായത്തിലെ മൽസ്യ ബന്ധനം വിപണനാടിസ്ഥാനത്തിലുള്ളതല്ല. സ്വന്തമായ ഉപയോഗത്തിനു മാത്രമാണ് ഒട്ടുമുക്കാലും മൽസ ബന്ധനം നടത്തുന്നത്. തുഛം ചില ആളുകൾ മാത്രം മൽസ്യം പിടിച്ചു വിൽക്കുന്നവരുമുണ്ട്.

പുഴകളിൽ നിന്നും പാടങ്ങളിൽ നിന്നും പ്രധാനമായും ലഭിക്കുന്നത് വാള, വരാൽ, ഏട്ട, മാലേൻ, കടങ്ങാലി, തൊണ്ണി, കടു, മൊഴു, കോലി, ആരൽ, മലഞ്ഞീൽ, എരിയൻ പൂട്ട, വാലാത്തൻ തുടങ്ങിയവയും, കൊഞ്ചൻ, വയമ്പ്, മറവു ചെറുമീനുകളും ലഭിക്കുന്നു. മുമ്പ് ധാരാളമായി കിട്ടിയിരുന്ന ഒരു മൽസ്യമാണ് ഈന്ത. പുഴകളിൽ വളരുന്ന ഈ മൽസ്യം പുഴവെള്ളം വിഷജലം കാരണം കൂടുതൽ മലിനമാക്കാൻ തുടങ്ങിയതോടെ വർഗ്ഗനാശം നേരിട്ടു വരികയാണ്. തടാകങ്ങളിൽ വിഷം കലക്കിയും പുഴയിൽ തിരി പൊട്ടിച്ചും മൽസ്യം ചത്തൊടുങ്ങുകയാണ് പതിവ്. തിരിപൊട്ടിക്കൽ നദിക്കരക്കും കരയിലെ വീടുകൾക്കു പോലും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതായിരുന്നു. കാലാകാലങ്ങളിൽ ഈ പ്രവണതയെ ഗവൺമെൻറ് എതിർക്കാറുണ്ടെങ്കിലും ഫലപ്രദമായ തോതിൽ നടക്കുന്നില്ല കടുത്ത ശിക്ഷ നടപ്പാക്കിയേ തീരൂ.

വയലുകളിലും മറവും അമിതമായ വളപ്രയോഗം, കീനടനാശിനി പ്രയോഗം എന്നിവയും മൽസ്യ രോഗത്തിന് കാണമായി പറയുന്നുണ്ട്. രോഗം ബാധിച്ച മൽസ്യം ചത്തൊടുങ്ങുന്നതോടെ വർഗ്ഗനാശം സംഭവിക്കുക പോലും നടക്കുന്നുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള വലുതും ചെറുതുമായ കുളങ്ങളിലും മൽസ്യം വളരുന്നുണ്ട്. ഇതെല്ലാം സ്വകാര്യ വ്യക്തികളുടേതായത് കൊണ്ടു പൊതു മൽസ്യ ബന്ധനത്തിനും സാധ്യമല്ല.

സാധ്യതകൾ

നന്നമ്പ്ര പഞ്ചായത്തിൽ നിർദ്ദിഷ്ട വെഞ്ചാലി മോര്യകാപ്പ് ജലാശയങ്ങൾ നിലവിൽ വന്നാൽ മൽസ്യബന്ധനത്തിനു കൂടുതൽ സാധ്യത തെളിയും. കാർഷികാവശ്യത്തനുപയോഗിക്കുന്ന പഞ്ചായത്തിലങ്ങിങ്ങായി സ്ഥിതി ചെയ്യുന്ന അഞ്ഞൂറിൽ പരം കുളങ്ങളും, മൽസ്യ വളർത്തു കേന്ദ്രമാക്കി ഉപയോഗപ്പെടുത്താം. മൽസ്യ രോഗം തടയാൻ വേണ്ടുന്ന സത്വര നടപടി കൈക്കൊള്ളണം. പഞ്ചായത്തിൽ മുഴുവനായും കടൽ മൽസ്യ വിപണനം നടത്തുന്നുണ്ടെങ്കിലും ആരും തന്നെ സമുദ്ര മൽസ്യ ബന്ധനത്തിന് ഇടപ്പെടുന്നവരില്ല. പഞ്ചായത്തിൻെറ എല്ലാ സ്ഥലങ്ങളിലും റോഡുവക്കിൽ സ്ഥിതി ചെയ്യുന്ന മൽസ്യ വിപണനങ്ങൾ നവീകരിക്കേണ്ടതാണ്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ചീഞ്ഞളിഞ്ഞ മൽസ്യം വിറ്റഴിക്കൽ പതിവാണ്. ബന്ധപ്പെട്ട ഹെൽത്ത് ഡിപ്പാർട്ട്മെൻറ് ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പരീക്ഷണാർത്ഥം പോലും പഞ്ചായത്തിൽ ആരും തന്നെ മൽസ്യ കൃഷി നടത്തുന്നു പോലുമില്ല. മൽസ്യ മാംസ വിപണനത്തിന് എല്ലാ അങ്ങാടികളിലും പൊതു മാർക്കറ്റുകളും കോൾഡ് സ്റ്റോറേജുകളും സ്ഥാപിക്കുകയും ഉപയോഗശൂന്യമല്ലാത്ത മൽസ്യമുപയോഗിച്ച് ജൈവവളങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുകയും ചെയ്യാം.

ഉപജീവനാർത്ഥം മൽസ്യ ബന്ധനത്തിൽ പ്പെട്ടവർക്ക് സൊസൈറ്റികൾ രൂപീകരിക്കുകയും വല, തോണി, മറവു ഉപകരണങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.



വ്യവസായം

5-3

ഏതൊരു പ്രദേശത്തിന്റെയും സാമ്പത്തിക പുരോഗതി വ്യവസായ വളർച്ചയെ ആശ്രയിച്ചാണിരിക്കുന്നത്. കാർഷിക മേഘലയിലുണ്ടാകുന്ന ഉൽപ്പന്നങ്ങൾ പലതും വ്യാവസായിക ഉൽപ്പന്നങ്ങളാക്കി മാറ്റി ഉപയോഗ്യമാക്കാൻ വ്യവസായ യൂണിറ്റുകൾ അത്യാവശ്യമാണ്. ഗ്രാമീണ ജനതക്ക് തൊഴിൽ സൗകര്യങ്ങൾ ഉറപ്പു വരുത്താനും ഉപഭോഗ വസ്തുക്കൾ ആവശ്യാനുസരണം നിർമിച്ചെടുക്കാനും അതുവഴി ഗ്രാമീണ ജനതയെ സ്വാശ്രയശീലരാക്കി മാറ്റാനും നാട് വ്യവസായവൽക്കരിച്ചേ തീരൂ.

നമ്മുടെ പഞ്ചായത്തിൽ കാര്യമായ വ്യവസായ യൂണിറ്റുകളൊന്നും തന്നെ നിലവിലില്ല. ഇവിടെ പ്രവർത്തിക്കുന്ന നാമമാത്ര വ്യവസായ യൂണിറ്റുകളാകട്ടെ വളരെ കുറച്ചു പേർക്കു മാത്രമേ തൊഴിൽ നൽകാൻ പര്യാപ്തമാകുന്നുള്ളൂ. വ്യവസായ യൂണിറ്റുകളുടെ വിവരങ്ങൾ പട്ടിക1ൽ കൊടുത്തിരിക്കുന്നു.

ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക-1

ക്രമ നമ്പർ	ഇനം	ആകെ വ്യവസായം	തൊഴിലാളികളുടെ എണ്ണം		
			പുരു	സ്ത്രീ	ആകെ
1	ചകിരി (തുപ്പ്)	1	6	5	11
2	തടി വ്യവസായം	3	27	-	27
3	എൻജിനീയറിംഗ്	7	21	-	21
4	അച്ചടി	2	2	-	2
5	ഭക്ഷ്യസംസ്കരണം	1	2	-	-
6	മരപ്പണി	5	20	-	20
7	മറ്റുള്ളവ	12	36	10	46
	ആകെ	31	114	15	127

പഞ്ചായത്തിൽ മൊത്തം മുപ്പതോളം ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമേയുള്ളൂ എന്നും സ്ത്രീകൾ ഉൾപ്പടെ 127 പേർക്കു മാത്രമേ ഇത് തൊഴിൽ നൽകുന്നുള്ളൂവെന്നും വ്യക്തമാണ്. 5000-ൽ പരം കുടുംബങ്ങളും 30,000ത്തിൽ പരം ജനസംഖ്യയുമുള്ള നമ്മുടെ പഞ്ചായത്തിൽ ഇത് തീരെ അപര്യാപ്തമാണ്. ഇതുകൂടാതെ പരമ്പരാഗത വ്യവസായങ്ങളായ പായ നെയ്ത്ത്, മൺപാത്ര നിർമ്മാണം, ചകിരിയുൽപ്പന്ന നിർമാണം എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവരുടെ എണ്ണവും വളരെ കുറവാണ്.

വ്യാവസായിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം തീരെ കുറവാണ്. കൂടുതൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകി ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പ്രേരിപ്പിക്കണം.

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള വ്യവസായ മേഖലയുടെ ഒരു വ്യക്തമായ ചിത്രം പട്ടിക 2ൽ കൊടുത്തിരിക്കുന്നുവല്ലോ. ഇതു പ്രകാരം പരിശോധിച്ചാൽ പ്രധാനമായും റൈസ് ഫ്ളോർ മിൽ ആണ് എല്ലാ വാർഡിലും പ്രധാനമായുള്ള വ്യവസായ സ്ഥാപനങ്ങൾ എന്നു കാണാം. വ്യവസായ രംഗത്തെ വൈവിധ്യം നിലനിർത്താൻ ആവശ്യമായ പരിശീലനമോ ഉപദേശമോ ലഭ്യമല്ലാത്തതാണ് ഇതിനു കാരണം.

പരമ്പരാഗത കുടിൽ വ്യവസായം പട്ടിക-2

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		
		പുരു.	സ്ത്രീ	ആകെ
1	കൈതോലപ്പായ		20	20
2	മൺപാത്ര നിർമാണം	4	4	8
3	കുട്ട, ഓലക്കുട	6	-	6
4	ചൂടി	10	15	25

അവലംബം:ഗ്രാമസഭാ റിപ്പോർട്ട്

വിവിധ മേഖലയിലെ കൂലിനിരക്ക് പട്ടിക-3

ക്രമ നമ്പർ	ഇനം	പുരു	സ്ത്രീ
1	ചകിരി (തുപ്പ്)	60	40
2	തടി വ്യവസായം	125	
3	എഞ്ചിനീയറിംഗ്	80	
4	അച്ചടി	50	30
5	ഭക്ഷ്യ സംസ്കരണം	60	
6	മരപ്പണി	120	
7	ഭക്ഷ്യധാന്യം പൊടിക്കൽ	70	
8	സോഡാ നിർമ്മാണം		
9	പപ്പടം	100	40
10	പടക്ക നിർമ്മാണം	100	
11	കല്ലുവെട്ട്	150	
12	കൊപ്ര സംസ്കരണം	80	

അവലംബം:ഗ്രാമസഭാ റിപ്പോർട്ട്

വ്യാവസായിക രംഗത്തെ പ്രശ്നങ്ങൾ

വ്യസായരംഗത്തെ മുടിപ്പിക്കുന്ന പ്രശ്നങ്ങൾ പലതും ഗ്രാമസഭാതലത്തിൽ ചർച്ച ചെയ്തതായി മനസിലാക്കാം. അവ താഴെ കൊടുക്കുന്നു.

1. വ്യവസായ പരിശീലനത്തിന്റെ അഭാവം

വ്യവസായ യൂണിറ്റ് അരംഭിക്കുവാനും അത് കുറ്റമറ്റ രീതിയിൽ മുന്നോട്ട് കൊണ്ടുപോയി ലാഭകരമായി നയിക്കാനും തൊഴിൽ രഹിത യുവതീ യുവാക്കൾക്ക് ധൈര്യവും ഊർജ്ജവും നൽകുന്ന തരത്തിലുള്ള പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു. അതിനുള്ള സൗകര്യങ്ങൾ പലതുണ്ടെങ്കിലും അവയെ പറ്റി അറിയിക്കാനും ആളുകളെ അണിനിരത്താനും ആളുകളില്ലാത്തതിനാൽ പരിശീലനത്തിനെത്തുന്ന വരുടെ എണ്ണം വളരെ കുറവാണ്. ഇതു പരിഹരിക്കണം.

2 മുതൽ മുടക്ക്

വ്യവസായ യൂണിറ്റ് ആരംഭിക്കുവാനുള്ള സാമ്പത്തിക സാഹചര്യം ഉണ്ടാക്കാൻ ആവശ്യമായ സംവിധാനങ്ങൾ നമ്മുടെ രാജ്യത്തുണ്ടെങ്കിലും അവ നേടിയെടുക്കാനുള്ള സങ്കീർണ്ണമായ ചട്ടവട്ടങ്ങൾ വ്യവസസായ സംരംഭകനെ നിരുൽസാഹപ്പെടുത്തുന്നു. ധന സമ്പാദനത്തിനുള്ള ബുദ്ധിമുട്ടുകളുടെ കാരണങ്ങൾ എന്തുതന്നെയായാലും അവ തരണം ചെയ്യാൻ ധന സമ്പാദനത്തിനുള്ള ബുദ്ധിമുട്ടുകളുടെ കാരണങ്ങൾ എന്തു തന്നെയായാലും അവ തരണം ചെയ്യുവാൻ വ്യവസായ സംരംഭകനെ സഹായിക്കുന്ന ഒരു സംസ്രാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

3. വിപണന പ്രശ്നങ്ങൾ

ഉൽപ്പന്നം ഉൽപാദിപ്പിച്ചു കഴിഞ്ഞാൽ അവയുടെ വിപണനം വളരെ പ്രധാനമാണ്. ഉണ്ടാക്കിയ വസ്തുക്കൾ വിറ്റഴിയാതെ കെട്ടിക്കിടക്കുന്നത്. പുനരുൽപാദനത്തെ ബാധി ക്കുന്നു. അങ്ങനെ വ്യവസായം തകരാൻ ഇടയാകുന്നു. അതിനാൽ വ്യാവസായിക ഉൽപ്പന്നങ്ങൾ വിറ്റ ഴിയാനുള്ള സൗകര്യം കൺസ്യൂമർ സ്റ്റോറുകൾ പോലുള്ള സംവിധാനങ്ങളിലൂടെ ഉണ്ടാകേണ്ടി യിരിക്കുന്നു.

4. വൈദ്യുതി പ്രശ്നങ്ങൾ

യന്ത്രവൽകൃത വ്യവസായ യൂണിറ്റുകൾക്ക് ഒഴിച്ചു കൂടാൻ വയ്യാത്ത ഒന്നാണ് വൈദ്യുതി. നമ്മുടെ നാട്ടിലെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി തുടർച്ചയായ ഉൽപ്പാദനം നടത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഇതിനു പരിഹാരം ഉണ്ടാക്കാത്തിടത്തോളം കാലം ധൈര്യമായി വ്യവസായ രംഗത്തിറങ്ങാൻ ആളുകൾ മടിക്കുന്നു.

ഇതുപോലെ നിരവധി കാരണങ്ങൾ ചർച്ചയിൽ പൊന്തി വന്നിട്ടുണ്ടെങ്കിലും നമ്മുടെ നാട്ടിലെ വ്യവസായ രംഗം പുഷ്ടിപ്പെടുത്താൻ ഉതകുന്ന തരത്തലുള്ള നിർദ്ദേശങ്ങളും വാർഡു തലത്തിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവ വാർഡുക്രമത്തിൽ തന്നെ താഴെ കൊടുക്കുന്നു. ഓരോ വാർഡിന്റെയും ഭൂമി ശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകളുടെ വെളിച്ചത്തിൽ നിർദ്ദേശിക്കപ്പെട്ടു. ശാസ്ത്ര പരവും ചരിത്ര പരവുമായ പ്രത്യേകതകളുടെ വെളിച്ചത്തിൽ ഗ്രാമസഭയിൽ നിർദ്ദേശിക്കപ്പെട്ട നിർദ്ദേശങ്ങൾക്കു വളരെയേറെ പ്രാധാന്യമുണ്ട്.

വാർഡ് 1

നാളികേരം സംഭരിച്ച് സംസ്കരിച്ച് വെളിച്ചെണ്ണയാക്കി കുപ്പികളിൽ നിറച്ചു വിതരണം നടത്തുന്ന വ്യവസായ യൂണിറ്റ്.

വാർഡ് 2

നാളികേരം അസംസ്കൃത വസ്തുവായി പരിഗണിച്ച് കൊണ്ടുള്ള വ്യവസായ യൂണിറ്റുകളും നഴ്സറി നിർമാണം, ഗാർമെൻറ്സ് നിർമാണം എന്നിവയുടെ യൂണിറ്റുകളും

വാർഡ് 3

ഹോളോ ബ്രിക്സ്, ഇഷ്ടിക, ഓട് തുടങ്ങിയ കെട്ടിട നിർമാണ വസ്തുക്കൾ നിർമിക്കുന്ന യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ നിർമിക്കണം.

വാർഡ്4

ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള സഹായ ധനം നൽകുക.ഒരു പാൽ സംസ്കരണ യൂണിറ്റ് വാർഡിൽ സ്ഥാപിക്കുക.

വാർഡ് 5

ഫുഡ് പ്രൊസസ്സിങ്ങ് യൂണിറ്റ്. പരമ്പരാഗത വ്യവസായങ്ങൾക്കു ആവശ്യമായ പ്രോൽസാഹനം നൽകുക. ഹൈസ്കൂൾ കേന്ദ്രമാക്കി ഒരു നോട്ടുബുക്ക് നിർമാണ കേന്ദ്രം തുടങ്ങുക.

വാർഡ് 6

നാളികേര സംസ്കരണ കേന്ദ്രം, ചകിരി ഉൽപ്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റ് പരമ്പരാഗത വ്യവസായങ്ങൾ ഗാർമെൻറ് നിർമാണം എന്നിവ ആരംഭിക്കണം. പഴവർഗ്ഗങ്ങൾ കൊണ്ടു ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ്.

വാർഡ് 7

അച്ചാർ നിർമാണം, കരകൗശല വസ്തുക്കളുടെ നിർമാണം, കളിയടക്ക, പാക്കു നിർമാണം, ഗാർമെൻറ് നിർമാണം, മസാലപ്പൊടികൾ, മെഴുകുതിരി, ചന്ദനത്തിരി, ചക്ക ഉൽപ്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റ്

വാർഡ്8

വുഡ് ഇൻഡസ്ട്രി · നടത്തുന്നതിനുള്ള സാമ്പത്തിക സഹായം, മുളയുൽപ്പന്നങ്ങൾ, സിമൻറ് കട്ട, ചന്ദനത്തിരി, മെഴുകു തിരി എന്നിവയുടെ നിർമാണ യൂണിറ്റുകൾ

വാർഡ്9

ഇഷ്ടിക ഓട്, ഹോളോ ബ്രിക്സ് എന്നിവ നിർമിക്കുന്ന യൂണിറ്റ്, അച്ചാർ , സ്കാഷ് എന്നിവ നിർമിക്കുന്ന യൂണിറ്റ്, മുട്ട, ഇറച്ചി എന്നിവ സംസ്കരിക്കുന്ന യൂണിറ്റുകൾ സ്ഥാപികുക.

വാർഡ്10

പ്രവർത്തന രഹിതമായ് ഓയിൽ മിൽ പ്രവർത്തന ക്ഷമമാക്കുക. കൊപ്ര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക. കൊച്ചിൻ ചൂടി നിർമാണം, അവിൽ നിർമാണം, കൊട്ടടക്ക പാക്ക് നിർമാണം എന്നിവ ആരംഭിക്കുക.

വാർഡ്11

സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും മര വ്യവസായം, ക്ഷീരോൽപന്ന വ്യവസായം, കയർ നിർമാണം തുടങ്ങിയ ചൂടി ഉൽപ്പന്നങ്ങൾ, കൊപ്ര ആട്ടു മില്ലുകൾ തുടങ്ങിയവ.

വാർഡ്12

നാളികേര സംസ്കരണ യൂണിറ്റ്

വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ വിപണന സാധ്യത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

കുറഞ്ഞ ചിലവിൽ വിപണന സാധ്യതയുള്ള വ്യവസായങ്ങൾ പട്ടിക-4

വിഭാഗം	നമ്പർ	ഇനം
ഗ്രാമ/ക്ഷുദ്ര/എസ്.എസ്.ഐ	1	നവീന രീതിയിലുള്ള തൊണ്ടഴുക്കൽ
	2	യന്ത്രമുപയോഗിച്ച് പച്ചചകിരി നീര്.നിർമാണം
	3	യന്ത്രവൽകൃത ചൂടി നിർമ്മാണം
	4	ചവിട്ടി, ചൂടിപ്പടം, ചകിരി നാരിൻെറ കിടക്ക, തലയിണ തുടങ്ങിയവ
	5	ചകിരി ചവറ് ഉപയോഗിച്ചുള്ളവ
	6	തെങ്ങു കൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറുകളും
	7	ചിരട്ടപ്പൊടി
	8	തേങ്ങാപൗഡറും ക്രീമും (തേങ്ങാപാൽ കുഴമ്പു രൂപത്തിൽ)
	9	വെളിച്ചെണ്ണ
	10	കന്നുകാലി തീറ്റ
	11	തേങ്ങാവെള്ളമുപയോഗിച്ചുള്ള ശീതള പാനീയങ്ങൾ
	12	ചാർകോൾ, (ആക്റ്റിവേറ്റഡ് കാർബൺ)
	13	ചാർകോൾ ഓയിൽ
	14	ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ,ഉരുളക്കിഴങ്ങ്)
ഖാദി	1	തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ, കയ്യിൽ ചട്ടുകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ, ഐസ്ക്രീം, കപ്പ്, കപ്പും, സോസറും, ഹെയർപിൻ, ക്ലിപ്പ് തുടങ്ങിയ വസ്തു നിർമ്മാണ യൂണിറ്റുകൾ.
	2	പഴം, ജാമുകൾ:കൈതച്ചക്ക, നേന്ത്രപ്പവം, ചക്ക, മാങ്ങ
	3	അവിൽ വ്യവസായം
	4	ഫാൻസി ഫൈബർ
	5	പേപ്പർ പൾപ്പുകൊണ്ടുള്ള കട്ടിയുള്ള കടലാസും, കരകൗശല ഉൽപ്പന്നങ്ങളും.

പട്ടിക തുടർച്ച

വിഭാഗം	നമ്പർ	ഇനം
വനിത	6	പുരുഷൻമാരുടെ ഷൂ
	7	റെഡിമെയ്ഡ് വസ്ത്രങ്ങൾ
	8	അലക്കുസോപ്പ്
	9	സോപ്പുപൊടി
	10	പേപ്പർ കവർ
സഹകരണ സംഘം വനിത	1	കുട, നോട്ടുബുക്കുകൾ
	2	ബേഗ്, റെയിൻകോട്ട്
	3	കറി പൗഡർ
	4	കരിങ്കല്ല് ഉടച്ച് ജല്ലിയാക്കൽ
സഹകരണസംഘം ജനറൽ	1	സിമൻറു കൊണ്ടുള്ള ജനൽ,വാതിൽ എന്നിവ
	2	സ്റ്റീൽ ഫർണീച്ചർ
	3	പവർലൂം തുണി
	4	ഇഷ്ടിക
	5	നെയ്ത്ത്
	6	പഠനോപകരണങ്ങൾ
	7	സോളാർ ലൈറ്റുകൾക്കുള്ള പ്ലെഗ്
സഹകരണ സംഘം പട്ടികജാതി	1	കൂൺ കൃഷി
	2	സിമെൻറ് ഇഷ്ടിക
	3	റെഡിമെയ്ഡ് വസ്ത്രം
	4	കിടക്ക

വാർഡുകളിലെ നിർദ്ദേശങ്ങൾ പരിശോധിക്കുമ്പോൾ പരമ്പരാഗത വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ആണ് പരാമർശിക്കപ്പെട്ടതെന്നു മനസിലാക്കാം

സംഘടിത മേഖലയിലുള്ള വൻകിട വ്യവസായത്തെക്കുറിച്ച് ആരും ചിന്തിച്ചു കാണുന്നില്ല. നാളികേര സംസ്കരണ യൂണിറ്റ് എല്ലാ വാർഡുകാരും ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ ഒരു വൻകിട നാളികേര സംസ്കരണ യൂണിറ്റിന് സാധ്യതയുണ്ട്. ഉചിതമായ പ്രദേശത്ത് കേരോൽപ്പന്നങ്ങൾ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ഒരു വൻകിട വ്യവസായ ശാല ആരംഭിക്കുകയും പഞ്ചായത്തിലെ മുഴുവൻ നാളികേരവും സംഭരിച്ച് സംസ്കരിച്ച്, വെളിച്ചെണ്ണ, സോപ്പ്, ഹെയർ ഓയിൽ, മിഠായികൾ, തേങ്ങാപ്പൊടി, ക്രീം, ഇളനീർ പാനീയങ്ങൾ, ചിരട്ടപ്പൊടി, കരകൗശല വസ്തുക്കൾ എന്നിങ്ങനെയുള്ള വിവിധ തരത്തിലുള്ള വ്യവസായ യൂണിറ്റ് സ്ഥാപിച്ചാൽ പ്രത്യക്ഷമായും പരോക്ഷമായും വളരെയധികം ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിക്കും. ഒരു മിനി വ്യവസായ എസ്റ്റേറ്റായി ഇതിനെ മാറ്റാൻ സാധിക്കും.

പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ മുമ്പുണ്ടായിരുന്ന പല സംരംഭങ്ങളും ഇന്നു നാമാവശേഷമായിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി 200-ാളം കുടുംബങ്ങൾ ഏർപ്പെട്ടിരുന്ന തൊഴിലായിരുന്നു ബീഡി നിർമാണം. ഇന്നു ആ രംഗത്ത് വിരലിലെണ്ണാൻ പോലും പോകുന്ന ആളുകളില്ല. അതുപോലെ തന്നെ കുട്ട,വട്ടി, തൊപ്പിക്കുട, തഴപായ, മൺപാത്രനിർമാണം, നാടൻചാക്ക്, ഗാർഹികോപകരണങ്ങളായ മരസാധനങ്ങൾ, ചിരട്ടക്കയ്യിൽ, പരമ്പരാഗത വൈദ്യൻമാരുടെ ഓഷധ നിർമാണം എന്നിവയെല്ലാം ഇന്നു കാണാനില്ല. ഇക്കാര്യങ്ങളിൽ പ്രാവീണ്യമുള്ളവരുടെ സഹായത്തോടു കൂടി തൽപരരായ യുവജനങ്ങളെ പരിശീലിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. വ്യവസായ രംഗത്ത് ഗ്രാമസഭകൾ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ

ആത്മാർത്ഥമായി ശ്രമിക്കുകയും സഹകരണ രംഗത്ത് ഈ ദൗത്യം ഏൽപ്പിക്കുകയും ചെയ്താൽ നമ്മുടെനനാട്ടിലെ വ്യവസായ രംഗം പുഷ്ടിപ്പെടും.

വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുകയെന്ന ലക്ഷ്യത്തോടു കൂടി പഞ്ചായത്ത് പ്രദേശത്ത് ഗതാഗത സൗകര്യവും വെള്ളം, വൈദ്യുതി എന്നീ സൗകര്യമുള്ള സ്ഥലത്ത് 5 ഏക്കറോ, അതിൽ കുറഞ്ഞ ഒരു പ്ലോട്ടോ വാങ്ങി വ്യവസായ സംരംഭകർക്ക് പ്ലോട്ടുകളായി നൽകിയാൽ വ്യവസായ സംരംഭകരെ ആകർഷിക്കുവാൻ സാധിക്കും. ഈ വിഷയത്തിലും പദ്ധതികൾ ചർച്ച ചെയ്ത് ആവിഷ്കരിക്കേണ്ടതാണ്.



വിദ്യാഭ്യാസം

മലപ്പുറം ജില്ലയിലെ ഇതര പഞ്ചായത്തുകളെ വച്ചു നോക്കുമ്പോൾ വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് നന്നമ്പ്ര. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ നടത്താത്തതുകൊണ്ട് സാക്ഷരത നേടിയവർപോലും നിരക്ഷരരായിരിക്കുകയാണ്. തൊട്ടടുത്ത തിരൂരങ്ങായി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പി. എസ്. എം. ഒ. കോളേജും, തിരൂർ തുഞ്ചൻ സ്മാരക കോളേജും, തിരൂർ പോളിടെക്നിക്കും ഒക്കെ ഉണ്ടെങ്കിലും ഉന്നത പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾ 25% -ൽ താഴെയാണ്.

സ്വാതന്ത്ര്യ ലബ്ധിക്ക് അര നൂറ്റാണ്ട്മുമ്പ്തന്നെ അക്ഷരാഭ്യാസത്തിനുള്ള പരിശ്രമങ്ങൾ ഇവിടെ നടന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കൊടിഞ്ഞി പ്രദേശത്തെ നിലത്തെഴുത്ത് പാഠശാലകളിലും ഓത്തുപള്ളികളിലുമായിരുന്നു അവയുടെ തുടക്കം.

കൊടിഞ്ഞി കിഴക്കേ ഇല്ലം എന്നുപറയുന്ന സ്ഥലത്ത് പാട്ടശ്ശേരിപ്പറമ്പിൽ മൂസ്സ എന്നയാൾ ഒരു സ്കൂൾ സ്ഥാപിച്ചു. അവിടുത്തെ അധ്യാപകനായിരുന്നു തിരൂരങ്ങാടിക്കാരൻ കുഞ്ഞയമ്മതുമാസ്റ്റർ. ഈ സ്കൂൾ പിന്നീട് കോറ്റത്ത് സി. പി. അസ്സീസ് ഹാജിയുടെ കെട്ടിടത്തിലേക്കു മാറ്റി. ഈ സ്കൂളാണ് ഇന്ന് നമ്മൾ കാണുന്ന കൊടിഞ്ഞി ഗവ. യു. പി. സ്കൂൾ. (സ്ഥാപിതം 10. 5. 1991) ഈ സമയത്തുതന്നെ നടുത്തൊടി മൊയ്തീൻകുട്ടി എന്നവർ പാറമ്മേൽ എന്ന സ്ഥലത്ത് ഒരു സ്കൂൾ ഉണ്ടായിരുന്നു. ഇതും സി. പി. അസ്സീസ് ഹാജി മുൻകൈ എടുത്ത് സ്ഥാപിച്ചതാണ്. കോറ്റത്ത് സൗകര്യമുണ്ടായപ്പോൾ പാറമ്മേൽ സ്കൂൾ നിറുത്തി അവിടുത്തെ കുട്ടികളെ കോറ്റത്ത് സ്കൂളിൽ ചേർത്തു. പാറമ്മേൽ സ്കൂൾ നിറുത്തിയപ്പോൾ പുത്തൻ പീടിയേക്കൽ മൊയ്തുണ്ണി മുസ്ലിയാർ പനക്കത്തായത്ത് ഒരു പുതിയ സ്കൂൾ സ്ഥാപിച്ചു. ഈ കാലത്ത് മതപഠനവും സ്കൂളിലാണ് നടത്തിയിരുന്നത്. എന്നാൽ ഡിസ്ട്രിക്ട് ബോർഡ് ഇതു പാടില്ല എന്ന് നിർദ്ദേശിച്ചതിനെ തുടർന്ന് സ്കൂളൽനിന്ന് മതപഠനം ഒഴിവാക്കി. എലിമ്പാടൻ ഹൈദർഹാജി, കെ. പി. സീതിക്കോയ മാസ്റ്റർ, അമേരേരി മൂസ്സമൊല്ല, പച്ചായി പോക്കർ മൊല്ല, പാലപ്ര കുഞ്ഞിപോക്കർമൊല്ല്, കെ. പി. കുട്ടിക്കോയ മാസ്റ്റർ എന്നിവർ ഇവിടുത്തെ ആദ്യകാല അധ്യാപകരിൽപെടുന്നു. ഇതിനും മുമ്പു തന്നെ മൊല്ലമാർ ഓത്തുപള്ളി നടത്തുന്നതിനോടുകൂടി മലയാളം പഠിപ്പിച്ചിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. (1913-ൽ പഠിപ്പിച്ചിരുന്ന പാട്ടശ്ശേരി പോക്കറിൽ നിന്നു കിട്ടിയ വിവരം.) അറബിമലയാളം എന്ന ലിപി സമ്പ്രദായം ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്.

1920-നു മുമ്പ് കുണ്ടൂർ മൂലക്കലും ചക്കുങ്ങപ്പറമ്പിലും മതപഠനത്തിനു പ്രാധാന്യം നൽകി രണ്ടു നിലത്തെഴുത്ത് പാഠശാലകൾ നടത്തിയിരുന്നു. മതപഠനത്തിനു പുറമെ തർക്കം, മണിപ്രവാളം എന്നീ വിഷയങ്ങളും ഇവിടെ പഠിപ്പിച്ചിരുന്നു. പാറതി പണിക്കത്യാർ, കുഞ്ഞാമ പണിക്കത്യാർ മാതു പണിക്കത്യാർ എന്നിവർ ഇവിടെ പഠിപ്പിച്ചിരുന്നു.

ലാഗായിൽ മണ്ണാഞ്ചേരി കോയാജി എന്നയാളുടെ മാനേജ്മെന്റിൽ 1933-ൽ ആതൃശ്ശേരി മൂസ്സക്കുട്ടി മൊല്ലയുടെ പേരിൽ ഒരു സ്കൂൾ കുണ്ടൂരിൽ പ്രവർത്തിച്ചിരുന്നു. മതപഠനത്തിന് കാവുങ്ങൾ പാത്തുമ്മക്കുട്ടി നൽകിയ സ്ഥലത്താണ് ഇന്നത്തെ കുണ്ടൂർ നടുവീട്ടിൽ എ. എം. എൽ. പി. എസ്. പ്രവർത്തിക്കുന്നത്. അവിടുത്തെ ആദ്യത്തെ ഹെഡ്മാസ്റ്റർ ടി. ടി. അബ്ദുള്ള മാസ്റ്റർ ആയിരുന്നു. സി. ഉണ്ണീതു മാസ്റ്റർ തെയ്യാലിങ്ങൽ ചെട്ടിയാംവീട്ടിൽ ശേഖരൻ നായർ, പട്ടേരിക്കുന്നത്ത് കുഞ്ഞിമൊയ്തീൻകുട്ടി, പൂഴിക്കൽ നാരായണൻ നായർ, കുണ്ടൂരിൽ കാവുങ്ങൽ കുഞ്ഞഅഹമ്മദ് തുടങ്ങിയ മഹത്വ്യക്തികളും നന്നമ്പ്രയുടെ ആദ്യകാല വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് പ്രോത്സാഹനം നൽകിയവരാണ്.

ഒരു നൂറ്റാണ്ടോളം പഴക്കമുള്ളവയുമാണ് നന്നമ്പ്രയുടെ വിദ്യാഭ്യാസ ചരിത്രം. ഇന്നിവിടെ ഒരു ഹൈസ്കൂൾ ഉൾപ്പെടെ പന്ത്രണ്ടു വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളത്. ഇതിൽ രണ്ടു യു. പി. സ്കൂളും ഹൈസ്കൂളും മലപ്പുറം ജില്ലാരൂപീകരണത്തിനു ശേഷം തുടങ്ങിയവയാണ്.

പട്ടിക 1A
വിദ്യാർത്ഥികൾ- അധ്യാപകർ

No	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അധ്യാപകർ		
			ആൺ	പെൺ	ആകെ.	പുരു	സ്ത്രീ	ആകെ
1.	എസ്.എസ്.എം.എച്ച്.എസ്.തെയ്യാലിങ്ങൽ	എയിഡഡ്.	957	1026	1983	50	29	79
2.	എസ്.എൻ.യു.പി.എസ്.നന്നമ്പ്ര.	എയിഡഡ്.	798.	697.	1495.	16.	16.	32.
3.	സി.എച്ച്.എം.കെ.എം.യു.പി.എസ്. കുണ്ടൂർ.	എയിഡഡ്.	329.	303.	632.	8.	11.	19.
4.	പി.എം.എസ്.എ.എം.യു.പി.എസ്.ചെറുമുക്ക്.	എയിഡഡ്.	218.	184.	402.	6.	7.	13.
5.	ജി.എം.യു.പി.എസ്.കൊടിഞ്ഞി.	Govt.	633.	658.	1291.	18.	12.	30.
6.	ജി.എൽ.പി.എസ്. നന്നമ്പ്ര	Govt.	256	495	4	4		8
7.	ജി. എം. എൽ. പി. സ്കൂൾ ചെറുമുക്ക്	,,	379	337	716	5	12	17
8.	ജി. എം. എൽ. പി. സ്കൂൾ തിരുത്തി	,,	99	84	183	2	2	4
9.	എ. എം. എൽ. പി. എസ്. വെള്ളിയാമ്പുറം	എയിഡഡ്	305	281	586	5	10	15
10.	എ. എം. എൽ. പി. സ്കൂൾ പനക്കത്തായം	,,	243	208	451	6	8	14
11.	എ. എം. എൽ. പി. എസ്. കടുവള്ളൂർ.	,,	146	139	285	8	2	10
12.	എ. എം. എൽ. പി. എസ്. കുണ്ടൂർ നടുവീട്ടിൽ	,,	304	291	595	6	11	17
	ആകെ				8014	134	124	258

(അവലംബം : സെക്കണ്ടറി ഡാറ്റ)

1991ലെ സെൻസസ് അനുസരിച്ച് 30,308 ഓളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 12 വിദ്യാലയങ്ങളിലായി 8014 വിദ്യാർത്ഥികൾ പഠിക്കുന്നു. അധ്യാപകരുടെ എണ്ണം 258 ആണ്. ഇവയിൽ ഒരു ഹൈസ്കൂളും 3 യു. പി. സ്കൂളും 4 എൽ പി. സ്കൂളും സ്വകാര്യ മാനേജ്മെന്റുകളുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇതിൽതന്നെ കുണ്ടൂർ സി. എച്ച്. എം. കെ. എം. യു. പി. സ്കൂളിന്റെ മാനേജ്മെന്റ് ചില പ്രത്യേക കാരണങ്ങളാൽ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. ശേഷിക്കുന്ന ഒരു യു. പി. സ്കൂളും മൂന്ന് എൽ. പി. സ്കൂളുകളും ഗവ. മേഖലയിലാണ്. ഇവിടെ ജോലിചെയ്യുന്ന 258 അധ്യാപകരിൽ 22 പേർ തദ്ദേശ വാസികളാണ്. ശേഷിക്കുന്നവർ ദൂരസ്ഥലങ്ങളിൽനിന്ന് ഇവിടെ വന്ന് ജോലി ചെയ്യുന്നവരും, തദ്ദേശ വാസികളായ 11 അധ്യാപകർ പഞ്ചായത്തിന് വെളിയിൽ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ ഒരാൾ കോളേജ് അധ്യാപകനാണ്. മതപഠനത്തിന്റെ കാര്യം നോക്കുമ്പോൾ ഇവിടെ 27 മദ്രസ്സകൾ പ്രവർത്തിക്കുന്നു. അവിടെ പഠിക്കുന്നവരുടെ എണ്ണം 4309. അധ്യാപകർ 92മാണ്.

പട്ടിക 1(C)
പട്ടികജാതി / പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്

എൽ. പി			യു. പി			ഹൈസ്കൂൾ		
ആകെ	SC/ST	%	ആകെ	SC/ ST	%	ആകെ	SC/ST	%
3311	94	3%	3820	100	3%	1983	69	3

(അവലംബം : സെക്കണ്ടറി ഡാറ്റ)

ആകെ 9%

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തകർച്ചയെ കുറിച്ച് ഒട്ടേറെ നിർദ്ദേശങ്ങൾ ഗ്രാമ സഭകളിൽ പൊന്തിവന്നിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് ചെറിയ ഒരു ശതമാനം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്നുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാഭ്യാസ നിലവാര

പട്ടിക 1B
എൽ. പി. യു. പി. ഹൈസ്കൂൾ വിഭാഗത്തിലെ കുട്ടികളുടെ വിവരം.

ആകെ വിദ്യാർത്ഥികൾ	എൽ. പി.			യു. പി			ഹൈസ്കൂൾ		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
8104	1732	1579	48	1978	1842	48	957	1026	52

ആകെ 49.33%

(അവലംബം : സെക്കണ്ടറി ഡാറ്റ)

ത്തകർച്ചക്ക് മറ്റൊരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. വിദ്യാഭ്യാസമില്ലെങ്കിലും ഗൾഫിൽ പോകാമെന്ന വ്യാമോഹം പലരേയും പഠനത്തിൽനിന്ന് പിന്തിരിപ്പിക്കുന്നു.

പട്ടിക 1D

പഠനം നിർത്തിയവരുടെ കണക്ക്

Sc/St			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ഇല്ല	ഇല്ല	ഇല്ല	63	24	87

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളെ വിലയിരുത്തിയാൽ അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്തവയാണ്. പന്ത്രണ്ടിൽ ഒമ്പത് വിദ്യാലയങ്ങളും ഹൈസ്കൂളിലൊഴികെ മറ്റുവിദ്യാലയങ്ങളിലൊന്നും കളിസ്ഥലം ഇല്ല. മൂത്രപ്പുര ഇല്ലാത്ത വിദ്യാലയങ്ങളും ഉണ്ട്. ഈ പരിമിതമായ സൗകര്യങ്ങളിലും ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ദൂരെ സ്ഥലങ്ങളിലുള്ള അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ ആശ്രയിക്കുന്നത് 100ൽ താഴെ കുട്ടികളാണ്. ഒരു അൺ എയ്ഡഡ് മലയാളം മീഡിയം സ്കൂൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. (ഇസ്ലാമിക് സെന്റർ കൊടിഞ്ഞി) കുണ്ടൂർ മർക്കസ് ഇസ്ലാമിക് സ്കൂൾ എന്ന പേരിൽ ഒരു അൺ എയിഡഡ് മലയാളം മീഡിയം എൽ. പി. സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ വിജയ ശതമാനം കഴിഞ്ഞ അഞ്ചുവർഷത്തേക്ക് ശരാശരി 20% ആണ്. ഇവരിൽ നൂറോളം വിദ്യാർത്ഥികൾ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന് പോകുന്നുണ്ട്.

പട്ടിക II

ഉന്നത വിദ്യാഭ്യാസത്തിനായി മറ്റു സ്ഥലങ്ങളിലേക്ക് പോകുന്നവർ

പ്രീഡിഗ്രി +2	-	100
ഡിഗ്രി	-	50
ഐ. ടി. ഐ	-	15
എഞ്ചിനീയറിംഗ്	-	1
കമ്പ്യൂട്ടർ	-	8
മെഡിസിൻ	-	2

(അവലംബം : സെക്കണ്ടറി ഡാറ്റ)

സ്ഥലപരിമിതിയുടെ കാര്യത്തിൽ സർക്കാർ വിദ്യാലയങ്ങളുടെ സ്ഥിതി പരമ ദയനീയമാണ്. മൂന്ന് എൽ.പി.സ്കൂളുകളിൽ ഒന്നിന് 14 സെന്റും മറ്റൊന്നിന് 52 സെന്റ് സ്ഥലവുമാണ് സ്വന്തമായിട്ടുള്ളത്. ഒരു യി.പി.യും ഒരു എൽ.പി.യും വാടക കെട്ടിടത്തിലും താൽക്കാലിക ഷെഡ്ഡുകളിലുമാണ് പ്രവർത്തിക്കുന്നത്. ഇതിൽ തന്നെ നന്നമ്പ്ര ജി.എൽ.പി.സ്കൂളിന് ഇന്നുള്ള വാടക കെട്ടിടത്തിൽ 150 കുട്ടികൾക്ക് ഞെരുങ്ങി ഇരിക്കാനുള്ള സ്ഥലത്ത് 495-ഓളം വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ജി.എം.യു.പി. സ്കൂൾ കൊടിഞ്ഞിയുടെ സ്ഥിതിയും ഏതാണ്ട് ഇതുപോലെതന്നെ. 1291 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. സ്ഥലപരിമിതി മൂലം ഷിഫ്ട് സമ്പ്രദായത്തിലാണ് പ്രസ്തുത സ്കൂൾ പ്രവർത്തിക്കുന്നത്. ഈ രണ്ടു വിദ്യാലയങ്ങൾക്കും സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ഡി.പി.ഇ.പി. പദ്ധതി പ്രകാരം അനുവദിച്ച തുക പോലും ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത് മേൽപറഞ്ഞ രണ്ടു സ്കൂളുകൾക്കും സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന് സർക്കാർ നിയമനടപടികളുമായി മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ഇതിനു പൂർണ്ണമായും ബഹുജന പിന്തുണ പ്രതീക്ഷിക്കാം.

പട്ടിക V

ഭൗതിക സാഹചര്യങ്ങൾ.

നമ്പർ	സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	ആകെ അധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	എസ്.എസ്.എം.എച്ച്.എസ്.തയ്യാലിങ്ങൽ	1983	79	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല.
2.	എസ്.എൻ.യു.സ്കൂൾ നന്നമ്പ്ര	1495	32	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല.
3.	സി.എച്ച്.എം.കെ.എം.യു.പി.എസ് കുണ്ടൂർ	632	19	ഇല്ല	ഇല്ല	ഇല്ല	ഇല്ല.
4.	പി.എം.എസ്.എ.എം.യു.പി.എസ് ചെറുമുക്ക്	402	13	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല.
5.	ജി.എം.യു.പി.എ. സ് കൊടിഞ്ഞി	1291	30	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്.
6.	ജി.എൽ.പി.എസ് നന്നമ്പ്ര	495	8	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല.
7.	ജി.എം.എൽ.പി.എസ് ചെറുമുക്ക്	716	17	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്.
8.	എ.എം.എൽ.പി.എസ് വെള്ളിയാമ്പുറം	586	15	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല.
9.	എ.എം.എൽ.പി.എസ് പനക്കത്തായം	451	14	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല.
10.	എ.എം.എൽ.പി.എസ് കടുവളൂർ	285	10	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്.
11.	എ.എം.എൽ.പി.എസ് കുണ്ടൂർനടുവീട്ടിൽ	595	17	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്.
12.	ജി. എം. ൽ. പി എസ്. തിരുത്തി	183	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല.
13							

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ - അവ യ്ക്കുള്ള പരിഹാരങ്ങൾ - എന്നീ കാര്യങ്ങളിൽ ഓരോ ഗ്രാമ സഭയും വളരെ കണിശമായ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. അധ്യാപക നിയമനത്തിലെ കാലതാമസം, പുസ്തകങ്ങൾ സമയത്ത് ലഭിക്കായ്ക, ആൾ-പ്രമോഷൻ (ഒന്നാംതരം) ഡി.പി.ഇ.പി, ഉച്ചക്കഞ്ഞി, അധ്യാപകരുടെ സാമൂഹിക പ്രതി ബദ്ധത ഇല്ലായ്മ എന്നീ കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാ യിട്ടുണ്ട്. പി.ടി.എ, എം.പി.ടി.എ എന്നിവ മിക്ക സ്കൂളുക ളിലും നാമമാത്രമാണ്. ഉച്ചഭക്ഷണ പരിപാടിപോലുള്ള കാര്യ ങ്ങളെ ഇത് കാര്യമായി ബാധിക്കുന്നു. ഈ പഞ്ചായത്തിൽ ജി.എം.എൽ.പി.എസ് ചെറുമുക്കിലും, എ.എം.എൽ.പി.എസ് കടുവാളൂരിലും മാത്രമാണ് ഉച്ചഭക്ഷണം നൽകിവരുന്നത്. സ്കൂൾ അധികൃതർക്ക് ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ പറ്റില്ല എന്നാണ് ഗ്രാമസഭകളുടെ വിലയി രുത്തൽ. കുടിവെള്ള സൗകര്യം ഇല്ലാത്ത സ്കൂളുകളാണ് 12/5 ഉം.

നന്നമ്പ്ര പഞ്ചായത്തിൽ 22 അങ്കൺവാടികൾ പ്രവർത്തിക്കുന്നുണ്ട്. മിക്കതിനും സ്വന്തമായി കെട്ടിടമില്ല. പലതും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടക കൊടുക്കാൻ പോലും അധ്യാപകർ നന്നെ വിഷമിക്കുന്നു. തുഛവരുമാനക്കാരായ അങ്കൺവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ കാലോചിതമായ മാറ്റം വരു ത്തേണ്ടത് അനിവാര്യമാണ്. ജനസംഖ്യാനുപാതികമായി എട്ട് അങ്കൺവാടികൾ കൂടി ഈ പഞ്ചായത്തിന് ഇനിയും ലഭി ക്കേണ്ടതാണ്.

എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പു കൾ ലഭിക്കുന്ന കുട്ടികൾ ഈ പഞ്ചായത്തിലില്ല. എന്നാൽ എ.എം.എൽ.പി.സ്കൂൾ വെള്ളിയാമ്പുറത്ത് മുൻ ഹെഡ്മാ സ്റ്റർ പി.കേശവൻനായരുടെ പേരിൽ ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്യുന്നു. കൂടാതെ കൊടിഞ്ഞി മുസ്ലീം റിലീഫ് കമ്മിറ്റി ഏർപ്പെടുത്തിയ ഒരു ക്യാഷ് അവാർഡ് ആ പ്രദേ ശത്തെ വിദ്യാലയങ്ങളി സമർത്ഥരായ കുട്ടികൾക്ക് കൊടു ത്തുവരുന്നു. യു.എ.ഇ. കുണ്ടൂർ മുസ്ലീം ജമാഅത്ത് S.S.L.C തലത്തിൽ കുണ്ടൂർ മേഖലയിലെ കുട്ടികൾക്ക് മറ്റൊരു കേഷ വാർഡും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനും പുറമേ നന്നമ്പ്ര എസ്.എൻ.യൂപി.സ്കൂളിലെ മുൻ ഹെഡ്മാസ്റ്റർ പി. പത്മ നാഭൻനായർ സ്ഥാപക മാനേജർ കഞ്ഞുണ്ണിനായരുടെ പേരിലും ഒരവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളെക്കുറി ച്ചുള്ള സംക്ഷിപ്തരൂപമാണ് താഴെകൊടുക്കുന്നത്.

1.വാർഡ് III, IV, V,VIഎന്നിവിടങ്ങളിലെ വിദ്യാർത്ഥി കളുടെ പ്രൈമറി വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്ന വിദ്യാഭ്യാസസ്ഥാപനമായ നന്നമ്പ്ര ജി.എൽ.പി.സ്കൂളിന് ആവശ്യമായ സ്ഥലം സർക്കാർ അക്വെയർ ചെയ്യുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

2.ജി.എം.യൂ.പി.സ്കൂൾ കൊടിഞ്ഞിക്ക് ആവശ്യമായ സ്ഥലം സർക്കാർ നിയമ നടപടികളിലൂടെ ലഭ്യമാക്കുകയും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുക. VII, VIII, IX, X, XI, XII എന്നീ വാർഡിലെ മുഴുവൻ കുട്ടികളും അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നത് ഈ സ്ഥാപനത്തെയാണ്.

3. IV-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സി.എച്ച്.എം.കെ.എം.യു.പി. സ്കൂളിന്റെ മാനേജ്മെന്റ് അഞ്ചുവർഷത്തേക്ക് സർക്കാർ ഏറ്റെടുത്തിരിക്കുകയാ ണല്ലോ? ഇപ്പോൾ രണ്ടുമല്ലാത്ത അവസ്ഥയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ഈ ദുരവസ്ഥ മാറ്റുന്നതിനായി നഷ്ട പരിഹാരം കൊടുത്ത് സ്കൂൾ പൂർണ്ണമായും ഗവ. ഏറ്റെടു ക്കുക. അല്ലെങ്കിൽ സമീപ പ്രദേശത്ത് മാനേജ്മെന്റ് ഏറ്റെ ടുക്കാൻ തയ്യാറുള്ള കമ്മറ്റികളേയോ വ്യക്തികളേയോ ഏൽപ്പിക്കുക.

4. 1-ാം വാർഡിൽ കിഴക്ക് ആതിർക്കാട് പ്രദേശത്ത് ഒരു എൽ.പി.സ്കൂൾ ആരംഭിക്കുക. (ആവശ്യമായ സ്ഥലം സംഭാവനയായി കണ്ടെത്താവുന്നതാണ്.

5. തയ്യാലിങ്ങൽ എസ്.എസ്.എം.എച്ച്.എസ് നോട് അനുബന്ധിച്ച് +2 ആരംഭിക്കുക.

6.എ.എം.എൽ.പി.എസ് വെള്ളിയാമ്പുറം, എ. എം.എൽ. പി.എസ് കടുവാളൂർ, ജി.എം.എൽ.പി.എസ് ചെറു മുക്ക്, ജി.എം.എൽ.പി.എസ് തിരുത്തി ഇവ യു.പി.,സ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുക.

7. മുഴുവൻ എൽ.പി.സ്കൂളുകളോട് അനുബന്ധിച്ചും പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

8. പഞ്ചായത്തിൽ ഒരു പോളിടെക്നിക്, ഒരു ടി.ടി.ഐ, യുംആരംഭിക്കുക.

9. തയ്യാലിങ്ങൽ, വെള്ളിയാമ്പുറം, അത്താണിക്കൽ, ഫാറൂക്ക് നഗർ, ചെറുമുക്ക് പ്രദേശങ്ങളിൽ ഓരോ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

10. III, IV വാർഡിലെ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മൂലയ്ക്കൽ ഭാഗത്ത് ഒരു എൽ.പി.സ്കൂൾ ആരം ഭിക്കുക.

11. I,II,III,IV വാർഡുകളിലെ കുട്ടികൾക്ക് പ്രയോജന പ്പെടുന്ന രീതിയിൽ കുണ്ടൂർ അത്താണിക്കലിൽ ഒരു ഹൈസ്കൂൾ ആരംഭിക്കുക.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമസഭകളിൽ നിന്നും ഏതാനും ശ്രദ്ധേയമായ നിർദ്ദേശ ങ്ങൾ ഉയർന്നു വന്നത് ഇവിടെ സൂചിപ്പിക്കുകയാണ്.

1. പണം മുടക്കാതെ ഉള്ള സാഹചര്യങ്ങൾ ഉപയോ ഗിച്ച് സ്കൂൾ അന്തരീക്ഷം ആകർഷകമാക്കുക.

2. കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നീ ഘട കങ്ങളെ കൂട്ടിയിണക്കുന്ന വേദികളായ പി.ടി.എ., എം.പി.ടി.എ, ക്ലാസ് പി.ടി.എ എന്നിവ സജീവമാക്കുക.

3. സ്കൂൾ-കോംപ്ലക്സ് പ്രവർത്തനം കാര്യക്ഷമമാ ക്കുക.

4. ഉച്ചഭക്ഷണ പരിപാടി കുറ്റമറ്റതാക്കാൻ പഞ്ചായത്ത്

ഉച്ചഭക്ഷണ നിധി സ്വരൂപിക്കുക.

5. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ അധ്യാപകർ കൂടുതൽ ശ്രദ്ധിക്കുക. (ഉദാ:- സ്കൂൾ സാഹിത്യസമാജങ്ങൾ, സയൻസ് ക്ലബ്ബ്, വിജ്ഞാനോത്സവം, കിസ് പരിപാടികൾ)

6. പഞ്ചായത്തിലെ മോണിറ്ററിംഗ് കമ്മറ്റിയും, വാർഡുതല വിദ്യാഭ്യാസ വികസന സമിതിയും രൂപീകരിക്കുക.

a) പഞ്ചായത്തുതല മോണിറ്ററിംഗ് കമ്മറ്റിയുടെ ഘടന - ചെയർമാൻ,-ഗ്രാമപഞ്ചായത്തു പ്രസിഡന്റ് വൈസ് ചെയർമാൻ - പഞ്ചായത്തിലെ ഒരു പി.ടി.എ പ്രസിഡന്റ്. സെക്രട്ടറി - ലീഡ് സ്കൂൾ ഹെഡ്മാസ്റ്റർ അംഗങ്ങൾ - വാർഡു മെമ്പർ, അധ്യാപക സംഘടനാ പ്രതിനിധികൾ, മാതൃസംഗമ പ്രതിനിധി, മെഡിക്കൽ ഓഫീസർ തുടങ്ങിയവർ.

b) വിദ്യാലയ വികസന സമിതി- ഘടന

ചെയർമാൻ - വാർഡുമെമ്പർ

വൈ.ചെയർമാൻ - പി.ടി.എ. പ്രസിഡന്റ്

സെക്രട്ടറി - സ്കൂൾ ഹെഡ്മാസ്റ്റർ.

അംഗങ്ങൾ - സ്റ്റാഫ് സെക്രട്ടറി, സ്കൂൾ സീനിയർ അസിസ്റ്റന്റ്, കായികകലാ അധ്യാപകൻ, മാതൃസംഗമം പ്രതിനിധി.

7. മൂല്യനിർണ്ണയത്തിലെ അപാകതകൾ വിലയിരുത്തി പരിഹരിക്കുക.

8. സ്കൂൾ വാർഷികം നിർബ്ബന്ധമാക്കുക.

9. സ്കൂൾ അസംബ്ലി, കലാ-കായിക പരിശീലനം കാര്യക്ഷമമാക്കുക.

10. എൻ.സി.സി. ഇവ സ്കൗട്ട് ഇവയുടെ യൂണിറ്റ് സ്കൂളുകളിൽ ആരംഭിക്കുക.

11. കൈയെഴുത്ത് മാസിക, പഠന പര്യടനങ്ങൾ എന്നിവ സംഘടിപ്പിക്കുക, യൂണിഫോം ഏർപ്പെടുത്തുക.

12. സ്കൂളുകളിൽ പൂന്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക, പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കുക.

13. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന അമ്മമാർക്ക് സ്കൂൾ അടിസ്ഥാനത്തിൽ പ്രത്യേക ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

മേൽ പ്രസ്ഥാവിച്ച നിർദ്ദേശങ്ങൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തിയാൽ വിദ്യാഭ്യാസ രംഗത്ത് ഒരു മുന്നേറ്റം തന്നെ നടത്തുവാൻ നമുക്ക് സാധിക്കും.



നന്നമ്പ്ര 2-ാം വാർഡ് (ചെറുമുക്ക്) വിശേഷാൽ ഗ്രാമസഭയുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് അംഗം പി.പി. മുഹമ്മദ് കുട്ടി മാസ്റ്റർ നിർവഹിക്കുന്നു.

96 നവംബർ 1ലെ പുനരർപ്പണ ദിനത്തിൽ പത്താം വാർഡിലെ കൊടിഞ്ഞി-ആശാരിത്താഴം റോഡിന്റെ അറ്റകുറ്റ പണികളുടെ ഉദ്ഘാടനം പ്രസിഡണ്ട് ശ്രീമതി. ജമീല അബൂബക്കർ നിർവഹിക്കുന്നു.

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം:-

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് വെള്ളം. മനുഷ്യനെന്നുമാത്രമല്ല പക്ഷി മൃഗാദികൾക്കും വൃക്ഷലതാദികൾക്കും ഭൂമുഖത്തുള്ള സകല ജീവജാലങ്ങൾക്കും വെള്ളംകൂടിയേതീരൂ. ജല ദൗർലഭ്യത്തിന്റെ രൂക്ഷത വർദ്ദിക്കുന്തോറും വരൾച്ചയും ചൂടുകൂടുകയും കൃഷികളും സസ്യജാലങ്ങളും സകല ജീവജാലങ്ങളും ദാഹിച്ച് വലഞ്ഞ് ഒരു തുള്ളി വെള്ളത്തിനായി വേഴാമ്പിനെപോലെ കേഴേണ്ടിവരുന്നു.

പഞ്ചായത്തിലെ ആകെയുള്ള 12 വാർഡുകളിൽ പല ഭാഗത്തും രൂക്ഷമായ വിധത്തിലോ ചറിയ തോതിലോ കുടിവെള്ളക്ഷാമമുണ്ട്. 95% ജനങ്ങളും കുടിവള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. മൊത്തം 3115 സ്വകാര്യ കിണറുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇവയിൽ ഭൂരിഭാഗവും വേനൽ കാലത്ത് വറ്റിപ്പോകുന്നവയാണ്. നിലവിലുള്ള പല കിണറുകളിലും വേനൽകാലത്ത് വേണ്ടത്ര വെള്ളം ലഭ്യമല്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. അതിൽ രണ്ടെണ്ണത്തിൽ മാത്രമേ വൈദ്യുതി ഉപയോഗിച്ചുള്ള പമ്പിംഗ് സൗകര്യമുള്ളൂ. ഇതിൽതന്നെ കുണ്ടൂർ ഭാഗത്തുള്ള കുഴൽ കിണറിൽനിന്നും പമ്പിംഗ് സമയത്ത്മാത്രമേ വെള്ളം കിട്ടുകയുള്ളൂ. തികച്ചും അശാസ്ത്രീയമായ രീതിയിലുള്ള ജലമാനേജ്മെന്റ് മൂലം ജനങ്ങൾക്ക് ആവശ്യസമയങ്ങളിൽ വെള്ളം ലഭിക്കാത്തതിനാൽ വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. നന്നമ്പ്ര എം. എസ്. യൂപി. സ്കൂളിന് പരിസരത്തുള്ള കുഴൽ കിണറിൽനിന്നും പമ്പ് ചെയ്യുന്ന വെള്ളം തട്ടത്തലത്തുള്ള ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുന്നു. ഇതും തികച്ചും അശാസ്ത്രീയമായ രീതിയിലാണ്. തട്ടത്തലം പ്രദേശം ഉയർന്ന സ്ഥലമാണെങ്കിലും ഇവിടുത്തെ ജലസംഭരണി തറ നിരപ്പിൽതന്നെ പണിതീർത്തതായതിനാൽ തൊട്ടടുത്ത് താഴ്ന്ന പ്രദേശങ്ങളില്ലാതെ അൽപം അകലെയുള്ള രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളായ ചുള്ളിക്കുന്ന്, ചുലൻകുന്ന് എന്നീസ്ഥലങ്ങളിലേക്ക് ഇവിടെനിന്നും വെള്ളമെത്തിക്കുവാൻ നിർവ്വാഹമില്ല.

പഞ്ചായത്തിൽ മൊത്തത്തിൽ 78 പൊതു ടാപ്പുകൾ ഉണ്ടെങ്കിലും പലതും പ്രവർത്തന ക്ഷമമല്ല. പൈപ്പുകളും ടാപ്പുകളുമെല്ലാം പലഭാഗങ്ങളിലും കേടുവന്നവയും ലീക്കു ചെയ്യുന്നവയുമാണ്. അതിനാൽ വിതരണ സമയങ്ങളിൽ ജലനഷ്ടം സംഭവിക്കുന്നത് സാധാരണമാണ്. തട്ടത്തലത്തുള്ള ടാങ്കിന്റെ സംഭരണ ശേഷി കുറവായതിനാൽ അതിലെ വെള്ളം സമീപ പ്രദേശങ്ങളിൽപോലും വിതരണത്തിന് പര്യാപ്തമല്ല. ഇതാണ് പഞ്ചായത്തിൽ കുടിവെള്ള വിതരണ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ. പഞ്ചായത്തിൽ ആർക്കും വീടുകളിലേക്ക് പൈപ്പുവെള്ളമെത്തിക്കുവാനുള്ള സംവിധാനം ലഭ്യമല്ല.

പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുതസ്സുകളുടെ പട്ടിക താഴെ വിവരിക്കുന്നു.

പട്ടിക 1

കിണറുകൾ				കുഴൽ കിണറുകൾ		പൊതു ടാപ്പുകൾ
പൊതു കിണറുകൾ	വെള്ളമുള്ളത്	വെള്ളമില്ലാത്തത്	സ്വകാര്യ കിണറുകൾ	വെള്ളമുള്ളത്	വെള്ളമില്ലാത്തത്	
19 (പത്തൊൻപത്)	17 (പതിനേഴ്)	2 (രണ്ട്)	3115 (മുവ്വായിരത്തി ഒരുനൂറ്റി പതിനഞ്ച്)	4 പതിനാല്)	ഇല്ല	78 (എഴുപത്തിയെട്ട്)

(അവലംബം : സെക്കണ്ടറി ഡാറ്റ)

പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം കാരണം ഇവിടെ ജല ജന്യരോഗങ്ങളും പിടിപെടുന്നുണ്ട്. 1996 ജനുവരിമുതൽ 96 ഒക്ടോബർവരെ പഞ്ചായത്തിൽ കൊടിഞ്ഞിയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 42 ജലജന്യരോഗ ബാധിതർ ചികിത്സക്ക് വിധേയരായിട്ടുള്ളതായി ആശുപത്രി രേഖകളിൽ കാണുന്നു. മുൻവർഷങ്ങളിലും ഇത്തരം കേസുകൾ റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്.

കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും വാർഡുതലത്തിൽ താഴെ പട്ടികയിൽ വിവരിക്കുന്നു.

പട്ടിക 2

വാർഡു നമ്പർ	പ്രശ്ന മേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗം
1	വാർഡിലെ മിക്ക ഭാഗങ്ങളും ജലക്ഷാമമനുഭവിക്കുന്നു. അതൃക്കാട് ഭാഗത്ത് ജലക്ഷാമം കൂടുതലായനുഭവപ്പെടുന്നു.	അതൃക്കാട് ഭാഗത്ത് കിണറും ജലസംഭരണിയും നിർമ്മിച്ച് പൈപ്പുവഴി വാർഡിന്റെ ഭാഗങ്ങളിലേക്ക് ജലവിതരണം ചെയ്യാവുന്നതാണ്.
2	മംത്തിൽ ഇടവഴിമുതൽ നെച്ചിക്കാട് വരെ നീലങ്ങത്ത് മുതൽ പാറമ്മൽ വരെ, തൂപ്രന്റെ ഇടവഴിമുതൽ മാടമ്പത്ത് പറമ്പുവരെ, മംഗലക്കാട്ട് ഇടവഴിമുതൽ അമരേരിപ്പറമ്പ്വരെ.	, ആതൃക്കടെ ഭാഗത്ത് വലിയ ജലസംഭരണി സ്ഥാപിച്ച് ഒന്നാം വാർഡിലും രണ്ടാം വാർഡിലെ പ്രശ്ന സ്ഥലങ്ങളിലും മറ്റു ജലക്ഷാമമുള്ളിടങ്ങിളിലും വെള്ളം എത്തിക്കാവുന്നതാണ്.
3	കാഞഞ്ഞീരതോടുക, കാരേക്കാട് ഇടവഴി, കിഴങ്ങത്ത് പറമ്പ് പ്രദേശം, കാവുങ്ങൽത്താഴം ഇടവഴി, ഉള്ളിയേരിപറമ്പ് അയമുക്കപടി മുതലായ പ്രദേശങ്ങൾ	പഞ്ചയത്ത് ഓഫീസ് പരിസരത്ത് വലിയ ടാങ്ക് നിർമിച്ച് പൈപ്പിട്ട് ജലവിതരണം നടത്തുക.
4	യു, പി. സ്കൂൾ താടിക്കാരൻ പടി പ്രദേശം, കോമല്ലൂർ ഭാഗം, പാലങ്ങത്ത് പറമ്പ്, പൂഴിക്കൽ പറമ്പ്, കുടുക്കേങ്ങൾ പറമ്പ്, പരപ്പാറമൂല.	മൂന്നാം വർഡിൽ ഇപ്പോൾ നിലവിലുള്ള കുഴൽക്കിണറിൽനിന്നും നേരിട്ട് പമ്പ് ചെയ്യുന്ന രീതി മാറ്റി അവിടെ ടാങ്ക് നിർമ്മിച്ച് ടാങ്കിൽനിന്നും 3,4, വാർഡുകളിലെ ജലക്ഷാമമുള്ള സ്ഥലങ്ങളിലേക്ക് വിതരണം നടത്തുക.
5	തട്ടത്തലം കോളനിയും സമീപ പ്രദേശങ്ങളും ഹൈസ്കൂൾ പറമ്പ്, തൊട്ടിൽ പറമ്പ്, തറയിൽ പടി.	തട്ടത്തം ജസേചനസംഭരണിയുടെ സംഭരണശേഷിയും ഉയരവും കൂട്ടി 5-ാംവാർഡിലേയും സമീപ വാർഡുകളിലേയും ജലക്ഷാമമുള്ള സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യാവുന്നതാണ്.
6.	ചൂലൻകുന്ന് ഹരിജൻ കോളനി, കീരിയാട്ട് പുറായി, പടിഞ്ഞാറെകുന്നുമ്പുറം, വെന്തിച്ചാട്, ചെരണ്ടികുന്ന്, വെള്ളിയാംപുറം ടൗൺ പരിസരം, മദ്രസപ്പടിവഴി S. N. U. P. സ്കൂൾ റോഡിൽ ചാത്തങ്ങാട് ശ്രീകുറുമ്പക്ഷേത്രംവരെ.	വെള്ളിയാംപുറം കേന്ദ്രമാക്കി ഒരു മിനിവാട്ടർ സ്കീം നടപ്പിലാക്കുക, ചൂലൻകുന്ന് ഹരിജൻ കോളനിയിൽ ടാങ്ക് സ്ഥാപിച്ച് നിലവിലുള്ള പൊതു കിണറിൽനിന്നും പമ്പ് ചെയ്ത് ജലക്ഷാമമുള്ള സ്ഥലങ്ങളിലെത്തിക്കുക.
7.	ചുള്ളിക്കുന്ന്, പടാളിക്കുന്ന്, എളേടത്ത് റോഡ്ഏരിയ ചൂലക്കുന്ന് കിഴക്ക്ഭാഗം പ്രദേശങ്ങൾ.	തട്ടത്തലം ജലസംഭരണിയുടെ സംഭരണശേഷിയും ഉയരവും വർദ്ധിപ്പിച്ച് ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കൂടിവെള്ളം എത്തിക്കുക. ചൂലൻകുന്ന്ഭാഗത്ത് ടാങ്ക് നിർമ്മിച്ച് നിലവിലുള്ള പൊതുകിണർ വിസ്താരവും ആഴവും കൂട്ടി വെള്ളം പമ്പു ചെയ്ത് ഈ പ്രദേശങ്ങളിലെല്ലാം കൂടിവെള്ളം വിതരണം ചെയ്യാവുന്നതാണ്.
8.	ചുള്ളികുന്നിന്റെ വടക്കുഭാഗം, മങ്കടകുറ്റി മേൽഭാഗം, S.M.നഗർ ഭാഗം.	തട്ടത്തലം ടാങ്കിൽ നിന്നും കൊടിഞ്ഞിയിലേക്ക് പോകുന്ന ഭാഗം ചെവിടൻകുന്ന് ഭാഗത്ത് വെച്ച് പൈപ്പ് ലൈൻ ചുള്ളികുന്ന് വഴി മങ്കടകുറ്റിയിലേക്ക് നീട്ടുക.
9.	ലക്ഷം വീട് കോളനി പ്രദേശം.	കോറ്റത്തങ്ങാടി പ്രദേശത്തേക്ക് ടാങ്ക് നിർമ്മിച്ച് പൈപ്പിട്ട് വെള്ളം എത്തിക്കാവുന്നതാണ്.
10.	S.M. നഗർ, അൽ-അമീൻ നഗർ, മേലോട്ടിൽ ഭാഗം	വാർഡിലെ ഉയരമുള്ള കല്ലാപറമ്പ് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ജലം പമ്പ് ചെയ്ത് ഒപൈപ്പ് വഴി ജലക്ഷാമപ്രദേശങ്ങളിൽ എത്തിക്കുക.
11	പയ്യോളി, കാടൻകുന്ന്, കടുവാളൂർ പ്രദേശങ്ങൾ.	കുഴൽകിണറുകൾ സ്ഥാപിച്ച് പ്രസ്തുത സ്ഥലങ്ങളിൽ ജലം ലഭ്യമാക്കുക.

12.	ഇല്ലത്ത്പറമ്പ്, പുളിക്കലകത്ത് പറമ്പ്,പ്രദേശങ്ങൾ.	കോറ്റത്ത് കിണറും ടാങ്കും സ്ഥാപിച്ച് ഇവിടെയും മറ്റു സമീപ പ്രശ്നമേഖലകളിലും ജലവിതരണം നടത്താവുന്നതാണ്.

വാർഡ് തലത്തിലുള്ള ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞ ഓരോ വീരിഡിലേയും ജലക്ഷാമ മേഖലകളും അതിന് വാർഡുകളിലെ തദ്ദേശവാസികൾ നിർദ്ദേശിക്കുന്ന പരിഹാരമാർഗങ്ങളുമാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ഇതിൽനിന്നും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രൂക്ഷമായോ ചെറിയ തോതിലോ കുടിവെള്ളക്ഷാമമുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്.

കുടിവെള്ളക്ഷാമ പ്രശ്നത്തിന് പഞ്ചായത്തുതലത്തിലുള്ള പരിഹാരമാർഗങ്ങളും നിർദ്ദേശങ്ങളും താഴെ വിവരിക്കുന്നു. കുടിവെള്ള ക്ഷാമം തീർത്തും പരിഹരിക്കുവാൻ ദീർഘവീക്ഷണത്തോടുകൂടിയ ശാശ്വതവും കാര്യക്ഷമവുമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. പ്രാദേശിക തലത്തിൽ അശാസ്ത്രീയവും കാര്യക്ഷമമല്ലാത്തതുമായ ചില ചെറിയ പദ്ധതികൾ മാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളൂ. ഇതുകാരണം പഞ്ചായത്തിലെ ഭൂരിഭക്ഷംപേരും ഇപ്പോഴും കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്. പ്രത്യേകിച്ചും വേനൽകാലങ്ങളിൽ കുടിവെള്ളത്തിനായി കിലോമീറ്ററുകൾ സഞ്ചരിക്കേണ്ട ഗതികേടിലാണ് മിക്ക വീട്ടമ്മമാർക്കുമുള്ളത്.

ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയിൽ പഞ്ചായത്ത് തലത്തിൽ മേഖലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. മേഖലാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികളും മറ്റു നിർദ്ദേശങ്ങളും താഴെ വിവരിക്കുന്നു.

1. ചൂലൻകുന്ന് പദ്ധതി:-

ചൂലൻകുന്നിൽ അടിയാട്ട് താഴത്ത് നിലവിലുള്ള പൊതുകിണർ വിസ്താരവും ആഴവും കൂട്ടി ചൂലൻകുന്നിന്റെ മുകളിൽ നല്ല ഉയരത്തിൽ ടാങ്ക് നിർമ്മിച്ച് 6,7, വാർഡുകളിൽ രൂക്ഷമായ ജലക്ഷാമമുള്ള ചൂലൻകുന്ന് പ്രദേശം, വെള്ളിയാംപുറം, ചെരണ്ടിക്കുന്ന്, ചാത്തങ്ങാട്, വെന്തിച്ചാട്, കീരിയാട്ടുപുറായി, പടിഞ്ഞാറെകുന്നുംപുറം, പടാളിക്കുന്ന് എന്നിവിടങ്ങളിലേക്കും പരിസരപ്രദേശങ്ങളിലേക്കും പൈപ്പ്ലൈനിട്ട് കുടിവെള്ളമെത്തിക്കുക.

2. തട്ടത്തലം പദ്ധതി:-

തട്ടത്തലത്ത് നിലവിലുള്ള ജലസംഭരണി വിസ്താരം കുറഞ്ഞതും ഭൂനിരപ്പിൽതന്നെ തീർത്തതുമായതിനാൽ ഇതിലെ വെള്ളം തൊട്ടടുത്ത പ്രദേശങ്ങളിൽ മാത്രമേ കിട്ടുന്നുള്ളൂ. 5,7,8 വാർഡുകളിലെ ജലദൗർലഭ്യമുള്ള പ്രദേശങ്ങളായ ചുള്ളിക്കുന്ന്, പടാളിക്കുന്ന്, ചുള്ളിക്കുന്നിന്റെ വടക്കുഭാഗം, എളേടത്ത് റോഡ് ഏരിയ, ചൂലൻകുന്ന്, മങ്കടക്കുറ്റി മേൽഭാഗം, S.M.നഗർ, തട്ടത്തലം ഹരിജൻകോളനി തുടങ്ങിയ ഭാഗങ്ങളിലേക്കും പരിസരപ്രദേശങ്ങളിലേക്കും ഈ പദ്ധതിയുടെ പ്രയോജനം കിട്ടാനായി ജലസംഭരണിയുടെ ഉയരവും വിസ്തൃതിയും കൂട്ടുകയും കേടുവന്ന പൈപ്പുലൈനുകൾ മാറ്റുകയും പുതിയവസ്ഥാപിക്കുകയും താഴ്ചയുള്ള പ്രദേശമായ കൊടിഞ്ഞി ഭാഗത്തേക്കു പോകുന്ന പൈപ്പ്ലൈൻ ചെവിടൻകുന്ന് ഭാഗത്ത് വെച്ച് കട്ട് ചെയ്യുകയും ചെയ്യുക. എന്നാൽ മുകളിൽ പറഞ്ഞ എല്ലാ സ്ഥലങ്ങളിലേക്കും ഇവിടെ നിന്ന് പൈപ്പ് ലൈൻ വഴി വെള്ളമെത്തിക്കാൻ കഴിയുന്നതാണ്.

3. കുണ്ടൂർ പദ്ധതി:-

1,2,3,4 വാർഡുകളിൽ ആവശ്യമായ കുടിവെള്ളം ലഭ്യമാക്കുവാൻ ആതൃക്കാട് ഭാഗത്തോ പഞ്ചായത്താപ്പീസ് പരിസരത്തോ ആവശ്യാനുസരണം വെള്ളം കിട്ടുന്ന സ്ഥലങ്ങളിലോ വിസ്താരവും ആഴമുള്ള കിണറും കൂടുതൽ ഉയരവും വിസ്തൃതിയുമുള്ള സംഭരണിയും സ്ഥാപിച്ച് വാർഡുകളിൽ ജലദൗർലഭ്യമുള്ള പ്രദേശങ്ങളായ 1-ാം വാർഡിലെ മിക്ക പ്രദേശങ്ങളിലേക്കും 2-ാം വാർഡിലെ മഠത്തിലെ ഇടവഴി മുതൽ നെല്ലിക്കാട് വരെയും, നീലങ്ങത്ത് മുതൽ പാറമ്മൽ വരെയും, തൂപ്രന്റെ ഇടവഴി മുതൽ മാമ്പറ്റ വരെയും, 3-ാം വാർഡിലെ കാഞ്ഞീരതൊടിക, കരയക്കാട്, മൂലക്കൽ, അയമുക്കപ്പടി പ്രദേശങ്ങളിലേക്കും, 4-ാം വാർഡിലെ യു.പി.സ്കൂൾ താടിക്കാരൻപടി പ്രദേശം, കോമല്ലൂർ ഭാഗം, പാലങ്ങത്ത് പറമ്പ്, പൂഴിക്കൽ പറമ്പ്, കുടുക്കേങ്ങൽ പറമ്പ്, പരപ്പാരമൂല എന്നീ പ്രദേശങ്ങളിലേക്കും വാർഡുകളിൽ ജലദൗർലഭ്യമുള്ള മറ്റു ഭാഗങ്ങളിലേക്കും പൈപ്പ് വഴി വെള്ളം എത്തിക്കാവുന്നതാണ്.

4. കൊടിഞ്ഞി പദ്ധതി:-

കോറ്റത്ത് വിസ്താരവും ആഴവുമുള്ള കിണറും ഉയരവും വിസ്തൃതിയുമുള്ള ജലസംഭരണിയും നിർമ്മിച്ച് 8,9,10,11,12 വാർഡുകളിൽ ജലക്ഷാമമുള്ള പ്രദേശങ്ങളായ ചുള്ളിക്കുന്നിന്റെ വടക്കു ഭാഗം, മങ്കടക്കുറ്റി മേൽഭാഗം, S.M.നഗർ, മേലാട്ടിൽ ഭാഗം, ലക്ഷംവീട് കോളനി, അൽ-അമീൻ നഗർ, മേലാട്ടിൽ ഭാഗം, പയ്യോളി, കാടൻകുന്ന്, ചെറുപാറ, കടുവാളൂർ, ഇല്ലത്ത് പറമ്പ് എന്നീ പ്രദേശങ്ങളിലും ജലക്ഷാമമുള്ള മറ്റു സ്ഥലങ്ങളിലും പൈപ്പുകളിട്ട് വെള്ളമെത്തിച്ച് 8,9 ,10,11,12 വാർഡുകളിലെ ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാവുന്നതാണ്.

ഇതിന് പുറമേ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ആവശ്യമായിവരുന്ന സ്ഥലങ്ങളിൽ പൊതുകിണറുകളോ കുഴൽകിണറുകളോ കുഴിച്ച് പരിസരവാസികളുടെ കുടിവെള്ളക്ഷാമം തീർക്കാവുന്നതാണ്. സാമ്പത്തിക ശേഷിയില്ലാത്ത വ്യക്തികൾക്ക് തങ്ങളുടെ പുരയിടങ്ങളിൽ കിണറുകൾ കുഴിക്കുവാൻ പഞ്ചായത്തിൽനിന്നും സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കൂടാതെ ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ

കുഴിച്ചും വരമ്പുകളിട്ടും മഴവെള്ളസംഭരണം വർദ്ധിപ്പിക്കുകയും തോടുകൾ വികസിപ്പിച്ച് തടയണകൾ കെട്ടി വെള്ളം കെട്ടിനിർത്തുകയും ചെയ്യാവുന്നതാണ്. മഴവെള്ള സംഭരണത്തിന്നായി പൊട്ടക്കിണറുകൾ, തൂർന്നുപോയ കുളങ്ങൾ എന്നിവ കിളച്ച് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ വക കാര്യങ്ങൾ ബോധവൽക്കരണത്തിലൂടെ ജനങ്ങളെ മനസ്സിലാക്കാനും പഠിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കാവുന്നതാണ്.

മുകളിൽ പരാമർശിച്ച എല്ലാ നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും പദ്ധതികളും സമയബന്ധിതമായി കാര്യക്ഷമതയോടെ നടപ്പിലാക്കുകയും കാലാകാലങ്ങളിൽ ആവശ്യമായിവരുന്ന മറ്റു പദ്ധതികളും അറ്റകുറ്റ പണികളും യഥോചിതം ചെയ്തുതീർക്കുകയും ചെയ്താൽ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയും.

ആരോഗ്യം:-

കേരളത്തിലെ മറ്റെല്ലാ പ്രദേശങ്ങളെയും പോലെ നമ്മുടെ പഞ്ചായത്തും മുൻകാലങ്ങളിൽ പരമ്പരാഗതമായ നാട്ടുചികിത്സയെയാണ് ആശ്രയിച്ചിരുന്നത്. തലമുറ തലമുറയായി കൈമാറി വന്ന വൈദിക വിജ്ഞാനം മാത്രമായിരുന്നു നാട്ടുകാരുടെ രോഗങ്ങൾക്കുള്ള പ്രതിവിധി, അന്ധവിശ്വാസവും കൂടി കലർന്ന അന്നത്തെ ചികിത്സാരീതിയിൽ ``ഭാഗ്യമുണ്ടെങ്കിൽ രക്ഷപ്പെട്ടു" എന്ന രീതിയായിരുന്നു. പൊതുവെ കാണപ്പെട്ടിരുന്നത്. എന്തൊക്കെയായാലും ആത്മാർപ്പണത്തോടെയുള്ള വൈദിക ചികിത്സാപദ്ധതി ആയിരുന്നു അന്ന്. രോഗിയെ ഓപ്പറേഷൻ ടേബിളിൽ കിടത്തി കാശുചോദിക്കുന്ന രീതി അന്നുണ്ടായിരുന്നില്ല. വൈദ്യവൃത്തി നിത്യവൃത്തിക്കുള്ള ആധുനിക മാർഗ്ഗത്തിലുപരി ഈശ്വരസേവയായിരുന്നു ജനസേവനമായിരുന്നു.

കാലംമാറി ആധുനിക വൈദ്യശാസ്ത്രം മനുഷ്യശരീരത്തിന്റെ സ്പെയർ പാർട്സ് കച്ചവടം ആരംഭിച്ചിരിക്കുന്ന കാലഘട്ടമാണിത്. യന്ത്രങ്ങൾ മാറ്റിവെയ്ക്കുന്ന ലാഘവത്തോടെ മനുഷ്യശരീരഭാഗങ്ങൾ ഇന്ന് മാറ്റിവെയ്ക്കുന്നു. എന്നിട്ടും നമ്മുടെ പഞ്ചായത്തിലുള്ളവർക്ക് കയ്യെത്തുന്ന അകലത്തിൽ വൈദ്യസഹായം ലഭ്യമാകണമെങ്കിൽ പഴയ പാരമ്പര്യവൈദ്യരെത്തന്നെ ശരണം പ്രാപിക്കണമെന്നതാണ് അവസ്ഥ.

നന്നമ്പ്ര പഞ്ചായത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി പ്രവർത്തിക്കുന്ന മെഡിക്കൽ കേന്ദ്രങ്ങളുടെ കഥ നോക്കുക.

ആരോഗ്യസൗകര്യങ്ങൾ

പട്ടിക 1.

നമ്പർ	സ്ഥാപന വിവരം	വിഭാഗം	കെട്ടിടം	വാർഡ്	സ്ഥാപനവർഷം	ജീവനക്കാരുടെ എണ്ണം	I.P ഉണ്ടോ?
1.	പ്രാഥമികാരോഗ്യകേന്ദ്രം നന്നമ്പ്ര.	അലോപ്പതി	സ്വന്തം	9	1972	18	ഇല്ല.
2.	സർക്കാർ ആയുർവേദ ഡിസ്പെൻസറി തയ്യാലിങ്ങൽ	ആയുർവേദം	വാടക കെട്ടിടം	6	1971	3	ഇല്ല.
3.	ഡാക്ക നഴ്സിങ്ങ് ഹോം. കുണ്ടൂർ (പ്രൈവറ്റ്)	അലോപ്പത	സ്വന്തം	4		4	ഉണ്ട്.

(അവലംബം : സെക്കണ്ടറി ഡാറ്റ)

നന്നമ്പ്ര പഞ്ചായത്തിൽ ആകെയുള്ള വൈദ്യശുശ്രൂഷാ കേന്ദ്രങ്ങളാണിവ. ഇതുകൂടാതെ തയ്യാലിങ്ങൽ ഒരു പ്രൈവറ്റ് ഡോക്ടറുടെ സേവനം ലഭ്യമാണ്. ചെറുമുക്കിൽ ഒരു ഡോക്ടർ ആഴ്ചയിൽ ഒരു ദിവസം 1-ാം വാർഡിലും. ഒരു ഡോക്ടർ മൂലക്കലും വിസിറ്റ് ചെയ്യുന്നു. കടുവാളൂരിൽ ഒരു സബ്സെന്റർ ഉണ്ട്. തയ്യാലിങ്ങലും കൊടിഞ്ഞിയിലും ഓരോ മെഡിക്കൽ ഷോപ്പുകൾ ഉണ്ട്.

അതുകൂടാതെ കുറെ സ്വകാര്യ ആയുർവേദ വൈദ്യന്മാർ പരമ്പരാഗത ചികിത്സ നടത്തുന്നു. സന്തോഷ് ഫാർമസി, കോട്ടക്കൽ ആര്യവൈദ്യശാല, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവരുടെ ഡിപ്പോകളും ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. നമ്മുടെ നാട്ടിൽ രോഗങ്ങളും രോഗികളും ഇല്ലാത്തത് കൊണ്ടല്ല ഈ അവസ്ഥ. ഇവിടെ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട രോഗങ്ങളുടെ അവസ്ഥ ശ്രദ്ധിക്കുക.

പട്ടിക 2

ജലജന്യരോഗങ്ങൾ.	42
വായുജന്യരോഗങ്ങൾ.	10
പ്രാണിജന്യരോഗങ്ങൾ.	132
മറ്റുള്ളവ.	12938.

കൂടാതെ താഴെ കാണുന്ന രോഗങ്ങളും റിപ്പോർട്ടിൽ കാണുന്നുണ്ട്.

പട്ടിക. 3

രക്തസമ്മർദ്ദം -	802
പ്രമേഹം -	146
കാൻസർ -	13
കുഷ്ഠം -	8
ക്ഷയം -	6
ഹൃദ്രോഗം. -	28

നന്നമ്പ്രയിലെ ചികിത്സാ കേന്ദ്രങ്ങളിൽ നിന്ന് ലഭ്യമായതാണിത്. എന്നാൽ ഇതിലുമെത്രയോ അധികമാണ് ഈ പ്രദേശത്തുനിന്ന് പുറത്ത് ചികിത്സയ്ക്കു പോകുന്നവരുടെ കണക്ക് ഇവിടെയുള്ള ആരോഗ്യകേന്ദ്രങ്ങളുടെ അപര്യാപ്തത കാരണം തൊട്ടടുത്ത ചെമ്മാട്, വെന്നിയൂർ, താനൂർ, തിരൂർ തുടങ്ങിയ പ്രദേശങ്ങളെയാണീ നാട്ടുകാർ കൂടുതലായി ആശ്രയിക്കുന്നത്. ഇതിന് പരിഹാരം ഉണ്ടായേ പറ്റൂ. 9-ാം പദ്ധതിയിൽ സുവ്യക്തവും പ്രായോഗികവും ആയ രീതിയിൽ ഇതിന് പരിഹാരം കണ്ടെത്തണം.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ എല്ലാ വാർഡിൽ നിന്നും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും സബ് സെന്റ്റുകളും വേണമെന്ന് ആവശ്യം ഉന്നയിച്ചതായി കാണുന്നുണ്ട്. നന്നമ്പ്ര പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല. നിലവിലുള്ള നന്നമ്പ്ര P.H. സെന്റർ പ്രാരാബ്ധങ്ങൾ നിറഞ്ഞതാണ്. നന്നമ്പ്ര കൊടിഞ്ഞിയിൽ സ്ഥിതി ചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് പത്ത് വർഷം മുമ്പ് നാട്ടുകാരുടെ പരിശ്രമഫലമായി രണ്ട് ലക്ഷം രൂപ ചെലവിൽ പത്ത് കിടക്കകളുള്ള ഒരു പുതിയ കെട്ടിടം നിർമ്മിച്ച് ഗവൺമെന്റിനെ ഏൽപ്പിക്കുകയുണ്ടായി എന്നാൽ കെട്ടിടത്തിന്റെ ഉദ്ഘാടനം നടന്നെങ്കിലും പിന്നീട് ചിലസാങ്കേതിക കാര്യങ്ങൾ പറഞ്ഞ് രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഉപോയഗ രഹിതമായി കിടക്കുന്ന പ്രസ്തുത കെട്ടിടത്തിലെ ഫർണിച്ചറുകളും മറ്റ് സാമഗ്രികളും നശിച്ചുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ മറ്റൊരു ചികിത്സാകേന്ദ്രമായ ഗവ: ആയുർവേദ ഡിസ്പെൻസറിയുടെ സ്ഥിതിയും മറിച്ചല്ല. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല വേണ്ടത്ര സ്റ്റാഫുമില്ല. നൂറ് കണക്കിന് രോഗികൾ ചികിത്സക്കായി പ്രതിദിനം ആശ്രയിക്കുന്ന ഒരു സ്ഥാപനമാണീ ഡിസ്പെൻസറി.

ആയുർവേദ ഡിസ്പെൻസറിയുടെ സ്ഥിതിവിവരം കാണിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

പട്ടിക -3.

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം, സ്വഭാവം	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1.	ഗവ: ആയുർവേദ ഡിസ്പെൻസറി തയ്യാലിങ്ങൽ		വാടക	3	ദിനേന 150 നും 200നും ഇടയിൽ രോഗികൾ ചികിത്സ തേടിയെത്തുന്നു. ഫാർമസിസ്റ്റ് ഇല്ലാത്തത് സുഗമമായ പ്രവർത്തനത്തിന് പ്രയാസമുണ്ടാക്കുന്നു. മരുന്ന് നിർമ്മാണത്തിനാവശ്യമായ അടുക്കള പാത്രങ്ങൾ ഇല്ല.

I നന്നമ്പ്ര പഞ്ചായതത്തിലെ ആരോഗ്യ മേഖല മെച്ചപ്പെടുത്താൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. നന്നമ്പ്ര പഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രം വികസിപ്പിക്കണം. ഇൻ പേഷ്യന്റ് സംവിധാനം നിർബന്ധമായും ഉണ്ടാക്കണം. മെഡിക്കൽ, സർജിക്കൽ, പീഡിയാട്രിക്, E.N.T ഗൈനക്കോളജി എന്നീ ശാഖകളിൽ അടിയന്തിരമായും ഡോക്ടർമാരെ നിയമിക്കണം.

2. ചെറുമുക്ക്, കുണ്ടൂർ, തയ്യാലിങ്ങൽ, വെള്ളിയാംപുറം, പറക്കാട്ടുകുളങ്ങര, തിരുത്തി, കടുവാളൂർ, കാളൻതിരുത്തി എന്നീ ഭാഗങ്ങളിൽ നിർബന്ധമായും ഹെൽത്ത് സബ് സെന്റർ തുറക്കണം.

3. ഈ കേന്ദ്രങ്ങളിൽ ഗൈനക്കോളജി പരിചയമുള്ള ഓരോ മിഡ്വൈഫുമാരെ നിയമിക്കണം.

4. പഞ്ചായത്ത് ഡിസ്പെൻസറിയിലെ ഡോക്ടർ ഒന്നിടവിട്ട് സബ്സെന്റ്റുകളിൽ വിസിറ്റ് ചെയ്യണം. ഒന്നാം വാർഡിലെയും മൂന്നാം വാർഡിലെയും കുടിവെള്ളം അടി

യന്തിരമായി എത്തിക്കണം.

5. ആവശ്യമായ മരുന്നും സ്റ്റാഫും അനുവദിക്കണം.

6. ഡിസ്പെൻസറികളിൽ കുടുംബാസൂത്രണ സംവിധാനം നിർബന്ധമായും ഉണ്ടായിരിക്കണം.

7. ഗവ: ആയുർവേദ ഡിസ്പെൻസറി ആശുപത്രിയെത്തുവാനാവശ്യമായ സ്ഥലം കണ്ടെത്തുവാനും കെട്ടിടം നിർമ്മിക്കുവാനും ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുക.

8. സ്ഥാപനം ആശുപത്രിയാക്കി ഉയർത്തുന്നതോടൊപ്പം പ്രത്യേക ചികിത്സാവിഭാഗങ്ങൾ (സ്ത്രീ, ബാലരോഗചികിത്സ, പഞ്ചകർമ്മം, മർമ്മം, നേത്രം, വിഷം, സിദ്ധം, പ്രകൃതി ചികിത്സ, യൂനാനി എന്നിവ ആരംഭിക്കാൻ നടപടിയുണ്ടാവുക.

9. ഔഷധച്ചെടിത്തോട്ടം ആയുർവേദ ചികിത്സയുടെ പ്രാധാന്യവും ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ സംവിധാനം കണ്ടെത്തുകയും ചെയ്യുക.

10. ആയുർവേദ ഡിസ്പെൻസറിയിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കുവാനും ചികിത്സാ സൗകര്യങ്ങളൊരുക്കുവാൻ വേണ്ട ഉപകരണങ്ങളും പാത്രങ്ങളും ലഭ്യമാക്കുക.

II രോഗപ്രതിരോധം:-

1. പോളിയോ D.P.T, B.C.G എന്നീ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ സംവിധാനം ഉണ്ടാക്കണം.

2. സന്നദ്ധ സേവനം സംഘടിപ്പിച്ച് രോഗപ്രതിരോധ പരിപാടിക്കായുള്ള ബോധവൽക്കരണം നടത്തണം.

3. രോഗങ്ങളെപ്പറ്റിയും രോഗനിവാരണമാർഗ്ഗങ്ങളെപറ്റിയും സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കണം.

4. രോഗങ്ങൾക്കെതിരായ മുൻകരുതലുകൾ ഏതൊക്കെയെന്ന് പ്രചരിപ്പിക്കണം. കാൻസർരോഗപഠനം, പുകയിലവർജ്ജനം, മദ്യനിരോധനം, പുകവലി നിർമ്മാർജ്ജനം, ശുചിത്വ പരിപാലനം, ഭക്ഷണക്രമീകരണം, ലൈംഗികസംയമനം എന്നിവയിലൂടെ രോഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണം ജനങ്ങൾക്കു നൽകണം.

III കക്കൂസ് ഉപയോഗം:-

സാമൂഹ്യക്ഷേമ പരിപാടികളിൽ കക്കൂസിന്റെ വ്യാപകമായ നിർമ്മാണം വഴി ആ രംഗം കാര്യക്ഷമമാക്കാൻ വേണ്ടത് ചെയ്യണം. കക്കൂസുകളുടെ അഭാവത്തിന്റെ പ്രധാന കാരണം പ്രധാനമായും സാമ്പത്തിക പരാധീനതയാണെന്നു കാണുന്നു. അതിനുപരിഹാരം കണ്ടെത്തണം.

IV പരിസര ശുചിത്വം.പരിസര മലിനീകരണം തടയൽ:-

ഈ വിഷയം അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കണം. ആയതിലേക്കായി താഴെ കാണുന്ന നിർദ്ദേശങ്ങൾ ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്.

1. വീടും പരിസരവും ശുചിയാക്കി വെയ്ക്കേണ്ടുന്നതിന്റെ ആവശ്യകത അങ്കൻവാടി, മഹിളാസമാജങ്ങൾ, ക്ലബ്ബുകൾ, സ്കൂൾസാഹിത്യസമാജങ്ങൾ എന്നിവയിലെ പ്രധാന ചർച്ചാ വിഷയമാക്കുക, ഈ യോഗങ്ങളിൽ ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കുക.

2. വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളും ഓടകളും തിരിച്ചറിഞ്ഞ് കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടത്തുക.

3. നല്ല ആരോഗ്യശീലങ്ങൾ സ്കൂളിൽ നിർബന്ധമാക്കുകയും വീട്ടിൽ അവ പാലിക്കപ്പെടുന്നുണ്ടെന്നും ഉറപ്പാക്കുക.

4. അറവുശാലകളിലെ അവിശിഷ്ടങ്ങൾ, മത്സ്യമാർക്കറ്റുകളിലെ അവശിഷ്ടങ്ങൾ എന്നിവ വെളിയിൽ അലക്ഷ്യമായി തള്ളുന്നതിന് വിലക്ക് ഏർപ്പെടുത്തുക, ശാസ്ത്രീയമായി സംസ്കരിക്കുക.

5. ചപ്പുചവറുകൾ നിർദ്ദിഷ്ട ചവറ്റുകുട്ടകളിൽ നിക്ഷേപിക്കാൻ നിർബന്ധിക്കുക. അനുസരിക്കാത്തവരെ നിർദ്ദാക്ഷിണ്യം ശിക്ഷക്ക് വിധേയരാക്കുക.

6. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിശേഷിച്ച് പ്ലാസ്റ്റിക് സഞ്ചികൾ അലക്ഷ്യമായി വലിച്ചെറിയുന്ന പ്രവണതക്കെതിരെ ബോധവൽക്കരണം നടത്തുക. അവ കൂട്ടിവെച്ച് വിൽക്കുകയോ നശിപ്പിക്കുകയോചെയ്യുക.

7. കീടനാശിനികളുടേയും രാസവളങ്ങളുടോയും അശാസ്ത്രീയവും അമിതവുമായ ഉപയോഗം നിയന്ത്രിക്കുക.

8. മായം ചേർത്തതാണെന്ന് സംശയമുള്ള ഭക്ഷണ പദാർത്ഥങ്ങൾ പരിശോധിപ്പിക്കുക. കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുമെന്ന് ഉറപ്പാക്കുക.

9. വിദ്യാലയങ്ങൾക്കരികിലും പൊതുസ്ഥലങ്ങളിലും നിരോധിക്കപ്പെട്ടതും ഗുണനിലവാരം ഇല്ലാത്തതുമായ മിഠായികളും ശീതള പാനീയങ്ങളും നിരോധിക്കുക.

10. ചവറ്റു കുട്ടയിലെ ചവറുകൾ നിറയുന്നതിനുനുസരിച്ച് നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക.

11. പഞ്ചായത്തിലെ അങ്ങാടികൾ ആഴ്ചയിലൊരിക്കലെങ്കിലും ശുചീകരണപ്രവർത്തനങ്ങൽ നടത്തുക.

12. ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം നിർബന്ധമായും ഉപയോഗിക്കണം. ഹോട്ടലുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ പരിശോധിക്കണം. പഴകിയ ഭക്ഷണ സാധനങ്ങൾ, മത്സ്യം, മാംസം എന്നിവയുടെ വില്പന നിർബന്ധമായും തടയുക.

V വിദ്യാലയ ഹെൽത്ത് കാർഡ് സംവിധാനം.

വിദ്യാലയങ്ങളിലെ കുട്ടികളെ വിദഗ്ദ ഡോക്ടറുടെ നേതൃത്വത്തിൽ പരിശോധിച്ച് ഹെൽത്ത്കാർഡ് നൽകണം. പ്രശ്നമുള്ളവരെ വിശദ പരിശോധനക്ക് വിധേയരാക്കണം. വേണ്ടിവന്നാൽ സൂപ്പർ വിദഗ്ദ ചികിത്സ ഉറപ്പാക്കണം.

VI പാരമ്പര്യവൈദ്യ മേഖല

പണ്ടുപണ്ടുമുതലേ നാട്ടിലെ ആയുർവേദ ചികിത്സ നശിക്കാതെ നിലനിർത്തുകയെന്ന കടമ ഇനിയും നിറവേറ്റണം.

ആയുർവ്വേദത്തിന്റെ അപാരസിദ്ധികളിൽ ചിലതെങ്കിലും ഈ വൈദ്യശിരോമണികളുടെ കൈകളുണ്ട്. അപസ്മാര ചികിത്സ, വിഷചികിത്സ, തൊലിപ്പുറമെയുള്ള രോഗങ്ങളുടെ ചികിത്സ എന്നീ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർ ഈ രംഗത്ത് നിരവധിയാണ്. ഇവരെ സംഘടിപ്പിച്ച് ചിതറിക്കിടക്കുന്ന ഈ ചികിത്സാ സമ്പത്ത് സമന്വയിപ്പിച്ച് സംരക്ഷിക്കുക എന്നത് അനിവാര്യമാണ്. ഇത്തരം ആയുർവ്വേദ വിദഗ്ദന്മാരുടെ അറിവ് തലമുറകളിലൂടെ സംരക്ഷിക്കണം. അതുപോലെ ഒഷധ സസ്യ ഉദ്യാനങ്ങൾ നിർമ്മിക്കുവാനും പരിശ്രമിക്കണം. പ്രാഥമിക ശുശ്രൂഷാ രംഗത്ത് ചില ഒറ്റമൂലികൾക്ക് പ്രാചാരം നൽകുകയും അവക്കാവശ്യമായ ഔഷധ സസ്യങ്ങൾ വീട്ടുപരിസരത്ത് നട്ടുവളർത്തുകയും വേണം.

പേപ്പട്ടി ശല്യം

നന്നമ്പ്രയിലെല്ലായിടത്തും അലഞ്ഞു നടക്കുന്ന നായ്ക്കൾ ഭീഷണിയുയർത്തുന്നു. ഇവയെ നിർമ്മാജനം ചെയ്ത് പേപ്പട്ടി ഭീതിയകറ്റുന്ന പഞ്ചായത്താക്കി പ്രഖ്യാപിക്കണം.

ചുരുക്കത്തിൽ വളരെ ശോചനീയമായ നിലയിൽ നിലയിൽ നിലനിൽക്കുന്ന ഇന്നത്തെ ആരോഗ്യരംഗം അഞ്ചുവർഷം കൊണ്ട് ഗണ്യമായ പുരോഗതിയിലെത്തിക്കാൻ സമയബന്ധിതമായി ഈ പരിപാടികൾ നടപ്പാക്കാൻ ശ്രമിച്ചേതീരൂ. നാട്ടുകാരുടെ കൂട്ടായ്മയോടുകൂടിയ പ്രവർത്തനം കൂടിയാവുമ്പോൾ നന്നമ്പ്ര പഞ്ചായത്തിലെ ആരോഗ്യരംഗം സ്തുത്യർഹമായ പുരോഗതി നേടുമെന്നതിൽ സംശയമില്ല.



5-6

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതം:-

ഒരു പ്രദേശത്തിന്റെ നാനോൻമുഖമായ വികസനത്തിന് റോഡുകൾ അത്യന്താപേക്ഷിതമാണ്. മനുഷ്യരെയും വിവിധ സംസ്കാരങ്ങളെയും ബന്ധിപ്പിക്കുന്നതിനും വ്യവസായം, കൃഷി എന്നിവയുടെ പുരോഗതിക്കും റോഡത്യാവശ്യമാണ്.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും റോഡുകളുണ്ടെങ്കിലും മിക്കതിന്റെയും അവസ്ഥ ശോചനീയമാണ്. ആവശ്യമായി വരുന്ന അറ്റകുറ്റ പണികൾ നടത്താത്തതതാണ് ഇതിനുള്ള മുഖ്യ കാരണം. സർക്കാരിൽ നിന്നും യഥാ സമയം വേണ്ടത്ര ഫണ്ട് ലഭിക്കാത്തതും പഞ്ചായത്തിന്റെ വരുമാനത്തിന്റെ അപര്യാപ്തതയുമാണ് അറ്റകുറ്റ പണികൾക്ക് തടസമാകുന്നത്.

വളരെ കുറഞ്ഞ റോഡുകൾ മാത്രമാണ് പഞ്ചായത്തിൽ ടാർ ചെയ്തിട്ടുള്ളത്. വിവരപ്പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പ്രസ്തുത റോഡ് ശൃംഖലകൾ പ്രധാനമായും തദ്ദേശിയരുടെ കാർഷിക പുരോഗതിയും യാത്രാസൗകര്യങ്ങളും ലക്ഷ്യം വെച്ചുള്ളതാണ്. മെയിൻ റോഡുകളിൽ നിന്നും പാടശേഖരങ്ങളിലേക്ക് എത്തി നിൽക്കുന്ന ഹ്രസ്വ ദൂരറോഡുകൾ കാർഷിക പുരോഗതിയിൽ നിർണായക പങ്കാണ് വഹിക്കുന്നത്. ഇവകളുടെ അറ്റകുറ്റ പണികൾ നടത്തി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. പാടശേഖരങ്ങളിലൂടെ അശാസ്ത്രീയമായ രീതിയിലുണ്ടാക്കുന്ന റോഡുകൾ കൃത്രിമ നീർക്കെട്ടുണ്ടാക്കുമെന്നതിനാൽ ഇത്തരത്തിലുള്ള റോഡുകളുടെ നിർമാണം തടയേണ്ടതുമാണ്.

നന്നമ്പ്ര പഞ്ചായത്തിൽ പെട്ട ടാർ ചെയ്ത റോഡുകളുടെ വിവരങ്ങൾ

പട്ടിക-1

ക്രമ നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	ദൂരം	ഗതാഗത സൗകര്യങ്ങൾ
1	താനൂർ-വെന്നിയൂർ	പി.ഡബ്ല്യു.ഡി	5.5 കി.മീ	ബസ് റൂട്ട്
2	തൃക്കുളം-പാണ്ടിമുറ്റം	പി.ഡബ്ല്യു.ഡി	6 കി.മീ	"
3.	കുണ്ടൂർ-തിരൂരങ്ങാടി	പി.ഡബ്ല്യു.ഡി	3 കി.മീ	"
4	കാടംകുന്ന്-ചെറുമുക്ക്	പി.ഡബ്ല്യു.ഡി	2 കി.മീ	ഇല്ല
5.	ഒഴൂർ-പാണ്ടിമുറ്റം	പി.ഡബ്ല്യു.ഡി	300 കി.മീ	ബസ് റൂട്ട്
6.	തയ്യാല-അത്താണിക്കൽ	പി.ഡബ്ല്യു.ഡി	200 കി.മീ	ബസ് റൂട്ട്
7.	കുണ്ടൂർ-ആശാരി താഴം	പഞ്ചായത്ത്	300 കി.മീ	ഇല്ല
8.	വെങ്ങാട്ടമ്പലം എസ്.എൻ.യു.പി	പഞ്ചായത്ത്	1 കി.മീ	ഇല്ല
9.	കടുവാള്ളൂർ-പയ്യോളി	പഞ്ചായത്ത്	1 കി.മീ	
10	വെള്ളിയാമ്പുറം-കുന്നുംപുറം	പഞ്ചായത്ത്	400 കി.മീ	
11.	കൊടിഞ്ഞി യു.പി. സ്കൂൾ റോഡ്	പഞ്ചായത്ത്	300 കി.മീ	
12.	കെ.ടി. ഹാജി-എൻ.എസ്.എസ് റോഡ്	"	300 കി.മീ	
13.	ചക്കപ്പൻ താഴം-കുണ്ടൂർ	"	1 കി.മീ	
14.	ചെറുമുക്ക്-കക്കാട് പാടം	"	300 കി.മീ	
15.	പത്തൂർ താഴം-സ്റ്റേറേഡിയം	"	300 കി.മീ	
16	ചെകിടൻകുന്ന്-വെങ്ങാട്ടമ്പലം	"	300 കി.മീ	
17	കോറത്ത്-അണ്ടിയത്ത്	"	300 കി.മീ	

കാളംതിരുത്തി, തിരുത്തി, പൂന്തിരുത്തി,കാക്കതിരുത്തി തുടങ്ങിയ പ്രദേശങ്ങൾ നാലു ഭാഗവും വയലുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ദ്വീപു പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിലേക്ക് യാത്രാസൗകര്യം തീരെയില്ല.

കാളംതിരുത്തി പ്രദേശത്തെ തിരൂരങ്ങാടി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പൂക്കുളങ്ങര എന്ന സ്ഥലത്ത് പാലം നിർമിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെങ്കിലും പ്രവർത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. നിർദ്ദിഷ്ട പാലം അടിയന്തിരമായി പൂർത്തിയാക്കണം. ഇതിന്റെ പൂർത്തീകരണത്തോടെ തിരൂരങ്ങാടി പഞ്ചായത്തിലെ കരിപറമ്പിൽ നിന്നും പാലം വരെ എത്തി നിൽക്കുന്ന റോഡുമായി ഈ പ്രദേശത്തുകാർക്ക് ബന്ധപ്പെടാവുന്നതാണ്. അതുപോലെ തന്നെ കാളംതിരുത്തിയുടെ വടക്കു ഭാഗം പുഴ ബണ്ടിൽ നിന്നും തെക്കോട്ട് നാട്ടുകാർ വർഷങ്ങൾക്കു മുമ്പുണ്ടാക്കിയിട്ടുള്ള റോഡും ഗതാഗത യോഗ്യമാക്കാവുന്നതാണ്. ഈ റോഡ് തിരുത്തി-പീലിയത്ത് റോഡുമായി ബന്ധിപ്പിച്ചാൽ പഞ്ചായത്തിലെ മറ്റെല്ലാ ഭാഗങ്ങളിലേക്കും ബന്ധം സ്ഥാപിക്കുവാൻ സാധിക്കും.

ആശാരിത്താഴം-കാരാട്ടുതാഴം റോഡ് ഇപ്പോൾ

തിരുത്തിയിലെ പീലിയത്ത് എത്തി നിൽക്കുന്നു. ഈ റോഡ് പൂന്തിരുത്തി വഴി താനൂർ പഞ്ചായത്തിലെ ഓലപ്പീടിക - കുറുങ്കാട് റോഡുമായി ബന്ധിപ്പിക്കാവുന്നതാണ്. പ്രസ്തുത റോഡ് മെറ്റലിട്ട് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതോടു കൂടി ഈ പ്രദേശത്തുകാരുടെ എല്ലാവിധ യാത്രക്ലേശങ്ങളും പരിഹരിക്കപ്പെടും. കൂടാതെ തിരുത്തിയിലുള്ള മറ്റു റോഡുകളെല്ലാം ഗതാഗതയോഗ്യമാക്കണം.

വെള്ളിയാമ്പുറം-കുന്നുംപുറം റോഡിൽ 300 മീ. ടാർ ചെയ്തിട്ടുണ്ട്. ബാക്കി ഭാഗങ്ങൾ യാത്രായോഗ്യമല്ലാത്ത അവസ്ഥയിലാണ്. പ്രസ്തുത റോഡ് മെറ്റലിട്ട് ടാർ ചെയ്ത് ഗതാഗത യോഗ്യമക്കിയാൽ താനൂർ - പരപ്പനങ്ങാടി റോഡുമായി ബന്ധപ്പിക്കാൻ സാധിക്കും.

വെങ്ങാട്ട് അമ്പലം-ചെകിടൻ കുന്ന് റോഡിൽ ചില ഭാഗങ്ങൾ ടാർ ചെയ്തിട്ടുണ്ടെങ്കിലും ഭൂരിഭാഗവും കേടുപാടുകൾ നിറഞ്ഞതാണ്. ഈ റോഡും ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയാൽ പഞ്ചായത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും, പ്രദേശത്തുകാർക്കും വളരെ ഉപകാരപ്രദമാകുമെന്നു മാത്രമല്ല തെയ്യാലയിൽ നിന്നും ചെമ്മാട്ടേക്കുള്ള ദൂരം 5 കി.മീറ്ററോളം കുറക്കാൻ സാധിക്കും. റോഡിന്റെറ കയറ്റിറക്കവും കുറക്കാൻ സാധിക്കും.

വെള്ളിയാമ്പുറം-ചൂലൻകുന്ന് (ഹരിജൻ കോളനി റോഡ്) മെറ്റൽ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതോടെ ഹരിജൻ കോളനി നിവാസികൾക്കും, ഈ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കൃഷിക്കാരുള്ള മോര്യകാപ്പ് പ്രദേശത്തെ കൃഷിക്കാർക്കും ഉപയോഗപ്രദമായിരിക്കും.

വെള്ളിയാമ്പുറം-ഭഗവതി ക്ഷേത്രം-ചുള്ളിക്കുന്ന് റോഡ് ചെകിടൻ കുന്ന് റോഡുമായി ബന്ധിപ്പിക്കുന്നതാകയാൽ ഈ റോഡ് മെറ്റൽ ഇട്ട് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതോടെ കൊടിഞ്ഞിയിലേക്കുള്ള ദൂരം കുറക്കാൻ കഴിയും.

ചെറുമുക്ക്-കക്കാട് പാടം റോഡ് അൽപം ഭാഗം ടാർ ചെയ്തിട്ടുണ്ട്. ബാക്കി ഭാഗങ്ങൾ മെറ്റലിട്ട് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയാൽ തിരൂരങ്ങാടിപഞ്ചായത്തിലെ നാഷണൽ ഹൈവേയുമായി ബന്ധപ്പെടാൻ ഈ പ്രദേശത്തുകാർക്ക് വളരെയധികം ഉപകരിക്കും.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിരവധി മൺ റോഡുകളുണ്ട്. ഇവകളിൽ നാട്ടുകാർ ശ്രമദാനമായി നിർമിച്ചി പഞ്ചായത്തിന് ഏൽപിച്ചതും ഏൽപ്പിക്കാനിരിക്കുന്നതുമായ റോഡുകളുണ്ട്. 10-20ഉം വർഷങ്ങളായി ജനങ്ങൾ ഉപയോഗിച്ചു വരുന്ന ചില റോഡുകൾ ചില സ്ഥാപിത താൽപര്യക്കാരുടെ തടസം മൂലം പഞ്ചായത്തിന് ഏറെറടുക്കാൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. അത്തരം റോഡുകൾ സ്വമേധയാ പഞ്ചായത്തിന് ഏറെറടുക്കുവാൻ പറയുന്ന നിയമ നടപടികളുണ്ടാകണം.

പട്ടിക 3ൽ പഞ്ചായത്തിലെ മൺറോഡുകളുടെ വിവരം ചേർക്കുന്നു.

പഞ്ചായത്തിലെ മെറ്റൽ ചെയ്ത റോഡുകളുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക-2

ക്രമനമ്പർ	റോഡിന്റെറ പേര്
1	കൊടിഞ്ഞി-ആശാരിതാഴം
2	എസ്.എൻ.യു.പി ഹൈസ്കൂൾ പടി
3	എരുകുളം-ചക്കുംകുളം
4.	കാടം കുന്ന്-പയ്യോളി (രണ്ടാം റീച്ച്)

ക്രമ നമ്പർ	റോഡിന്റെ പേര്	വാർഡ്
1	ചെറുമുക്ക്-പാലറമ്പ്	1
2.	തവരഞ്ചേരി-മണ്ണിൽ	
3.	കോട്ടേരി താഴം	
4.	പാറമ്മൽ - ചിന്നപ്പടി	
5.	ചുണ്ടത്ത് താഴം-പള്ളിക്കത്താഴം	
6.	ആതുക്കാട്-ചൊളയഞ്ചേരി താഴം	
7.	ചെറുമുക്ക്-കക്കാട് പാടം	
1	കെ.ടി.ഹാജി-എൻ.എസ്.എസ് റോഡ്	2
2.	ഈന്തുങ്ങൽ-പാറമ്മൽ	
3.	പാറമ്മൽ-വട്ടപ്പറമ്പ്	
1.	ചക്കപ്പൻ താഴം - കുഞ്ഞാലി	3
2.	ചക്കപ്പൻ താഴം-അമ്പരക്കൽ താഴം	
1.	ചിറ്റിയിൽ ഇടവഴി റോഡ്	4
2.	പന്തപ്പിലാക്കൽ റോഡ്	
3.	ചാല ഇടവഴി റോഡ്	
4.	തൂർപ്പിൽ-ചിറ്റിയിൽ റോഡ്	
5.	കൊല്ലഞ്ചേരി പടി റോഡ്	
6.	കുറുപ്പിന്റെ പടി റോഡ്	

ക്രമ നമ്പർ	റോഡിന്റെ പേര്	വാർഡ് നമ്പർ
1	തട്ടത്തലം-തറയിൽ	5
2.	തട്ടത്തലം-കോട്ടുവാല പടി	
3.	തിരുനിലം-പള്ളാട്ട് താഴം	
4	ആലാശ്ശേരി-തട്ടത്തലം	
1	വെള്ളിയാമ്പുറം-ചൂലൻകുന്ന്	6
2	കീരിയാട്ടുപുറായി-നന്നമ്പ്ര ജുമാ മസ്ജിദ്	
3	കുന്നുംപുറം-പരന്ന കുളം	
	വെള്ളിയാമ്പുറം-ജുമാ മസ്ജിദ് കീരിയാട്ടു പുറായി	
	ചൂലൻകുന്ന്-കൊളക്കാട്	
6	വെള്ളിയാമ്പുറം-മണ്ണാരക്കൽ	
1.	മണ്ണാരക്കൽ-എസ്.എൻ.യു.പി	
2.	ചൂലൻകുന്ന്-മഠത്തിപ്പ്ലം	
3.	പടാളികുന്ന്-എസ്.എൻ.യു.പി	
4.	ഭഗവതി ക്ഷേത്രം-ചുള്ളിക്കുന്ന്	
5.	ചെകിടൻകുന്ന്-പാലിൻകുന്ന്	
6.	പാലൻകുന്ന്-മങ്കടകുററി	
7.	ഹൈസ്കൂൾ പടി പള്ളാട്ട് ഇടവഴി	
1.	നെടുമ്പറമ്പ്-കക്കുഴി	
2.	ചുള്ളിക്കുന്ന്-കൊടിയത്ത് താഴം	
3.	ചുള്ളിക്കുന്ന്-പനക്കത്താഴം	

ക്രമ നമ്പർ	റോഡിന്റെ പേര്	വാർഡ്
1.	കാരാട്ടു താഴം-പള്ളിക്കത്താഴം	9
2.	കപ്രത്താഴം-പീലിയത്ത്	
3	ലക്ഷംവീട് കോളനി-പീലിയത്ത്	
4	പാലപ്രത്താഴം-മുക്കായി	
5	ലക്ഷംവീട്-തടത്തിൽ താഴം	
6.	ഫാറൂഖ്-അൽഅമീൻ നഗർ	
7.	പള്ളിക്കത്താഴം-കുറൂൽ	
8.	ലക്ഷംവീട്-മുക്കായി	
1.	കോറ്റത്ത് യു.പി. സ്കൂൾ-കല്ലാപറമ്പ്	10
2.	ആശാരിത്താഴം-അറബിതാഴം	
3	എരുകുളം-ചക്കുംകുളം	
4.	കോടിയാടൻ ജംഗ്ഷൻ-തെക്കുഞ്ചേരി കുളം	
5.	കാരിയിൽ പറമ്പ്-തേൻകുളം	
1.	കാടംകുന്ന്-പയ്യോളി-3-ാം റീച്ച്	
2.	ചിറക്കോട്ട് താഴം-മിനി സ്റേറഡിയം	
3.	കൂനംമങ്ങ്-സ്റേറഡിയം റോഡ്	
1	അണ്ടിയൻ കുറുവിൽ ഇടവഴി	12
2.	അണ്ടിയൻ ഇടവഴി-പള്ളിക്കത്താഴം	
3.	പൂക്കുളങ്ങര-ചാരിടി താഴം-പൂരപ്പുഴ ലോക്ക്	

എല്ലാ ഗ്രാമസഭകളിൽ നിന്നും പുതിയ മൺറോഡുകൾ നിർമിക്കുന്നതിനുള്ള നിർദേശങ്ങൾ വന്നിട്ടുണ്ട്.

5-ാം വാർഡിലെ പന്തീരായിപാടത്തുള്ള ജനങ്ങൾക്ക് പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളുമായി ബന്ധപ്പെടാൻ സൗകര്യമില്ല. പന്തീരായി തോടിന് കുറുകെ പാലം നിർമിച്ച് ആവശ്യമായ റോഡുണ്ടാക്കിയും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

പട്ടിക 1ൽ സൂചിപ്പിച്ചിട്ടുള്ള ടാർ ചെയ്ത് റോഡുകൾ (പി.ഡബ്ല്യൂ. ഡി പഞ്ചായത്ത്) എല്ലാം തന്നെ ടാർ പൊളിഞ്ഞും മറ്റും യാത്രായോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഈ റോഡുകളെല്ലാം തന്നെ റീടാറിങ്ങ് നടത്തി യാത്രയോഗ്യമാക്കണം.

തെയ്യാല-വെന്നിയൂർ റോഡിലുള്ള മൂലക്കൽ പാലം കാല പഴക്കത്താൽ ദ്രവിച്ചു ഏതു സമയത്തും തകർന്നു വീഴാവുന്ന അവസ്ഥയിലേക്കെത്തിയിരിക്കുന്നു. ഈ പാലം എത്രയും വേഗം പൊളിച്ച് പണിയുന്നതിനുള്ള അടിയന്തിര നടപടിയുണ്ടാകണം.

പട്ടിക 2ൽ സൂചിപ്പിച്ച പഞ്ചായത്തിലെ മെറ്റൽ റോഡുകൾ മെറ്റൽ ഇളകി ഗതാഗതത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നുണ്ട്. അത്തരം റോഡുകളെല്ലാം തന്നെ മെറ്റൽ ചെയ്ത് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

പട്ടിക 3ൽ സൂചിപ്പിക്കുന്ന പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള മൺറോഡുകൾ,പഞ്ചായത്തിനെ ഏൽപ്പിച്ചതും പല തവണപഞ്ചായത്ത് ഫണ്ടുപയോഗിച്ച് അറ്റകുറ്റ പണികൾ നടത്തിയിട്ടും ഇനിയും ജനങ്ങൾക്കുപകാരപ്രദമായിട്ടില്ല. ഈ റോഡുകളെല്ലാം തന്നെ അതാതിന്റെ പ്രാധാന്യം കണക്കാലെടുത്ത് പഞ്ചായത്തിലെ എല്ലാ പ്രദേശത്തുമുള്ള ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഗ്രാമസഭകളിൽ നിന്ന് പുതുതായി റോഡുകൾ നിർമിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക-4

പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ വിവരം

ക്രമനമ്പർ	റോഡിന്റെ പേര്	വാർഡ്
1	കാരാട് പറമ്പ്-മണ്ണിൽ ഇടവഴി	1
2	പാപ്പരത്താഴം ഇടവഴി	
3	ചുണ്ടന്റെ താഴം-പള്ളിക്കത്താഴം	
4	കാഞ്ഞിത്താഴം റോഡ്	
5	പള്ളിക്കത്താഴം ഇടവഴി	
6	പള്ളിക്കത്താഴം-പൊളയഞ്ചേരി കനാൽ	
7	കരാട്ടിയിൽ ഇടവഴി	
1	പാറമ്മൽ-കൊളത്തൂർ ഇടവഴി	2
2	തൊണ്ടിയിൽ പന്തപ്പിലാക്കൽ ഇടവഴി	
3	പാറയിൽ -ആലിങ്ങത്താഴം ഇടവഴി	
4	വെള്ളേളന്റെ താഴം-വട്ടപ്പറമ്പ്	
5	മഠത്തിൽ നെച്ചിക്കാട് ഇടവഴി	
6	മഠത്തിൽ ചവറാട് ഇടവഴി	
7	പാങ്ങാട്ട് പറമ്പിൽ -കൊളക്കാട്ടു പാടം	
8	കൊയപ്പയിൽ -കൊളക്കാട്ടുപാടം	
9	മണ്ണാത്തി ഇടവഴി	
10	തല്ലുവൽ മുതൽ യു.പി. സ്കൂൾ വരെ	
11	കെ.ടി.എൻ.എച്ച്.എസ്-യു.പി വരെ	
12	ചെറുമുക്ക് -കക്കാട് റോഡിൽ നിന്നും യു.പി വരെ	
13	മുട്ടാഞ്ചേരി പറമ്പ് വഴി ആലുങ്ങൽ താഴം	
1	കരേക്കാട് ഇടവഴി	3
2.	തച്ചറക്കൽ ഇടവഴി	
3	കാവുങ്ങൽ താഴം ഇടവഴി	
4.	മംഗലശ്ശേരി താഴം ഇടവഴി	3
5	നായരു പടിക്കൽ ഇടവഴി	
6.	പട്ടരാട്ട് ഇടവഴി	
7	ദളപതി ഇടവഴി	
8.	വെളക്കേരി താവം ഇടവഴി	
9	തൊട്ടിയിൽ താഴം ഇടവഴി	
10	മദ്രസ്സ ഇടവഴി 2-ബ്രാഞ്ച്	
11	കാവുങ്ങൽ- ജുമ അത്ത് പള്ളിക്ക് പടിഞ്ഞാറ് ഇടവഴി	
	മരക്കാററി ഇടവഴി	
1	കരേക്കാട് ഇടവഴി	4
2	തൂർപ്പിൽ ഇടവഴി	
3	ചിറ്റിയിൽ ഭഗവതി ക്ഷേത്രം റോഡ് ഇടവഴി	
4	കാരിയിൽ ഇടവഴി തണ്ടാംവീട്ടിൽ ഇടവഴി	
5	പഞ്ചായത്ത് കുളം-തൂർപ്പിൽ ഇടവഴി	
6	പാറമ്മൽ ഇടവഴി	
7	അവുലേരി ഇടവഴി	
8	മൂടേരി താഴം ഇടവഴി	
9	തൈരേങ്ങൽ ഇടവഴി	
10	മൂലക്കപ്പറമ്പിൽ ഇടവഴി	
11	എരഞ്ഞകുളം ഇടവഴി	
12	തണ്ടാംവീട്ടിൽ ഇടവഴി	
1	തട്ടത്തലം-കൊടാശ്ശേരി ഇടവഴി	5
2	കക്കുഴി-തട്ടത്തലം ജുമാ മസ്ജിദ്	
3	പള്ളാട്ട് ഇടവഴി	
4	ഷംസുൽഹുദാ മദ്രസ്സ-തട്ടത്തലം	

6	നന്നമ്പ്ര വിഷ്ണു ക്ഷേത്രം ഇടവഴി	
7	മുത്തേടത്ത് കുന്നത്ത് പടിക്കൽ ഇടവഴി	
8	തട്ടത്തലം പഴൂർ ഇടവഴി	
9	തട്ടത്തലം പിള്ള സാർ ഇടവഴി	
10	തട്ടത്തലം ആക്കൽ താമി-ഇടവഴി	
1	വെള്ളിയാമ്പുറം-പുഞ്ചപ്പാടം-കൊളക്കാട്	6
2	മാന്താട്-നാടൻ ചേരി പള്ളി-കീരിയാട്ടു പുറം	
3	വെള്ളിയാമ്പുറം-എ.എം.എൽ.പി.എസ് ന്റെ തെക്കു ഭാഗത്തുണ്ടായിരുന്ന അടഞ്ഞ വഴി-എസ്.എൻ.യു.പി വരെ	
4	കുന്നുംപുറം-പുഞ്ചപ്പാടം ഇടവഴി	
5	മേലെ പീടിയേക്കൽ പള്ളി മുതൽ കുളക്കാട് പാടം വരെ	
6	പാണ്ടിമുറ്റം ഹരിജൻ കോളനി വരെ	
7	മൂച്ചിക്കൽ പള്ളി മുതൽ നാടഞ്ചേരി പള്ളി-കീരിയാട്ടു പുറായി	

1	ഭഗവതി ക്ഷേത്രം റോഡ്-മഠത്തില്ലം ഇടവഴി-പുഞ്ചപ്പാടം വരെ	7
2	ചുള്ളിക്കുന്ന് ശ്മശാനത്തിലേക്ക്	
3.	മേലെപുരം(കൃഷിഭവൻ) ചുള്ളിക്കുന്ന് ഇടവഴി	
4.	കല്ലത്താണി-മനക്കുളം പമ്പ്ഹൗസ് വഴി എസ്.എൻ.യു.പി വരെ	
5	എസ്.എൻ.യുപി വെള്ളിയാമ്പുറം റോഡിൽ നിന്ന് നന്നമ്പ്ര ജി.എൽ.പി സ്കൂൾ വരെ.	
6.	പറമ്പത്ത് ഇടവഴി പുഞ്ചപ്പാടത്തേക്ക്	
7	കോണാം വീട്ടിൽ ഇടവഴി മഠത്തില്ലം ഇടവഴി വരെ	
8.	ആലുങ്ങൽ പറമ്പ്-പട്ടാമ്പുറം ഇടവഴി	
9.	കൃഷിഭവൻ (മേലെപുറം) കണ്ണന്തളി ശിവക്ഷേത്രം	
10.	പള്ളാട്ട് ഇടവഴി	

1.	പറക്കാട്ടു കുളങ്ങര -നെടുമ്പറമ്പ്	8
2.	നെടുമ്പറമ്പ്-മച്ചിങ്ങതാഴം	
3	പറക്കാട്ടു കുളങ്ങര-മങ്കടകുററി ഫുട്പാത്ത്	
4.	പാലപ്ര താഴം-മുക്കായി-പരപ്പു വഴി മങ്കടക്കുറ്റി	

1.	പാലപ്പുറ താഴം-സ്രാമ്പിക്കൽ ഇടവഴി	9
2.	മുക്കായി-കാരാംകുണ്ടിൽ താഴം	
3.	ലക്ഷംവീട്-വലിയപറമ്പ്	
4	പാങ്ങന്റെ ഇടവഴി-മേച്ചേരി	
5.	കാളമ്പിലായി ഇടവഴി- കറപ്പൻ കുടിയുടെ വഴി	

1.	എരുകുളം-ചക്കുംകുളം യു.പി സ്കൂൾ	10
2.	മഠത്തിൽ ഇടവഴി-മണ്ണാരത്താഴം-മങ്കടപ്പറമ്പ്	
3.	കുന്നത്തേരി പറമ്പ്-പോസ്റ്റ് ഓഫീസ്	
4.	കാരാം കുണ്ട് ജംഗ്ഷൻ-കോഴിശ്ശേരി താഴം	
5.	അൽ അമീൻ നഗർ-മങ്കട പറമ്പ്-കുനിയിൽ ഇടവഴി	
6.	തേൻകുളം-മങ്കട പറമ്പ്	
7.	മണ്ണു പറമ്പ്-പരേക്കാട്	

1.	പാലച്ചുവട്-പയ്യോളി വരെ	11
2.	പയ്യോളി-പുഴിക്കുന്ന് ചീർപ്പ്	
3.	പമ്പ് ഹൗസ് - പുഴിക്കുന്ന്	

1	കേറ്റത്തങ്ങാടി-കാളമ്പിലായി	12
2	പള്ളിക്കത്താഴം-കുറുവിൽ	
3	ഇല്ലത്ത് എച്ചിക്കുപ്പ വഴി മെയിൻ റോഡ്	
4	കാളംതിരുത്തി-പീലിയത്ത്	
5	എരുകുളം-മറാത്ത് താഴം -കുറുൽ	
6	ഇല്ലത്ത് പരീഷകത്താഴം റോഡ്	

ഊർജ്ജം

ഊർജ്ജമെന്നത് വൈദ്യുതി മാത്രമല്ല ഇതര ഊർജ്ജ സ്രോതസുകൾ ശാസ്ത്രീയമായി ഉപയോഗിക്കാൻ നാട്ടുകാർക്ക് ആവശ്യമായി ബോധവൽക്കരണം നടത്തണം. താഴെ പറയുന്ന കാര്യങ്ങൾ നിർദേശിക്കുന്നു.

1 നമ്മുടെ പഞ്ചായത്തിൽ കൊടിഞ്ഞി ചെറുമുക്ക് എന്നീ പ്രദേശങ്ങളിൽ മാത്രമാണ് ഇപ്പോൾ എൽ.പി.ജി ലഭിക്കുന്നത്. പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിലുള്ള ആവശ്യക്കാർക്കും എൽ.പി.ജി കണക്ഷൻ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

2. നാടൻ ഇന്ധനങ്ങളായ വിറക്, ഈർച്ചപ്പൊടി, ഉണക്ക ചാണകം എന്നിവ മിതമായും ശാസ്ത്രീയമായി ഉപയോഗിക്കാൻ പരിശീലിപ്പിക്കണം.

3. ബയോഗ്യാസ് ഗ്യാസ് പ്ലാന്റുകൾക്ക് ആവശ്യമായ ബോധവൽക്കരണവും പ്രചാരണവും നൽകുന്നതിനുള്ള നടപടി കൈകൊള്ളണം.

4. ഊർജം ഉപയോഗിക്കുന്നതിൽ മിതവ്യയം ശീലിപ്പിക്കണം.

ഊർജ്ജരംഗത്ത് മേൽ പറഞ്ഞ പരിപാടികൾ നടപ്പിലാക്കുന്നതു മൂലം ഈ പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കും.

വൈദ്യുതിയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ കാര്യമായ പുരോഗതിയുണ്ടായത് വളരെ അടുത്ത കാലത്ത് മാത്രമാണ്.

1969ൽ പരേതനായ കെ.എം അലവി ഹാജിയുടെ കഠിനമായ ശ്രമഫലമായി കുണ്ടൂരിലെ ഏതാനും വീടുകളിൽ വൈദ്യുതി വിളക്കുകൾ പ്രകാശിപ്പിച്ചതോടു കൂടിയാണ് നമ്മുടെ പഞ്ചായത്തിൽ ഇതിനു തുടക്കം കുറിച്ചത്. ഇതിന്റെ ഔപചാരികമായി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത് അന്നത്തെ സ്ഥലം എം.എൽ.എ ജനാബ് സൈദ് ഉമർ ബാഫഖി തങ്ങളായിരുന്നു. എന്നാൽ ഇതിനും വളരെ വർഷങ്ങൾക്കു മുമ്പുതന്നെ അദ്ദേഹത്തിന്റെ വീട്ടിൽ ജനറേറർ ഉപയോഗിച്ചു വിളക്കുകൾ കത്തിച്ചിരുന്നു. പിന്നീട് വർഷങ്ങൾക്കു ശേഷമാണ് പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനവുമായി മുന്നിട്ടിറങ്ങാൻ തുടങ്ങിയത്. 27 വർഷങ്ങൾ പിന്നിട്ടെങ്കിലും ഇനിയും ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വൈദ്യുതി എത്താനുണ്ട് എന്നതാണ് യാഥാർത്ഥ്യം.

ഒരു പ്രദേശത്തിന്റെ വളർച്ചയുടെ മുഖ്യ ഘടകം വൈദ്യുതിയാണല്ലോ. വൈദ്യുതിയുടെ ലഭ്യതയുടെ അപര്യാപ്തത മൂലം നമ്മുടെ നാട്ടിൽ വ്യവസായം, കൃഷി തുടങ്ങിയ മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ നമുക്കു സാധിച്ചിട്ടില്ല.

തിരൂർ, എടരിക്കോട് സബ് സ്റ്റേഷനുകളിൽ നിന്നായി താനൂർ, തിരൂരങ്ങാടി, വെന്നിയൂർ എന്നീ 3 സെക്ഷൻ ഓഫീസുകൾ മുഖേനയാണ് നന്നമ്പ്ര പഞ്ചായത്തിലേക്ക് വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് കറണ്ട് ചാർജ് അടക്കുന്നതിന് 3 ഓഫീസുകളുമായി ബന്ധപ്പെടേണ്ടി വരുന്നുണ്ട്. നമ്മുടെ വൈദ്യുതി ഉപഭോക്താക്കളിൽ 2810 പേർ ഗാർഹിക ഉപഭോക്താക്കളും 2940 വ്യാവസായിക ഉപഭോക്താക്കളും 291 കാർഷിക ഉപഭോക്തക്കളും 263 പേർ വ്യാപാര ഉപഭോക്താക്കളുമാണ്.

അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിലെ നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ ഒന്നുപോലും നമ്മുടെ ആവശ്യത്തിന് പര്യാപ്തമല്ല.

ഗാർഹിക ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം വോൾട്ടേജ് കുറവ് ശാപമായിരിക്കുകയാണ്. രാത്രി 10 മണിക്കു ശേഷമേ നേരിയ തോതിലെങ്കിലും പ്രകാശം ലഭിക്കുന്നുള്ളൂ എന്നതാണ് ഇന്നത്തെ അവസ്ഥ. അതുകൊണ്ടു തന്നെ മിക്ക ഗ്രാമസഭകളിലും വോൾട്ടേജ് കുറവ് നികത്തുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട ആവശ്യം ഉയർന്നു വന്നിരിക്കുന്നു. ഇത് അധികൃതർ തന്നെ സമ്മതിക്കുന്നതാണ്.

പഞ്ചായത്തു പ്രദേശത്തെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടിക 1ൽ സൂചിപ്പിക്കുന്നു.

പട്ടിക-1 **പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ**

ക്രമ നമ്പർ	കപ്പാസിറ്റി	പേര്	സെക്ഷൻ
1	250 കെ.വി.എ	വെഞ്ചാലി	
2	100 കെ.വി.എ	സാഹിബ്ബ് റബ്ബർ	
3	100 കെ.വി.എ	പത്തൂർ ഫൈബർ	
4	160 കെ.വി.എ	പയ്യോളി	
5	250 കെ.വി.എ	കൊടിഞ്ഞി	
6	100 കെ.വി.എ	ചുള്ളിക്കുന്ന്	
7	100 കെ.വി.എ	തിരുത്തി	
8	100 കെ.വി.എ	ചെറുമുക്ക്	
9	100 കെ.വി.എ	ചെറുമുക്ക്	
10	100 കെ.വി.എ	ദേവസ്വം പാടം	
11	100 കെ.വി.എ	തെയ്യാല	
12	100 കെ.വി.എ	തെയ്യാല	
13	160 കെ.വി.എ	മനക്കുളം	
14	250 കെ.വി.എ	നന്നമ്പ്ര	
15	100 കെ.വി.എ	ഇന്ത്യൻ ക്ലേ	
16	100 കെ.വി.എ	അബുദാബി	
17	100 കെ.വി.എ	ചെറുമുക്ക്	
18	100 കെ.വി.എ	ആതൃക്കാട്	
19	100 കെ.വി.എ	കല്ലായി മിൽ	
20	100 കെ.വി.എ	വെള്ളിയാമ്പുറം	
21	100 കെ.വി.എ	കിഴക്കേ കുന്നുംപുറം	

അവലംബം:ദ്വിതീയ വിവര ശേഖരണം

പഞ്ചായത്തിലെ ആകെ വൈദ്യുത കണക്ഷൻ പട്ടിക-2

സെക്ഷൻ	കാർഷികം	ഗാർഹികം	വ്യവസായം	വ്യാപാരം
തിരൂരങ്ങാടി	200	1051	13	118
താനൂർ	22	450	07	46
വെന്നിയൂർ	69	1309	20	99
	291	2810	40	263

അവലംബം:ദ്വിതീയ വിവര ശേഖരണം

വൈദ്യുത കണക്ഷൻ കാത്തിരിക്കുന്നവർ

പട്ടിക-3

സെക്ഷൻ	ഓർഡിനറി		ഒ.ടി.പി.		ഒ.വൈ.സി	
	ഒ.എച്ച്	ഡബ്ല്യു.പി	ഒ.എച്ച്	ഡബ്ല്യു.പി	ഒ.എച്ച്	ഡബ്ല്യു.പി
വെന്നിയൂർ	14	25	2	-	10	16
തിരൂരങ്ങാടി	-	-	-	-	-	-
താനൂർ	-	21	-	-	-	7
	14	46	2	-	10	23

പഞ്ചായത്തിൽ വിവിധ സെക്ഷനുകൾ അവസാനമായി നൽകിയ കണക്ഷന്റെ വിവരം

പട്ടിക-4

വെന്നിയൂർ:-		
ഓർഡിനറി	ഒ.എച്ച്	8-11-95
	ഡബ്ല്യു.പി.	26-11096
ഒ.വൈ.സി	ഒ.എച്ച്	19.8.96
	ഡബ്ല്യു.പി	20-9-96
ഓ.ടി.പി	ഒ.എച്ച്	19-4-96
	ഡബ്ല്യു.പി	14-10-96
താനൂർ	29-5-96	
തിരൂരങ്ങാടി		
ഓർഡിനറി	ഒ.എച്ച്	-
	ഡബ്ല്യു.പി	-
ഒ.വൈ.സി	ഒ.എച്ച്	31-7-95
	ഡബ്ല്യു.പി	19-6-95
എൻ.ഡി	ഒ.എച്ച്	3-5-91
	ഡബ്ല്യു.പി	10-10-93

ലഭ്യമായ വിവരങ്ങളനുസരിച്ച് നന്നമ്പ്ര പഞ്ചായത്തിലെ 5000ത്തോളം കുടംബങ്ങൾക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നില്ല എന്നുകാണാം. വൈദ്യുതീകരണ പ്രശ്നത്തിൽ പുരോഗതിയുണ്ടായിട്ടില്ലെങ്കിൽ അനുബന്ധ ഘടകങ്ങളായ കൃഷി, വ്യവസായം എന്നീ മർമ്മ പ്രധാനമായ രംഗങ്ങൾ മുരടിച്ചു പോകും. അതുകൊണ്ട് ഗ്രാമസഭാ റിപ്പോർട്ടുകളിൽ ചൂണ്ടികാണിച്ച ആവശ്യങ്ങളനുസരിച്ചു കിട്ടാൻ ആവശ്യമായ നടപടികൾ 9-ാം പഞ്ച വൽസരപദ്ധതിയിലെടുക്കേണ്ടതാണ്.

ഇത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് -1

ചെറുമുക്ക്, കാടംകുന്ന് റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

വാർഡ്-2

വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. സിംഗിൾ ഫേസ് ത്രീ ഫേസാക്കണം. തെരുവ് വിളക്കുകൾ

സ്ഥാപിക്കണം.

വാർഡ് -3

1) ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കണം.2. വോൾട്ടേജ് കമ്മി പരിഹരിക്കണം. 3. ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിക്കണം. 4. പുതിയ കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

വാർഡ് - 4

1) ഹരിജൻ കോളനി വൈദ്യുതീകരിക്കണം. 2) ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കണം. 3) സിംഗിൾ ഫേസുകൾ ത്രീ ഫേസാക്കണം.

വാർഡ് - 5

1) വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. 2) പുതിയ കണക്ഷനുകൾ അനുവദിക്കണം. 3) തട്ടത്തലം ഹരിജൻ കോളനി വൈദ്യുതീകരിക്കണം. 4) പന്തീരായിപ്പാടത്ത് വൈദ്യുതി കണക്ഷൻ നൽകണം.

വാർഡ് -6

1) വെള്ളിയാമ്പുറത്തും പരന്ന കുളം (കിഴക്കേ കുന്നുംപുറം) ഉള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കണം. പ്രച്ചുലൻ കുന്നിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. ചൂലൻ കുന്നിലും, പാണ്ടിമുറ്റം ഹരിജൻകോളനി വൈദ്യുതീകരിക്കണം.

വാർഡ് -8

1) ചുള്ളിക്കുന്ന് ഹരിജൻ കോളനി വൈദ്യുതീകരിക്കണം.
2) വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
3) പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പ
4) തെരുവു വിളക്കുകൾ സ്ഥാപിക്കണം

വാർഡ് - 9

1) ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കണം.

വാർഡ് - 10

1) അൽ അമീൻ നഗറിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. തെരുവുവിളക്കുകൾ സ്ഥാപിക്കണം.
2) പുതിയ കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

വാർഡ് -11

1) ട്രാൻസ് ഫോർമർ ശേഷി വർദ്ധിപ്പിക്കണം.
2) സിംഗിൾ ഫേസ് ത്രീ ഫേസാക്കി മാറ്റണം.

വാർഡ് 12

1) കുറൂരിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
2) സിംഗിൾ ഫേസുകൾ ത്രീ ഫേസാക്കണം.
3) തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

ഗ്രാമ സഭാ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ പഞ്ചായത്തിൽ മൊത്തമായിട്ടുള്ള പ്രശ്നം വോൾട്ടേജ് കുറവാണെന്ന് മനസ്സിലാകുന്നു. അതിനാൽ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി നന്നമ്പ്രയും തൊട്ടുകിടക്കുന്ന പഞ്ചായത്തുകളും ഉപയോഗപ്രദമായ . രീതിയിൽ പരപ്പനങ്ങാടിയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രിക്കൽ സബ്സ്റേഷൻ ഉടൻ ആരംഭിക്കുക.

നന്നമ്പ്ര ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരം

നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ ലഭ്യമായ വിവരമനുസരിച്ച് ഇപ്പോൾവിവിധ വാർഡുകളിലായി 130 തെരുവ് വിളക്കുകൾ ഒന്നും തന്നെയില്ല. ഈ വാർഡുകളിലെ പ്രധാന സ്ഥലങ്ങളിലെല്ലാം തന്നെ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ ഇപ്പോഴുള്ള മറ്റുവാർഡുകളിലും പല ഭാഗത്തും ഇപ്പോഴത്തെ മറ്റു വാർഡുകളിലും പല ഭാഗത്തും ഇനിയും തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഗ്രാമസഭകളിലെല്ലാം തന്നെ ഈ നിർദ്ദേശം വന്നിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള വിളക്കുകൾ പലതും കാണാത്ത അവസ്ഥയിലുമാണ്.

പുതിയ പഞ്ചായത്തിരാജ് ഭരണ സമിതി നിലവിൽ വന്നതിനു ശേഷം നമ്മുടെ പഞ്ചായത്തിലെ 12 വാർഡുകൾക്കുമായി 12 സോഡിയം വേപ്പർ ലാമ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അതും 7-12 വാർഡിൽ സ്ഥാപിച്ചിട്ടില്ല. എല്ലാം അങ്ങാടികൾ കേന്ദ്രീകരിച്ചാണ് സ്ഥാപിച്ചിട്ടുള്ളത്.

സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ പട്ടിക താഴെ വിവരിച്ചിരിക്കുന്നു.

സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ പട്ടിക താഴെ വിവരിച്ചിരിക്കുന്നു.

ചെറുമുക്ക് അങ്ങാടി	-1
ചെറുമുക്ക് പടിഞ്ഞാറ്	-1
കുണ്ടൂർ അത്താണി	-1
കുണ്ടൂർ വടക്കേ അങ്ങാടി	-1
തയ്യാലിങ്ങൽ	-2
വെള്ളിയാമ്പുറം	-1
കൊടിഞ്ഞി	-1
സെൻട്രൽ	-1
കോറാത്തങ്ങാടി	-2
ചെറുപാറ	-1

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 4-ാം വാർഡിലെ കുണ്ടൂരും 5ലെ തട്ടത്തലം ഹരിജൻ കോളനി മാത്രമാണ് ഭാഗികമായെങ്കിലും വൈദ്യുതീകരിച്ചിട്ടുള്ളത്. ആകെ 5 കുടുംബങ്ങൾക്കു മാത്രമാണ് ഇവിടെ തന്നെ വൈദ്യുതി ലഭിച്ചിട്ടുള്ളത്. പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലുള്ള ചുള്ളിക്കുന്ന്, ചൂലൻകുന്ന്, മകടക്കുറ്റി, പാണ്ടിമുറ്റം, വെള്ളിയാമ്പ്രം തുടങ്ങിയ പ്രദേശങ്ങളിലും ഹരിജൻ കോളനി അംഗീകരിച്ച് വൈദ്യുതി നൽകുവാനുള്ള നടപടി സ്വീകരിക്കണം.

ലക്ഷംവീട്

9-ാം വാർഡിലെ തിരുത്തി ലക്ഷംവീട് കോളനിയിൽ അവരുടെ സ്വന്തം ചിലവിൽ പത്തൊമ്പതോളം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്.

മാർക്കറ്റ്

ഗ്രാമീണ വിപണന രംഗത്ത് പണ്ടുകാലത്ത് ആരോഗ്യകരമായ ഒരു സംസ്കാരം നമുക്കുണ്ടായിരുന്നു. കുടിലുകളിൽ ഉൽപാദിപ്പിച്ചിരുന്ന പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ അങ്ങാടികളിൽ കൊണ്ടു വന്നു വിൽക്കുന്ന പതിവ് സാധാരണയായിരുന്നു. ഈ ഗ്രാമീണ വിപണന സംസ്കാരം അതുപോലെ തിരിച്ചു കൊണ്ടു വരാൻ സാധ്യമല്ലെങ്കിലും ശാസ്ത്രീയവും ആസൂത്രിതവുമായ രീതിയിൽ നമുക്കവ പുനഃസംവിധാനം ചെയ്യാവുന്നതേയുള്ളു.

കാർഷിക വിഭവങ്ങളും കൈത്തൊഴിൽ ഉൽപ്പന്നങ്ങളും വിൽപ്പനക്കെത്തിക്കാവുന്ന തരത്തിൽ മാർക്കറ്റുകൾ ഒന്നിടവിട്ട് പ്രധാനപ്പെട്ട അങ്ങാടികളിൽ നടപ്പിലാക്കാവുന്നതേയുള്ളു. അതോടൊപ്പം മൽസ്യം, മാംസം, മുട്ട തുടങ്ങിയവ വിൽപ്പന നടത്തുവാനാവശ്യമായ സ്ഥരം മാർക്കറ്റുകൾ എല്ലാ പ്രധാനപ്പെട്ട അങ്ങാടികളിലും, വെള്ളിയാംപുറം, കുണ്ടൂർ, ചെറുമുക്ക്, കൊടിഞ്ഞി, തിരുത്തി സ്ഥാപിക്കണം. ഇതുവഴി പഞ്ചായത്തിന് ഒരു ധനാഗമ മാർഗം കൂടി തുറന്നുകിട്ടുകയാണ്.

പഞ്ചായത്തിലെ ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച പട്ടിക പട്ടിക-5

വാർഡ്	ഹരിജൻ കോളനി	വൈദ്യുതി ലഭിച്ച കുടുബങ്ങളുടെ എണ്ണം		സൗജന്യ സ്ലാബിൽ വൈദ്യുതീ കരിച്ച കുടുംബം	പണം നൽകി വൈദ്യുതി ലഭിക്കുന്ന കുടുംബം
4	കുണ്ടൂർ	7	-	7	
5	തട്ടത്തലം	5	1	4	



5-7

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

പാർപ്പിടം:-

പാമ്പുകൾക്ക് മാളങ്ങളും പറവകൾക്ക് പറക്കാൻ ആകാശത്തുയർന്നു നിൽക്കുന്ന മരച്ചില്ലകളും ആവശ്യാനുസരണം ലഭ്യമായ ഈ ഭൂമിയിൽ സൃഷ്ടിയിൽ ഉത്തമനെന്നഭിമാനിക്കുന്ന മനുഷ്യന് തല ചായ്ക്കാൻ താവളം ലഭിക്കാത്ത അവസ്ഥയാണ് അനുഭവപ്പെടുന്നത്. ഇതര ജീവികൾക്കി ഈ ഭൂ മണ്ഡലം ജീവ സന്ധാരണത്തിന് യഥേഷ്ടം ഉപയോഗിക്കാൻ എൻ.ഒ.സി യോ മറ്റു വ്യവസ്ഥകളോ ആവശ്യമില്ലാത്തപ്പോൾ ദൈവ സൃഷ്ടമായ ഈ വിശാലഭൂമിയിൽ യഥേഷ്ടം ഒരു പാർപ്പിടം തരപ്പെടുത്തുവാൻ മനുഷ്യർ പെടാപ്പാട് പെടുകയാണ്. നൂറുകണക്കിന് ഏക്കർ സ്ഥലം സ്വകാര്യ വ്യക്തിക് വെറുതെ കൈവശം വച്ചിരിക്കുമ്പോഴും, സമ സൃഷ്ടിയായ സഹജീവിക്ക് പാർക്കാനിടം നൽകാൻ നിയമവ്യവസ്ഥകൾ ഭീഷണിയാകുന്നു. സമൂഹം നിർമ്മിച്ച നീതിന്യായ വ്യവസ്ഥകൾ കാരണം അപ്രാപ്യമായിത്തീർന്ന പാർപ്പിട സ്വപ്നം ദരിദ്രരും ദുർബലരുമായ ജനങ്ങളിൽ പൂവണിയണമെങ്കിൽ സമൂഹം തന്നെ പരിഹാരം കണ്ടെത്തിയേ പറ്റൂ.അതിനാലാണ് എല്ലാ ജീവികളും പ്രായപൂർത്തിയായാൽ സ്വയം താവളം തേടുകയും നേടുകയും ചെയ്യുമ്പോൾ മനുഷ്യന് അത് ഒരു സാമൂഹ്യ പ്രശ്നമായി മാറുന്നതും പ്രശ്ന പരിഹാരം സമൂഹ ബാധ്യതയായി മാറുന്നതും.

വസ്തു നിഷ്ഠമായ അന്വേഷണത്തിൽ നന്നമ്പ്ര പഞ്ചായത്തിൽ 4532 വീടുകൾ ഉള്ളതായി കാണുന്നു.

ഗ്രാമസഭ കണ്ടെത്തിയ പാർപ്പിടങ്ങളുടെ എണ്ണം, ഭവന രഹിതരുടെ എണ്ണം ഈ രംഗത്തെ പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ അടങ്ങിയ പട്ടിക (1) കാണുക.

ഭാര്യാഭർത്താക്കൻമാരും പ്രായപൂർത്തിയാകാത്ത മക്കളും ഒരു കുടുംബമെന്ന സാമൂഹ്യ സങ്കൽപ്പമനുസരിച്ച് നന്നമ്പ്ര പഞ്ചായത്തിലെ കുടംബങ്ങളുടെ സംഖ്യ വളരെ വലുതാണ്. അത് നിർണ്ണയിക്കുക എളുപ്പമല്ല. എന്നാൽ മറ്റൊരു വീടു നിർമിച്ചി മാറിത്താമസിക്കുകയെന്നത് പല കാരണങ്ങളാലും അനിവാര്യമായ എന്നാലതിന് ഇതേവരെ കഴിയാതിരുന്ന കുടുംബങ്ങളെയാണ് ഭവന രഹിതരായ കുടുംബങ്ങൾ എന്നു വിവക്ഷിക്കുന്നത്. അത്തരത്തിലുള്ള കുടുംബങ്ങൾ പഞ്ചായത്തിൽ നിരവധിയുണ്ട് എന്ന് വസ്തുനിഷ്ഠമായ അന്വേഷണം വെളിവാക്കുന്നു. ഏകദേശം മൊത്തം വീടുകളുടെ പകുതിയെങ്കിലും വരുമത്. അതിനു പുറമെയാണ് കുടിലുകളിൽ കഴിഞ്ഞു കൂടുന്ന കൂട്ടുകുടുംബങ്ങളുടെ എണ്ണ. കുടിലുകൾ നവീകരിക്കുകയും ഭവന രഹിതർക്ക് വീട് ലഭിക്കുകയും വേണം.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ എല്ലാ വാർഡിൽ നിന്നും ഒരേ രീതിയിലുള്ള പ്രശ്നങ്ങലും പരിഹാരങ്ങളുമാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും.പാർപ്പിട രംഗത്ത് ചൂണ്ടിക്കാണിക്കപ്പെട്ട പ്രശ്നങ്ങൾ താഴെ പറയും വിധം ക്രോഡീകരിക്കാം.

1) വീടുണ്ടാക്കാൻ സ്ഥലമില്ലായ്മ
2) സാമ്പത്തിക പരാധീനത
3) വായ്പാ പദ്ധതികളിലെ സങ്കീർണത
4) കുടിലുകളിലെ ജനപ്പെരുപ്പവും അസൗകര്യങ്ങളും
5) വായ്പാ പദ്ധതികളെ സംബന്ധിച്ചഅജ്ഞത
6) വായ്പയായി ലഭിക്കുന്ന സംഖ്യയുടെ അപര്യാപ്തത.
7) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും നിർമ്മാണ ദൗർലഭ്യവും.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്ന ഗ്രാമസഭ അവക്ക് പരിഹാരമായി ചൂണ്ടിക്കാണിക്കുന്ന നിർദ്ദേശങ്ങൾക്കും ഐക്യരൂപമുണ്ട്. അവ താഴെ വിവരിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ:-

1) ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുക.
2) വായ്പാ നിയമം ലളിതമാക്കുക.
3) നിർമ്മിക്കുന്ന വീടിൻെറ ഈടിൻമേൽ വായ്പ നൽകുക.
4) പുറമ്പോക്ക് ഭൂമി പ്ലോട്ടുകളായി തിരിച്ച് ദരിദ്രരായ കുടുംബങ്ങൾക്ക് വതരണം ചെയ്യുക.
5) കുറഞ്ഞ വിലക്കും ദാനമായും ഭൂമി വാങ്ങി

ദീർഘകാല വായ്പയായി അർഹരായവർക്കും നൽകുകയും അവിടെ വീടു വെക്കാൻ വായ്പ നൽകുകയും ചെയ്യുക.
6) ഭവന നിർമ്മാണ ഏജൻസികളെ പറ്റിയും പദ്ധതികളെ സംബന്ധിച്ചും പ്രചരണം നൽകുകയും ഗുണഭോക്താക്കളെ ബോധവൽക്കരിക്കുകയും ചെയ്യുക.
7) പട്ടികജാതി വിഭാഗങ്ങൾക്കുള്ള പദ്ധതികൾ യഥാസമയം നേടിക്കൊടുക്കാവാ സഹായിക്കുക.
8) കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുമ്പോൾ ഇടത്തട്ടുക്കാരുടെ ചൂഷണം അവസാനിപ്പിക്കാ നടപടി കൈക്കൊള്ളുക.
9) വിദഗ്ദ തൊഴിലാളികളുടെ ദൗർല്ലഭ്യതയുൾപ്പടെ മറ്റു സാങ്കേതിക തടസ്സങ്ങളും പരിഹരിക്കുക.

നന്നമ്പ്ര പഞ്ചായത്തിൽ മറെറല്ലായിടത്തെയും പോലെ പാർപ്പിട പ്രശ്നം രൂക്ഷമാണ് എന്നി ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നു. ആയതിന് താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ ഒരു പാട് പദ്ധതികൾ ഈ പ്രശ്ന പരിഹാരത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ലക്ഷംവീടു പദ്ധതി അതിലൊന്നായിരുന്നു. കൈരളി ഭവന നിർമാണ പദ്ധതി ഒന്നാം ഘട്ടവും അവസാനഘട്ടം ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) രാജീവ് ഗാന്ധി ദശലക്ഷ പാർപ്പിട പദ്ധതി, ആർ.എൽ.ഇ.ജി.പി, എം.ഡബ്ല്യു.എസ്, ജെ.ആർ.വൈതുടങ്ങിയ പദ്ധതികൾ വേറെയുമുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക പദ്ധതിയുമുണ്ട്. മുകളിൽ പറഞ്ഞ ഏജൻസികളുടെ പ്രവർത്തനം കൊണ്ടും ഈ വിഷയത്തിൽ ഭൂരിപക്ഷത്തിൻെറയും ആവശ്യം നിറവേററുവാൻ കഴിഞ്ഞിട്ടില്ല എന്നു കാണാം.

1) പഞ്ചായത്തിൽ അടിയന്തിരമായി ഒരു ഭവന നിർമാണ സഹകരണ സംഘം രജിസ്റററർ ചെയ്യുക.
2) ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
3) ആഢംബര വസ്തുക്കൾ ഉപയോഗിച്ചുള്ള വീടു നിർമ്മാണം നിരുൽസാഹപ്പെടുത്തുക.
4) തദ്ദേശീയമായ കെട്ടിട നിർമാണ സാമഗ്രികൾ ഉപയോഗപ്പെടുത്തുക.
5) വിദഗ്ദ, അവിദഗ്ദ തൊഴിലാളികളുടെ സന്നദ്ധ സംഘടന പഞ്ചായത്തു തലത്തിൽ രൂപീകരിക്കുക.
6) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാറിൽ നിന്നുമുള്ള ഭവന നിർമാണത്തിനുള്ള വായ്പാ തുകകൾ വർദ്ധിപ്പിക്കുകയും വായ്പകൾ ലഭിക്കാനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കുകയും ചെയ്യുക.

ഒമ്പതാം പദ്ധതിയിൽ ഭവന നിർമാണത്തിന് സർക്കാറും ധനകാര്യ സ്ഥാപനങ്ങളും കൂടുതൽ തുക നീക്കി വക്കുകയും സന്നദ്ധ സംഘടനകളുടെ സേവനം ഈ രംഗത്ത് കൂടുതൽ ഉപയോഗപ്പെടുത്തുകയും വേണം. ഭവന നിർമാണത്തിന് സ്വന്തമായി സ്ഥലമില്ലായ്മ വലിയ തടസ്സമാണ്. അതിനാൽ തന്നെ സ്ഥലമില്ലാത്തവന് ഏതെങ്കിലും വിധത്തിൽ അത് ലഭ്യമാക്കുവാൻ സമൂഹം സഹായിച്ചേ പററൂ.യ ദാനമായോ, കുറഞ്ഞ വിലക്കോ ഭൂമി സമ്പാദിച്ച് പ്ലോട്ടുകളായി തിരിച്ച്, വിൽക്കാൻ പററാത്ത വിധം ദീർഘ കാല വായ്പയായി പാവപ്പെട്ടവന് ഏൽപ്പിച്ചു കൊടുക്കുകയും വില ഗഡുക്കളായി സമാഹരിക്കുകയും ചെയ്യണം.

സാമൂഹ്യ ക്ഷേമം

ദാരിദ്ര്യ രേഖക്കു താഴെ എന്നു വിവക്ഷിക്കപ്പെട്ട ആളുകളെ കണ്ടെത്തുകയും അവരെ ദാരിദ്ര്യത്തിൽ നിന്നു മോചിപ്പിക്കുകയും ചെയ്യുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാറുകളുടെയും തൊഴിലാളി സംഘടനകളുടെയും മററു ഏജൻസികളുടെയും നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെയാണ് മൊത്തത്തിൽ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ എന്നു പറയുന്നത്. കൂട്ടത്തിൽ മൊത്തം സമൂഹത്തിൻെറ ക്ഷേമം

പട്ടിക-1 **പഞ്ചായത്തിൽ സഹായം ലഭിച്ചവരുടെ പട്ടിക**

ആകെ വീടുകൾ	കുടിലുകൾ	ഭവന രഹിതർ (ഏകദേശം)	അപേക്ഷിച്ചവർ (എസ്.ഡി)	കിട്ടിയവർ (എസ്.ഡി)	ഇനി കിട്ടേണ്ടവർ (എസ്.ഡി)	ഇനിയും ആവശ്യമുള്ളവർ (ഏകദേശം)
		1750	61	56	5	1700

ഗ്രാമസഭാ റിപ്പോർട്ടടിസ്ഥാനത്തിലുള്ള പാർപ്പിട പ്രശ്നങ്ങളുടെ പട്ടിക

പട്ടിക-2

വാർഡ്	വീടുകൾ	കുടിലുകൾ	ഭവന രഹിതർ	പ്രശ്നങ്ങൾ	പരിഹാര നിർദ്ദേശങ്ങൾ
1	329	വാർഡുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല-മൊത്തം 1127	വാർഡുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല-മൊത്തം 1750	കുടിലുകളിലെ അസൗകര്യങ്ങൾ, വായ്പ സങ്കീർണത, പദ്ധതിളെ സംബന്ധിച്ച അജ്ഞത	വായ്പാ സൗകര്യം ലഭ്യമാക്കണം, വളരെ പാവങ്ങൾക്ക് സ്ഥലം സൗജന്യമായി നൽകണം. ബോധവൽക്കരണം നടത്തണം.
2	385			കുടിലുകൾ,സ്ഥലമില്ലായ്മ, വായ്പാ ലഭ്യതക്കുള്ള പ്രയാസങ്ങൾ, സങ്കീർണ്ണത, അജ്ഞത	വായ്പാ സൗകര്യ സങ്കീർണ്ണത നീക്കണം, ബോധവൽക്കരണം
3	390			കുടിലുകളിലെ അസൗകര്യം, സാമൂഹ്യ പ്രശ്നം, സ്ഥലമില്ലായ്മ വായ്പാ സങ്കീർണ്ണത, കുടിലുകൾ എസ്.സി. വിഭാഗത്തിനേറത്	എസ്.സി ആനുകൂല്യം ലഭ്യമാക്കണം, സഹകരണ സംഘം സ്ഥലം ലഭ്യമാക്കണ, വായ്പാനയം ഉദാരമാക്കണം, കുടിലുകൾ നവീകരിക്കണം, പദ്ധതികളെ സംബന്ധിച്ച ബോധം വരുത്തണം. സഹകരണ സംഘം രൂപീകരിക്കണം.
4	490			ഭവനരഹിതർ അധികം, കുടിലുകളിലെ കുടുംബപ്പെരുപ്പം, ബോധക്കുറവ്, സാമ്പത്തിക പരാധീനത, സ്ഥലമില്ലായ്മ, വൈദ്യുതി, വെള്ളം എന്നിവയുടെ ദൗർലഭ്യം, ഗതാഗത അസൗകര്യം	സ്ഥലം ലഭ്യമാക്കണം, ,സംഘം സ്ഥാപിക്കണം, വായ്പ ലഭ്യമാക്കണം, ബോധവൽക്കരണം, എസ്.സി ആനുകൂല്യം നേടിക്കൊടുക്കണം, വൈദ്യുതി വിതരണ സംവിധാനം വിപുലപ്പെടുത്തണം. ശുദ്ധജലക്ഷാമം പരിഹരിക്കണം. ഗതാഗത സൗകര്യങ്ങളേർപ്പെടുത്തണം.
5	430			ലക്ഷംവീടു തകർച്ച, സ്ഥലമില്ലായ്മ, സാമ്പത്തിക പരാധീനത, കുടിലുകളിലെ ജനപ്പെരുപ്പം, സാമൂഹ്യ പ്രശ്നം	ലക്ഷംവീട് പുനർനിർമ്മാണത്തിന് പദ്ദതി വേണം, സ്ഥലം, സഹായധനം, എസ്.സി ആനുകൂല്യം എന്നിവ ലഭ്യമാക്കണം, സംഘം രൂപീകരിക്കണം.
6	450			സ്ഥലപരിമിതി, കുടിലുകളിലെ അസൗകര്യം, വായ്പ അലഭ്യത, സങ്കീർണ്ണത, സാമ്പത്തിക പരാധീനത	വായാപാ ലഭ്യത ലളിതമാക്കണം, സ്ഥലം, ധനസഹായം എന്നി ലഭ്യമാക്കമം, സഹകരണ സംഘം രൂപീകരിക്കണം.
7	471			കുടിലുകൾ നിരവധി, സ്ഥലമില്ലായ്മ, ഭൂമിയുടെ വില വർദ്ധന സാമ്പത്തിക പരാധീനത, വായ്പ സങ്കീർണ്ണത	വായ്പ സങ്കീർണ്ണത ഇല്ലാതാക്കണം, സ്ഥലം എസ്.സി ആനുകൂല്യം, സഹായ ധനം ലഭ്യമാക്കണം, സംഘം രൂപീകരിക്കണം.
8	305			സ്ഥല ദൗർലഭ്യം, കെട്ടിട നിർമാണ ചിലവ്, വായ്പ ലഭിക്കാനുള്ള പ്രയാസം, എസ്.സി ആനുകൂല്യം ലഭിക്കായ്ക, അജ്ഞത	സ്ഥലം, നിർമാണ വസ്തുക്കൾ, എസ്.സി. ആനുകൂല്യം, വായ്പ എന്നിവ ലഭ്യമാക്കണം, ബോധവൽക്കരണം നടത്തണം സംഘം രൂപീകരിക്കണം.
9	444			ലക്ഷംവീട് കോളനി തകർച്ച, സ്ഥലപരിമിതി, വായ്പ സങ്കീർണത, പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം അറിയായ്ക	ബോധവൽക്കരണം നടത്തണം, ലക്ഷംവീടു കോളനി നവീകക്കണം, വായ്പാ സങ്കീർണ്ണത മാറ്റണം.
10	273			വായ്പാ പ്രശ്നം,സ്ഥല പരിമിതി,സാമ്പത്തികം,സാങ്കേതികാജ്ഞത	സംഘം രൂപീകരിക്കണം, സ്ഥലം ലഭ്യമാക്കണം, വായ്പനയം ലളിതമാക്കണം.
11	325			75% ഓലവീടുകൾ, സ്ഥലപരിമിതി, വായ്പ കിട്ടാനുള്ള പ്രയാസം ചിലവു വർദ്ധന	സഹകരണ സംഘം രൂപീകരിക്കുക. കുടിലുകൾ നിവീകരിക്കാൻ സഹായിക്കുക, സ്ഥലം സാമ്പത്തിക സഹായം, മാർഗ്ഗ നിർദ്ദേശം എന്നിവ നൽകുക.
12	240			ഓലക്കുടിലുകൾ, വെള്ളപ്രശ്നം, സാമ്പത്തിക പരിമിതി, യാത്ര പ്രശ്നം, പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ	പദ്ധതി പ്രചാരണം നടത്തണം, വായ്പാ സങ്കീർണ്ണത മാറ്റണം സംഘം രൂപീകരിക്കണം.

ലാക്കാക്കിയുള്ള പ്രവർത്തനങ്ങളും ഇതിന്റെ പരിധിയിൽ വരുന്നു.

വനിതകൾക്കു മാത്രമായി ഒരു വനിതാ ക്ഷേമ ബോർഡും പട്ടിക ജാതി വർഗ്ഗക്കാർക്കു മാത്രമായി ഒരു പട്ടികജാതിവർഗ്ഗക്ഷേമ ബോർഡും വേറെത്തന്നെയുണ്ട്.

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായി നിയമിക്കപ്പെടുന്ന ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ള ആളുകളെ കണ്ടെത്തുന്നു. ഇങ്ങിനെ കണ്ടെത്തിയ ആളുകൾക്കി സമഗ്ര ഗ്രാമ വികസന പദ്ധതി പ്രകാരമുള്ള സഹായധനം അനുവദിക്കുന്നു. എന്നാൽ, ഇന്നത്തെ വാർഡടിസ്ഥാനത്തിലല്ല സർവ്വേ നടന്നിട്ടുള്ളത്. ഇതു സംബന്ധമായി ശേഖരിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

കയറിക്കൂടുകയും അർഹരായവർ തഴയപ്പെടുകയും ചെയ്തിട്ടുണ്ടെന്ന പരാതി പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

മാത്രവുമല്ല ഈ പദ്ധതിയിലുൾപ്പെടുത്തുവാൻ അർഹത നൽകുന്ന വരുമാന പരിധി നിർണ്ണയവും അശാസ്ത്രീയമാണ്. ഇതും പുനർവിചിന്തിനത്തിന് വിധേയമാക്കിയേ തിരൂ!

ഇങ്ങിനെ ഈ സ്കീമിൽ പെട്ടാലും ആനുകൂല്യ അർഹരായ ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം അകലെയാണ് എന്നതാണനുഭവം. ധനകാര്യ സ്ഥാപന് വായ്പയും മറ്റു ധനസഹായങ്ങളും അർഹരായവർക്ക് ലഭ്യമാക്കുന്നതിന് പകരം അവ എത്ര മാത്രം നിഷേധിക്കാനാകുമോ എന്ന രീതിയിലാണ് പെരുമാറുന്നതെന്ന് ഗ്രാമസഭാ റിപ്പോർട്ടിൽ കാണുന്നു.

ഐ.ആർ.ഡി.പി സർവ്വേ ഫലം(വ്യതിയാന അടിസ്ഥാനത്തിലല്ല)

പട്ടിക-3

വാർഡ്	സർവ്വേ പ്രകാരം കണ്ടെത്തിയ വർ	പട്ടിക ജാതി	സഹായം ലഭിച്ചവർ	പട്ടിക ജാതി	ഉയർത്തപ്പെട്ടവർ	ഇപ്പോൾ പട്ടികയിലുള്ളവർ
1	136	4	9	1	9	127
2	244	-	4	-	4	240
3	157	29	30	14	30	127
4	245	18	26	12	26	219
5	197	26	3	17	20	177
6	345	29	135	29	125	210
7	212	8	80	8	70	132
8	98	1	40	1	30	58
9	177	1	45	1	36	132
10	240	3	41	3	35	199

(അവലംബം:ദ്വിതീയ വിവരശേഖരണം)

ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടുകളിൽ കാണുന്ന ഒരു പ്രധാന പരാതി ഈ സർവ്വേയുടെ അശാസ്ത്രീയതയേയും അവ്യക്തതകളെയും പറ്റിയുള്ളതാണ്. ഈ സർവ്വേ എന്താണെന്നും എന്തിനാണെന്നും അറിയാതെ പോയി. അതിനാൽ തന്നെ പേരുൾപ്പെടുത്തപ്പെടാതെ അവഗണിക്കപ്പെട്ടു പോയ നിരവധി അർഹരായ കുടംബങ്ങൾ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. അനർഹരായ പലരും സർക്കാറും മറ്റു അധികാരികളും ഈ നിരുത്തരവാദിത്വവും ഉദാസീനതയും നീക്കാൻ വേണ്ട ജാഗ്രത പുലർത്തണം.

ഡി.ഡബ്ല്യു.സി.ആർ.എ

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി

തുടങ്ങുന്ന തൊഴിൽ സംരംഭമാണിത്. നന്നമ്പ്ര പഞ്ചായത്തിൽ ഇതിന് അനന്ത സാധ്യതകൾ കാണുന്നു. ഈ പരിപാടിയെപ്പററി ശരിയായ ബോധമില്ലായ്മയാണ് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്. നിലവിലുള്ള ഇതു സംബന്ധിച്ച സ്ഥിതി വിവരം താഴെ ചേർക്കുന്നു. (പട്ടിക-4)

സന്നദ്ധ സംഘടനകളുടെയും മററും സഹകരണത്തോടെ ഓരോ വാർഡിലും ആവശ്യമാണത്രേ മഹിളാ സമാജങ്ങളാണ് ആദ്യമായി രൂപീകരിക്കേണ്ടത്. മഹിളാ സമാജങ്ങൾ കേന്ദ്രീകരിച്ച് ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റുകൾ ആരംഭിക്കുക എളുപ്പമായിരിക്കും. സങ്കുചിതമായ മേഖലകളിൽ ഒതുങ്ങി നിൽക്കാതെ വീട്ടമ്മമാർക്ക് വലിയ പ്രയാസമില്ലാതെ കൊണ്ടു നടത്താവുന്ന പല

പട്ടിക-4

വാർഡ്	സ്ഥാനപ സ്വഭാവം	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ഇപ്പോഴത്തെ സ്ഥിതി
5	നോട്ടുബുക്ക് നിർമ്മാണം	1991-92	-	ഇപ്പോൾ പ്രവർത്തിക്കുന്നില്ല.
7	ഡയറി യൂണിററ്	1995-96	7	പ്രവർത്തിക്കുന്നു
8	കയറുൽപ്പാദനം	1991-92	11	പ്രവർത്തിക്കുന്നു

ട്രൈസം പരിശീലന വിവരം പട്ടിക-5

വാർഡ്	ട്രേഡ് വിവരം	പരിശീലനം കിട്ടിയവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	
3	നോട്ടു ബുക്ക് നിർമ്മാണം	1	1	
4 എ)	നോട്ടുബുക്ക് നിർമ്മാണം	1	1	
ബി)	കമ്പോസിങ്ങ്	1	1	
സി)	റേഡിയോ റിപ്പയറിങ്ങ്	1	1	
5 എ)	കമ്പോസിങ്ങ്	1	1	
ബി)	ബുക്ക് നിർമ്മാണം	5	5	
സി)	ഇലക്ട്രാണിക്സ്	1	1	
ഡി)	വെൽഡിങ്ങ്	2	2	
ഇ)	റേഡിയോ റിപ്പയറിങ്ങ്	1	1	
6 എ)	കമ്പോസിങ്ങ്	3	3	
ബി)	സ്പിന്നിങ്ങ്	1	1	
സി)	ബുക്ക് നിർമ്മാണം	1	1	
ഡി)	മോട്ടോർ വൈൻറിംഗ്	2	2	
8 എ)	ടൈലറിംഗ്	1	1	
	ആകെ	22	22	

(അവലംബം: സെക്കണ്ടറി ഡാറ്റ)

പ്രവർത്തനങ്ങളുമുണ്ട്. ചക്കപ്പപ്പട നിർമാണം, അച്ചാറുകൾ തയ്യാറാക്കൽ, പായ, ചവിട്ടി തുടങ്ങിയവയുടെ നിർമാണം ഇങ്ങിനെ പലതും. ഇതെല്ലാം ചെറിയ തോതിൽ ഉൽപ്പാദിപ്പിക്കാൻ വിപണന പ്രശ്നങ്ങളും ഉണ്ടാവാൻ വഴിയില്ല. കുടുംബിനികൾക്ക് ഒരു നല്ല ധനാഗമ മാർഗ്ഗമായി മാറുകയും ചെയ്യും.

9-ാം പദ്ധതിക്കാലത്ത് നന്നമ്പ്ര ഗ്രാമ പഞ്ചായത്തിൽ വേണ്ടത്ര യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

ട്രൈസം പരിശീലനം

18 വയസ്സു മുതൽ 35 വയസ്സു വരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകാനുദ്ദേശിച്ചുള്ളതാണീ പദ്ധതി. നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ ട്രൈസം പരിശീലന പരിപാടി നടന്നിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ പട്ടിക 5ൽ ചേർത്തിരിക്കുന്നു.

കൂടുതൽ പ്രചാരം നൽകി യുവാക്കളെ ഈ രംഗത്തേക്കെത്തിക്കണം. യുവജന സംഘടനകളുടെയും മഹിളാ സംഘടനകളുടെയും നേതൃത്വത്തിൽ കൂടുതൽ തൊഴിൽ രഹിതരെ പരിശീലിപ്പിക്കുന്നതിന് വേണ്ടിയുള്ള തീവ്രയത്നം ഒമ്പതാം പദ്ധതിയിൽ നടപ്പാക്കാവുന്നതാണ്. ഭക്ഷ്യ വസ്തു സംസ്കരണം, ബിൽഡിംഗ് കൺസ്ട്രക്ഷൻ വർക്സ്, നാളികേര സംസ്ക്കരണം, അടക്കാ സംസ്ക്കരണം ഔഷധ സസ്യക്കൃഷി പരിശീലനം, ഉദ്യാന കൃഷി, തീറ്റപ്പുല്ല് കൃഷി തുടങ്ങി ചകിരിയുപയോഗിച്ച് ഉൽപ്പന്നങ്ങളുണ്ടാക്കുന്നവയടക്കമുള്ള കാര്യങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിക്കണം.

ടൂൾകിറ്റ് പരിപാടി

ഗ്രാമീണ തൊഴിലാളികൾക്കാവശ്യമായ ടൂൾ കിറ്റുകൾ നൽകുന്ന പരിപാടിയാണ് ഇത്. ഈ പരിപാടി ഇതു വരെ നന്നമ്പ്രയിൽ നടപ്പാക്കിയിട്ടില്ല. കർഷക തൊഴിലാളികൾക്ക് പണിയായുധങ്ങൾ, സ്പ്രയർ തുടങ്ങി പവ്വർ ട്രില്ലർ വരെ ലഭ്യമാക്കണം. ഏതായാലും ഈ രംഗത്ത് അടുത്ത പദ്ധതിയാൽ കാര്യമായ പ്രവർത്തനം നടത്തണം. അർഹരായവർക്ക് ഇവ ലഭ്യമാക്കണം.

കക്കൂസ് നിർമാണം (സി.ആർ.എസ്.പി)

ദാരിദ്ര്യ രേഖക്ക് താഴെയുള്ള ജനങ്ങൾക്ക് കക്കൂസ് നിർമിക്കാനാവശ്യമായ സഹായം ചെയ്യുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. ഈ പഞ്ചായത്തിൽ ഈ പ്രവർത്തനം നടന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-6 **സി.ആർ.എസ്.പി. കക്കൂസുകളുടെ വിവരം**

വാർഡ്	കക്കൂസില്ലാത്ത വീടുകൾ	അനുവദിച്ചത്	പൂർത്തീകരിച്ചത്	ഇനി വേണ്ടത്
1	95	3	3	92
2	200	1	1	199
3	100	7	7	93
4	205	10	10	195
5	110	12	12	98
6	125	7	6	118
7	130	3	3	127
8	140	4	4	136
9	150	6	6	144
10	190	5	5	185
	1445	58	57	1387

അവലംബം:ഗ്രാമസഭാ റിപ്പോർട്ട്

യഥാർത്ഥത്തിൽ കക്കൂസിനാവശ്യമായവരും കക്കൂസ് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞവരും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിച്ചാൽ ഈ രംഗത്ത് ചെയ്യാൻ കഴിഞ്ഞ കാര്യങ്ങൾ തുലോം പരിമിതമാണെന്ന് കാണാം. ഈ സ്ഥിതി മാറിയേ തീരൂ. സർക്കാർ സഹായം ലഭ്യമാക്കണം. പക്ഷേ അത് കാത്തിരുന്ന് നടക്കാതെയും നടത്താതെയും പോകുന്ന കാര്യത്തിനായി ഇനിയും ഇക്കാര്യത്തിൽ അലംഭാവം തുടർന്നി കൂടാ. സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ കിട്ടാവുന്ന എല്ലാ വിഭവങ്ങളും സമാഹരിച്ച് ഈ പ്രശ്നം പരിഹരിക്കണം. ജനസാന്ദ്രത കൂടുതലുള്ള ഭാഗത്ത് പൊതു കക്കൂസുകൾ നിർമ്മിച്ചും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. 9-ാം പദ്ധതിക്കാലത്തി ആവശ്യമായത്ര കക്കൂസുകൾ നിർമിക്കാനുള്ള നടപടിയുണ്ടാവണം.

പെൻഷൻ പരിപാടി

സാമൂഹ്യ ക്ഷേമ രംഗത്തി നിലനിൽക്കുന്ന ഒരു ക്ഷേമ പരിപാടിയാണ് വിവിധ തരം പെൻഷൻ പദ്ധതികൾ ഇത് നിലവിലുണ്ട്. ഈ പഞ്ചായിലനുവദിച്ച പെൻഷൻ പദ്ധതികൾ ഇത് നിലവിലുണ്ട്. ഈ പഞ്ചായത്തിലനുവദിച്ച പെൻഷൻ വിവരം താഴെ കൊടുക്കുന്നു.

പെൻഷൻ വിവരം പട്ടിക-7

അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	കുഷ്ഠരോഗ പെൻഷൻ
9	21	20	10	2

നന്നമ്പ്ര പഞ്ചായത്തിലെ അവശത അനുഭവിക്കുന്ന നിരവധി അശരണരും, വികലാംഗരും രോഗികളുമായി നരകിക്കുന്നമുഴുവൻ ആളുകളുടേയും സംരക്ഷണം ഒരു ബാധ്യതയായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ദീനാനുകമ്പയുള്ള ജീവകാരുണ്യ പ്രവത്തനാഭിമുഖ്യമുള്ള ആളുകളുടേ സഹായസഹകരണങ്ങൾ സമാഹരിച്ച് റസ്ക്യൂ ഹോമുകൾ, അനാധശാലകൾ, വൃദ്ധസദനങ്ങൾ എന്നിവ ആരംഭിച്ച് നടത്തണം. അവരുടെ കഴിവുകളെ കളിയും വിധം ഉപയോഗിക്കുവാൻ അത് വഴി അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവ ആരംഭിച്ച് നടത്തണം. ഈ രംഗത്ത് കുറേ കൂടി ഭാവനാപൂർണ്ണമായ പ്രവർത്തനം 9ാം പദ്ധതി നടത്തണം.

കർഷക തൊഴിലാളി പെൻഷൻ

കർഷകതൊളിലാളി പെൻഷൻ അർഹത ഇല്ലാത്ത പലർക്കും കിട്ടുന്നു എന്നും അർഹതയുള്ളവർ അവഗണിക്കപ്പെടുന്നു എന്നും പരാതി വ്യാപകമായി ഉണ്ട്. ശാസ്ത്രീയമാനദണ്ഡം അുസരിച്ച് യദാർത്ഥ അർഹരെ കണ്ടെത്തണം. തൊഴിലില്ലായ്മ വേദനം യദാർത്ഥത്തിൽ അർഹരായവരല്ല ഇതിൻെറയും ഗുണഭോക്താക്കൾ എന്ന പരാതി ഗ്രാമ സഭകളിലുയർന്നു. തൊഴിൽ എന്നാൽ ഏതെങ്കിലും അംഗീകൃത ഏജൻസിയുടെ കീഴിൽ സ്ഥിരം ജോലി എന്ന സങ്കൽപ്പം ശരിയല്ല. തൊഴിലില്ലായ്മ വേതനം അനർഹർ കൈപ്പറ്റുന്നത് ഒഴിവാക്കുകയും അർഹരായവർക്കി കൃത്യമായി ലഭിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുന്നു.

തൊഴിലില്ലായ്മ വേതനം

യഥാർത്ഥത്തിൽ അർരായവരല്ല ഇതിൻെറയും ഗുണഭോക്താക്കളെന്ന പരാതി ഗ്രാമസഭകളിലുയർന്നു. തൊഴിൽ എന്നാൽ ഏതെങ്കിലും അംഗീകൃത ഏജൻസിയുടെ കീഴിൽ സ്ഥിരം ജോലി എന്ന സങ്കൽപം ശരിയല്ല. തൊഴിലില്ലായ്മ വേതനം അനർഹർ കൈപ്പറ്റുന്നത് ഒഴിവാക്കുകയും അർരായവർക്ക് കൃത്യമായി ലഭിക്കാൻ വേണ്ട നടപടികളും സ്വീകരിക്കണം.

അങ്കൺവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വെക്കുന്ന സ്ഥാപനങ്ങളാണിന്ന് അങ്കൺവാടികൾ. തുച്ഛമായ ശമ്പളം പററുന്ന പാവപ്പെട്ട പെൺകുട്ടികളാണ് പലതിലും ടീച്ചർമാർ. അതിനാൽ തന്നെ യാതാർത്ഥ സേവനപരമായ പ്രവർത്തനം ഈ രംഗത്ത് നടക്കുന്നുണ്ട്. ഗ്രാമീണ ജനതക്കിടയിൽ ഭൂരിഭാഗം വരുന്ന സ്ത്രീകൾക്കിടയിൽ പ്രവർത്തിക്കുന്ന ഇവർ അടിസ്ഥാന പരമായ സാമൂഹ്യമാറ്റം വരുത്താൻ കഴിവുള്ളവരത്രേ. ഇവരെ പരമാവധി ഉപയോഗപ്പെടുത്തുകയും ഇവരുടെ വിഷമങ്ങൾ പരിഹരിക്കപ്പെടുകയും വേണം.

നന്നമ്പ്ര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കൺവാടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അടുത്ത പേജിൽ ചേർക്കുന്നു. (പട്ടിക-8)

അങ്കൺവാടി വിവരങ്ങൾ പട്ടിക-8

വാർഡ്	കെട്ടിടം ഇല്ലാത്തവ	കെട്ടിടം ഉള്ളവ	ഇനിയും വേണ്ടവ	കുട്ടികളുടെ എണ്ണം	ഭൗതിക സൗകര്യം
1	2	-	1		പൊതുവെ ഭൗതിക സൗകര്യങ്ങൾ മോശമാണെന്ന് ഗ്രാമസഭയിൽ വിലയിരുന്നത്തി. നാലെണ്ണത്തിന് മാത്രമേ കെട്ടിടമുള്ളൂ.
2	2	-	2		
3	2	-	1		
4	2	-	2		
5	3	-	1		
6	1	2	2		
7	3	2	-		
8	1	-	1		
9	1	-	1		
10	1	-	2		
11	1	-	3		
12	1	-	2		
	20	4	18		

അവലംബം:ദ്വിതീയ വിവര ശേഖരണം

ഈ പഞ്ചായത്തിൽ 5 വയസ്സിന് താഴെയുള്ള 40978 ~ കുട്ടികൾ ഉള്ളതായി കണക്കാക്കുന്നു. പഞ്ചായത്തിലെ അങ്കൺവാടികളിൽ നിന്ന് ശേഖരിച്ച ചില വിവരങ്ങൾ താഴെ കൊടുക്കുന്നു. (പട്ടിക-9)

പഞ്ചായത്തിലെ 7-ാം വാർഡിലും 11-ാം വാർഡിലും പ്രവർത്തിക്കുന്നുണ്ട്. സമൂഹത്തിൽ വളരെയധികം പ്രയാസമനുഭവിക്കുന്ന വികലാംഗരുടെ ക്ഷൈമ പ്രവർത്തനങ്ങളിൽ ഈ സംഘടനാ പ്രവർത്തകർ നടത്തുന്ന സേവനം വളരെയധികം പ്രശംസാർഹമാണ്.

പട്ടിക-9

5 വയസ്സിന് താഴെയുള്ള എസ്.സി കുട്ടികൾ	എസ്.സി വിഭാഗത്തിൽപെട്ട കുട്ടികൾ	ഗർഭിണികൾ	പാലൂട്ടുന്ന അമ്മമാർ	129ൽ	125ൽ	132ൽ	133ൽ	137ൽ	ആകെ	പ്രവർത്തിക്കുന്ന അങ്കൺ വാടികൾ
4098	107	216	285	3	2	1	3	3	10	

ശേഷി

കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന 'ശേഷി' എന്ന സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിച്ചു വരുന്ന സംഘടനയുടെ പരപ്പനങ്ങാടി ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് യൂണിറ്റുകൾ നമ്മുടെ

ഇവരിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ 12 വാർഡുകളിലായി 335 വികലാംഗർ നമ്മുടെ പഞ്ചായത്തിലുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദമായി വിവരങ്ങൾ പട്ടിക പരിശോധിച്ചാൽ കാണാവുന്നതാണ്.

നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ വികലാംഗരുടെ പട്ടിക

വാർഡ്	വികലാംഗരുടെ എണ്ണം
1	35
2	41
3	39
4	31
5	43
6	31
7	25
8	27
9	32
10	32
സേവനം ലഭിക്കുന്നവർ	
1. Social Education	27
2. Normal Education	59
3. Aids and Appliances	11
4. Scholar ship	15
5. Medical Treatment	35
6. സ്വന്തമായി ജീവിതം കഴിക്കുന്നവർ	29
7. Occational Training	13
8. Theraphy	10
9. Pention	75

ഇതു പ്രകാരം 50 കുട്ടിക്ക് ഒരു അങ്കൺവാടി എന്ന തോതെടുത്താൽ തന്നെ 82 എണ്ണം ആവശ്യമാണ്. 9-ാം പദ്ധതി കാലത്ത് ആവശ്യമായത്ര അങ്കൺവാടികൾ ആരംഭിക്കാൻ നടപടി എടുക്കണം. നിലവിലുള്ളവയുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കണം. സ്വന്തം കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, കളിപ്പാട്ടങ്ങൾ, എന്നിവയുണ്ടാക്കണം. സ്പോൺസേർഡ് പരിപാടിയായി ഇത് നേടിയെടുക്കണം. കളിപ്പാട്ടങ്ങളും മറ്റും ശിൽപ്പശാലയിലൂടെ നേടിയെടുക്കണം. കളിപ്പാട്ടങ്ങളും മററും ശിൽപ്പ ശാലയിലൂടെ നേടിയെടുക്കാവുന്നതേയുള്ളൂ. അങ്കൺവാടികളിൽ ജോലി ഭാരം ലഘൂകരിക്കാൻ ഒരു ജീവനക്കാരിയെകൂടി നിയമിക്കുന്ന കാര്യം പരിഗണിക്കണം.

പൊതു വിതരണ രംഗം

പഞ്ചായത്തിലാകെ 8 റേഷൻ ഷാപ്പുകളാണുള്ളത്. മൊത്തം 1991-ലെ സെൻസസ് പ്രകാരം 30308 ആളുകളുള്ള നമ്മുടെ നാട്ടിൽ ഇത്രയും ഷാപ്പുകൾ പോരാ. 4161 കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ റേഷൻ ഷാപ്പുകൾ തീരെ അപര്യാപ്തമാണ്. നന്നമ്പ്രയിലെ 8 ഷാപ്പുകൾ വഴി കഴിഞ്ഞ 5 കൊല്ലത്തെ വിതരണ വിവരം പട്ടികയിൽ കൊടുക്കുന്നു. (പട്ടിക-10)

പട്ടിക-10

പഞ്ചായത്തിലെ റേഷൻ ഷാപ്പുകളിലെ വിതരണ വിവരം

കാർഡുടമകളുടെ എണ്ണം		ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കൾ							മണ്ണെണ്ണ
വർഷം	എ.പി.എൽ	ബി.പി.എൽ	അന്ത്യോദയ	12 വയസ്സിന് മുകളിൽ	3-12 വയസ്സിനിടയിൽ	അരി	ഗോതമ്പ്	പഞ്ചസാര	പാം ഓയിൽ	മണ്ണെണ്ണ	വിതരണം ചെയ്ത കടകൾ	ഡീലർഷിപ്പുള്ള കടകൾ
91-92	1913	1850	3763	18229	7134	25363	166854	14397	2900	9370	1339	5.7	194865.7	114	3251	158032
92-93	1976	1881	3857	12216	7225	25486	159342	13776	470	10241	1362	5.7	185190.7	107	2791	161188
93-94	1841	2049	3890	20420	7333	27753	158316	15177	299	8926	1327	-	184045.7	114	2898	162018
94-95	17-96	2199	3995	20172	7350	2552	155712	13108	414	11688	1356	.5	182278.5	127	4254	161696
95-96	1624	2478	4102	23384	8118	3150.2	165730	19646	541	11032	1363.4	-	198312.4	134	4314	133678

ഇത് പ്രകാരം കാര്യക്ഷമമായി ഇവിടെ റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു എന്നു കാണുന്നു. എങ്കിലും പല വസ്തുക്കളും വേണ്ടത്ര അളവിൽ ലഭ്യമല്ല. കുറേകൂടി കാര്യക്ഷമമായി പ്രവർത്തിക്കാൻ ഷാപ്പുകളെ ഉപദേശിക്കണം. പൊതു വിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികളെടുക്കണം. നന്നമ്പ്ര പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണം. കൂടാതെ സഹകരണ മാവേലി സ്റ്റോറുകൾ, പഞ്ചായത്ത് ന്യായവില ഷാപ്പുകൾ എന്നിവയും ലഭിക്കണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് തീർപ്പാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. പൊതു വിതരണ കേന്ദ്രങ്ങളുടെ മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കണം.

പൊതു ശ്മശാനം

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം വേണം. ചുള്ളിക്കുന്നിലുള്ള ഹരിജൻ ശ്മശാനം സംരക്ഷിക്കപ്പെടണം. സാമൂഹ്യ സേവന രംഗത്ത് സജീവമായി പ്രവർത്തിക്കാൻ സന്നദ്ധ സംഘടനകളുടെയും യുവജന സംഘടനകളുടെയും സംയുക്ത യോഗങ്ങൾ ഇടക്കിടെ വിളിച്ചു ചേർക്കണം.

മനുഷ്യ സമൂഹത്തിന്റെ മുന്നിലുള്ള വിപത്തുകളായ മയക്കുമരുന്ന്, മദ്യം എന്നിവക്കെതിരായ ബോധവൽക്കരണം ഉണ്ടായേ തീരൂ.

പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ വികസനോൻമുഖമായ ഒരു രാഷ്ട്രീയ സംസ്കാരം വളർത്താൻ ശ്രമിക്കണം. എല്ലാവികസന പ്രവർത്തനങ്ങളും സാമൂഹ്യമായ കൂട്ടായിമയിലൂടെ അത് വഴി സമൂഹത്തിലേക്ക്. അതാവട്ടെ നമ്മുടെ ലക്ഷ്യം.

5-8

സംസ്കാരം

സാംസ്കാരിക രംഗത്ത് അതി അതിമഹത്തായ ഒരു സ്ഥാനം തന്നെയാണ് നന്നമ്പ്ര ഗ്രാമപഞ്ചായത്തിനുള്ളത്. ചരിത്ര രേഖകൾ പരിശോധിച്ചാൽ പല സാംസ്കാരിക പ്രവർത്തനങ്ങളിലും ശോഭിച്ച വ്യക്തികളെ കാണാൻ കഴിയും.അവരുടെ ത്യാഗ പൂർണമായ സേവനം ഇന്നാട്ടിൽ അതാത് കാലങ്ങളിൽ കലാ-കായിക, സാംസ്കാരിക രംഗത്ത് പടർന്ന് പന്തലിച്ചതായി കാണാം.

മലബാർ കലാപവുമായി ബന്ധമുള്ള ഒട്ടനവധി പ്രദേശങ്ങളാണ് ഇവിടെയുള്ളത്. പട്ടാളക്കാരുടെ തോക്കിനു മുമ്പിൽ വിരിമാറ് കാണിച്ചവർ ധാരാളമാണ്. ലഹളയുമായി ബന്ധമുള്ള നന്നമ്പ്രയിലെ പല പ്രദേശങ്ങളും അതിനോട് ബന്ധപ്പെട്ട് വീരമൃത്യു വരിച്ചവരിൽ പൂഴിക്കൽ മാധവൻ നായർ, അബ്ദുള്ളകുട്ടി, ആലി മുസ്ല്യാരുടെ വിശ്വസ്ഥനും വലകയ്യുമായി പ്രവർത്തിച്ചിരുന്ന കുഞ്ഞലവിയും അവരിൽ ചിലരത്രെ. കലാപത്തിന്റെ ഗതകാല ഓർമ്മകൾ മനസിന്റെ ചെപ്പിൽ സൂക്ഷിച്ച് കാലം കഴിക്കുന്ന കാരണവൻമാർ നമ്മുടെയൊക്കെ പ്രദേശങ്ങളിൽ നിരവധിയാണ്.

സാംസ്കാരിക പ്രവർത്തനങ്ങളിലും കലാപ്രവർത്തനങ്ങളിലും അതി വിഖ്യാതമായ സ്ഥാനമാണ് പണ്ടു മുതലേ നമുക്കുള്ളത്. ക്ഷേത്രങ്ങളിൽ നില നിന്നിരുന്ന ഭഗവതി ആട്ടുകളും പള്ളികൾ കേന്ദ്രീകരിച്ചുള്ള നേർച്ചകളും നമ്മുടെ സാംസ്കാരിക തനിമ വിളിച്ചോതുന്നവയാണ്. കുണ്ടൂർ, വെള്ളയാമ്പുറം, നന്നമ്പ്ര, കൊടിഞ്ഞി എന്നിവിടങ്ങളിലെ പ്രധാന ക്ഷേത്രങ്ങളിൽ നടന്നു വരുന്ന ഉൽസവങ്ങൾ നാടിന്റെ മത സൗഹാർദത്തിന്റെ പ്രതീകങ്ങളാണ്. . ചരിത്രത്തിന്റെ സ്മരണ നിലനിർത്തുന്ന മഹൽ പൈതൃകമാണ് കൊടിഞ്ഞി പഴയ ജുമു: അത്ത് പള്ളിക്കുള്ളത്. 175 വർഷങ്ങൾക്ക് മുമ്പ് മമ്പുറം സയ്യിദ് അലവി തങ്ങൾ സ്ഥാപിച്ചതാണ് ഈ പള്ളി. എല്ലാ വെള്ളിയാഴ്ചയും ജുമു അക്ക് ശേഷം അവിടെ നടന്നുവരുന്ന 'സത്യം'ചെയ്യൽ ചടങ്ങ് പ്രശസ്തമാണ്. കേരളത്തിന് അകത്തുനിന്നും പുറത്തു നിന്നും ജാതി മത ഭേദമന്യേ ആളുകൾ പ്രശ്ന പരിഹാരത്തിനായി ഇവിടെ എത്തുകയും സത്യം ചെയ്ത് നിർവൃതിയടയുകയും ചെയ്യുന്നു. പോലീസിൽ നിന്നും, കോടതിയിൽ നിന്നു പോലും പ്രശ്ന പരിഹാരത്തിനായി കക്ഷികളെ ഇങ്ങോട്ടു അയക്കാറുണ്ട്. പള്ളി സ്ഥാപിതമായതു തൊട്ട് തന്നെ മത സാമൂഹിക രംഗം സമ്പുഷ്ടമാക്കുന്നതിന് ഉതകുമാറുള്ള പള്ളി ദർസും ഇവിടെ നടന്നു വരുന്നു. പള്ളിക്ക് തറക്കല്ലിട്ട ഹിജ്റ വർഷം 'സഫർ 12' കൊടിഞ്ഞിയുടെ മൊത്തം ആഘോഷ ദിനമായി കൊണ്ടാടുന്നു. കുഴികുത്തികൾ, ആശാരി, മണ്ണാൻ, പെരും കൊല്ലൻ, പണിക്കർ, ഒസ്സാൻ, എന്നീ വിഭാഗക്കാർക്ക് പള്ളി വക ഭൂമി കൊടുത്ത് മമ്പുറം തങ്ങൾ അക്കാലത്ത് തന്നെ സാമൂഹിക നീതി ഉറപ്പ് നൽകിയിരുന്നു. കുണ്ടൂർ നേർച്ചക്കുംചരിത്രത്തിൽ രേഖകൾ ഉണ്ട്. 60 വർഷങ്ങൾക്കു മുമ്പ് മത പഠന നടത്തിപ്പിന് വേണ്ടി വൈലത്തൂരിൽ നിന്നും വന്ന കറുത്ത അഹമദ് മുസ്ല്യാരുടെ മരണത്തിനു ശേഷം അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താനും ആദരിക്കാനും വേണ്ടിയായിരുന്നു കുണ്ടൂർ നേർച്ച നടത്തിയിരുന്നത്. അതിൽ ആനവരവ്, കരിമരുന്നു പ്രയോഗം തുടങ്ങി മറ്റു പല ആഘോഷങ്ങളും ഉണ്ടായിരുന്നു. എന്നാൽ !952 ന് ശേഷം ഈ നേർച്ച പിന്നീട് നടന്നിട്ടില്ല.

വെള്ളിയാമ്പുറം, നന്നമ്പ്ര, കുണ്ടൂർ, കൊടിഞ്ഞി, എന്നീ പ്രദേശങ്ങളിൽ ഇന്നും കലങ്കരി ഉൽസവങ്ങളും അയ്യപ്പൻ വിളക്കുകളും ക്ഷേത്രത്തിൽ നടന്നു വരുന്നുണ്ട്. ഇതിൽ ജാതിമത ഭേദമന്യേ ഏവരും സഹകരിക്കുകയും ചെയ്യുന്നു. നന്നമ്പ്ര വിഷ്ണു ക്ഷേത്രം വെള്ളിയാമ്പുറം ശിവക്ഷേത്രം, കുണ്ടൂർ ഊരോത്തിയിൽ ഭഗവതി ക്ഷേത്രം എന്നിവ പ്രാചീന ക്ഷേത്രങ്ങളിൽ പെട്ടതാണ്. ഈ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചു കൊണ്ട് വിവിധ ക്ഷേത്ര കലകൾ ഇവിടങ്ങളിൽ ഇപ്പോഴും നടന്നു വരുന്നുണ്ട്.

പഴയകാല വിനോദങ്ങൾ

1920 മുതൽ 1950 വരെ ഈ പ്രദേശത്ത് മൊത്തത്തിൽ നിലനിന്നിരുന്ന കലകൾ അനവധിയാണ്. പരിചമുട്ടുകളി, പകിടകളി, പടക്കളി, ചവിട്ടുകളി, ഹോക്കിയുടെ പ്രാഗ് രൂപമായ കാറകളി, പടാളി തല്ല്, പുരാണ് നാടക ട്രൂപ്പ്, വായ്പാട്ട്, തിരുവാതിര കളി, കൈകൊട്ടിക്കളിപ്പാട്ട്, കോൽക്കളി, ദഫ്മുട്ട്, കാളപൂട്ട്, കൊയ്ത്ത് പാട്ട് എന്നിവ നാട്ടിൽ പ്രചുരപ്രചാരം നേടിയവയായിരുന്നു. കലാരംഗത്തു പ്രവർത്തിച്ചിരുന്ന പഴയ കാല ഗുരുക്കൻമാരിൽ പലരും ഇന്നു നമ്മോടൊപ്പമില്ല.പാറതി പണിക്കത്യാർ, കുഞ്ഞ്യാമ പണിക്കത്ത്യാർ, മാതു പണിക്കത്യാർ, എന്നിവർ വായപാട്ട്, തിരുവാതിരക്കളി എന്നിവ പഠിപ്പിച്ചിരുന്നതായി പറയപ്പെടുന്നു. അക്കാലത്ത് മണലപ്പുഴക്കാരനായ അഹമ്മദ് ഗുരുക്കൾ, കുണ്ടൂരിലെ
മച്ചിഞ്ചേരിഅവറു തുടങ്ങിയവർ ഈ പ്രദേശങ്ങളിൽ കോൽക്കളി, ദഫ്മുട്ട് എന്നിവയുടെ ഉസ്താദുമായിരുന്നു. പഠിപ്പിച്ചിരുന്നു. ഇന്നും ജീവിച്ചിരിക്കുന്ന ശ്രീ. കെ.കെ. രാമൻകുട്ടി പരിചമുട്ടുകളിയുടെ ഗുരുവാണ്. വായ്പാട്ടിൽ തിലായിൽ കുഞ്ഞിമുഹമ്മദ്. സി.കെ. മുഹമ്മദ്,തേറേമ്പിൽ തിത്തിക്കുട്ടി എന്നിവർ അദ്വിതീയരാണ്. വേളക്കാട്ട് കുമാരൻ, കാച്ചിരി കുഞ്ഞൻ നായർ എന്നിവർ പകിടകളിയിലും പുരാണ നാടക ട്രൂപ്പിലും അംഗങ്ങളായിരുന്നു.

പഴയകാല എഴുത്തുകാർ

ജനാബ്. ടി. മുഹമ്മദ് മൗലവി കൊടിഞ്ഞി, അറിയപ്പെടുന്ന ഒരു എഴുത്തുകാരനും വാഗ്മിയും ആയിരുന്നു. കേരള സംസ്ഥാനതല അവാർഡ് ജേതാവ് കൂടിയായിരുന്നു അദ്ദേഹം. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവ് കൂടിയായ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കൃതിയാണ് 'ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ.'

മറ്റത്ത് മുഹമ്മദ് മാപ്പിളപ്പാട്ട് രചനയിലും എഴുത്ത് കാരനെന്ന നിലയിലും പ്രസിദ്ധി നേടിയ ഒരാളാണ്മറ്റത്ത് മുഹമ്മദ്. പഞ്ചായത്തിൽ അറിയപ്പെട്ടിരുന്ന സാമൂഹ്യ പ്രവർത്തകനും മാതൃഭൂമി ലേഖകനുമായിരുന്നു ശ്രീ. കെ.വി. കുറുപ്പ് അറിയപ്പെടുന്ന പഴയ കലാസാംസ്കാരിക പ്രവർത്തകനായിരുന്നു..

ആനുകാലിക പ്രസിദ്ധീകരണങ്ങളിലും മറ്റും എഴുതുന്ന പലരും ഈ പഞ്ചായത്തിലുണ്ട്. എഴുത്തുകാർ എന്ന നിലയിൽ തങ്ങളുടെ പ്രതിഭാവിലാസം തെളിയിച്ചവരാണവരെല്ലാം.

ഇന്നത്തെ കലാ-കായിക-സാംസ്കാരി രംഗം-ഒരവലോകനം

എല്ലാ രാഷ്ട്രീയ സംഘടനകളും മത സംഘടനകളും ഈ പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു. സാക്ഷരതാ പ്രവർത്തനം വഴി നിരക്ഷരർക്ക് അക്ഷര ജ്ഞാനവും സാംസ്കാരിക ബോധവും നൽകാൻ കഴിഞ്ഞെങ്കിലും ആ രംഗത്ത് നമ്മുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്

ജനവിദ്യാ കേന്ദ്രങ്ങൾ പ്രധാനമായും കുണ്ടൂർ, വെള്ളിയാമ്പുറം, തയ്യാല, ഹൈസ്കൂൾ പടി, കൊടിഞ്ഞി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

കലാ-കായിക പ്രവർത്തന രംഗത്ത് കാലാകാലങ്ങളിൽ സന്നദ്ധസംഘടനകൾ അർപ്പിച്ച സേവനങ്ങൾ നിസ്തുലങ്ങളായിരുന്നു. നിലവിലുള്ള സന്നദ്ധ സംഘടനകളുടെ വിവരം അന്യത്ര ചേർക്കുന്നു.(പട്ടിക-2)

പഞ്ചായത്തിൽ നിലവിലുള്ള കലാകായിക സംഘടനകൾ വർഷം തോറും പല പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടത്താറുണ്ട്. കലാ പരിപാടികൾ, ഫുട്ബോൾ മേള, വോളിബോൾ, ചെസ്സ് , ക്രിക്കറ്റ് എന്നീ മൽസരങ്ങൾ നടത്താറുണ്ട്. പാണ്ടിമുറ്റത്ത് ഇന്നും നടന്നു വരുന്ന കാളപൂട്ട് മൽസരം പ്രസിദ്ധമാണ്. കേരളോൽസവങ്ങളുടെ ബ്ലോക്ക്-ജില്ലാതല മൽസരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെക്കാൻ പഞ്ചായത്തലെ കലാകായിക താരങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. സന്നദ്ധ സംഘടനകൾ കലാരംഗത്തെന്നപോലെ സാക്ഷരതാ രംഗത്തും ജനകീയ സേവന രംഗത്തും മാതൃകാപരമായി തന്നെ പ്രവർത്തിച്ചു വരുന്നു.

ഗ്രന്ഥശാലകൾ പഞ്ചായത്തിൽ കുറവാണ്. കൊടിഞ്ഞിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഗ്രന്ഥശാലയും വായനശാലയും ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്നുവെങ്കിലും വൈജ്ഞാനിക രംഗത്ത് കനപ്പെട്ട സംഭാവന അർപ്പിച്ചു വരുന്നു. ഇതിനും പുറമെ കൈരളി ക്ലബ്ബിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിനി ലൈബ്രറിയും, കുണ്ടൂർ, ചെറുമുക്ക്, തെയ്യാല, കൊടിഞ്ഞി എന്നിവിടങ്ങളിലെ മത ഗ്രന്ഥശാലകളും അറിവിന്റെ മേഖലകളിൽ പുതിയ വെളിച്ചം പകരുന്നു.

ആഘോഷങ്ങൾ

മുസ്ലിം ഭൂരിപക്ഷമുള്ള നന്നമ്പ്രയിൽ മറ്റിതര മത സമൂഹങ്ങളായ ഹൈന്ദവരും, ക്രിസ്ത്യാനികളും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ നിൽക്കുന്നു. പ്രധാന ആഘോഷങ്ങൾ റംസാൻ, ബക്രീദ്, ഓണം, വിഷു എന്നിവയാണ്. കൂടാതെ വിവിധ ക്ഷേത്രങ്ങളിൽ നടക്കുന്ന ഉൽസവങ്ങൾ പ്രധാന ആഘോഷങ്ങളിൽ

പെടുന്നു. ആഘോഷങ്ങൾ പ്രധാനമായും എല്ലാ വിഭാഗക്കാരും പരസ്പരം ഒത്തൊരുമിച്ച് നടത്തുന്നവയാണ്.

കലാ-കായിക-സാംസ്കാരിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ

1) പഞ്ചായത്ത് തലത്തിഗ കലാ-കായിക മൽസരങ്ങളായ കേരളോൽസവം, ഓണം സ്പോർട്സ് എന്നിവ ശാസ്ത്രീയമായ രീതിയിൽ നടക്കുന്നില്ല. ഇത് കലാ-കായിക താരങ്ങളെ പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ എല്ലാ വർഷവും വൻ പരിപാടിയായി നടത്തുക.

2) പഞ്ചായത്ത് തലത്തിൽ സന്നദ്ധസംഘടനകളുടെ ഒരു ഏകീകരണം നടപ്പാക്കുക. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇത് രൂപീകരിക്കാവുന്നതാണ്. എല്ലാ സന്നദ്ധസംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിയാവണം ഇതിനു മുൻകൈ എടുക്കേണ്ടത്. അത്തരം പഞ്ചായത്ത് രൂപീകരിക്കുന്ന സംഘടനകൾ വഴി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

3) പഞ്ചായത്തിലെ ഒട്ടുമിക്ക വാർഡുകളിലും ഗ്രന്ഥശാലയോ വായനശാലയോ ഇല്ല. ഓരോ വാർഡിലും ഗ്രന്ഥശാല സ്ഥാപിക്കുവാനും നടപടി എടുക്കുക. സന്നദ്ധ സംഘടനകളെ ഇത്തരം പ്രവർത്തനത്തിന് പ്രോൽസാഹിപ്പിക്കേണ്ടതാണ്.

4) പഞ്ചായത്തിൽ സാംസ്കാരിക നിലയം ഇപ്പോൾ നിലവിലില്ല. അതിനായി പഞ്ചായത്തിൽ ഒരു സാസ്കാരിക നിലയം സ്ഥാപിക്കണം.

5) സന്നദ്ധ സംഘടനകൾക്ക് യാതൊരു തരത്തിലുള്ള ധനസഹായവും കിട്ടുന്നില്ല എന്നത് അവരുടെ പ്രവർത്തനക്ക് വിഘാതമായി നിൽക്കുന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി ഓരോ വർഷവും പഞ്ചായത്തിന് ഏറ്റവും നല്ല സന്നദ്ധ സംഘടനക്ക് ധന സഹായം നൽകാവുന്നതാണ്.

6) പഞ്ചായത്ത് തലത്തിൽ കലാ കായിക പ്രതിഭകളെ കണ്ടെത്തി അവർക്കി പ്രോൽസാഹനം നൽകുക. സ്കൂൾ തലത്തിൽ നിന്നും ഇതിന്റെ പ്രവർത്തനം തുടങ്ങണം. സ്കൂൾ തലം മുതൽ കൂടുതൽ കലാ-കായിക പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ കഴിഞ്ഞാൽ വരും കാലങ്ങളിൽ നല്ലൊരു കലാ-കായിക രംഗം സംഭാവന ചെയ്യാൻ സാധിക്കും.

7) നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളെ പരിപോഷിപ്പിക്കാൻ സന്നദ്ധ സംഘടനകളുമായി ചേർന്ന് പ്രോൽസാഹനം നൽകുക.

8) കലാ-സാംസ്കാരിക പ്രവർത്തനത്തിന് അവ പഠിപ്പിക്കുവാനും ഗവേഷണം നടത്തുവാനും ഒരു സംഗീത സ്കൂൾ സ്ഥാപിക്കുവാനും നാം ശ്രമിക്കേണ്ടതാണ്.

പട്ടിക-1

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും മേൽ വിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ വിവരണം	പ്രതിമാസ പുസ്തക എണ്ണം	സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്ന്	കീഴിൽ പ്രവർത്തിക്കുന്നവരുടെ വിവരം	രജിസ്റ്റർ നമ്പർ	മറ്റഭിപ്രായം
1	പഞ്ചായത്തു ലൈബ്രറി ആൻറ് റീഡിങ്ങ് റൂം, കൊടിഞ്ഞി കോറ്റത്ത്	1971	പഞ്ചായത്ത് കെട്ടിടം	169	1978	120	ഇല്ല	വായനശാല	4010/71	
2	കൈരളി മിനി ലൈബ്രറി ജയാരാം പടി, കുണ്ടൂർ	1991	വാടക	48	347	34	ഇല്ല	കൈരളി കയ്യെഴുത്തു മാസിക	297/92	

ക്രമ നമ്പർ	പേരും മേൽ വിലാസവും	സ്ഥാപിച്ച വർഷം	മെമ്പർ മാരുടെ എണ്ണം	കെട്ടിട ത്തിന്റെ വിവരം	സർക്കാർ ധനസഹായ ത്തിന്റെ വിവരം	റജിസ്റ്റർ നമ്പർ	ഏതു സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു?	കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം	ഏതു മേഖലയിൽ സ്ഥിതി ചെയ്യുന്നു	പ്രവർത്തന ലഘു വിവരം
1	കൈരളി കലാവേദി	1991	36	വാടക	-	297/92	നെഹ്റു യുവകേന്ദ്ര	കയ്യെഴുത്തു മാമാസിക മഹിളാ വിംഗ്	കുണ്ടൂർ	കലാകായിക സാംസ്കാരിക രംഗം
2	യാസ്, കൊടിഞ്ഞി	1985	48	വാടക	-	44/85	നെഹ്റു യുവകേന്ദ്ര	-	സെൻട്രൽ ബസാർ കൊടിഞ്ഞി	"
3	അൽ അമീൻ സ്പോർട്സ്വിംഗ്	1980	75	വാടക	-	140/85	നെഹ്റു യുവകേന്ദ്ര ജില്ല വോളിബോൾ അസോസിയേഷൻ	അംഗൻ വാടി നമ്പർ.139	അൽഅമീൻ നഗർ കൊടിഞ്ഞി	വിദ്യാഭ്യാസ കലാകായിക സാംസ്കാരിക രംഗം
4	മിനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്	1990	40	വാടക	-	234/90	നെഹ്റു യുവകേന്ദ്ര സംഗീത നാടക അക്കാദമി	-	കൊടിഞ്ഞി	കലാകായിക സാസ്കാരിക രംഗം
5	ന്യൂ ഐലൻറ് സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	1995	68	വാടക	-	573/95	നെഹ്റു യുവകേന്ദ്ര	വായന ശാല	തിരുത്തി	"
6	സരിഗ തിയേറ്റേഴ്സ്	1995	32	വാടക	-	-	-	അംഗൻവാടി ടി. നമ്പർ.122	തട്ടത്തലം	"
7	സി.എച്ച്.. വിചാരവേദി1989 തെയ്യാല	50	-	-	-	-	റീലീഫ് സെൽ	തെയ്യാല		സാംസ്കാരികം പ്രസിദ്ധീകരണം സാമൂഹ്യം
8	ഐലൻറ് സ്റ്റാർ	1986	80	-	-	335/86	നെഹ്റു യുവകേന്ദ്ര	അംഗൻവാടി	തിരുത്തി	കലാകായിക സാസ്കാരിക രംഗം
9	ട്രാക്സ് ഫോഴ്സ്, കൊടിഞ്ഞി	-	-	-	-	-	-	-	ഫാറൂഖ്നഗർ	
10	ശിൽപ കലാ സാഹിത്യവേദി	-	-	വാടക	-	-	-	-	പയ്യോളി	
11	ഫ്രൻറ്സ് ആൻറ് ബ്രദേഴ്സ്	-	-	"	-	-	-	-	ഫാറൂഖ്നഗർ	
12	യൂത്ത് അസോസിയേഷൻ								തയ്യാലിങ്ങൽ	
13	എം. ബ്രോസ്, കുണ്ടൂർ								കുണ്ടൂർ	
14	ട്രാക്സ്, കൊടിഞ്ഞി	1989	25	വാടക	-		നെഹ്റു യുവകേന്ദ്ര	ബ്ലഡ് ഡോണേഴ്സ് ഫോറം	കോറ്റത്ത്	കലാകായിക സാംസ്കാരി രംഗം
15	എവർഷൈൻ	1986	40	വാടക	-	217/86	"	-	ചെറുമുക്ക്	"
16	കെ.പി.സി സ്പോർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്						നെഹ്റു യുവകേന്ദ്ര		ചെറുപാറ പയ്യോളി	
17	താജ് സ്പോർട്സ് ക്ലബ്ബ്								വെള്ളിയാമ്പുറം	
18	ജൂനിയർ, തെയ്യാല								തയ്യാലിങ്ങൽ	
19	ഫ്രൻസ് കമ്പൈൻസ്								വെള്ളിയാമ്പുറം	
20.	നന്മമ്പ്ര സഹൃദയ സാംസ്കാരിക വേദി	1996	50	വാടക				റീലീഫ് സെൽ, ബ്ലഡ് ഡോണേഴ്സ് ഫോറം	നന്മമ്പ്ര പഞ്ചായത്ത്	സാംസ്കാരിക കല, സാമൂഹ്യ ക്ഷേമം

വനിത

5-9

ഭൂമിയിലെ ഉൽകൃഷ്ട ജീവിയത്രെ മനുഷ്യൻ. മനുഷ്യൻ ജനിക്കുന്നത് അർധമനുഷ്യനായാണെങ്കിലും വിവാഹം പോലുള്ള പ്രക്രിയയിലൂടെ രണ്ട് അർധ ഭാഗങ്ങളും യോജിച്ച് അവൻ പൂർണനാകുന്നു. ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പൂർണ്ണതയും ഉയിർത്തെഴുന്നേൽപ്പും ഈ രണ്ടു ഘടകങ്ങളുടെ യോജിപ്പിനെയും പരസ്പര പൂരകമായ പ്രവർത്തനത്തെയും ആശ്രയിച്ചാണിരിക്കുന്നത്. ഒരു അർധ ഘടകത്തെ മാറ്റി മറ്റെ വിഭാഗത്തിന്റെ മുന്നോട്ടുള്ള കുതിപ്പ് ഒറ്റച്ചിറകുള്ള ഈച്ചയുടെ കുതിപ്പ് പോലെ വട്ടം കറങ്ങലായി പരിണമിക്കുകയായിരുക്കും ഫലം. അപ്പോൾ സ്ത്രീയു ടെയും പുരഷന്റെയും പുരോഗതിയിലൂടെ മാത്രമേ മാനവരാശിയുടെ വിജയവും പുരോഗതിയും കൈവരിക്കുകയുള്ളൂ.

സാമൂഹ്യ-വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിൽ മാത്രമല്ല മറ്റു പല രംഗങ്ങളിലും സ്ത്രീകൾ പുരഷൻമാരെ അപേക്ഷിച്ച് വളരെ പുറകിലാണ്. ഇതിന് പല കാരണങ്ങളുണ്ട്. വിദ്യാഭ്യാസരംഗത്തുള്ള പിന്തളളപ്പെടലാണ് പലതിന്റെയും അടിസ്ഥാന കാരണമെന്ന് പറയാം.

സാമൂഹ്യ പിന്നോക്കാവസ്ഥ, ദാരിദ്ര്യം, വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത, ഒരു മാർഗ്ഗ ദർശകന്റെയോ, സാംസ്കാരിക നായകന്റെയോ, പരിഷ്കർത്താവിന്റെയോ, തൽപ്പരരായ പണ്ഡിതൻമാരുടെയോ അഭാവം, ഇത്യാദികാരണങ്ങളാൽ അവശ-പിന്നോക്ക വിഭാഗങ്ങളിലെ സ്ത്രീകൾ മറ്റുള്ളവിഭാഗങ്ങളിലെ സ്ത്രീകളെക്കാളും പുറകിലായി.

സാമൂഹ്യ പുരോഗതി കൈവന്നിട്ടില്ലാത്ത ഇവിടങ്ങളിൽ സ്ത്രീകൾ ഗൃഹാന്തരീക്ഷത്തിൽ ഒതുങ്ങിക്കഴിയുന്നതിലാണ് മാന്യതയും പദവിയും നൽകിയിരുന്നത്. പരിമിതമായ വിദ്യാഭ്യാസ സൗകര്യം പുരുഷൻ ഉപയോഗപ്പെടുത്തിയിരുന്നെങ്കിലും കാര്യമായ പുരോഗതി നേടാത്തതിനാലാവാം അവൻ സ്ത്രീ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിച്ചതുമില്ല.

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന മുസ്ലിം സമുദായം തന്നെ ഭൗതിക വിദ്യാഭ്യാസത്തോട് പുറം തിരിഞ്ഞു നിന്ന സ്ഥിതിയിൽ സ്ത്രീകളുടെ കാര്യം പറയാനില്ലല്ലോ. ഇതിന് മതപരവും ചരിത്ര പരവുമായ കാരണങ്ങളുണ്ട്. സ്വാതന്ത്ര്യ സമരകാലഘട്ടങ്ങളിൽ ഖിലാഫത്ത് പ്രവർത്തനത്തിന്റെയും മലബാർ കലാപത്തിന്റെയും അലയടികൾ ഈ ഭാഗങ്ങളിലുംസ്വാധിനം ചെലുത്തിയിരുന്നു. ബ്രിട്ടീഷുകാരോടും ഭരണത്തോടുമുള്ള അന്ധമായ വിരോധം കാരണം ആര്യനെഴുത്ത്, ഇംഗ്ലീഷ് പഠനം എന്നിവ നിഷിദ്ധമെന്നു വരെ പറഞ്ഞ് നിരുൽസാഹപ്പെടുത്തി. ഇത്തരക്കാരിൽ നിന്നും സ്ത്രീകൾ വിദ്യ നേടുകയെന്നത് അചിന്ത്യമായിരുന്നു.

എന്നാൽ മറ്റൊരു വിധത്തിൽ മുസ്ലിം സ്ത്രീകൾ ഏതാണ്ട് നൂറ് ശതമാനവും അതാതു പ്രദേശത്തെ ഓത്തു പള്ളികളിലൂടെ മതപഠനത്തിന്റെ ഭാഗമായി അറബിമലയാള ലിപി പഠിച്ച് സാക്ഷര രാവുകയും, ആശയവിനിമയോപാധിയായി സ്വീകരിക്കുകയും ചെയ്തിരുന്നു.

ഓത്തു പള്ളികളിൽ മലയാള അക്ഷരങ്ങളും പഠിപ്പിക്കാൻ അംഗീകാരമുണ്ടായപ്പോൾ, അചിരേണ മുസ്ലിം സ്ത്രീകളും അതിനോടിണങ്ങി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചു തുടങ്ങിയതോടെ, ഉദ്യോഗം സ്വീകരിച്ച് മറ്റു പ്രദേശങ്ങളിൽ നിന്നും ഇവിടെ എത്തിയവരുടെ പ്രവർത്തനഫലമായി ആശാവഹമായ മാറ്റം കണ്ടു തുടങ്ങി. മുസ്ലിം ഉദ്യോഗസ്ഥരുടെ സാനിദ്ധ്യം മുസ്ലിം സ്ത്രീകളിലെ സംശയവും നീങ്ങാനിടയാക്കി.

ആദ്യകാലഘട്ടങ്ങളിൽ സ്ത്രീവിദ്യാഭ്യാസ രംഗത്ത് അൽപമെങ്കിലും മുന്നിട്ടു നിന്നത് നന്നമ്പ്ര - കൊടിഞ്ഞി ഭാഗങ്ങളിലായിരുന്നു. പഞ്ചായത്തിലെ

ആദ്യ വിദ്യാലയം കൊടിഞ്ഞിയിൽ സ്ഥാപിതമായതും, നന്നമ്പ്ര പ്രദേശത്തെ നായർ സമുദായത്തിന്റെ ഉണർവ്വുമായിരിക്കാം അതിനു കാരണം.

ഈ പിന്നോക്കാവസ്ഥ കാരണം തൊഴിൽ മേഖലകളിലും മറ്റു സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും പിന്നിലായി. ജില്ലയിലെ മറ്റു പ്രദേശങ്ങളിലും ഇതു തന്നെയായിരുന്നു സ്ഥിതി.

ഇവിടെ നമ്മുടെ സ്ത്രീകൾ പിച്ച വെക്കാൻ തുടങ്ങിയപ്പോൾ മറ്റു പല ഭാഗങ്ങളിലും വനിതാ വിമോചന പ്രസ്ഥാനങ്ങളിലൂടെയും സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തനസംരംഭങ്ങളിലൂടെയും ബഹുദൂരം മുന്നോട്ടു പോയി. നമ്മുടെ സ്ത്രീകൾക്ക് നിഷ്ക്രിയരായി നിൽക്കാനേ കഴിഞ്ഞുള്ളൂ.

എന്നാലും അത്തരം വിമോചന പ്രസ്ഥാനങ്ങളെയും പുരോഗമന പ്രവർത്തനങ്ങളേയും ഭയാശങ്കകളോടൊണ് നോക്കിക്കാണുന്നത്. കാരണം അമേരിക്ക പോലുള്ള വികസിത രാജ്യങ്ങളിലെ 'വിമൻസ് ലിബ്' പോലുള്ള വിമോചന പ്രസ്ഥാനക്കാർ മുഴക്കുന്ന മുദ്രാവാക്യങ്ങൾ അത്തരത്തിലുള്ളതായിരുന്നു. ഇടക്കാലത്ത് കൈരളിയുടെ സാംസ്കാരിക നായികമാരിൽ നിന്നു പോലും സംശയം ജനിപ്പിക്കുന്ന പ്രസ്ഥാവങ്ങളുണ്ടായിട്ടുണ്ട്. മണ്ണിന്റെ ബന്ധനത്തിൽ നിന്നുള്ള മോചനം വൃക്ഷത്തിന്റെ മോചനമല്ല എന്നതു പോലെ ഇന്ത്യൻ സംസ്കൃതിയിൽകുടുംബ സാമൂഹ്യ പ്രതിബദ്ധത പ്രകടിപ്പിച്ചുകൊണ്ട് സ്ത്രീ പ്രശ്നങ്ങൾക്കുള്ള പരിഹാരവും പുരോഗമനവും അന്വേഷിക്കുന്ന പ്രസ്ഥാനം എന്ന നിലയിൽ നമുക്കവയെ സ്വാഗതം ചെയ്യാം; പുണരാം.

സ്ത്രീകളുടെ നാനോൻമുഖമായ ക്ഷേമപ്രവർത്തനങ്ങൾക്കി തുടക്കം കുറിക്കാ പുത്തൻ രാഷ്ട്രീയ വികസന സംസ്കാരം വഴി സാധിക്കുമെന്നാശിക്കാം.

ഇന്നത്തെ പ്രശ്നങ്ങളും പരിഹാരങ്ങളും

ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളാണുള്ളത്. സാക്ഷരതയിൽ സ്ത്രീകൾ പുറകിലാണ്. സാക്ഷരതാപ്രവർത്തനം വഴി പ്രായമായ പല സ്ത്രീകളെയും സാക്ഷരരാക്കാൻ കഴിഞ്ഞു. പട്ടികജാതി വിഭാഗത്തിൽ സ്ത്രീകളെക്കാളും പുരുഷൻമാർ അൽപം കൂടുതലാണ്.

ചില കണക്കുകൾ

സ്ത്രീ ജനസംഖ്യ	: 52%
സ്ത്രീ പുരുഷ അനുപാതം	: 1.09%
സാക്ഷരത (സ്ത്രീ)	34%o
6 വയസ്സിനു താഴെയുള്ള പെൺകുട്ടികൾ	: 14%
പട്ടികജാതി (സ്ത്രീ)	: 1.6%

സാമൂഹ്യ പിന്നോക്കാവസ്ഥക്ക് കാരണമായി ചൂണ്ടിക്കാട്ടാവുന്നത് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ തന്നെയാണ്. വിദ്യാർത്ഥിനികൾക്ക് വിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

വിദ്യാർത്ഥിനികളുടെ കണക്ക്

(സെക്കണ്ടറി ഡാറ്റ)

ലോവർ പ്രൈമറി തലം	: 48%
അപ്പർ പ്രൈമറി തലം	: 48%
ഹൈസ്ക്കൂൾ തലം	: 51%
കോളേജ് തലം	:
എസ്.എസ്.എൽ.സി വിജയശതമാനം	:

പെൺകുട്ടികളുടെ വിദ്യാഭ്യാസം കൂടുതലും എസ്.എസ്.എൽ.സി മാത്രമാണ്. പഠന നിലവാരം പൊതുവെ മോശമാണ്. എസ്.എസ്.എൽ.സി വരെ തട്ടിമുട്ടി പോകുന്നവരാണധികവും. ചുരുക്കം ചിലർ പി.ഡി.സി വരെയും വളരെ ചുരുക്കം ചിലർ ഡിഗ്രിതലം വരെയും എത്തുന്നു. ഒരു പ്രൊഫഷണൽ കോഴ്സോ, ടെക്നിക്കൽ യോഗ്യതയോ പൂർത്തിയാക്കിയ വനിതകൾ 5ൽ താഴെ മാത്രമാണ്.

എസ്.എസ്.എൽ.സി പാസ്സാകുന്ന പല വിദ്യാർത്ഥിനികൾക്കും കോളേജ് പ്രവേശനം ലഭിക്കുന്നില്ല. കലാലയങ്ങളുടെ അഭാവം, കൗമാര പ്രായത്തിലുള്ളവരെ ദൂര ദിക്കുകളിലേക്ക് വിടുവാനുള്ള വിമുഖത, പ്രവേശനത്തിലെ മാർക്ക് നിയന്ത്രണം, യാത്രാസൗകര്യക്കുറവ്, സാമ്പത്തിക ഇവയെല്ലാം കാരണങ്ങളാണ്. ഇവയിൽ ചിലത് മിടുക്കികളായ കുട്ടികൾക്ക് പോലും പ്രശ്നങ്ങളുണ്ടാക്കുന്നു. പാരലൽ സ്ഥാപനങ്ങളെ ആശ്രയിക്കാനും മേൽ കാരണങ്ങളാൽ സാധിക്കുന്നില്ല. ഇക്കാരണങ്ങളാൽ ജയിച്ചവരും തോറ്റവരും അടുക്കളയിലൊതുങ്ങുകയും, പ്രായപൂർത്തിയാകുന്നതോടെ വിവാഹത്തിലേക്കും കുടുംബജീവിതത്തിലേക്കും പ്രവേശിക്കുകയും ചെയ്യുന്നു.

സ്ത്രീ തൊഴിലാളികൾ കൂടുതലും കാർഷിക മേഖലയിലും നിർമ്മാണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. ഭൂവിസ്തൃതിയിൽ പകുതിയിലധികവും വയലുകളാണ്. കാർഷിക മേഖലയിലെ മാന്ദ്യം തൊഴിലവസരങ്ങൾ കുറക്കുന്നു. പലരും നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു. തൊഴിലാളികൾ കുറഞ്ഞു വന്നപ്പോൾ സ്ത്രീകളുടെ ജോലിയെല്ലാം 'തമിഴർ' ഏറ്റെടുത്തു.

ഗൾഫ് പണത്തിന്റെ സ്വാധീനവും,സാമ്പത്തിക പുരോഗതിയും കാരണം തൊഴിൽ രംഗത്തു നിന്നും ചിലർ പിന്തിരിഞ്ഞു. കൂലി വേല ചെയ്യാനും മണ്ണിൽ പണിയെടുക്കാനും മടിച്ചു നിൽക്കുന്ന പ്രവണത നിലനിൽക്കുന്നു. വീട്ടമ്മമാർ മാത്രം ശ്രദ്ധിച്ചാൽ പൊന്നു പോലുള്ള വീട്ടുവളപ്പ് തരിശായിക്കിടക്കാതെ സൂക്ഷിക്കാം.

ഭേദപ്പെട്ട തൊഴിൽ മേഖലകളിലും സ്ത്രീപ്രാതിനിധ്യമില്ല. 44% വരുന്ന വനിതാ ഉദ്യോഗസ്ഥരിൽ അര ശതമാനം പോലും ഈ പ്രദേശത്തുകാർ ഇല്ല. വിവാഹം ചെയ്തയച്ചവരെ കൂട്ടിയാൽ പോലും സ്ഥിര-സർക്കാർ ജോലികളിലുള്ളവരുടെ എണ്ണം വിരലിലെണ്ണാവുന്നവിർ മാത്രമാണ്.

യുവാക്കളും യുവതികളും മറ്റുള്ളവരും ഒരുപോലെ തൊഴിലില്ലായ്മയുടെ രൂക്ഷത അനുഭവിക്കുന്നു. യുവാക്കളെക്കാളും യുവതികളാണ് തൊഴിൽ രഹിതരായിട്ടുള്ളവർ. കൂലി നിരക്കിലുള്ള അന്തരം ഒരു ചോദ്യചിഹ്നം പോലെ നിൽക്കുന്നു.

നിർമാണരംഗത്തു മാത്രമാണ് കൂലി നിരക്കിൽ അൽപ്പമെങ്കിലും വർദ്ധനയുള്ളത്. സാമൂഹ്യ സാംസ്കാരിക സഹകരണ രംഗത്തും വളരെ പിന്നിലാണ്.

1981ൽ രജിസ്റ്റർ ചെയ്ത് നന്നമ്പ്രയിൽ വാർഡിൽ പ്രവർത്തിക്കുന്ന രശ്മി മഹിളാ സമാജവും വനിതാ നേതൃത്വമുള്ള 'കൈരളി' കലാകായിക വേദിയുമാണ് വനിതാ സംഘങ്ങൾ.

സ്വയം തൊഴിലിന്റെ ഭാഗമായി തെയ്യാലയിൽ ബുക്ക്, ബൈൻറിംഗ്, നോട്ടുബുക്ക് നിർമ്മാണം എന്നിവയുംടെ ഒരു യൂണിറ്റ് (ഡി.ഡബ്ല്യു.സി.ആർ.എ) 3 വർഷത്തോളം പ്രവർത്തിച്ചുവെങ്കിലും പൊതു മാർക്കറ്റിൽ പിടിച്ചു നിൽക്കാൻ കഴിയാതെ നിർത്തേണ്ടി വന്നു.

സാമൂഹ്യ ദുരന്തങ്ങളിൽ പെട്ടതാണ് മദ്യപാനം, സ്ത്രീ പീഢനം മുതലായവ. കൂടുതലും കഷ്ടപ്പെടുന്നത് സ്ത്രീകളാണ്. ചാരായ നിരോധനം ആശ്വാസമായെങ്കിലും സമ്പൂർണ മദ്യ നിരോധനമാണ് ഏക പരിഹാരം.

സ്ത്രീധനം, വിവാഹ പ്രശ്നങ്ങൾ, മറ്റു വിവിധ സ്ത്രീ പീഡനങ്ങൾ 'നല്ല പാതിയായ' സ്ത്രീയെ 'പ്രശ്നപാതി'യാക്കി മാറ്റുന്നു. പുനർ വിവാഹം, വിധവാ വിവാഹം എന്നിവ ആശ്വാസകരമാണെന്നു പറയാം.

പട്ടിക-1 **തൊഴിൽ മേഖലകളിൽ സ്ത്രീ പ്രാതിനിധ്യം കാണിക്കുന്ന പട്ടിക**

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷൻമാരുടെ എണ്ണം.
കർഷകർ	32	1004
കർഷകത്തൊഴിലാളി	232	1708
മൃഗസംരക്ഷണം	9	119
കെട്ടിട നിർമ്മാണം	501	5031

(1991 സെൻസസ് റിപ്പോർട്ട്)

കൂലി നിരക്കിലെ താരതമ്യം പട്ടിക-2

തൊഴിൽ മേഖല	**സ്ത്രീ**	**പുരുഷൻ**
കർഷക തൊഴിലാളി	50-60	100-120
നിർമാണ തൊഴിലാളി	90-100	125-135

ചില സോഷ്യോളജിസ്റ്റുകൾ ചൂണ്ടിക്കാട്ടിയതു പോലെ സ്ത്രീ അതിക്രമങ്ങൾക്ക് കാരണമാകുന്ന അശ്ലീല ചിത്ര പ്രദർശനം, ചിത്രീകരണ കാസറ്റുകൾ, പൈങ്കിളി സാഹിത്യങ്ങൾ, നിയന്ത്രണമില്ലാത്ത ടി.വി. സംപ്രേഷണം എന്നീ അധമ രീതികൾ നിരോധിക്കുക തന്നെ വേണം. അതോടൊപ്പം തന്നെ തെറ്റുകുറ്റങ്ങളുടെ പ്രേരക ഘടകങ്ങളായ വനിതകളുടെ തന്നെ അഴിഞ്ഞാട്ടവും നിയന്ത്രിക്കേണ്ടതുണ്ട്. സ്ത്രീകളെ മാതാവായും, സഹോദരിയായും, ഭാര്യയായും കാണാനുള്ള മനോഭാവവും പുരുഷനുണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

സാധ്യതകൾ

പാവപ്പെട്ടവരോ, മിടുക്കികളോ ആയ വിദ്യാർത്ഥിനികളെ സഹായിക്കുന്നതിന് സമ്പന്നരുടെയും, ഗൾഫ് സുഹൃത്തുക്കളുടെയും സഹായത്താൽ എൻഡോവ്മെൻറ് ഏർപ്പെടുത്തി പ്രവർത്തിക്കാവുന്നതാണ്.

സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസം സൗകര്യപ്പെടുത്തുന്നതിന്, നിലവിൽ പ്രവർത്തിക്കുന്ന ധർമ്മ മത സ്ഥാപനങ്ങൾക്ക് സ്ഥാപനങ്ങൾ നൽകിയും സാമ്പത്തിക സഹായം നഗകിയും സഹായിക്കാവുന്നതാണ്.

നാളികേരോൽപ്പന്നങ്ങൾ, കയർ, ചിരട്ട ഇവ ഉപയോഗിച്ചുള്ള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

ഭക്ഷ്യസംസ്കരണം (അച്ചാറ്, മിഠായ്, ചിപ്സ്.....) മുതലായവയും, തയ്യൽ പരിശീലനകേന്ദ്രം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, സോപ്പ്, ചെരിപ്പ്, ബുക്ക്-ബൈൻറിംഗ്, എന്നിവയുടെ സംഘങ്ങൾ വഴി തൊഴിലവസരം സൃഷ്ടിക്കാവുന്നതാണ്.

ആവശ്യമായ പച്ചക്കറികൾ, സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിന് വീട്ടമ്മമാരെയും അയൽ കൂട്ടങ്ങളെയും നിലവിലുള്ള അംഗനവാടികൾ, പ്രത്യേക സംഘങ്ങൾ എന്നിവ വഴി പരിശീലനവും, പ്രോൽസാഹനവും നൽകിയാൽ ഫലം ആശാവഹമായിരിക്കും.

കോഴി വളർത്തൽ, കുറ്റിമുല്ല കൃഷി എന്നിവക്കും ഇതുവഴി പരിശീലനം നൽകാം.

പഞ്ചായത്തിൽ മൊത്തം സ്ത്രീകളിൽ ഗർഭിണികളൊ മുലയൂട്ടുന്നവരോ ആയവർ 3.04% വരും വൃദ്ധജനങ്ങളും രോഗികളും കുറവല്ല. ഇവർക്കും പ്രസവാനന്തര ശുശ്രൂഷകൾക്കും, അഭ്യസ്ത വിദ്യരായവർക്ക് ശസ്ത്രീയമായ പരിശീലനം നൽകി അഭിമാനാർഹമായ ഒരു തൊഴിലായി സ്വീകരിക്കാൻ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക വഴി സാധിക്കും. ഇപ്പോൾ ഈ ആവശ്യങ്ങൾക്ക് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു.

കല്ല്യാണ വീടുകളിലെ സദ്യകളും, ഒരുക്കങ്ങളും, അനുബന്ധ കാര്യങ്ങളും ഏറ്റെടുക്കുന്നതിന് സംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.

പ്രശ്നങ്ങളും ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങളും

1) തൊഴിൽ പരിശീനലത്തിനു കൂടി ഉതകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക. ഇത് ഏറ്റെടുത്തു നടത്താൻ തയ്യാറുള്ള സ്ഥാപനങ്ങളെ അത്തരത്തിൽ സഹായിക്കുക.
2) സ്ത്രീകൾക്ക് തയ്യൽ പരിശീലന കേന്ദ്രം, റെഡിമെയ്ഡ് കേന്ദ്രം, കയറുൽപ്പന്നം, ബുക്ക് ബൈൻറിംഗ് കേന്ദ്രങ്ങൾ ഇവ സ്ഥാപിക്കുക.
3) ഭരണ രംഗത്തുള്ളതു പോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ഉദ്യോഗ നിയമനങ്ങളിലും പട്ടിക ജാതികൾക്കെന്ന പോലെ സംവരണമുണ്ടാക്കുക.
4) വിദ്യാർത്ഥിനികൾക്ക് യാത്രാസൗകര്യം കൂടുതലാക്കുക.
5) പ്രൊഫഷണൽ, ടെക്നിക്കൽ സ്ഥാപനങ്ങളനുസനുവദിക്കുക.
6) മിടുക്കികളായ വിദ്യാർത്ഥിനികൾക്ക് സാമ്പത്തിക സഹായം നൽകുക.
7) സ്ത്രീപീഡനങ്ങൾ തടയുന്നതിന് ജാഗ്രത പാലിക്കുക.
8) സ്ത്രീ ചിത്രം പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾ നിയമം മൂലം നിരോധിക്കുക.
9) സമ്പൂർണ മദ്യ നിരോധനം ഏർപ്പെടുത്തുക.
10) പരസ്യങ്ങൾക്ക് വേണ്ടി സ്ത്രീകളെ ഉപയോഗപ്പെടുത്താതിരിക്കുക.
11) കാസറ്റ് കടകളിൽ റെയ്ഡ് നടത്തി അശ്ലീല ചിത്രീകരണ കാസറ്റുകൾ കണ്ടുകെട്ടി മാതൃകാപരമായ ശിക്ഷ നൽകുക.
12) സർക്കാർ സഹായ പദ്ധതികൾക്കുള്ള അറിവ് നൽകാൻ ഏർപ്പാടുണ്ടാക്കുക.
13) അംഗനവാടികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും, ജീവനക്കാർക്ക് മതിയായ വേതനം നൽകുകയും ചെയ്യുക.
14) വിധവ, അഗതി പെൻഷനുകൾ അർഹരായവർക്കെത്തിക്കുക.
15) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ അവസരമുണ്ടാക്കുക.

5-10

മാനവ പുരോഗതിയുടെ അടിസ്ഥാനതത്വം തന്നെ സഹകരണത്തിലധിഷ്ഠിതമായിരിക്കേ, നമ്മുടെ നാടിന്റെ വികസനത്തിൽ സഹകരണ മേഖല നിരവധി രംഗങ്ങളിൽ ചലനാത്മകവും വിപ്ലവാത്മകവുമായ പ്രവർത്തനം കാഴ്ച വെക്കാൻ പാകത്തിൽ സജീവമാകണം.

നന്നമ്പ്ര പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനം വളരെ ദുർബലമാണ്.കൊടിഞ്ഞി ആസ്ഥാനമായി നല്ല നിലയിൽ പ്രവർത്തിക്കുന്ന നന്നമ്പ്ര സർവീസ് സഹകരണ സംഘവും, നിശ്ചലമായി കിടക്കുന്ന ഹരിജന സഹകരണ സംഘവും ഒരു പ്രൈമറിക സ്കൂൾ കോംപ്ലക്സ് സഹകരണ സംഘവും എസ്.എസ്.എം ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസംഘവും മാത്രമേ ഇവിടെയുള്ളൂ. ഇതിൽ തന്നെ ഹരിജന സഹകരണ സംഘം കടലാസിൽ മാത്രമേ ഉള്ളൂവെന്നാണറിവ്. സ്കൂൾ കോംപ്ലക്സ് സഹകരണ സംഘവും ഹൈസ്കൂൾ സഹകരണ സംഘവും പുസ്തക വിതരണം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. പിന്നെയുള്ളത് നന്നമ്പ്ര പഞ്ചായത്ത് സർവീസ് സഹകരണ സംഘം മാത്രമാണ്.

1988ൽ സ്ഥാപിതമായ സംഘം ജനിക്കുന്നതിന് മുമ്പ് അനുഭവിച്ച ദുരിതങ്ങളും ജനന ശേഷം അനുഭവിച്ച ബാലാരിഷ്ടതകളും അവർണനീയമാണ്. ഈ ബാങ്കിന്റെ ആദ്യകാല പ്രമോട്ടർമാർ കെ.പി.കെ തങ്ങൾ, പി.കേശവൻ നായർ, തറാല കുഞ്ഞിമൊയ്തീൻ, പി.പി. മുഹമ്മദ് കുട്ടി മാസ്റ്റർ, കെ.മൊയ്തീൻ ഹാജി, കളത്തിൽ ഹസ്സൻ ഹാജി, പള്ളാട്ട് അബ്ദുൾ ഹമീദ് എന്നിവരായിരുന്നു. ഇത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു. (പട്ടിക-1)

9-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് നന്നമ്പ്ര പഞ്ചായത്തിൽ അടിയന്തിരമായി ചെയതു തീർക്കേണ്ട ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാമസഭാ റിപ്പോർട്ടുകളിൽ പലതും ശക്തമായി നിർദ്ദേശിച്ച നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് നിദാനം.

1. പാർപ്പിട പ്രശ്നം ചർച്ച ചെയ്തപ്പോൾ മിക്ക ഗ്രാമ സഭകളും ശക്തമായി ആവശ്യപ്പെട്ട ഒന്നാണ് ഭവന നിർമ്മാണ സഹകരണ സംഘം.പഞ്ചായത്തിലെ വീടാവശ്യമുള്ള മുഴുവൻ ആളുകളും അംഗങ്ങളായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഈ സംഘം ഭവന നിർമാണ രംഗത്ത് വിപ്ലവം തന്നെ രചിക്കാൻ പര്യാപ്തമാവണം. വീടാവശ്യമുള്ള, എന്നാൽ സ്ഥലമില്ലാത്തവർക്ക് സ്ഥലം നേടിക്കൊടുക്കുക, വീടു നിർമാണത്തിന് സാങ്കേതിക ഉപദേശങ്ങൾ നൽകുക,സർക്കാറിന്റെയും ഇതര സ്ഥാപനങ്ങളുടെയും ഭവന പദ്ധതികളുടെ പ്രയോജനം അംഗങ്ങൾക്ക് എത്തിച്ചു കൊടുക്കുക. നിർദ്ധനരായ ഗുണഭോക്താക്കൾക്ക് വായ്പ ലഭിക്കാൻ ഉറപ്പു നൽകുക. ഭവന നിർമാണ സാമഗ്രികളുടെ സ്റ്റോറുകൾ നിർമിച്ച് കൊള്ളലാഭക്കാരുടെ ചൂഷണത്തിൽ നിന്നും അംഗങ്ങളെ മോചിതരാക്കുക. തൊഴിലാളികൾ മുതൽ എഞ്ചിനീയർമാർ വരെയുള്ളവരെ യഥാവസരങ്ങളിൽ ലഭ്യമാക്കുക തുടങ്ങി ക്രിയാത്മകമായ പല കാര്യങ്ങളും ചെയ്യാൻ പ്രാപ്തിയുള്ള സഹകരണ സംഘമായി ഇതിനെ വളർത്തിയെടുക്കാൻ നമുക്ക് കഴിയണം.

2. ഉപഭോൽകൃത സഹകരണ സംഘം:-

വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ഗ്രാമീണജനതയെ സഹായിക്കാനും മായം ചേർത്ത ഭക്ഷ്യപദാർത്ഥങ്ങളുടെ കടന്നുകയറ്റം തടയാനും മാർക്കറ്റിൽ ഇടപെട്ട് ഉപഭോൽകൃത താൽപര്യം സംരക്ഷിക്കപ്പെടുാനും ഇങ്ങനെ ഒരു സഹകരണ സംഘം ആവശ്യമാണ്. പഞ്ചായത്തിന്റെ മൊത്തം പരിധിയുള്ള സംഘം രജിസ്റ്റർ ചെയ്ത് മൂലധനം സ്വരൂപിച്ച് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 'കൺസ്യൂമർ സ്റ്റോറോറുകൾ' ആരംഭിക്കണം. പല വ്യഞ്ജന സ്റ്റോറേഷനറി, ടെക്സ്റ്റയിൽ തുടങ്ങി വിവിധ തുറകളിൽ പ്രവർത്തിക്കാവുന്നതാണ്. ഗ്രാമീണ കൈത്തൊഴിലുകൾ സംഘങ്ങളുടെ വിപണനത്തിനും ഇത് ഉപയോഗിക്കാവുന്നതാണ്. അതിനാൽ നന്നമ്പ്ര

പട്ടിക-1 നന്നമ്പ്ര സർവീസ് സഹകരണ ബാങ്ക് വിവരങ്ങൾ

ബാങ്കിന്റെ പേര്		നന്നമ്പ്ര സർവ്വീസ് സഹകരണ സംഘം, കൊടിഞ്ഞി
പ്രവർത്തന പരിധി		നന്നമ്പ്ര പഞ്ചായത്ത്
ആരംഭിച്ച വർഷം		1988
ആകെ അംഗങ്ങൾ		2981
എ) ഓഹരി വില		11/-
സ്)		1.50/-
അംഗീകൃത മൂലധനം		1000000/-
പിരിഞ്ഞു കിട്ടിയത്		189996/-
സർക്കാർ ഓഹരി		58000/-
പരമാവധി എടുക്കാവുന്ന കടം		25000/-
സ്ഥിരം	നിക്ഷേപ വിവരം	1579510/-
ഹ്രസ്വകാലം		3007925/-
കാർഷികേതരം 465990 കൃഷി	വായ്പ വിവരം	1510411/-
സ്വർണ്ണ പണ്ടം		3331710/-
വായ്പയിനത്തിൽ തുക നൽകിയ മേൽഘടകം		മലപ്പുറം ജില്ലാ കോപ്പറേറ്റീവ് ബാങ്ക്, പരപ്പനങ്ങാടി
കാർഷിക ഇനം	കടം	612900/-
സ്വർണ്ണ പണ്ടം		100000/-
സ്വർണ്ണം	കാലാവധി കഴിഞ്ഞു പിരിഞ്ഞു കിട്ടാനു ള്ളത്	189728/-
കാർഷികം		105269/-
കാർഷികേതരം		278410/-
സ്ഥാപന ചിലവുകൾ		139185.8
ജീവനക്കാരുടെ എണ്ണം		4 പേർ

പഞ്ചായത്തിൽ ഒരു ഉപഭോൽകൃത സഹകരണ സംഘം അനിവാര്യമാണ്.

3. നാളികേര വികസന വിപണന സംസ്കരണ സംഘം:-

കേരളനാട്ടിലെ പ്രധാന ഉൽപ്പന്നമായ നാളികേരത്തിന്റെ വിലയിലുണ്ടായ ഏറ്റക്കുറച്ചിൽ ഏവർക്കും അറിയാവുന്നതാണ്. നാളികേര കൃഷിക്കാർ തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാതെയും കാർഷിക രംഗത്ത് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ ലഭിക്കാതെയും കഷ്ടപ്പെടുന്നു. ഇതിനൊരു പരിഹാരം നാളികേര വികസന സഹകരണ സംഘം മാത്രമാണ്. അതിനാൽ താഴെ പറയുന്ന ഉദ്ദേശ ലക്ഷ്യങ്ങളോടെ ഒരു സഹകരണ സംഘം സ്ഥാപിക്കപ്പെടണം.

1) നാളികേര കർഷകർക്ക് ആവശ്യമായ കാർഷിക സഹായങ്ങൾ നേടിക്കൊടുക്കുക.

2) നാളികേരം ശേഖരിക്കുക, തെങ്ങു സംരക്ഷിക്കുക, നാളികേര വിപണനരംഗത്തെ ബുദ്ധിമുട്ട് ഒഴിവാക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധിക്കുക.

3) നാളികേര സംസ്കരണ ശാലകൾ സ്ഥാപിക്കുക. നാളികേര ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, പിണ്ണാക്ക്, സോപ്പ്, എന്നിവ കൺസ്യൂമർ സ്റ്റോറുകളുമായി ബന്ധപ്പെട്ട് സാധ്യമാക്കുക.

4) പുതുതായി തെങ്ങുകൾ വെച്ചുപിടിപ്പിക്കാനും, സംരക്ഷിക്കാനും സഹായിക്കുക.

5) തെങ്ങുതടി, വിറക്, ചകിരി, ചിരട്ട എന്നിവക്ക്

വിപണി കണ്ടെത്തുക.
6) നാളികേര കൃഷിക്കാർക്ക് ഉൽപ്പന്നത്തിന്റെ ഗ്യാരണ്ടിയിൽ മറ്റു ആവശ്യങ്ങൾക്ക് വായ്പ കൊടുക്കുക.

സ്തുത്യർഹവും സമർത്ഥവുമായ മാനേജ് മെൻറിനു കീഴിൽ പലതും ചെയ്യാൻ കഴിയുന്ന ഒന്നായി ഈ സംഘത്തെ മാറ്റാവുന്നതാണ്.

4) ***കരകൗശല കൈത്തൊഴിൽ വികസന സഹകരണ സംഘം:-***

നമ്മുടെ നാട്ടിൽ കരകൗശല രംഗത്തും മറ്റും പരിചയ സമ്പന്നരായ ഒരുപാടു ആളുകളുണ്ട്. കളിക്കോപ്പു നിർമ്മാണം, ഗാർഹികോപകരണ നിർമാണം, ആഭരണ നിർമാണം, കുട്ട-വട്ടി-പായ്-ചവിട്ടി-കത്തി-മഴു-കസേര-കട്ടിൽ തുടങ്ങിയവയുടെ നിർമാണം ഇങ്ങനെ ഏതും ഏതും നിർമിക്കുന്നവരും വിപണനം നടത്തുന്നവരും കൂടി രൂപീകരിക്കുന്ന സംഘത്തിന് നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മക്ക് പരിഹാരം കാണാനും കൂട്ടായ്മയുടെ ഗുണം മനസിലാക്കാനും ഇതുപകരിക്കും.

5ക്ഷീരവികസനസഹകരണസംഘം:-

നന്നമ്പ്ര പഞ്ചായത്തിലെ കന്നുകാലി വളർത്തുകാരെ സംഘടിപ്പിച്ച് പാലുൽപ്പാദനം വർദ്ധിപ്പിച്ച് പശു-എരുമ-ആട് വളർത്തൽ ആദായകരമാക്കി മാറ്റാൻ ഈ സഹകരണ സംഘം സഹായകമാകണം. പാൽ സംസ്കരണം വിപണനം, കാലിത്തീറ്റ മുതലായ രംഗങ്ങളിൽ ഈ സംഘത്തിന്റെ ശ്രദ്ധ പതിയണം.

6) ചെറുകിട കുടിൽ വ്യവസായ രംഗങ്ങളിലും ക്ഷേമനിധി ഗുണഭോക്താക്കളുടെ ഇടയിലും സഹകരണ സംഘങ്ങൾ ചുരുങ്ങിയ പരിധിയിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കി തൊഴിലില്ലായ്മയും മറ്റും പരിഹരിക്കാൻ സഹായകരമായ വിധത്തിൽ ഉള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം.

വിദ്യാഭ്യാസ മേഖലയിൽ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് വിദ്യാലയങ്ങൾക്കാവശ്യമായ എല്ല ഉകരണങ്ങളും വിതരണം ചെയ്യത്തക്ക വിധത്തിൽ വികസിപ്പിക്കണം. പാഠപുസ്തക വിതരണം എന്ന ഏകമാത്ര ലക്ഷ്യത്തിൽ നിന്നും ഉയർന്നു പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ, ഫോറങ്ങളും മറ്റു സ്റ്റേറേഷനറി സാധനങ്ങളും തുടങ്ങിയവ കൂടി വിതരണം ചെയ്യണം.

കൊടിഞ്ഞി കോറ്റത്ത് സമീപം ഖാദി ബോർഡിന്റെ കീഴിൽ ഒരു സഹകരണ ഓയിൽ മിൽ നിലവിലുണ്ട്. ഇപ്പോഴത് പ്രവർത്തന രഹിതമാണ്. ഇത് പ്രവർത്തനക്ഷമമാക്കണം. സഹകരണ ഓയിൽ മിൽ പ്രവർത്തനം കാര്യക്ഷമമായി കൊണ്ടുപോകാൻ സാധ്യമല്ലാത്തതു കൊണ്ടാണ് പ്രവർത്തനം നിന്നു പോയത്. അതുകൊണ്ട് മറ്റു തലത്തിലുള്ള യൂണിറ്റുകൾ ആരംഭിക്കാൻ അനുവാദമുണ്ടാകണം

സഹകരണരംഗത്ത് അലോസരങ്ങൾ സൃഷ്ടിക്കുന്ന നിയമങ്ങളുണ്ട്. ഉദ്ദേശങ്ങൾ എന്തു തന്നെയായാലും സഹകരണ പ്രവർത്തനങ്ങൾക്ക് വലിയ ആഘാതമാണ് ഇത് വരുത്തി വെക്കുന്നത്. കാലോചിതമായി രീതിയിൽ ഈ നിയമങ്ങൾ പരിഷ്കരിക്കണം.

നന്നമ്പ്ര പഞ്ചായത്തിൽ സഹകരണ രംഗത്ത് പുതിയ ഊർജ്ജം പകർന്നു നൽകി എല്ലാം സഹകരണാടിസ്ഥാനത്തിൽ എന്ന മുദ്രാവാക്യം ഏറ്റെടുക്കണം. ജനകീയസൂത്രണത്തിന്റെ ലക്ഷ്യം തന്നെ ഈ കൂട്ടായ്മയാണല്ലോ.

ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കും പിന്നെ ഇന്ത്യയായിരുക്കുകയുല്ല. ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതാവണം. എന്നാൽ മാത്രമേ അവരെ പുനരുദ്ധരിക്കാൻ പറ്റൂ. ഗ്രാമങ്ങൾ സ്വയം പര്യാപ്തമാവണം. ഗ്രാമങ്ങളുടെ ആവശ്യത്തിന് വേണ്ട സാധനങ്ങൾ അവിടെ തന്നെ നിർമ്മിക്കണം. അങ്ങിനെയുള്ള ഗ്രാമീണ വ്യവസായങ്ങൾക്ക് വേണ്ട യന്ത്രങ്ങളും ഉപകരണങ്ങളും ഗ്രാമ വാസികൾ ഉണ്ടാക്കുകയും വേണം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിന് ആ വക സാധനങ്ങൾ പ്രയോജനപ്പെടുത്തരുത്.

-ഗാന്ധിജി

പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

5-11

മൊത്തം ജനസംഖ്യയുടെ 2.4% മാണ് പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ. പാണ്ടിമുറ്റം,തട്ടത്തലം, ചൂലംകുന്ന്, ചുള്ളിക്കുന്ന്, കുണ്ടൂർ എന്നീ അഞ്ച് കോളനികളിലായും പഞ്ചായത്തിലെ 12 വാർഡുകളിൽ ഇടകലർന്നുമാണ് (Scattered Colony) ഇവർ അധിവസിച്ചു വരുന്നത്. 86 കുടംബങ്ങൾ ഈ 5 അംഗീകൃത കോളനികളിലും 20-ഓളം കുടംബങ്ങൾ ഇടകലർന്നും ജീവിക്കുന്നുണ്ട്. ഇവരുടെ ആകെ അംഗസംഖ്യ-989 വരും.

സാമൂഹികമായ ഉച്ചനീചത്വങ്ങളിൽ നിന്ന് ഈ വിഭാഗക്കാർ ഇന്ന് പൂർണ്ണമായും മോചിതരാണ് എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം പരിപാടികളിലും പങ്കു ചേരുന്നു. സാമ്പത്തികമായ ഉയർച്ച വേണ്ടത്ര ഒരു കുടംബത്തിനും ഉണ്ടായിട്ടില്ല. ഇക്കാരണത്താൽ അധിക കുടുംബങ്ങളും നിത്യ വരുമാനം കൊണ്ടി തട്ടിമുട്ടി ജീവിതം തള്ളി നീക്കുന്നവരാണ്. നല്ല വീട് വെക്കാനോ ഉള്ളതിന് അത്യാവശ്യമായി വേണ്ട സൗകര്യങ്ങൾ (കക്കൂസ്, വൈദ്യുതി, കിണർ) ചെയ്യാനോ, കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനോ സാധിക്കുന്നില്ല.

വിദ്യാഭ്യാസത്തിന്റെ കുറവ് കൊണ്ടും കർശനമായ നിയമവ്യവസ്ഥകൾ കൊണ്ടും സർക്കാർ ഈ വിഭാഗത്തിന് അനുവദിക്കുന്ന പല പദ്ധതികളും ഇവർക്ക് പ്രയോജനപ്പെടാതെ ദുരുപയോഗപ്പെടുന്നു. എന്തെങ്കിലും നേട്ടങ്ങൾ സർക്കാറിൽ നിന്ന് കിട്ടിയിട്ടുണ്ടെങ്കിൽ തന്നെ കോളനി നിവാസികൾക്ക് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇടകലർന്ന് ജീവിക്കുന്നവർക്ക് പലപ്പോഴും പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നില്ല. സർക്കാറിന്റെ ചില ഇളവുകൾ മുഖേന വിരലിലെണ്ണാവുന്ന അംഗങ്ങൾക്ക് സർക്കാറിൽ സ്ഥിരം ജോലി ലഭിച്ചിട്ടുണ്ട്. ചുള്ളിക്കുന്ന്, ചൂലംകുന്ന്, തട്ടത്തലം, കുണ്ടൂർ കോളനികൾ സാക്ഷരതയുടെ കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നു. ക്കുന്നു. പാണ്ടിമുറ്റം കോളനിയും ഇക്കാര്യത്തിൽ പിന്നിലല്ല. മറ്റുള്ള അടിസ്ഥാന സൗകര്യങ്ങളിൽ തട്ടത്തലം, കുണ്ടൂർ കോളനികൾ ഒരുപടി മുന്നിലാണ്. പാണ്ടിമുറ്റം കോളനി ഒഴികെ മറ്റെല്ലാകോളനിക്കാർക്കും ഗതാഗത സൗകര്യമുണ്ടെങ്കിലും റോഡുകൾ വേണ്ടത്ര ഗതാഗത യോഗ്യമല്ല. കുടിവെള്ളം, റോഡ്, വൈദ്യുതി, കക്കൂസ് എന്നിവയെല്ലാം ഭൂരിപക്ഷം കോളനികളിലും പൂർണ്ണമല്ല. പ്രത്യേക പരിഗണന നൽകി ഇവർക്കുള്ള മുഴുവൻ പ്രശ്നങ്ങൾക്കും അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

പട്ടിക-1-അംഗീകൃത കോളനികളുടെ വിവരം

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	7	പാണ്ടിമുറ്റം, ഒറ്റത്തെങ്ങിൽ	11	65
2	6-7	ചൂലംകുന്ന്	11	70
3		തട്ടത്തലം	35	164
4	6-7	ചുള്ളിക്കുന്ന്	15	105
5	4	കുണ്ടൂർ	14	70

അവലംബം: (ഫീൽഡ് സർവ്വേ)

വിദ്യാഭ്യാസം

സാക്ഷരതാ നിലവാരത്തിൽ ഈ വിഭാഗക്കാർ മറ്റു രംഗങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഒരു പടി മുന്നിലാണ്. എങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയവർ വളരെ കുറച്ചു പേർ മാത്രമാണുള്ളത്. ചുള്ളിക്കുന്ന്, തട്ടത്തലം എന്നീ കോളനികളിൽ എസ്.എസ്.എൽ.സി വരെ പഠിച്ച് പഠനം നിർത്തിയവർ ഏറെയുണ്ട്. മറ്റു കോളനികളിലും സ്ഥിതി വിഭിന്നമല്ല. സാമ്പത്തിക പ്രശ്നങ്ങളാണ് അധിക കുടുംബങ്ങളെയും ഈ പരമ പ്രധാനമായ ഘടകത്തിൽ നിന്നകറ്റുന്നത്. പലർക്കും നന്നേ ചെറുപ്പത്തിൽ തന്നെ കുടംബം നോക്കേണ്ടതായി വരുന്നു. ഈ കാരണത്താൽ അധിക കുട്ടികളും പഠനം നിർത്തി ഏതെങ്കിലും തൊഴിലുകൾ ചെയ്യാൻ നിർബന്ധിതരാവുന്നു. ഇവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശം നൽകി സ്കൂളുകളിൽ പറഞ്ഞയക്കാൻ ശ്രദ്ധിക്കുന്നില്ല എന്നത് മറ്റൊരു പ്രധാന പ്രശ്നമാണ്.

ഉയർന്ന വിദ്യാഭ്യാസം നേടിയവരെ ഉപയോഗപ്പെടുത്തി ഇവർക്കു വേണ്ട ബോധവൽക്കരണം നടത്തി വീണ്ടും സ്കൂളുകളിൽ പറഞ്ഞയക്കാൻ വേണ്ട നടപടികൾ ഉണ്ടാവേണ്ടതാണ്. അതിനായി ഈ വിഭാഗക്കാരുടെ ഇടയിൽ ബോധവൽക്കരണം തന്നെ ഉണ്ടാവണം. മറ്റു കോളനികളുമായി താരതമ്യം ചെയ്യുമ്പോൾ പാണ്ടിമുറ്റം കോളനി എല്ലാ രംഗത്തും പിന്നിലാണ്. മറ്റു രംഗങ്ങളിൽ ഇവർക്കും വേണ്ടത്ര പുരോഗതി കൈവന്നിട്ടില്ല എന്നതാണ് ഇവരുടെ പരാജയ കാരണം.

സാമ്പത്തിക പ്രശ്നം കാരണം പഠനം നിർത്തിയ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കു വേണ്ട ധനസഹായം നൽകി മതിയായ വിദ്യാഭ്യാസം നൽകേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ കോളനികൾ എല്ലാം ഒരേ വിഭാഗങ്ങളിൽ കേന്ദ്രീകരിക്കുന്നതിനാൽ അവർക്കെല്ലാവർക്കും ഉപയോഗപ്പെടുന്ന രൂപത്തിൽ ബോർഡിംഗ് സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവ പാണ്ടിമുറ്റം ഭാഗത്ത് എവിടെയെങ്കിലും സ്ഥാപിച്ചാൽ എല്ലാവർക്കും ഉപയോഗപ്പെടുന്നതാണ്. ഇതിനെല്ലാം വേണ്ട മാർഗ്ഗ നിർദ്ദേശം നൽകാൻ വിദ്യാസമ്പന്നരെ ഉൾപ്പെടുത്തി പട്ടിക ജാതി ക്ഷേമ സംഘടനകൾ നിലവിൽ വരേണ്ടതുണ്ട്. ഇപ്പോഴുള്ള 2 സംഘടനകളുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. അവരും ഈ രംഗത്ത് ശ്രദ്ധ ചെലുത്തണം.

തൊഴിൽ പരമായ പ്രശ്നങ്ങൾ മുൻ കാല ങ്ങളിൽ പഞ്ചായത്തിലെ കാർഷിക മേഖലയിൽ പ്രധാനയിനമായി കണ്ടിരുന്ന നെൽകൃഷിയുമായി ബന്ധപ്പെട്ട 80% ത്തോളം തൊഴിൽ നിർവഹിച്ചിരുന്നത് ഈ വിഭാഗക്കാരായിരുന്നു. ഞാറുപറി, നടീൽ, കൊയ്ത്ത് എന്നിങ്ങനെ എല്ലാ രംഗത്തും ഇവരുണ്ടായിരുന്നു. ഒരാണ്ടിൽ 3 തവണ കൃഷി നടക്കുന്നതിനാൽ വർഷത്തിലധിക ദിവസവും ഇവർക്കു ജോലിയും ലഭിക്കുമായിരുന്നു. എന്നാൽ ഇന്നു നമ്മുടെ കാർഷിക മേഖലയിൽ ഉണ്ടായ മാറ്റം ഈ വിഭാഗത്തിന്റെ ജീവിതസന്ധാരണത്തിനു വെല്ലുവിളിയായി. പ്രത്യേകിച്ചും ഞാറുപറി, നടീൽ എന്നിവ ഇവരുടെ മാത്രം കുത്തകയായിരുന്നു. കാർഷിക മേഖലയിലെ തകർച്ച ഈ വിഭാഗക്കാരെ കാർഷിക മേഖലയിൽ നിന്നുമകറ്റി.

കാർഷിക രംഗത്ത് നിന്നും നിഷ്കാസിതരായ ഈ വിഭാഗക്കാർ ഇപ്പോൾ പ്രധാനമായും നിർമ്മാണ രംഗത്താണ് ജോലി ചെയ്തു വരുന്നത്. സാമാന്യം മെച്ചപ്പെട്ട കൂലി ഈ രംഗത്തു അവർക്കു ലഭ്യമാണ്.

ഈ വിഭാഗത്തിന് കുലത്തൊഴിലായി അറിയുന്ന പലതരം ജോലികളുണ്ട്. പായനെയ്ത്ത്, മുറം, കുട്ട നിർമ്മാണം എന്നിവയാണ് ഈ തൊഴിലുകൾ. മൺ പാത്ര വ്യവസായവും ഇതിൽ പെടുന്ന ഒന്നാണ്. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യത, അവക്കുള്ള അമിതവില എന്നിവ ഈ രംഗത്തും ഇവരെ തളർത്തി. മതിയായ പ്രോൽസാഹനം നൽകി അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കി കൊടുത്താൽ ഈ തൊഴിലുകൾ വീണ്ടും ചെയ്യാൻ ഇവർ സന്നദ്ധരാണ് എന്നാണ് മിക്ക കോളനിക്കാരുടെയും അഭിപ്രായം. ബന്ധപ്പെട്ടവർ മുന്നിട്ടിറങ്ങി ഈ പ്രശ്നങ്ങൾ പരിഹരിച്ചാൽ നമ്മുടെ പഞ്ചായത്തി ലേക്കും സമീപ പ്രദേശത്തേക്കും ആവശ്യമുള്ള ഇത്തരം സാധനങ്ങൾ നമുക്കു തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയും. ഇതിനായി കൈതയോല, മുള മുതലായ സാധനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കണം.

ഇതിനെല്ലാം പുറമെ ഇവർക്കായി എന്തെങ്കിലും ചെറുകിട വ്യവസായം തുടങ്ങിയാലും ഇവർ സഹകരിക്കാൻ തയ്യാറാണ്. പായനെയത്ത്, കൊപ്ര സംസ്കരണം, തുണിനെയ്ത്ത്, ടൈലറിങ്ങ് എന്നിവ പ്രാധാന്യമർഹിക്കുന്നവയാണ്. നമ്മുടെ പഞ്ചായത്തിലെ കുണ്ടൂർ കോളനി ഒഴികെ മറ്റെല്ലാം അടുത്തടുത്തായി സ്ഥിതി ചെയ്യുന്നതിനാൽ ഏതുതരം പദ്ധതികൾ നടപ്പിലാക്കിയാലും എല്ലാവർക്കും സഹകരിക്കാനും പ്രവർത്തിക്കാനും കഴിയും. ഇത് ഒരു അനുകൂല ഘടകമായി കണക്കിലെടുത്ത്, പാണ്ടിമുറ്റം, തട്ടത്തലം, ചുള്ളിക്കുന്ന്, ചൂലംകുന്ന് കോളനികൾക്കിടയിൽ എവിടെയെങ്കിലും മതിയായ സ്ഥലം കണ്ടെത്തി ഇത്തരം പദ്ധതികളോ, സ്ഥാപനങ്ങളോ തുടങ്ങാൻ ശ്രമിക്കണം.

കുടിവെള്ളം-ആരോഗ്യം-പാർപ്പിടം

കുടിവെള്ളം:-

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷി

തമായ ഒരു ഘടകമാണ് കുടിവെള്ളം കുടിക്കാനുള്ള ശുദ്ധജലത്തിന്റെ പ്രശ്നം പഞ്ചായത്തിലെ 5 കോളനികളിലും ഭാഗികമായി മാത്രമേ പരിഹരിച്ചിട്ടുള്ളൂ. എല്ലാ കോളനികളിലും ആവശ്യത്തിന് മതിയാവാത്തതോ,ഉപയോഗ ശൂന്യമായതോ ആയ കിണറുകൾ ഉണ്ട്. കോളനികൾ ഒന്ന് ഒഴികെ ബാക്കി എല്ലാം പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ വേനലിന്റെ തുടക്കത്തിൽ തന്നെ കിണർ വറ്റിപ്പോകുന്നു. ചുള്ളിക്കുന്ന്,തട്ടത്തലം കോളനികളിൽ ശുദ്ധജല വിതരണ ടാപ്പുകൾ ഉണ്ട്. മൂത്രമാണ്. ചുള്ളിക്കുന്ന് കോളനിയിലേക്കുള്ള പൈപ്പ് ലൈൻ കൊടിഞ്ഞി ലൈനുമായി ബന്ധപ്പെട്ടു. കിടക്കുന്നതിനാൽ ജലം മുഴുവൻ താഴോട്ടൊഴുകി ചുള്ളിക്കുന്നുകാർക്ക് വെള്ളം കിട്ടാത്ത അവസ്ഥ സംജാതമാകുന്നു. ഈ പ്രശ്നം പരിഹരിക്കാൻ അവിടേക്കായി പ്രത്യേക ലൈൻ സ്ഥാപിക്കേണ്ടതാണ്. കുടിവെള്ള പ്രശ്നം ഏറ്റവും രൂക്ഷമായി കാണുന്നത് ഇവിടെയാണ്.

പാണ്ടിമുറ്റം കോളനി വർഷം മുഴുവൻ ജലം ലഭിക്കുന്ന സ്ഥലത്തായതിനാൽ അവിടേക്ക് മാത്രമായി ചെറുകിട ജലസേചന പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പാക്കാൻ കഴിയും. അതിനായി അവിടേക്ക് അടിയന്തിരമായി വൈദ്യുതി എത്തിക്കേണ്ടതുണ്ട്. ഇവിടെ കുറച്ച് വലിയ പദ്ധതി നടപ്പാക്കിയാൽ ചൂലംകുന്ന് ഭാഗത്തേക്കും ജലമെത്തിക്കാൻ കഴിയുന്നതാണ്. ഇതിന് വേണ്ട ഏർപ്പാടുകൾ ബന്ധപ്പെട്ട ഏജൻസികളും സർക്കാരും പൊതുജനങ്ങളും പുനരധിവാസ സംഘടനകളും കൂട്ടായി ചേർന്ന് ചെയ്യേണ്ടതാണ്. ഇതിന് സഹായകമായ ചില സാധ്യതകൾ പട്ടിക-2ൽ ചേർത്തിരിക്കുന്ന വേനൽക്കാലത്ത് വറ്റിപ്പോവുന്ന കിണറുകൾ താഴ്ത്തുക. ആവശ്യം വേണ്ട സ്ഥലത്ത് കുഴൽകിണർ സ്ഥാപിച്ച് വെള്ളം ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. പൈപ്പ് ലൈൻ സ്ഥാപിച്ച് വിതരണം ചെയ്യാൻ പറ്റുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. തട്ടത്തലം കോളനിക്കാർക്ക് ഇനിയും 5 ടാപ്പുകൾ പുതുതായി സ്ഥാപിക്കേണ്ടതുണ്ട്.

തട്ടത്തലം കോളനി റീ സർവ്വേ നടത്തി പട്ടയം കിട്ടാത്ത വീട്ടുടമകൾക്ക് ഉടനടി പട്ടയം നൽകുന്നതിൽ നടപടി സ്വീകരിക്കുക.

ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ
പട്ടിക-2

ക്രമ നമ്പർ	കോളനികളുടെ പേര്	വാർഡ്	ജന പങ്കാളിത്ത ത്തോടെ ജലസേ ചന പദ്ധതികൾ നടപ്പിലാക്കാവു ന്ന കോളനികൾ
1	പാണ്ടിമുറ്റം	7	പാണ്ടിമുറ്റം
2	തട്ടത്തലം	5	
3	ചുള്ളിക്കുന്ന്	7	
4	ചൂലംകുന്ന്	6-7	
5	കുണ്ടൂർ	4	കുണ്ടൂർ

ആരോഗ്യം

പരിമിതമായ സ്ഥലത്ത് കൂട്ടായി ജീവിക്കുന്നതിന്റെ ഫലമായി പല കോളനികളിലും പരിസ്ഥിതി പ്രശ്നങ്ങൾ തല പൊക്കുന്നു. ഏതെങ്കിലും പകർച്ച വ്യാധി വന്നുപെട്ടാൽ അത് കാട്ടുതീ പോലെ പടർന്നു പിടിക്കാൻ പറ്റിയ സാഹചര്യമാണ് നിലവിലുള്ളത്. ആരോഗ്യ പ്രശ്നത്തിൽ ഏറ്റവും മോശമായ ചുറ്റുപാടുള്ളത് പാണ്ടിമുറ്റം കോളനിയിലാണ്. ഇവിടെ ചുറ്റും നീർക്കെട്ടുള്ള സ്ഥലമായതിനാൽ കൊതുക് പരത്തുന്ന രോഗങ്ങൾ പെരുകാൻ സാധ്യതയുണ്ട്. കക്കൂസ് ആർക്കും ഇല്ല എന്നത് ഒരു സത്യമാണ്. ഇക്കാരണത്താൽ ഇവർ വിസർജ്ജനത്തിനായി ഉപയോഗപ്പെടുത്തുന്നത് വീടിനോട് ചേർന്നുള്ള തുറസായ സ്ഥലങ്ങളാണ്. പാഴ്വസ്തുക്കൾ ഒഴിവാക്കാൻ സ്ഥലമില്ലാത്തതും വിസർജ്ജനത്തിന് കക്കൂസില്ലാത്തും ഇവരുടെ ആരോഗ്യത്തെയും ബാധിക്കുന്നു.

തട്ടത്തലം കോളനിയിൽ വളരെ കുറച്ച് പേർക്ക് മാത്രം സ്വന്തമായി കക്കൂസുള്ളൂ. പൊതു കക്കൂസുകളോ

അല്ലെങ്കിൽ ഓരോ വീടിനും മാത്രമായുള്ള കക്കൂസുകളോ ഇവിടെ അടിയന്തിരമായി ഉണ്ടാക്കേണ്ടതാണ്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ഈ കോളനിയോട് ചേർന്ന് നിൽക്കുന്നതിനാൽ ഇവരുടെ വിസർജനവും മറ്റും സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് പലപ്പോഴും തടസ്സങ്ങൾ സൃഷ്ടിക്കുന്നു. പണ്ടിമുറ്റം, തട്ടത്തലം, ചൂലംകുന്ന്, ചുള്ളിക്കുന്ന്, കുണ്ടൂർ എന്നീ കോളനികളിൽ നിലവിലുള്ള കക്കൂസുകളുടെ വിവരം പട്ടിക 3ൽ ചേർത്തിരിക്കുന്നു. നിലവിലുള്ള കക്കൂസുകൾക്ക് പുറമെ ഈ കോളനികളിൽ എല്ലാം കൂടി 107 കക്കൂസുക് കൂടി പുതുതായി പണിയേണ്ടതുണ്ട്. പാണ്ടിമുറ്റം

കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ
പട്ടിക-3

നമ്പർ	കോളനിയുടെ പേര്	റോഡുകൾ		വൈദ്യുതി		കുടിവെള്ളം		
		ഗതാഗതയോഗ്യമായത്	ഗതാഗതയോഗ്യമല്ലാത്തത്	വൈദ്യുതീകരണം നടത്തിയത്	വീടുകളിൽ ലഭ്യമായത്	ടാപ്പ്	കിണർ	പൊതു ക്കുഴൽ
1	പാണ്ടിമുറ്റം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
2	ചൂലംകുന്ന്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
3	തട്ടത്തലം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
4	ചുള്ളിക്കുന്ന്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
5	കുണ്ടൂർ കോളനി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല

കോളനിയിലെ ചതുപ്പു നിലങ്ങൾ മണ്ണിട്ട് ഉയർത്തി നീർകെട്ട് തടയണം. പാണ്ടിമുറ്റം-ചെമ്മാട് റോഡുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ് കോളനിയിലേക്ക് നിർമിക്കണം. ചുള്ളിക്കുന്ന് കോളനിക്ക് സമീപം മാത്രമാണ് ഒരു ശ്മശാനമുള്ളത്. തട്ടത്തലം കോളനിക്കാരെ അലട്ടുന്ന വലിയ പ്രശ്നവും ഇത് തന്നെയാണ്. മറ്റു കോളനിക്ക് ആർക്കും ശ്മശാനങ്ങളില്ല. ചുള്ളിക്കുന്ന് ശ്മശാനത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ച് പൊതു ശ്മശാനമാക്കി മാറ്റാവുന്നതാണ്. അല്ലെങ്കിൽ സർക്കാറും പുനരധിവാസ ഏജൻസികളും കൂട്ടായി പ്രവർത്തിച്ച് ഓരോ കോളനിക്കും ശ്മശാനത്തിനാവശ്യമായ സ്ഥലം കണ്ടെത്തി വെവ്വേറെ ശ്മശാനങ്ങൾ ഉണ്ടാകേണ്ടതാണ്.

പാർപ്പിടം

പഞ്ചായത്തിലെ കോളനികളിലെ പാർപ്പിട സൗകര്യം വേണ്ടത്ര മെച്ചപ്പെട്ടിട്ടില്ല. പാർപ്പിട പ്രശ്നം ഏറ്റവും രൂക്ഷമായി നിൽക്കുന്നത് പാണ്ടിമുറ്റം തട്ടത്തലം കോളനികളിലാണ്. പട്ടിക 4ൽ കോളനികളിലെ വീടുകളുടെ സ്ഥിതി വിവരക്കണക്കുകൾ ചേർത്തിരിക്കുന്നു. അധികവും ഓലക്കുടിലുകളാണ്. അവയിൽ തന്നെ രണ്ടും അതിലധികവും കുടംബങ്ങൾ തിങ്ങി ഞെരുങ്ങിയാണ് പാർക്കുന്നത്. ചെറ്റക്കുടിലുകളിൽ നിന്ന് പൂർണ്ണമായും മോചനം ലഭിച്ചെങ്കിലേ പാർപ്പിട പ്രശ്നം ഒരു പരിധി വരെ പരിഹരിച്ചു എന്ന് പറയാനാവൂ. ഓല വീട്ടുകാർക്ക് ഓട് മേയാനുള്ള ധന സഹായം നൽകണം.

വിവിധ ഏജൻസികളും സർക്കാറും കെട്ടിട നിർമ്മാണത്തിന് നൽകി വരുന്ന ധനസഹായം ഇവരെ കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിയിടുന്നു. ഒന്നാമതായി വായ്പാ സംഖ്യയുടെ കുറവ് ഇന്നത്തെ ചുറ്റുപാടിൽ വീടിന് നൽകുന്ന തുക വളരെ തുച്ഛമാണ്.

വീടുവെക്കാൻ ആവശ്യമായ സ്ഥലമില്ല എന്നത് മറ്റൊരു പ്രശ്നമാണ്. നമ്മുടെ മിക്ക കോളനികളിലേയും

സ്ഥിതി ഇതാണ്. പട്ടിക ജാതി പുനരധിവാസ പദ്ധതികൾ മുഖേന വീടു വെക്കേണ്ടതിന് അർഹരായ കുടംബങ്ങൾക്ക് ആവശ്യമായ സ്ഥലവും ധനസഹായവും ലഭ്യമാക്കിയെങ്കിലേ ഇത് പരിഹരിക്കാനാവൂ. സർക്കാർ അധികൃതരും ബന്ധപ്പെട്ട ഏജൻസികളും ഇതിന് വേണ്ട സത്വര നടപടികൾ കൈകൊള്ളേണ്ടതാണ്.

കോളനികളിലെ വീടുകളുടെ സ്ഥിതി വിവരം
പട്ടിക-4

ക്രമ നമ്പർ	കോളനിയുടെ പേര്	വീടിന്റെ സ്വഭാവം			ശുദ്ധജല ലഭ്യതയുടെ സ്വഭാവം	ശൗചാലയമില്ലാത്ത വീടുകൾ	ശൗചാലയമുള്ള വീടുകൾ
		കോൺക്രീറ്റ്	ഓട്	ഓല			
1	പാണ്ടിമുറ്റം						
	ഒറ്റത്തെങ്ങ്	-	3	8	11	തീരെ ഇല്ല	21
2	ചൂലംകുന്ന്	-	10	1	5	3	8
3	തട്ടത്തലം	-	15	20	9	തീരെ ഇല്ല	45
4	ചുള്ളിക്കുന്ന്	-	7	8	7	3	18
5	കുണ്ടൂർ കോളനി	-	13	1	3	തീരെ ഇല്ല	15



5-12

വിഭവ സമാഹരണം

വ്യാവസായിക രംഗത്തും കാർഷിക രംഗത്തുമുള്ള മുരടിപ്പാണ് ഇന്നു നന്നമ്പ്ര പഞ്ചായത്തു നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. വ്യവസായ സ്ഥാപനങ്ങൾ ഒന്നും നന്നമ്പ്ര ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഒരു ഫൈബർ ഫാക്ടറിയും ഒരു റബ്ബർ ഷീറ്റ് ഉൽപ്പാദന സ്ഥാപനവും മാത്രമാണ് എടുത്തു പറയാവുന്ന നമ്മുടെ പഞ്ചായത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ, കുണ്ടൂരിൽ ഒരു ഓട്ടു കമ്പനി സ്വകാര്യ മേഖലയിൽ പണി പുരോഗമിച്ച് കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ മൂന്ന് ഈച്ചമില്ലുകളും വേറെ ചില ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ ഉതകുന്ന തരത്തിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്വകാര മേഖലയിലായാലും സഹകരണ മേഖലയിലായാലും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇനിയും വളർന്നു വരേണ്ടതുണ്ട്. കാർഷികമേഖലയും നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് പിന്നോക്കം പോയിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. കാർഷിക ഭൂമി മറ്റാവശ്യങ്ങൾക്കായി വ്യാപകമായി ഉപയോഗിച്ച് വരുന്നുണ്ട്. ഗതാഗതസൗകര്യക്കുറവും ഉൽപ്പാദനച്ചെലവിലുള്ള വർദ്ധനവും മൂലം നെൽകൃഷി അനുദിനം കുറഞ്ഞു വരുന്നു.

വരുമാനത്തിലെ വ്യതിയാനം

ഇനം	1991-92	1995-96	വ്യത്യാസം	%
തനത് വരുമാനം	1,88,249	2,28,327	40,078	21.29
കെട്ടിട നികുതി	1,10,191	1,97,614	87,423	79.34
വിനോദ നികുതി	-	-	-	-
തൊഴിൽ നികുതി	43,062	77,980	34918	81.09
ഉപാധി രഹിത നിധി	1,57,800	2,14,000	56,200	35.61
എസ്.സി.പി	32637	82400	49,763	152.47
ജെ.ആർ.വൈ	2,56,700	1,41,453	1,15,247	44.89
ഗ്രാൻറുകൾ, സംഭാവനകൾ	1,03,316	1,88,306	84,990	82.26
ആകെ വരവ്	8,91,955	11,30080	2,38,125	26.69
ചെലവ് എസ്റ്റാബ്ലിഷ്മെൻറ്	2,40,125	4,17,847	1,77,722	74.01

(അവലംബം: ദ്വിതീയ വിവര ശേഖരണം)

പഞ്ചായത്തിലെ നല്ലൊരു വിഭാഗം ആളുകൾ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുണ്ട്. ഇവരിൽ ചെറിയ വിഭാഗം ആളുകൾ സാമ്പത്തികമായി വളരെ ഉയർച്ച നേടിയിട്ടുണ്ട്.

ഗൾഫ് ജോലിക്കാർ
വാർഡ് തിരിച്ച കണക്ക്

1	2	3	4	5	6	7	8	9	10	11	12	ആകെ
150	150	100	250	125	200	75	300	300	400	375	350	2775

(അവലംബം: ഗ്രാമസഭാ റിപ്പോർട്ട്)

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ യുക്തിപരമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. നികുതി കൊടുക്കുന്നത് നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയാണെന്നും ഓരോരുത്തരും പഞ്ചായത്തിനു നൽകേണ്ട നികുതികൾ യഥാസമയത്ത് അടക്കേണ്ടത് ആവശ്യമാണെന്നുമുള്ള ബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ വേണ്ടി ജനകീയാസൂത്രണ പ്രക്രിയയിൽ എല്ലാവരേയും പങ്കാളികളാക്കേണ്ടതാണ്. നികുതികൾ യഥാസമയം പിരിച്ചെടുക്കാൻ പഞ്ചായത്തി അധികാരികളും കൂടുതൽ ശ്രദ്ധിക്കണം.

കെട്ടിട നികുതി:-

1995-96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ കെട്ടിട നികുതിയിനത്തിൽ 1,97,614 രൂപയാണ് പിരിഞ്ഞു കിട്ടിയത്. കെട്ടിട നികുതി ശാസ്ത്രീയമായി നിർണ്ണയിക്കേണ്ടതാണ്. ലക്ഷങ്ങൾ മുടക്കി കെട്ടിയുയർത്തുന്നു വൻ കെട്ടിടങ്ങൾക്ക് നിർമ്മാണച്ചെലവിന്റെ നിശ്ചിത ശതമാനം നികുതിയായി നിശ്ചയിക്കേണ്ടതാണ്. മൊസൈക്ക്, കടപ്പ, മാർബിൾ, ടൈൽസ് തുടങ്ങിയ ആധുനിക സാധനങ്ങൾ ഉപയോഗിച്ച് ഫ്ളോറിങ്ങ് നടത്തുന്ന കെട്ടിടങ്ങൾക്ക് കൂടുതൽ നികുതി ചുമത്തേണ്ടതാണ്. ചെറുകിട കെട്ടിടങ്ങളുടെ നികുതി ഉയർത്തേണ്ടതില്ല. വാടക കെട്ടിടങ്ങൾക്കും വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്ന കെട്ടിടങ്ങൾക്കും വാടകയുടെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണയിക്കേണ്ടതാണ്.

തൊഴിൽ നികുതി:-

പഞ്ചായത്തിലെ സർക്കാർ, എയിഡഡ് സ്കൂളുകളിലെ ജീവനക്കാരും മറ്റു ഗവ. ഓഫീസുകളിലെ ജീവനക്കാരും മാത്രമാണ് ഇപ്പോൾ തൊഴിൽ നികുതി അടച്ചുകൊണ്ടിരിക്കുന്നത്. വ്യാപാര വാണിജ്യ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർ ഗ്രൂപ്പ് ഇൻഷൂറൻസ് കീഴിൽ അംഗത്വമുള്ളവരിൽ നിന്ന് ഒരു ചെറിയ സംഖ്യ വീതം തൊഴിൽ നികുതിയായി ചുമത്താവുന്നതാണ്. അതുപോലെ വിവിധ ക്ഷേമ നിധികളിൽ അംഗത്വമുള്ളവരിൽ നിന്നും ചെറിയ ഒരു സംഖ്യ തൊഴിൽ നികുതി വാങ്ങാവുന്നതാണ്. വൻകിട വ്യാപാരികളുടെ നികുതി നിരക്കുകളും കാലോചിതമായി പരിഷ്കരിക്കാവുന്നതാണ്.

ലൈസൻസ് ഫീസ്:-

പഞ്ചായത്തിന് 1995-96 വർഷത്തിൽ 5469 രൂപ ലൈസൻസ് ഫീസായി ലഭിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികളെ വ്യവസായ സംരഭങ്ങൾ തുടങ്ങാൻ സന്നദ്ധരാക്കാൻ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കണം. ഇതുമൂലം ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാ സാധിക്കും.

വിനോദ നികുതി:-

യാതൊരുവിധ വിനോദ നികുതിയും ലഭിക്കാത്ത ഒരു പഞ്ചായത്താണ് നന്നമ്പ്ര. ഏതെങ്കിലും സ്വകാരേ വ്യക്തികൾ സിനിമാ തിയേറ്റർ തുടങ്ങാൻ സന്നദ്ധമാവുകയാണെങ്കിൽ അവർക്ക് വേണ്ട പ്രോൽസാഹനം നൽകേണ്ടതാണ്. കൊടിഞ്ഞിയിലുള്ള പഞ്ചായത്തിന്റെ പൊതുകളി സ്ഥലം വേണ്ട വിധം ഉപയോഗ്യമാക്കിയാൽ ടൂർണമെൻറുകളും മറ്റും നടത്തി അതിൽ നിന്നും ചെറിയ തോതിലെങ്കിലും വരുമാനമുണ്ടാക്കാൻ പഞ്ചായത്തിന് സാധിക്കും.

മറ്റു വരുമാന മാർഗ്ഗങ്ങൾ

കൊടിഞ്ഞി കോറ്റത്തുള്ള ലൈബ്രറി കെട്ടിടം

പൊളിച്ച് പ്രസ്തുത സ്ഥലത്ത് ഒരു ബഹുനില കെട്ടിടം ഉണ്ടാക്കുകയാണെങ്കിൽ അത് പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാക്കാവുന്നതാണ്. പത്താം വാർഡിൽ എരുകുളം എന്ന സ്ഥലത്ത് ഒരേക്കറോളം സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഇവിടെ വല്ല നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയാൽ അതും പഞ്ചായത്തിന് വരുമാന മാർഗ്ഗമാവുന്നതാണ്. ആറാം വാർഡിൽ അന്യാധീനപ്പെട്ട ഭൂമി അളന്ന് തിട്ടപ്പെടുത്തി ഭൂമി പഞ്ചായത്ത് ഏറ്റെടുത്താൽ അവിടെ ഒരു ഷോപ്പിങ്ങ് കാപ്ലക്സ് പണിയാനുള്ള സാധ്യതയുണ്ട്.

ചെറുമുക്ക്, കുണ്ടൂർ, കൊടിഞ്ഞി, വെള്ളിയാമ്പുറം എന്നീ സ്ഥലങ്ങളിൽ ഓരോ മൽസ്യ മാർക്കറ്റുകൾ നിർമ്മിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന്റെ ഒരു പ്രധാന കേന്ദ്രത്തിൽ ഒരു ആഴ്ച ചന്ത തുടങ്ങുകയാണെങ്കിൽ കർഷകർക്കും, മറ്റുള്ളവർക്കും അവരുടെ ഉൽപ്പന്നങ്ങൾ ക്രയവിക്രയം നടത്തുന്നതിന് സൗകര്യമാണ്. അത് പഞ്ചായത്തിന് ചെറിയ തോതിൽ വരുമാനവുമാകും. ഇപ്പോൾ ലഭിക്കുന്ന രജിസ്ട്രേഷൻ ഫീസ് തുടങ്ങിയവയുടെ തോത് കാലോചിതമായി പുനർ നിർണയിച്ച് ലഭ്യമാക്കാനുള്ള നടപടി ഗവൺമെൻറ് തലത്തിലുണ്ടാകേണ്ടതാണ്.

ബാങ്ക് ഫൈനാൻസിയേഴ്സ്:-

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ദേശസാൽകൃത ബാങ്കിന്റെ ശാഖകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ പഞ്ചായത്ത് പ്രദേശത്ത് തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കണം. എങ്കിൽ പഞ്ചായത്തിലെ ജനങ്ങളുടെ നിക്ഷേപങ്ങൾ സ്വരൂപിക്കുവാനും ആ പണം നമ്മുടെ പഞ്ചായത്തിൽ തന്നെ വായ്പയായി വിതരണം ചെയ്യുന്നതിനും അതു മൂലം പല മേഖലകളിലുമുള്ള ആളുകളുടെ സാമ്പത്തിക പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാനും സാധിക്കുന്നതാണ്. ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ ഈ പഞ്ചായത്തിന്റെ പ്രദേശത്തു തുടങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

നാഷണൽ സേവിംഗ്സ് സ്കീം:-

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ നിശ്ചിത ശതമാനം പഞ്ചായത്തിനു ലഭിക്കുന്ന സാഹചര്യം ഇപ്പോഴുമുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണ സമിതിയും രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും സാമ്പത്തിക ശേഷിയുള്ളവരെ ഇന്ദിരാ വികാസ് പത്ര എടുപ്പിക്കാനുള്ള ഒരു തീവ്രയത്നം നടത്തേണ്ടതാണ്.

മനുഷ്യാദ്ധ്വാനം:-

നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വിഭവങ്ങളിലൊന്ന് മനുഷ്യ വിഭവമാണ്. എല്ലാ ഗ്രാമ സഭകളിൽ നിന്നും മനുഷ്യദ്ധ്വാനം സംഭാവന നൽകാനുള്ള സന്നദ്ധത പ്രകടമായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ സംരക്ഷണം അതാതു പ്രദേശത്തെ ജനങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽ പല റോഡുകളും നമുക്ക് എല്ലാ സമയത്തും ഗതാഗത യോഗ്യമാക്കി നില നിർത്താൻ സാധിക്കും. അതു പോലെ തന്നെ പ്രധാന ബസ് സ്റേറാപ്പുകളിൽ വെയിറ്റിങ്ങ് ഷെഡ് നിർമ്മിച്ച് നൽകാനുള്ള ഉത്തരവാദിത്വം അതാതു പ്രദേശത്തെ സന്നദ്ധ സംഘടനകളോ, കച്ചവട സ്ഥാപനങ്ങളോ ഏറ്റെടുക്കുകയാണെങ്കിൽ പഞ്ചായത്തിന് ആ ഇനത്തിൽ ചെലവുകൾ ഒഴിവാക്കി വികസന പ്രവർത്തനങ്ങൾ നടത്തുവാൻ തുക കണ്ടെത്തുവാനും സാധിക്കും. ഇങ്ങനെ ഉണ്ടാക്കുന്ന വെയിറ്റിങ്ങ് ഷെഡുകളിൽ നിർമ്മാതാക്കളുടെ പരസ്യം നിശ്ചിതകാലം പ്രദർശിപ്പിക്കാനുള്ള അനുവാദവും നൽകാവുന്നതും പരസ്യ നികുതി ഈടാക്കാവുന്നതുമാണ്. ഓരോ വാർഡിലേയും വികസന പ്രവർത്തനങ്ങൾ നടത്തുവാൻ വാർഡു തല വികസന സമിതികൾ രൂപീകരിച്ച് പ്രസ്തുത കമ്മറ്റികൾ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയാൽ ഇടനിലക്കാരുടെ ചൂഷണം കുറച്ച് പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ നടത്താനാവും.

ടൂറിസം:-

ടൂറിസ്റ്റ് വികസനത്തിന് സാധ്യതകളില്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. തട്ടത്തലത്തിനു താഴെയുള്ള ഭാഗത്തുള്ള കുക്കുഴി എന്നറിയപ്പെടുന്ന ഭൂഗർഭ ഗുഹ ചരിത്ര പ്രധാനമുള്ളതാണ്. അതുപോലെ തന്നെ കാളൻ തിരുത്തി, കാക്കത്തിരുത്തി, പുളുന്തിരുത്തി, തിരുത്തി പ്രദേശങ്ങൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കാവുന്നതാണ്.

6

നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്

നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് പിന്നിട്ട പാതകൾ

നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് പിന്നിട്ട പാതകൾ നന്നമ്പ്ര പഞ്ചായത്ത് പിന്നിട്ട പാതകൾ നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് പിന്നിട്ട പാതകൾ നന്നമ്പ്ര പഞ്ചായത്ത് പിന്നിട്ട പാതകൾ നന്നമ്പ്ര പഞ്ചായത്ത് പിന്നിട്ട പാതകൾ നന്നമ്പ്ര പഞ്ചായത്ത് പിന്നിട്ട പാതകൾ

നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തി രാജ് നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം നടന്ന പ്രഥമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞടുപ്പിനെ തുടർന്ന് 1995 ഒക്ടോബർ 2നാണ് നിലവിലുള്ള പഞ്ചായത്ത് ഭരണ സമിതി അധികാരമേൽക്കുന്നത്. ജനക്ഷേമകരവും അഴിമതി രഹിതവുമായ ഒരു പഞ്ചായത്ത് ഭരണത്തിന് ജനങ്ങൾ നൽകിയ അംഗീകാരം അതർഹിക്കുന്ന ഗൗരവത്തോടെ ഉൾക്കൊണ്ട് പ്രവർത്തിക്കുമെന്നും കക്ഷി-രാഷ്ട്രീയ വ്യത്യസ്തതകൾ പഞ്ചായത്തിന്റെ വികസന പ്രക്രിയക്ക് യാതൊരു വിധത്തിലും പ്രതിസന്ധി സൃഷ്ടിക്കുകയില്ലെന്നും ഭരണ സമിതിയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രസിഡണ്ട് ജമീല അബൂബക്കർ തിങ്ങി കൂടിയ ആളുകളെ സാക്ഷി നിർത്തികൊണ്ട് പ്രഖ്യാപിക്കുകയുണ്ടായി പിന്നോക്കത്തിന്റെ കാവടിയേന്തി നിൽക്കുന്ന ഒരു രണ്ടാം ഗ്രേഡ് പഞ്ചായത്തായ നന്നമ്പ്രക്ക് പുരോഗതിയുടെ പാതയിൽ ബഹുദൂരം മുന്നേറേണ്ടതായുണ്ട്. പുതിയ ഭരണ സമിതി അധികാരമേറ്റതിന് ശേഷം നടപ്പിലാക്കി വരുന്നതും മുൻകാലത്ത് തുടങ്ങിവെച്ചവയും തുടർച്ചയായി പൂർത്തീകരിച്ചു വരുന്നതുമായ പഞ്ചായത്തിലെ വികസന പ്രവൃത്തികളുടെയും ഒരു സംക്ഷിപ്ത വിവരം മാനീകോളം കൊണ്ടു ഇവിടെ ഉദ്ദേശിക്കുന്നത്.

പൊതുമരാമത്ത്:-

ജെ.ആർ.വൈ അൺ ടൈഡ് ഫണ്ടുകൾ ഉപയോഗിച്ചി ചെകിടൻ കുന്ന്-എസ്.എൻ.യു.പി. സ്കൂൾ റോഡിന്റെ രണ്ടാം റീച്ച് 650 മീറ്റർ ദൂരം 1,03,000 രൂപ കൊണ്ടും, തയ്യാല-അത്താണിക്കൽ റോഡ് ടാറിംഗ് 80,000 രൂപകൊണ്ടും കൊടിഞ്ഞി-ആശാരിതാവം റോഡ് മെറ്റലിട്ട് 1,30,000 രൂപ ഉപയോഗിച്ചും പൂർത്തിയാക്കാൻ കഴിഞ്ഞു.

കാർഷികരംഗത്ത് വളരെ പ്രതീക്ഷ നിൽകുന്ന കുണ്ടൂർ തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി 2,04,000 രൂപ ചെലവഴിച്ചു പൂർത്തിയാക്കി. പഞ്ചായത്തിലെ പ്രധാന അങ്ങാടികളിൽ 60,000 രൂപ ചിലവഴിച്ച് 12 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചു. 20,000 രൂപ ചിലവഴിച്ച് അങ്ങാടിക്കൽ ശുചീകരിക്കുന്നതിനായി 12 കുപ്പത്തൊടികളും സ്ഥാപിക്കുകയുണ്ടായി.

ജെ.ആർ.വൈ പദ്ധതിയിൽ 5 വീടുകളും ഐ.എ.വൈ പദ്ധതിയിൽ 11 വീടുകളും വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നു. കൂടാതെ ജെ.ആർ.വൈ സ്കീമിൽ തന്നെ പള്ളിക്കത്താഴം-തിരുത്തി റോഡിന് 80,000 രൂപയുടെയും ചെറുമുക്ക്-കക്കാട് പാടം 1 ലക്ഷം രൂപയുടെയും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു.

രൂക്ഷമായ കൂടിവെള്ള ക്ഷാമം പരിഹരിക്കാനായി വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി കൊടിഞ്ഞിയിലെ കോറത്തും,ചെറുമുക്കിലും ആറിഞ്ച് വ്യാസമുള്ള കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. ചൂലൻകുന്ന്, കുണ്ടൂർ മൂലക്കൽ, മച്ചിങ്ങത്താലം, തിരുത്തി ലക്ഷം വീട് കോളനി എന്നിവിടങ്ങളിലും കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. ചുള്ളിക്കുന്നിൽ കഴിച്ച കുഴൽ കിണർ പരാജയപ്പെടുകയാണുണ്ടായത്.

മറ്റു മേഖലകൾ

ആരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജാപ്പനീസ് പനിയുടെ പ്രതിരോധത്തിനായി പഞ്ചയാത്തിലുടനീളം പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. കൊതുക് നിവാരണത്തിനായി വിവിധ പരിപാടികൾ

ആവിഷ്കരിക്കുകയും ചെയ്തു. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ വി.ഇ.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞുവെന്നതും ബി.ആർ.സിയുടെ സഹകരണത്തോടെ പഞ്ചായത്തിലെ കൊടിഞ്ഞി ജി.എം.യു.പി, നന്നമ്പ്ര എസ്.എൻ.യു.പി, കുണ്ടൂർ എ.എം.എൽ.പി എന്നീ സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കാനും ഗ്രാമപഞ്ചായത്തിനായി. ഈ വർഷത്തെ ഓണം കായികമേളയും ഗംഭീരമായി തന്നെ സംഘടിപ്പിച്ചു. ചുരുങ്ങിയ കാലയളവു കൊണ്ട് പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ചിലതെല്ലാം ചെയ്തു തീർക്കാൻ കഴിഞ്ഞു. എങ്കിലും കുടിവെള്ള ക്ഷാമം ദരിദ്ര ജനവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ പ്രശ്നങ്ങൾ എന്നീ മർമ്മ പ്രധാനമായ പല കാര്യങ്ങളും ഇനിയും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാനുള്ള കാര്യങ്ങളാണെന്നുള്ളത് കാര്യങ്ങളാണെന്നുള്ളത് വിസ്മരിക്കുന്നില്ല.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തിൽ വിശദമായ ഒരു വിഭവ ഭൂപട സർവേയും സംഘടിപ്പിക്കാനും സാമൂഹ്യ സാമ്പത്തിക സർവ്വേയും സംഘടിപ്പിക്കാനും ഉദ്ദേശ്യമുണ്ട്. ഏതേതു കാര്യത്തിലും ജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയും നിർലോഭമായ സഹകരണവുമാണാവശ്യം. അതുണ്ടാകുമെന്നാണ് പ്രതീക്ഷ. ജനങ്ങളുടെ പരമാധികാരം ഉൽഘോഷിക്കുന്ന ജനകീയാസൂത്രണ പരിപാടി നമുക്കു നൽകിയ പുത്തനുണർവും ഐക്യബോധവും കൈവിടാതെ നമുക്കു മുന്നേറാം. പുരോഗതിയുടെ പുതിയ ചക്രവാളങ്ങൾ എത്തിപ്പിടിക്കാൻ.

അവസാനമായി രണ്ടു വാക്കുകൾ കൂടി. നമ്മുടെ ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ മുൻ നിരയിൽ നിന്നു പ്രവർത്തിക്കുകയും ഈ വികസന രേഖയുടെ പൂർത്തീകരണത്തിനായി തന്റെ ആരോഗ്യ നില പോലും വകവെക്കാതെ അഹോരാത്രം കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്തിരുന്ന ശ്രീ. ജോർജ്ജ് വർഗ്ഗീസ് മാസ്റ്ററുടെ അകാലത്തിലുള്ള വേർപാട് നമുക്ക് തീരാ ദുഃഖമാണുണ്ടാക്കിയിരിക്കുന്നത്. സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിൽ പ്രഭ പരത്തി നമ്മോട് യാത്ര പറഞ്ഞ ആ നല്ല സുഹൃത്തിന്റെ ജീവിക്കുന്ന ഓർമ്മകൾക്കു മുമ്പിൽ അശ്രു പുഷ്പങ്ങൾ അർപ്പിച്ചു കൊണ്ട് ഈ ചെറുകുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു.

ജമീല അബൂബക്കർ
(പ്രസി. നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്)



7

ഉപസംഹാരം

അധികാരം ജനങ്ങൾക്ക് എന്ന മഹത്തായ മുദ്രാവാക്യമുയർത്തിപിടിച്ചു പദ്ധതി വിഹിതത്തിന്റെ ജനാധിപത്യപരമായ വിനിയോഗം അക്ഷരത്തലും, അർത്ഥത്തിലും സാധിത പ്രായമാക്കാൻ ലക്ഷ്യം വെച്ച് ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്ന 'ജനകീയാസൂത്രണ' പരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ ഈ വികസന രേഖയിൽ ചരിത്ര പരമായ കാരണങ്ങളാൽ പിന്തള്ളപ്പെട്ടു പോയ ഒരുൾനാടൻ കുഗ്രാമത്തിന്റെ വികസന സാക്ഷാത്കാരത്തിനായി അക്ഷമയോടെ കാത്തിരിക്കുന്ന ഗ്രാമവാസികളുടെ നാഡിമിടിപ്പുകളാണ് ത്രസിക്കുന്നത്. വികസന രംഗത്ത് നാളിതു വരെയും സ്വീകരിച്ചു പോന്ന സമീപനം യുക്തിരഹിതവും ജനാധിപത്യ വിരുദ്ധവുമായിരുന്നതിനാൽ തന്നെ നാടിന്റെ വികസന രംഗം ഏതാനും ചില ഉപരിപ്ലവ സങ്കേതങ്ങളിൽ കുരുങ്ങി കിടക്കുകയും കാർഷിക-വ്യാവസായിക- മേഖലകളും സേവന മേഖലയടക്കമുള്ള ജീവൽ പ്രധാന മേഖലയുടെയുമൊക്കെ പുരോഗതി തടസ്സപ്പെടുകയും ചെയ്തുവെന്നതാണ് യാഥാർത്ഥ്യം. പിന്നിട്ട കാലയളവിലെ വികസന രംഗത്തെ അശാസ്ത്രീയതയെ വീണ്ടുമൊരു പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കി അതിന്റെ കാര്യകാരണ ബന്ധങ്ങളെക്കുറിച്ചന്വേഷിച്ച് സമയം പാഴാക്കുന്നതിൽ വലിയ അർത്ഥമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് തന്നെ ഭൂതകാലത്തിന്റെ തനിയാവർത്തനത്തിനപ്പുറം വർത്തനമാനവും ഭാവിയും രചാനാത്മകമായ പാന്ഥാവിൽ ചരിക്കാൻ ക്രിയാത്മകമായ ഏതാനും നിർദ്ദേശങ്ങളും ചർച്ചകളും വസ്തു നിഷ്ഠമായി അനാവരണം ചെയ്യാനായിരുന്നു വികസന രേഖയുടെ താൽപര്യം.

വികസന രംഗത്ത് നിലനിൽക്കുന്ന അർത്ഥശൂന്യമായ കടുംപിടുത്തങ്ങളും സങ്കീർണ്ണതകളും മാറിയാലെ നമുക്കു വികസന ദൗത്യവുമായി മുന്നോറാനാവൂ. വികസനം ഉന്നത സ്ഥാനീയരായ ഏതാനും ആളുകളുടെ കാര്യമാണെന്ന സങ്കൽപ്പത്തിനും മാറ്റം ഉണ്ടായേ തീരൂ. വ്യവസ്ഥിതിയുടെ ഭാഗമായ, പൊതു ജീവിതത്തെ ഒന്നടങ്കം ഗ്രസിച്ച, അഴിമതിയും സ്വജന പക്ഷപാതവും വിപാടനം ചെയ്യപ്പെടണം. സാധാരണക്കാരന്റെ പ്രശ്നങ്ങൾക്ക് അവൻ നിർദ്ദേശിക്കുന്ന പോംവഴിയിലൂടെ പരിഹാരം കാണുന്ന ഒരവസ്ഥയിലേക്ക് നമ്മൾ മാറണം. വികസനോപാധികളെ പരിപൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുമ്പോൾ മാത്രമേ ഇപ്പറഞ്ഞ കാര്യങ്ങളത്രയും സാധിപ്പിക്കാനാവുകയുള്ളൂ. അതിനാണെങ്കിലോ ജനങ്ങളുടെ കൂട്ടായ്മയാണ് പരമപ്രധാനം. ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കീഴിൽ നമ്മുടെ കക്ഷി-രാഷ്ട്രീയ, ജാതിമത ചിന്താഗതികൾ അന്യം നിൽക്കണം. ഒരുമയുടെ തോറ്റം പാടാൻ നാമൊന്നിച്ച് മുന്നേറാൻ തയ്യാറാവണം. മുന്നോട്ടുള്ള നമ്മുടെ പ്രയാണത്തിനും പഞ്ചായത്തിന്റെ നിഖില മേഖലകളിലെയും പുരോഗതിക്കും ആവശ്യമായ വിഭവങ്ങൾ നമ്മുടെ ഭൂപ്രദേശം തന്നെ പ്രദാനം ചെയ്യുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ അവ പ്രയോജനപ്പെടുത്താൻ ശക്തമായ സാമൂഹിക മുന്നേറ്റത്തിലൂടെ മാത്രമേ കഴിയൂ. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന വികസന പ്രശ്നങ്ങൾ ഒന്നൊന്നായി പരിഹൃതമാക്കാൻ സങ്കുചിത മനോഭാവം മാറ്റിവെച്ച് നാമോരോരുത്തരും തയ്യാറായാൽ ഒൻപതാം പദ്ധതിക്കാലത്ത് തന്നെ

ഏതാണ്ടെല്ലാ കാര്യങ്ങളും ഒരു പരിധിവരെയെങ്കിലും പരിഹരിക്കാൻ കഴിയുമെന്നത് നിസ്തർക്കമാണ്.

ഗ്രാമപഞ്ചായത്ത് തല വികസന സെമിനാറിൽ വെച്ചു രൂപം കൊടുക്കുന്ന കർമ്മസേനകളാണ് വികസന രംഗത്തെ നിർദ്ദേശങ്ങളെ സ്കീമുകളാക്കുന്നത്. നമ്മുടെ പ്രശ്നങ്ങൾക്കെല്ലാം ഒറ്റയടിക്ക് പരിഹാരമുണ്ടാകുക ക്ഷിപ്രസാധ്യമല്ലാത്തതിനാൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആദ്യമാദ്യം പരിഹരിക്കേണ്ട പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത് അനിവാര്യമായി മാറും. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളായിരിക്കണം മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിന്റെ ആധാരമായി വർത്തിക്കേണ്ടത്. വിദഗ്ദ സമിതികൾ വികസന രേഖയിലെ നിർദ്ദേശങ്ങൾ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുമ്പോൾ സർക്കാർ, സർക്കാരേതര ഏജൻസികൾ എന്നിവയിൽ നിന്നും കഴിയുന്നത്ര ഫണ്ടുകൾ തരപ്പെടുത്താൻ നമുക്കു കഴിയണം. ആസൂത്രണത്തിന്റെ സാങ്കേതിക വിഘ്നങ്ങൾ നാം സ്വയം തട്ടിമാറ്റിയാവുണം നമ്മുടെ ആത്യന്തിക ലക്ഷ്യം നേടാൻ അതിനുള്ള കരുത്തും ഇഛാശക്തിയും ആർജിക്കാനും അതുവഴി വികസനത്തിന്റെ പുതിയൊരു രാഷ്ട്രീയം രൂപപ്പെടുത്തിയെടുക്കാനുമാകട്ടെ വരുംകാലങ്ങളിൽ നമ്മുടെ ചിന്തയും പ്രവൃത്തിയും.

ഈ വികസന രേഖയുടെ ക്രമീകരണത്തിനും പ്രസിദ്ധീകരണത്തിനും സഹകരിച്ചവർ ഏറെയാണ്. ഇതിന്റെ മുന്നൊരുക്കത്തിനായി ലഭിച്ചത് പരിമിതമായ സമയമായിരുന്നുവെങ്കിലും പരമാവധി ചെയ്യാൻ കഴിഞ്ഞുവെന്ന് ഇതിന്റെ അണിയറ ശിൽപികൾക്ക് തെല്ലഭിമാനത്തോടെ അതേസമയം നിരഹങ്കാരത്തോടെ അവകാശപ്പെടാൻ കഴിയും. ഈ ഭഗീരഥ പ്രയത്നത്തിൽ മനസാ വാചാ കർമ്മണാ സഹകരിച്ച ജന പ്രതിനിധികൾ, വിവിധ വകുപ്പു മേധാവികൾ, ജീവനക്കാർ, സാങ്കേതിക സഹായികൾ, അതിനെല്ലാമുപരി നമ്മുടെ പഞ്ചായത്തിന്റെ ഭൂതകാലത്തിന്റെ ചെപ്പുതുറക്കുവാനും പഴമയുടെ പുതുമ പകർന്നും തന്നു അവ വരും തലമുറക്ക് കൈമാറാനുതകും വിധം ക്രമീകരിക്കാനും സഹായിച്ച അനുഭവ സമ്പന്നരായ കാരണവർ ഇവരോടെല്ലാവരോടുമുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുകയാണ്. ഇനിയും നമ്മുടെ ജനകീയ പദ്ധതിയുടെ ഭാഗമായി ഒട്ടേറെ കാര്യങ്ങൾ നമുക്കിവിടെ ചെയ്തു തീർക്കാനുണ്ട്. അവയൊക്കെ അർപ്പണ ബോധത്തോടെ പൂർത്തീകരിക്കാൻ നമുക്കു കഴിയുമാറാകട്ടെ.

-പത്രാധിപ സമിതി



വികസന രേഖ തയ്യാറാക്കിയ ഗ്രൂപ്പുകൾ

കൃഷിയും ജലസേചനവും

ഹംസ എലിമ്പാടൻ
നാരായണൻ നായർ.പി.
ആലസ്സൻ കൂളത്ത്

മൃഗസംരക്ഷണവും മൽസ്യബന്ധനവും

അബ്ദുൾ ലത്തീഫ് എന്ന ബാവ.കെ.
അവറുട്ടി.എം.സി
ആലി.കെ.

വ്യവസായം

രാധാകൃഷ്ണൻ പൂഴിക്കൽ
നാരായണൻ കുട്ടി.എ.
സാലിഹ്.വി.

വിദ്യാഭ്യാസം

ജോർജ്ജ് വർഗ്ഗീസ് മാസ്റ്ററർ
നാസർ മാസ്റ്ററർ ഇ.പി.
അബ്ദു റഹീം മാസ്റ്ററർ.കെ.

പൊതുജനാരോഗ്യവും കുടിവെള്ളവും

അബൂബക്കർ ഹാജി കരാകുളങ്ങര
അഹമ്മദ് കുട്ടി എന്ന ബാവ പനക്കൽ
മുഹമ്മദ് ഹാജി പച്ചായി

പാർപ്പിടം, സാമൂഹ്യക്ഷേമം

മുഹമ്മദലി.പി.പി.
ശരീഫ്.പി.എം
മുസ്തഫ തങ്ങൾ.കെ.പി.
മോഹനൻ ചെറവത്ത്

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

മൂസ തച്ചറക്കൽ
ദേവദാസ് തിരുത്തി
സലീം വടക്കയിൽ

വനിത

അബുമാസ്റ്ററർ.കെ.വി.
കുഞ്ഞവറാൻ കുട്ടി ഹാജി പാട്ടശ്ശേരി
മമ്മീര്യം കല്ലുപറമ്പൻ

സഹകരണം

രാവുണ്ണി മാസ്റ്ററർ.കെ.
ശ്രീധരൻ നായർ.കെ.
കൃഷ്ണൻ.പി.പി.
സുനിൽ.കെ.

സംസ്കാരം

പ്രസാദ്.കെ.
ഗോപാലൻ.കെ.
നസീർ.എം.കെ.

പട്ടികജാതി പട്ടികവർഗ്ഗം

അബ്ദു റഹിമാൻ.ടി.കെ.
കുഞ്ഞിമരക്കാർ കാവുങ്ങൽ
കൃഷ്ണൻ മണ്ണാരക്കൽ

വിഭവ സമാഹരണം

കുട്ടൻ മാസ്റ്ററർ.കെ.
ചന്ദ്രൻ.എം.
മുഹമ്മദ് കുട്ടി അമരേരി

ആമുഖം-ചരിത്രം-ഭൂപ്രകൃതി

മൊയ്തീൻകുട്ടി പച്ചായി
പ്രഭാകരൻ.കെ.പി.
മോഹനൻ.പി.

അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും, ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം